# ഭയപ്പെടേണ്ടാ: പ്രശ്നങ്ങൾക്ക് പരിഹാരമുണ്ട്

## (അനുഭവ സാക്ഷ്യങ്ങൾ)



സ്വന്തം ജീവിതം കരകാണാക്കടലിൽ അകപ്പെട്ട തോണിയെപ്പോലെ ആയിരിക്കുന്നു എന്നു ഭയപ്പെട്ട ഏതാനും വ്യക്തികളുടെ അനുഭവങ്ങൾ പങ്കിടുകയാണ് ഈ കൃതിയിൽ. ദൈവമേ ഞാൻ എന്തിനു ജനിച്ചുപോയി എന്നു വിലപിച്ചവർ.

അവരിൽ ഒരു കൂട്ടരെ നിരാശരാക്കിയത് പല തരത്തിലുള്ള രോഗങ്ങൾ ആയിരുന്നു. മറ്റുചിലരെ തളർത്തിയത് മാനസിക പീഡനങ്ങൾ. കടുത്ത സാമ്പത്തിക പരാധീനതകളിൽ ചെന്നുപെട്ടവരാണ് വേറൊരു കൂട്ടർ.

കൂടാതെ, തങ്ങളുടെ ചിന്താമണ്ഡലങ്ങളിൽ സംഘട്ടനങ്ങൽ അഭിമുഖീകരിക്കേണ്ടിവന്ന വ്യക്തികളും ഉണ്ട്. എത്ര പാടുപെട്ടിട്ടും സത്യം ഏത്, മിഥ്യ ഏത് എന്ന് തിരിച്ചറിയാൻ സാധിക്കാതെ വന്നതുകൊണ്ടുണ്ടായ മാനസിക സംഘർഷങ്ങൾ അനുഭവിക്കേണ്ടി വന്നവരാണ് ഇവർ.

സാധാരണക്കാരനു മനസ്സിലാകുന്ന ഭാഷയിലാണ് ഓരോരുത്തരും നേരിട്ട പ്രതിസന്ധികളും അവയിൽ നിന്നു ലഭിച്ച ഉദ്ധാരണങ്ങളും വിവരിക്കുന്നത്. ഞാൻ തന്നെ തയ്യാറാക്കിയ സംക്ഷിപ്തങ്ങൾ ഏതൊക്കെയെന്ന് അടിക്കുറിപ്പുകളിൽ പറഞ്ഞിട്ടുണ്ട്. അനുഭവങ്ങൾ ഓരോന്നും ചുരുക്കി എഴുതിയപ്പോൾ സംസാരഭാഷ നിലനിർത്താൻ ആവോളം ശ്രമിച്ചിട്ടുണ്ട്.

നിങ്ങൾ പ്രശ്നങ്ങളുടെ നീർച്ചുഴിയിലാണോ? ജീവിതഭാരങ്ങൾ നിങ്ങളെ പാതാളത്തോളം ചവിട്ടി താഴ്ത്തിയിരിക്കുന്നുവോ? തോണി തുഴഞ്ഞ് തളർന്നു കഴിഞ്ഞുവോ?

ധൈര്യം വെടിയരുത്. അടയ്ക്കപ്പെട്ട വാതിലുകൾ തുറന്നുകിട്ടാൻ മാർഗമുണ്ട്. ആത്മഹത്യയുടെ വക്കിലും ആത്മരക്ഷയുടെ വെള്ളി വെളിച്ചം ദർശിക്കുവാൻ സാധിക്കും. കടഭാരങ്ങൾ മാറി ഐശ്വര്യത്തിന്റെ പാതയിൽ മുന്നേറാം. ഊരാക്കുടുക്കുകൾ നിങ്ങളുടെ കൺമുൻപിൽ തന്നെ അഴിഞ്ഞു തുടങ്ങും.

തീർച്ചയായും തോണിയെ കരയിൽ അടുപ്പിക്കാം എന്ന സന്ദേശമാണ് ഈ കൃതി നൽകുന്നത്. തികഞ്ഞ ആത്മാർത്ഥത തുടിക്കുന്ന ഇതിലെ അനുഭവ സാക്ഷ്യങ്ങൾ വായനക്കാരന്റെ ജീവിതത്തിൽ ഒരു വഴിത്തിരിവാകട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു.

സെപ്റ്റംബർ 20, 2009

**ഏഴംകുളം സാകുട്ടി**

ഭയപ്പെടേണ്ടാ: പ്രശ്നങ്ങൾക്ക് പരിഹാരമുണ്ട് • പ്രൊഫസർ ഏഴംകുളം സാംകുട്ടി

# ഭയപ്പെടേണ്ടാ: പ്രശ്നങ്ങൾക്ക് പരിഹാരമുണ്ട്

## (അനുഭവ സാക്ഷ്യങ്ങൾ)

ഭാഗം ഒന്ന്

സമ്പാദകൻ
**പ്രൊഫസർ ഏഴംകുളം സാംകുട്ടി**

- ആകുലചിന്ത
- രോഗം
- കടബാധ്യത
- മനോവിഭ്രമം
- പാപഭാരം
- ആത്മഹത്യാചിന്ത
- അസ്തിത്വവ്യഥ
- അപകർഷബോധം
- ശൂന്യതാബോധം
- ദുഃശീലങ്ങൾ
- പരാജയഭീതി
- അകാരണ ഭയങ്ങൾ
- കുടുംബപ്രശ്നങ്ങൾ
- ലക്ഷ്യബോധമില്ലായ്മ

# ഭയപ്പെടേണ്ടാ: പ്രശ്നങ്ങൾക്ക് പരിഹാരമുണ്ട്

## (അനുഭവ സാക്ഷ്യങ്ങൾ)

ഭാഗം ഒന്ന്

സമ്പാദകൻ
പ്രൊഫസർ ഏഴംകുളം സാംകുട്ടി

- ആകുലചിന്ത
- രോഗം
- കടബാധ്യത
- മനോവിഭ്രമം
- പാപഭാരം
- ആത്മഹത്യാചിന്ത
- അസ്തിത്വവ്യഥ
- അപകർഷബോധം
- ശൂന്യതാബോധം
- ദുഃശീലങ്ങൾ
- പരാജയഭീതി
- അകാരണ ഭയങ്ങൾ
- കുടുംബപ്രശ്നങ്ങൾ
- ലക്ഷ്യബോധമില്ലായ്മ

ഗുഡ്ന്യൂസ് ബുക്ക് സ്റ്റാൾ
കോട്ടയം 686004

(Malayalam)
BHAYAPPEDENDA : PRAZNANGALKU PARIHARAM UNDE
Part-I

Telephone Interviews

*Interviewed and Compiled by*
Dr. Ezhamkulam Chacko Samkutty, M.A., Ph.D.

*Copyright:*
Dr. E.C.Samkutty

*First Printing:*
*September 2009*

*Special Edition*
April 23, 2010

*Printed at*
Darsana Offset, Thiruvalla

*Cover Design:*
Deepak Damu

*Published by*
Good News Book Stall
Kanjikuzhy, Kottayam - 686004
Phone Numbers : 0481 - 257 - 8201, Mob : 944-707-8201

*Contact Address :*
READERS' FORUM
Attention: Dr. E.C.Samkutty
P.O. Box 851423
Mesquite, Texas 75185-1423, U.S.A.

ecsamkutty@hotmail.com
ecsamkutty@yahoo.com

Price Rs. 30/-

# ഭയപ്പെടേണ്ടാ: പ്രശ്നങ്ങൾക്ക് പരിഹാരമുണ്ട്

## (അനുഭവ സാക്ഷ്യങ്ങൾ)

### ഭാഗം ഒന്ന്

സമ്പാദകൻ
**പ്രൊഫസർ ഏഴംകുളം സാംകുട്ടി**

- ആകുലചിന്ത
- രോഗം
- കടബാധ്യത
- മനോവിഭ്രമം
- പാപഭാരം
- ആത്മഹത്യാചിന്ത
- അസ്തിത്വവ്യഥ
- അപകർഷബോധം
- ശൂന്യതാബോധം
- ദുഃശീലങ്ങൾ
- പരാജയഭീതി
- അകാരണ ഭയങ്ങൾ
- കുടുംബപ്രശ്നങ്ങൾ
- ലക്ഷ്യബോധമില്ലായ്മ

**ഗുഡ്ന്യൂസ് ബുക്ക് സ്റ്റാൾ**
**കോട്ടയം 686004**

# ഏഴംകുളം സാകുട്ടിയുടെ കൃതികൾ

- **A.D. 2000? (ഇംഗ്ലീഷ്), 1972**
- **ശാസ്ത്രവും ബൈബിളും, 1973**
- **ഒടുവിലത്തെ ശത്രു, 1976**
- **യുക്തിവാദം ശനിദശയിൽ, 1978**
- **പാളം തെറ്റിയ തീവണ്ടി** *(നോവൽ)*, **1983**
  ദീപ്തി പബ്ലിക്കേഷൻസ്, തിരുവല്ല - 689101
- **ഭയപ്പെടേണ്ടാ : പ്രശ്നങ്ങൾക്കു പരിഹാരമുണ്ട്, 2009**
  ഗുഡ്ന്യൂസ് ബുക്ക് സ്റ്റാൾ, കോട്ടയം - 686004

## കാസറ്റുകൾ, സി. ഡി.കൾ

- **ഭാര്യാഭർത്തൃബന്ധം ശക്തമാക്കാൻ** (പ്രഭാഷണം), **1987**
- **അത്യുന്നതനാം ദൈവം** (ഭക്തിഗാനങ്ങൾ), **1984**
- **വിടുതലിൻ ഗാനങ്ങൾ, 1990**

## ലഘുകൃതികൾ

- **നിരീശ്വരന്റെ ചോദ്യങ്ങൾക്കു മറുപടി, 1981**
- **ഓർമ്മയിൽ തിങ്ങിനില്ക്കുന്ന അനുഭവങ്ങൾ, 1983**
- **മനുഷ്യരെ മധ്യസ്ഥരാക്കരുതേ! 2008**

## ഡോ. സാംകുട്ടിയുടെ കൃതികളെപ്പറ്റിയുള്ള ചർച്ചകൾ

- **പാളം തെറ്റിയ തീവണ്ടി : നിരൂപണപഠനങ്ങൾ, 1994**
  (എം. കെ. മാധവൻ നായർ, മാത്യു ഉലകംതറ, ജോസഫ് പടിഞ്ഞാറേക്കര, റ്റി. സി. മാത്യു, മാമ്മൻ ഫിലിപ്പ്, പി. എസ്. ചെറിയാൻ)
- **കോവൂർ, പീറ്റർ, സാംകുട്ടി : അഭിമുഖങ്ങൾ, 1996**
  (ജോയ് തുമ്പമൺ)

# ഗ്രന്ഥകാരനെപ്പറ്റി

**ജീ**വിതത്തെ സവിശേഷമായ ഒരവബോധത്തോടെ ആത്മീയദൃഷ്ടിയിൽ വീക്ഷിക്കുകയും വിചിത്രമായ പ്രമേയങ്ങളിലൂടെ അത്യാകർഷകമായി അവതരിപ്പിക്കുകയും ചെയ്യുന്ന ആഖ്യാനപാടവമാണ് ഏഴംകുളം സാംകുട്ടിയെ ശ്രദ്ധേയനായ എഴുത്തുകാരനാക്കി തീർക്കുന്നത്.

1949-ൽ ജനിച്ചു. 1970-ൽ പത്തനംതിട്ട കാതൊലിക്കേറ്റ് കോളജിൽ നിന്നും ഇംഗ്ലീഷ് സാഹിത്യത്തിൽ ബി. എ. ബിരുദം സമ്പാദിച്ച ശേഷം അമേരിക്കയിൽ ഉപരിപഠനം ആരംഭിച്ചു. 1973-ൽ അർക്കൻസാസ് സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിൽ നിന്നും ഇംഗ്ലീഷ് സാഹിത്യത്തിൽ എം. എ. ബിരുദം നേടി. 1974 മുതൽ നാലുവർഷക്കാലം യൂണിവേഴ്സിറ്റി ഓഫ് ലൂസിയാനയിൽ (ലാഫയറ്റ്) ഗവേഷണപഠനം നടത്തി. 1978-ൽ ലൂസിയാനാ സർവ്വകലാശാലയിൽനിന്ന് ബ്രിട്ടീഷ് സാഹിത്യത്തിൽ പിഎച്ച്. ഡി ബിരുദം സമ്പാദിച്ചു. ലൂസിയാനാ സർവ്വകലാശാലയിൽനിന്ന് ഇംഗ്ലീഷ് സാഹിത്യത്തിൽ പിഎച്ച്. ഡി ലഭിച്ച ആദ്യത്തെ ഇന്ത്യാക്കാരനും, പ്രസ്തുത സർവ്വകലാശാലയിൽ നിന്ന് ഡോക്ടറേറ്റ് കരസ്ഥമാക്കിയ ഏറ്റവും പ്രായം കുറഞ്ഞ വ്യക്തികളിൽ ഒരാളും ആയിരുന്നു ഡോക്ടർ സാംകുട്ടി.

1971 മുതൽ ദിനപ്പത്രങ്ങളിലും മറ്റ് ആനുകാലികങ്ങളിലും സാംകുട്ടി ലേഖനങ്ങൾ എഴുതിത്തുടങ്ങി. ഇരുപത്തിരണ്ടാമത്തെ വയസ്സിൽ ആദ്യത്തെ പുസ്തകം (A. D. 2000?) എഴുതി പ്രസിദ്ധീകരിച്ചു. 1970-കളിലും 80-കളിലും 'മലയാള മനോരമ സൺഡേപതിപ്പി'ൽ അദ്ദേഹത്തിന്റെ അനവധി ലേഖനങ്ങളും ചെറുകഥകളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. പാശ്ചാത്യരാജ്യങ്ങളിൽ പ്രചാരമുള്ള സാഹിത്യ ജേർണലുകളിൽ ഇംഗ്ലീഷ് സാഹിത്യസംബന്ധിയായ ഉപന്യാസങ്ങൾ എഴുതിയിട്ടുണ്ട്. പ്രൊഫസർ സാംകുട്ടിയുടെ ഇരുപതോളം ഭക്തിഗാനങ്ങൾ ശബ്ദലേഖനം ചെയ്തിട്ടുണ്ട്. ഒരു അമേരിക്കൻമലയാളി ആദ്യമായി പ്രസിദ്ധീകരിച്ച നോവൽ അദ്ദേഹത്തിന്റെ 'പാളം തെറ്റിയ തീവണ്ടി' ആണ്.

പ്രൊഫസർ സാംകുട്ടിക്ക് ലഭിച്ചിട്ടുള്ള അവാർഡുകൾ: ലോകമലയാളി കൺവൻഷൻ––മികച്ച നോവൽ അവാർഡ് (1995); കേരള ക്രൈസ്തവ സാഹിത്യ അക്കാദമി––കെ. വി. സൈമൺ അവാർഡ് (2002); സർഗസമിതി സാഹിത്യസാംസ്ക്കാരിക വാർഷിക പുരസ്ക്കാരം (1996); കേരളാ എക്സ്പ്രസ്-അമേരിക്ക––ചെറുകഥാ അവാർഡ് (1996); പെന്തക്കോസ്തൽ പ്രസ് അസോസിയേഷൻ ഇംഗ്ലീഷ് ലേഖനം അവാർഡ് (1993); പെന്തക്കോസ്തൽ പ്രസ് അസോസിയേഷൻ മലയാളം ലേഖനം അവാർഡ് (1996); നോർത്ത് അമേരിക്കൻ കേരളൈറ്റ് പെന്തക്കോസ്തൽ റൈറ്റേഴ്സ് ഫോറം അവാർഡ് (2003).

യൂണിവേഴ്സിറ്റി ഓഫ് ലൂസിയാനയിലെയും എം. എച്ച്. കോളജിലെയും ഇംഗ്ലീഷ് വകുപ്പുകളിൽ ഡോക്ടർ സാംകുട്ടി അദ്ധ്യാപകനായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഇപ്പോൾ സതേൺ യൂണിവേഴ്സിറ്റിയിൽ ഇംഗ്ലീഷ് വകുപ്പിൽ

പ്രൊഫസറാണ്. ഭാര്യ ഡോക്ടർ പുഷ്പ സതേൺ യൂണിവേഴ്സിറ്റിയിൽ മൈക്രോബയോളജി വകുപ്പിൽ പ്രൊഫസറാണ്. മകൻ രഞ്ജിത്ത്. മകൾ ബിന്ദു.

1983–ലാണ് 'പാളം തെറ്റിയ തീവണ്ടി'യുടെ ഒന്നാം പതിപ്പ് പ്രസിദ്ധീകരിച്ചത്. പിറ്റേ വർഷം മുതൽ പ്രൊഫസർ സാംകുട്ടി അദ്ദേഹത്തിന്റെ അദ്ധ്യാപകജോലിയോടൊപ്പം അമേരിക്കൻ മലയാളികൾ കൂടുതലായി താമസിക്കുന്ന പട്ടണങ്ങളിൽ വാരാന്തങ്ങളിൽ സഞ്ചരിച്ച് മതപ്രസംഗങ്ങൾ നടത്തിത്തുടങ്ങി. പിന്നീട് പത്തിരുപതുവർഷം മതപ്രസംഗരംഗത്ത് ശ്രദ്ധ കേന്ദ്രീകരിച്ചു. രണ്ടു സംസ്ക്കാരങ്ങളുടെ സ്വാധീനതയിൽ ജീവിച്ച അമേരിക്കൻ മലയാളികളുടെ രണ്ടാം തലമുറയിലെ യുവജനങ്ങൾക്ക് അദ്ദേഹത്തിന്റെ സന്ദേശങ്ങൾ ആത്മീയോത്തേജനം നൽകി. എന്നാൽ മതപ്രസംഗങ്ങളിലേക്കു തിരിഞ്ഞ ഈ നീണ്ട കാലഘട്ടത്തിൽ അദ്ദേഹത്തിന്റെ സാഹിത്യരചന മന്ദഗതിയിലായി. പണിപ്പുരയിലായിരുന്ന സർഗകൃതികൾ പോലും എഴുതിതീർക്കാൻ അദ്ദേഹത്തിനു സാവകാശം ലഭിച്ചില്ല.

അടുത്തകാലത്ത് പ്രൊഫസർ സാംകുട്ടി മതപ്രസംഗ രംഗത്തു നിന്ന് വീണ്ടും സാഹിത്യമേഖലയിലേക്ക് മടങ്ങിവന്നിരിക്കയാണ്–ആദ്ധ്യാത്മിക മൂല്യങ്ങളുള്ള കൃതികൾ ഇനിയും രചിക്കണമെന്ന ആഗ്രഹത്തോടെ. ■

**ഗ്രന്ഥകാരനുമായി ബന്ധപ്പെടുന്നതിനുള്ള വിലാസം:**

**READERS' FORUM**
Attention: Dr. E. C. Samkutty
P.O.Box 851423
Mesquite,Texas 75185-1423, U.S.A
ecsamkutty@hotmail.com
ecsamkutty@yahoo.com



# ഉള്ളടക്കം

1. കാൻസർ ബാധിച്ച ഗർഭപാത്രത്തിൽ ജീവൻ തുടിച്ചപ്പോൾ 9
2. ബാർബർഷോപ്പ് ഉടമ പാപ്പാനെ മെരുക്കുന്നു 12
3. ഒരു ആസ്മാരോഗി മറ്റൊരു ആസ്മാരോഗിക്കു വേണ്ടി പ്രാർത്ഥിച്ചപ്പോൾ 17
4. വിവാഹമോചനത്തിന്റെ വക്കിൽ 19
5. ചൂതാട്ടം തൊഴിലാക്കിയാൽ.....? 24
6. കത്തനാരെ തേടിയ പോലീസ് ഉദ്യോഗസ്ഥൻ 28
7. സർജറി മുറിയിൽ സ്തോത്രം മുഴക്കുന്ന ഡോക്ടർ 34
8. ഓപ്പറേഷൻ തിയെറ്ററിൽ ഒരു അത്ഭുതം 38
9. കുഷ്ഠരോഗി മരണത്തെ വെല്ലുവിളിക്കുന്നു 40
10. ഉറ്റവരുടെ അടിയേറ്റു തളർന്നപ്പോൾ 42
11. മൂന്നു മാസങ്ങൾ, നാലു മരണങ്ങൾ 51
12. മദ്യവും കഞ്ചാവും നൽകാത്ത സന്തോഷം 61
13. പ്രാർത്ഥന വരുത്തിയ രൂപാന്തരം 67
14. ആശ നശിച്ചപ്പോൾ 70
15. ഭക്തന്റെ മകൻ പാളംതെറ്റി ഓടിയാൽ.....? 73

അനുബന്ധം 84

# 1 കാൻസർ ബാധിച്ച ഗർഭപാത്രത്തിൽ ജീവൻ തുടിച്ചപ്പോൾ

പ്രൊഫസർ സാം സ്കറിയ

ജനിച്ചതിനുശേഷം സ്വന്തം ജീവിതത്തിലുണ്ടായിട്ടുള്ള നന്മകളെ ഓർത്താണ് സാധാരണയായി ആളുകൾ ദൈവത്തിന് സ്തുതി കരേറ്റുന്നത്. എന്നാൽ ഞാനാകട്ടെ, ജനിക്കുന്നതിനു മുമ്പ് ദൈവം എനിക്കുവേണ്ടി ചെയ്ത അത്ഭുതങ്ങളെ സ്മരിച്ചുകൊണ്ടും ദൈവത്തെ സ്തുതിക്കാറുണ്ട്.

എന്റെ ജനനത്തിനു മുമ്പുണ്ടായ സംഭവങ്ങൾ പറയാം.

കോട്ടയം പെരുമ്പെട്ടി സ്വദേശികളാണ് എന്റെ പിതാവും മാതാവും – മുണ്ടുതറയിൽ പി. വി. സ്കറിയായും ഏലിയാമ്മയും. അന്ന് എന്റെ മാതാപിതാക്കൾക്ക് രണ്ടു കുട്ടികൾ. ഒരാൺകുട്ടിയും ഒരു പെൺകുട്ടിയും. മാതാപിതാക്കൾ മാർതോമ്മാ സഭയിലെ സജീവ വിശ്വാസികളായിരുന്നു.

ഒരു ദിവസം (1955 ൽ) എന്റെ മാതാവിന് പെട്ടെന്ന് ശരീരവേദനയും വല്ലാത്ത തളർച്ചയും അനുഭവപ്പെട്ടു. ബ്ലീഡിംങ്ങും ഉണ്ടായിരുന്നു. ശരീരാസ്വാസ്ഥ്യങ്ങൾ തുടർന്നപ്പോൾ ഡോക്ടറെ കാണാൻ തീരുമാനിച്ചു. പൊതുവെ സ്ത്രീകൾക്ക് ഉണ്ടാകാറുള്ള രോഗങ്ങൾക്ക് വിദഗ്ദ്ധമായ ചികിൽസ ലഭിക്കുന്നത് തിരുവല്ലയിലുള്ള സായിപ്പിന്റെ ആശുപത്രിയിലാണ് എന്നു കേട്ടു (മെഡിക്കൽ മിഷൻ ഹോസ്പിറ്റൽ).

സായിപ്പിന്റെ ആശുപത്രിയിൽ എത്തി. ഉടനെ അഡ്മിറ്റാകണമെന്ന് ഡോക്ടർ നിർദ്ദേശിച്ചു. അവിടെ എന്തെക്കെയോ ചികിത്സകൾ ചെയ്തു തുടങ്ങി. വിദഗ്ധ പരിശോധനകളും ആരംഭിച്ചു. രക്തവും മലമൂത്രാദികളും പരിശോധനയ്ക്കുവേണ്ടി ശേഖരിച്ചു. ബയോപ്സിയും നടത്തി.

അക്കാലത്ത് പ്രധാന ടെസ്റ്റുകൾ ദൂരെ വലിയ പട്ടണങ്ങളിലുള്ള ഹോസ്പിറ്റൽ ലാബുകളിലാണ് നടത്തിയിരുന്നത്. സ്പെസിമെൻസ് അവിടങ്ങളിൽ എത്തിക്കണം. റിസൽട്ട് ലഭിക്കുവാൻ ദിവസങ്ങളും ആഴ്ചകളും കാത്തിരിക്കണം.

ദിവസങ്ങൾ മുന്നോട്ടു നീങ്ങിയെങ്കിലും മാതാവിന്റെ ശാരീരികക്ലേശങ്ങൾക്ക് ശമനം ഉണ്ടാകുന്നില്ല. ഒരു മാസത്തോളം അവിടെ കിടന്നു. ഒടുവിൽ രോഗനിർണ്ണയവുമായി ഡോക്ടർ മാതാവിന്റെ മുറിയിലെത്തി. ഞെട്ടിക്കുന്ന വാർത്തയായിരുന്നു അത് – യൂട്രസ് ക്യാൻസർ. ഗർഭപാത്രം നീക്കം ചെയ്യണം – ഹിസ്റ്ററെക്റ്റമി. അന്നു മാതാവിന് മുപ്പത് വയസ്സ്.

സർജറിയെപ്പറ്റി പെട്ടെന്ന് ഒരു തീരുമാനത്തിലെത്താൻ കഴിവില്ലാത്ത മാനസിക സ്ഥിതിയിലായിരുന്നു മാതാപിതാക്കൾ.

പുനലൂർ പട്ടണത്തിൽ പ്രസിദ്ധനായ ഒരു ഡോക്ടർ ഉണ്ടായിരുന്നു – ഭാനുവിലാസം ഹോസ്പിറ്റലിന്റെ സ്ഥാപകൻ ഡോക്ടർ സോമൻ. അദ്ദേഹത്തിന്റെ അഭിപ്രായം കൂടി തേടാൻ പുനലൂർ താമസിക്കുന്ന മാതൃസഹോദരൻ നിർബന്ധിച്ചു. മാതൃസഹോദരനോടൊത്ത് മൂന്നാഴ്ച താമസിച്ചു. അവിടെയും പരിശോധനകൾ നടത്തി. ഡോക്ടർ സോമൻ നല്കിയ മരുന്നുകളൊക്കെ കഴിച്ചു. ഒടുവിൽ, സർജറി ഒഴിവാക്കാൻ സാധ്യമല്ലെന്ന് അദ്ദേഹവും അറിയിച്ചു. ഉടനെ തന്നെ സർജറി നടത്തണം. അല്ലാത്തപക്ഷം ക്യാൻസർ

മറ്റ് അവയവങ്ങളിലേക്ക് വ്യാപിക്കാനിടയുണ്ട്. അങ്ങനെ സംഭവിച്ചാൽ മരണം നിശ്ചയം!

വീണ്ടും സായിപ്പിന്റെ ആശുപത്രിയിലെത്തി. താമസിയാതെ ഹിസ്റ്ററെക്റ്റമിയ്ക്ക് വിധേയപ്പെടാൻ തീരുമാനിച്ചതായി ഡോക്ടറെ അറിയിച്ചു.

സർജറി എന്നുകേട്ടാൽ മനുഷ്യർ ഭയപ്പെടുന്ന കാലം. സർജറിയ്ക്ക് മുൻപ് രോഗികളെ ബോധം കെടുത്താൻ ഉപയോഗിച്ചിരുന്ന മരുന്നുകൾപോലും അന്ന് പലരുടെയും മരണത്തിന് കാരണമായിരുന്നു. ആധുനിക വൈദ്യശാസ്ത്ര സജ്ജീകരണങ്ങൾ ഇല്ലാത്തകാലം. അക്കാലത്ത് പലരുടെയും മരണത്തിന് കാരണമാകുന്ന സർജറി ആയിരുന്നു ഹിസ്റ്ററെക്റ്റമി!!

എന്റെ മാതാവ് സർജറിയ്ക്കു വേണ്ടി മാത്രമല്ല, മരണത്തിനുവേണ്ടിയും തയ്യാറായി തുടങ്ങി. കുറെ ദിവസങ്ങൾ ഭർത്താവിനോടും പിഞ്ചുകുഞ്ഞുങ്ങളോടുമൊത്ത് ചെലവിടുവാൻ തീരുമാനിച്ചു. അതുകഴിഞ്ഞ് തിരുവല്ലയിൽ സർജ്ജറിയ്ക്കു വേണ്ടി പോകാനും. ചുരുക്കം ദിവസങ്ങളിലേക്കുമാത്രം അവധി അനുവദിച്ചാണ് ഡോക്ടർ മാതാവിനെ വീട്ടിലേക്ക് വിട്ടത്.

ആ ദിവസങ്ങളിൽ എന്റെ അമ്മച്ചിയുടെ ഭക്തി കൂടുതൽ ശക്തമായി. പെന്തക്കോസ്തു വിശ്വാസികളായ ചില ബന്ധുക്കളും നാട്ടുകാരും വീട്ടിൽ വന്ന് പ്രാർത്ഥിച്ചു തുടങ്ങി.

തന്റെ പിഞ്ചുകുഞ്ഞുങ്ങളെ കാണുമ്പോഴൊക്കെ മാതാവ് പൊട്ടിക്കരയുമായിരുന്നു – അവർ അമ്മയില്ലാതെ വളരേണ്ടിവരുമോ എന്ന തീവ്രമായ ആശങ്കയിൽ! ഭവനം മൊത്തം ദുഃഖത്തിന്റെ താഴ്‌വരയിലായ ദിനങ്ങൾ.

അന്നൊരു ദിവസം അമ്മച്ചി കോട്ടയത്തുവച്ചു നടക്കുന്ന ഒരു പെന്തക്കോസ്തു ക്രൂസേഡിനെപ്പറ്റി കേട്ടു. രണ്ട് അമേരിക്കൻ മിഷനറിമാരായിരുന്നു യോഗങ്ങളിൽ പ്രസംഗിച്ചത്. അമ്മച്ചി ഒരു സായാഹ്നത്തിൽ ക്രൂസേഡ് പന്തലിൽ എത്തി. വചനപ്രസംഗത്തിനുശേഷം രോഗശാന്തി ആവശ്യമുള്ളവർ എഴുന്നേറ്റു നില്ക്കാൻ മിഷനറിമാർ ആഹ്വാനം നൽകി.

മാതാവ് എഴുന്നേറ്റു നിന്നു. തീവ്രമായ പ്രാർത്ഥനയുടെ അന്തരീക്ഷം. അപരിചിതയായ ഒരു സ്ത്രീ പിന്നിൽ നിന്നു വന്ന് എന്റെ മാതാവിന്റെ അടിവയറ്റിൽ കൈവച്ച് പ്രാർത്ഥിച്ചു. പെട്ടെന്ന് പരിശുദ്ധാത്മാവിന്റെ ശക്തിയായ ഒരു സ്പർശനം മാതാവിനുണ്ടായി – പെന്തക്കോസ്തിന്റെ അനുഭവം! ഹൃദയം മാത്രമല്ല, ഗർഭപാത്രവും അടിവയറുമൊത്തവും ശക്തമായി തുടിക്കുന്ന അനുഭവം. സൗഖ്യമാക്കുന്ന യേശുവിന്റെ കരം തന്നെ തൊട്ടതായി മാതാവിന് അനുഭവപ്പെട്ടു. ഇനി സർജറിക്കുവേണ്ടി തിരുവല്ലയിലേക്കു പോകുന്നില്ലെന്ന് തീരുമാനിച്ചുകൊണ്ടാണ് പന്തലിൽ നിന്ന് വീട്ടിലേക്കു തിരിച്ചത്.

ഭാര്യയുടെ രോഗശാന്തിയിൽ എന്റെ പിതാവാണ് ഏറ്റവും സന്തോഷിച്ചത്. എന്നാൽ, പുതിയ പെന്തക്കോസ്ത് അനുഭവത്തെ (പരിശുദ്ധാത്മ നിറവിന്റെ അനുഭവത്തെ) സംശയത്തോടു കൂടിയാണ് അദ്ദേഹം വീക്ഷിച്ചത്. ഭാര്യ പെന്തക്കോസ്തു സഭയുമായി സ്ഥിരമായി ഒരു ബന്ധം സ്ഥാപിക്കുന്നതിനോട് അദ്ദേഹത്തിനു താത്പര്യമില്ലായിരുന്നു.

മാസങ്ങൾ അധികം മുമ്പോട്ടു നീങ്ങുന്നതിനു മുമ്പേ എന്റെ പിതാവിന്റെ സമീപനങ്ങളിൽ മാറ്റം വന്നു തുടങ്ങി. പരിശുദ്ധാത്മാവിന്റെ നിറവ് (പെന്തക്കോസ്ത് അനുഭവം) മിഥ്യയല്ലെന്ന് അദ്ദേഹം ഗ്രഹിച്ചുതുടങ്ങി.

കുറെക്കാലം കഴിഞ്ഞ് എന്റെ മാതാവ് വീണ്ടും ഗർഭവതിയായി. അറുത്തുമാറ്റികളയണമെന്ന് വിദഗ്ധരായ ഡോക്ടർമാർ വിധി എഴുതിയ ഗർഭപാത്രത്തിലാണ് ഒരു ആൺകുഞ്ഞ് ജന്മം കൊണ്ടത്. ഒൻപതുമാസം കഴിഞ്ഞപ്പോൾ (1958) എന്റെ മാതാവ് ആരോഗ്യമുള്ള ഒരു ശിശുവിനെ പ്രസവിച്ചു. മാതാപിതാക്കളുടെ മൂന്നാമത്തെ കുട്ടി. എന്റെ അത്ഭുതജനനത്തിന്റെ പശ്ചാത്തലം ഇതാണ്.



എന്റെ ജനനത്തിനുശേഷം വീണ്ടും 35 വർഷങ്ങൾകൂടി അമ്മച്ചി ആരോഗ്യവതിയായി ജീവിച്ചു. 1993ൽ 68–ാമത്തെ വയസ്സിൽ അമ്മച്ചി മരണമടഞ്ഞു. ഹൃദയാഘാതമായിരുന്നു കാരണം. അമ്മച്ചിയുടെ അവസാനവർഷങ്ങളിൽ ഡയ്ബിറ്റിസ് ഉണ്ടാക്കിയ ചില അസ്വാസ്ഥ്യങ്ങൾ സഹിക്കേണ്ടിവന്നു. എന്നാൽ 1955നു ശേഷം ഗർഭപാത്രസംബന്ധമായ അസ്വാസ്ഥ്യങ്ങൾ അമ്മച്ചിയെ പീഡിപ്പിച്ചിട്ടില്ല. കോട്ടയത്തുവച്ചു നടന്ന ക്രൂസേഡിൽ വച്ച് കാൻസർ എന്നെന്നേക്കുമായി അപ്രത്യക്ഷമാകുകയായിരുന്നു.

കേടുപിടിച്ചെന്നു ഡോക്ടർമാർ വിധി എഴുതിയ ഗർഭപാത്രത്തിൽ രൂപം കൊണ്ട എന്നെ കേടുകൂടാതെ ജനിക്കുവാൻ ദൈവം അനുവദിച്ചു. സർവ്വശക്തൻ എന്നെ ഇന്നു വരെ കേടുകൂടാതെ പരിപാലിച്ചു.

ബാല്യം മുതൽക്കേ യുവജനപ്രസ്ഥാനങ്ങളിൽ പ്രവർത്തിക്കുവാൻ ദൈവം എന്നെ സഹായിച്ചു. അനവധി ജീവകാരുണ്യ സംരംഭങ്ങൾക്കും നേതൃത്വം നൽകിയിട്ടുണ്ട്. കുറെ വർഷങ്ങൾ 'സദ്വാർത്ത' മാസികയുടെ എഡിറ്ററായി സേവനം അനുഷ്ഠിച്ചു. ഇടയ്ക്കിടെ ആത്മീയ ലേഖനങ്ങളും എഴുതാറുണ്ട്.

ഏതാനും വർഷങ്ങളായി ഞാൻ മുംബൈ നഗരത്തിലുള്ള വിൽസൻ കോളജിൽ പൊളിറ്റിക്കൽ സയൻസ് വകുപ്പിൽ പ്രൊഫസറായി ജോലി ചെയ്യുകയാണ്. കോളജിന്റെ വൈസ് പ്രിൻസിപ്പൽ എന്ന നിലയിലും സേവനം അനുഷ്ഠിക്കുന്നു. ഇപ്പോൾ പിഎച്ച്.ഡി. ബിരുദത്തിനുവേണ്ടിയുള്ള പ്രബന്ധം തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്.

എനിക്കു ലഭിച്ചിട്ടുള്ള എല്ലാ നന്മകളുടെയും ഉറവിടം എന്റെ മാതാവിനെ 1955ൽ സ്പർശിച്ച പരിശുദ്ധാത്മാവാണ്. ആ ദിവ്യശക്തിയെ എന്റെ മാതാവിനു പകർന്നുകൊടുത്ത ക്രിസ്തുവിനെ പ്രസാദിപ്പിക്കുക മാത്രമാണ് എന്റെ ജീവിതത്തിന്റെ ലക്ഷ്യം. ക്രിസ്തുവിനെ വ്യക്തിപരമായി എന്റെ രക്ഷകനായി സ്വീകരിച്ചപ്പോഴാണ് ജീവിതത്തിന് ഒരു ലക്ഷ്യബോധം കൈവന്നത്. ദൈനംദിന ജീവിതത്തിൽ പരിശുദ്ധാത്മാവിന്റെ സാന്നിധ്യം അനുഭവിക്കുന്ന ഒരു വിശ്വാസിയാണ് ഞാൻ. തന്മൂലം ഒരിക്കലും ഞാൻ ശൂന്യതാബോധത്തിൽ നിപതിച്ചിട്ടില്ല. ക്രിസ്തുവിലാണ് എന്റെ അസ്തിത്വം. ക്രിസ്തു ശാശ്വതമായ ഒരു പാറയാണ്. അതുകൊണ്ട് ഇന്ന് ചില വിദ്യാസമ്പന്നരെ അലട്ടുന്ന അസ്തിത്വവ്യഥയും എനിക്ക് ഒരു പ്രശ്നമായിട്ടില്ല. ■

*[2009 ഓഗസ്റ്റ് 24നും 25നും പ്രൊഫസർ സാം സ്കറിയ ഏഴംകുളം സാംകുട്ടിയ്ക്ക് ടെലഫോണിൽ കൂടി നൽകിയ വിവരങ്ങൾ അടിസ്ഥാനമാക്കിയാണ് ഈ അനുഭവസാക്ഷ്യം തയ്യാറാക്കിയത്. ഒൻപതുവർഷം മുമ്പ് പ്രൊഫസർ സ്കറിയ ശ്രീ സാംകുട്ടി മാമ്മനുമായി നടത്തിയ ഒരു അഭിമുഖ സംഭാഷണം 'ഹാലേലൂയ്യാ' ദ്വൈവാരികയിൽ പ്രസിദ്ധീകരിച്ചിരുന്നു (15 ഫെബ്രുവരി 2000). സാം സ്കറിയയുമായി സമ്പർക്കം പുലർത്തുവാൻ ഡോ. സാംകുട്ടിയെ പ്രേരിപ്പിച്ചത് ശ്രീ മാമ്മന്റെ 'അഭിമുഖം' ആണ്.]*

# 2 ബാർബർഷോപ്പ് ഉടമ പാപ്പാനെ മെരുക്കുന്നു

## നെടിയറ രാജപ്പൻ

എനിക്ക് അറുപതു വയസ്സുണ്ട്. കൊല്ലം താലൂക്കിലെ അഞ്ചൽ പട്ടണത്തിലുള്ള ഒരു ബാർബർ കുടുംബത്തിലാണ് ഞാൻ ജനിച്ചത്. മാതാപിതാക്കൾ – പൊന്നമ്മ, ശങ്കരൻ. ചരിത്രപരമായി പറഞ്ഞാൽ, ഞങ്ങളുടെ പൂർവ്വികരും അഞ്ചൽ പ്രദേശത്ത് ജനിച്ചുവളർന്നവരായിരുന്നു.

എന്റെ ഭാര്യയുടെ പേര് വിലാസിനി. ഞങ്ങൾക്ക് മൂന്നു മക്കൾ. സന്തുഷ്ട കുടുംബമാണ് ഞങ്ങളുടേത്. എന്നാൽ ഈ സന്തോഷം പണ്ട് ഇല്ലായിരുന്നു.

എന്റെ പിതാവ് ഒരു മുക്കുടിയൻ ആയിരുന്നു. ഞങ്ങൾ ആറുമക്കൾ. മുടിവെട്ടി ലഭിക്കുന്ന പണത്തിന്റെ നല്ല ഒരു ഭാഗം അച്ഛൻ മദ്യപിക്കാനായി ഉപയോഗിച്ചിരുന്നു.

ചെറുപ്പം മുതൽക്കേ ഞാൻ അമ്പലങ്ങളിൽ പോയി ആൺ ദൈവങ്ങളെയും പെൺദൈവങ്ങളെയും മൃഗദൈവങ്ങളെയും വണങ്ങിയിരുന്നു. മുസ്ലിം പള്ളികളിലും പോയിട്ടുണ്ട്. മുസ്ലിം മന്ത്രവാദികളെക്കൊണ്ട് കൂടോത്രം ചെയ്യിച്ചിട്ടുണ്ട്. ആഴ്ചയിലൊരിക്കൽ എന്റെ അമ്മ വ്രതാനുഷ്ഠാനങ്ങളോടെ പൊങ്കാല ഇടും. രാവിലെ സൂര്യദേവനെ ആരാധിക്കും. മദ്യപനായ പിതാവുൾപ്പെടെ ഞങ്ങൾ എല്ലാവരും ഓരോരോ മതാനുഷ്ഠാനങ്ങളിൽ പങ്കുകൊണ്ടിരുന്നു. അച്ഛന്റെ ദുർമ്മാർഗ്ഗ ജീവിതം അമ്പലത്തിലെ ആചാര്യന്മാർക്ക് പ്രശ്നമല്ലായിരുന്നു. അച്ഛന്റെ ദുഃസ്വഭാവങ്ങൾ മാറ്റണമെന്ന് എന്റെ മതത്തിലെ ഒരു ആചാര്യനും അദ്ദേഹത്തെ നേരിൽ കണ്ട് ഉപദേശിച്ചിട്ടുള്ളതായി ഞാൻ ഓർമ്മിക്കുന്നില്ല.

എനിക്ക് ഓർമ്മയുള്ള കാലം മുതൽ അച്ഛൻ എന്റെ അമ്മയെയും ഞങ്ങളെയും ശാരീരികമായി ഉപദ്രവിച്ചിരുന്നു. സഹികെട്ട് അമ്മ ഇടയ്ക്കിടെ സ്വന്തം വീട്ടിലേക്ക് ഓടിപ്പോകുമായിരുന്നു. അമ്മ പലവട്ടം ആത്മഹത്യയ്ക്കു ശ്രമിച്ചിട്ടുണ്ട്. ഒരു ദിവസം അച്ഛൻ അമ്മയെയും മക്കളെയും ക്രൂരമായി മർദ്ദിച്ചു. അമ്മയുടെ തലയിൽ മുറിവുകൾ. എന്റെ ശരീരത്തിലും അടിയേറ്റ പാടുകൾ. ഭിക്ഷയാചിക്കേണ്ടി വന്നാലും അച്ഛന്റെ കൂടെയുള്ള ജീവിതം വേണ്ടെന്ന് ഞങ്ങൾ തീരുമാനിച്ചു.

ഞങ്ങൾ അമ്മയുടെ ബന്ധുക്കളെ സമീപിച്ചു. ബന്ധുമിത്രാദികളും നാട്ടിലെ പ്രമാണികളും വീട്ടിൽ ചെന്ന് അച്ഛനെ പിടിച്ചുകെട്ടി. പോലീസും ഇടപെട്ടു. അന്നുതന്നെ വിവാഹബന്ധം വേർപെടുത്തുകയും ചെയ്തു. അതോടെ കുടുംബഭാരം എന്റെ മാതാവിന്റെ തോളിലായി.

പതിമൂന്നാം വയസ്സിൽ ഞാൻ വിദ്യാഭ്യാസം നിർത്തി. വകയാർ എന്ന സ്ഥലത്ത് മുടിവെട്ട് അഭ്യസിക്കുവാൻ പോയി. ഫീസായി ആശാന് ആഴ്ചയിൽ ഒരിക്കൽ വീതം ചാരായവും കഞ്ചാവും വാങ്ങിക്കൊടുക്കണമായിരുന്നു.

മുടിവെട്ടും കുടിയും പഠിപ്പിച്ച് ആശാൻ എന്നെ വീട്ടിലേക്ക് അദ്ദേഹത്തിന്റെ ആശിർവ്വാദങ്ങളോടുകൂടി പറഞ്ഞയച്ചു. പിന്നീടുള്ള കാലഘട്ടത്തിൽ ഞാൻ അഞ്ചലിലെ ആർച്ചൽ, മാവിള, അരീപ്ളാച്ചി എന്നിവിടങ്ങളിൽ ബാർബർ ഷോപ്പുകൾ തുറന്നു. അച്ഛന്റെ ഓഹരിയായി ഞങ്ങൾക്കെല്ലാം കൂടി പത്തു



സെന്റ് സ്ഥലമേ കിട്ടിയുള്ളു. എങ്കിലും ഞാനും അമ്മയും അദ്ധ്വാനികൾ ആയിരുന്നതുകൊണ്ട് വീട്ടിൽ പട്ടിണി ഇല്ലായിരുന്നു.

ഇരുപത്തിയഞ്ചാമത്തെ വയസ്സിൽ ഞാൻ വിവാഹം കഴിച്ചു. ബാർബർ തൊഴിലിനോടൊപ്പം ചാരായം വാറ്റ്, ചാരായ കച്ചവടം, നാടകാഭിനയം എന്നിവയിലും ഏർപ്പെട്ടു. അന്നു ഞാൻ മൂക്കുമുട്ടെ കുടിക്കുമായിരുന്നു. ഇഷ്ടംപോലെ കഞ്ചാവും! അടിപിടിയും തല്ലിപ്പൊളിയുമായി കഴിച്ചുകൂട്ടിയ കാലഘട്ടം. മദ്യം കഴിച്ച് വഴിയരികിൽ ബോധം കെട്ടു വീഴുമായിരുന്നു. 'തനിനിറം' പത്രത്തിൽ എന്നെപ്പറ്റി ദുർവാർത്തകൾ വന്നിട്ടുണ്ട്. എന്റെ ഭവനത്തിൽ ഒരിക്കലും സ്വസ്ഥത ഇല്ലായിരുന്നു. എങ്കിലും ഇടയ്ക്കിടെ ഞാൻ അമ്പലത്തിൽ പുരാണം വായിക്കുമായിരുന്നു – ദൈവങ്ങൾ പ്രസാദിക്കട്ടെ എന്നാഗ്രഹിച്ചുകൊണ്ട്. എന്റെ സ്വഭാവദോഷങ്ങൾ മതഗ്രന്ഥ പാരായണവുമായി ചേർന്നു പോകയില്ലെന്ന് ആരും എന്നെ ഗുണദോഷിച്ചിട്ടില്ല. പുരാണം വായിക്കാൻ വരുന്ന മറ്റുപലരും നന്നായി കുടിക്കുമായിരുന്നു. ഞാൻ ഇടയ്ക്കിടെ ശബരിമലയിൽ പോകാറുണ്ട് എന്ന വസ്തുത മതാചാര്യന്മാരെ തൃപ്തിപ്പെടുത്തിയിരുന്നു.

അക്കാലത്ത് കരവാളൂർ ഉച്ചിക്കാടു കവലയിലുള്ള ഒരു കട വാടകയ്ക്കെടുത്ത് കുറെ പെന്തക്കോസ്തുകാർ പ്രാർത്ഥനാ കൂട്ടായ്മകൾ തുടങ്ങി. അവരുടെ പ്രാർത്ഥനാരീതികൾ എനിക്ക് അരോചകമായി തോന്നി. ഞാൻ അശ്ലീലം പറഞ്ഞ് അവരെ പലവട്ടം അസഹ്യപ്പെടുത്തിയിരുന്നു. എന്നാൽ അവർ ഒരിക്കലും പ്രതികാരം ചെയ്തിട്ടില്ല. എങ്ങും പരാതിപ്പെട്ടിട്ടുമില്ല.

താഴെപ്പറയുന്ന സംഭവം 1979 ൽ നടന്നു എന്നാണ് എന്റെ ഓർമ്മ. എനിക്ക് അന്ന് മുപ്പത് വയസ്സ്. പി. വി. ആശാരി എന്നു പേരുള്ള ഒരു ഉപദേശി കരവാളൂർ തുമ്പശേരിമുക്കിനു സമീപമുള്ള ദാനിയെലച്ചായന്റെ പറമ്പിൽ പന്തലിട്ട് പ്രസംഗങ്ങൾ നടത്തുകയായിരുന്നു. അദ്ദേഹം ഹിന്ദുമതത്തിലെ ചില ആചാരാനുഷ്ഠാനങ്ങളെ കുറ്റം പറഞ്ഞു പ്രസംഗിക്കുന്നു എന്നൊരു വാർത്ത നാട്ടിൽ പരന്നു. ഇത് മതവിദ്വേഷമാണെന്ന് അക്രൈസ്തവർക്കു തോന്നിത്തുടങ്ങി. എന്റെ സ്വന്തം മതത്തെ ആക്ഷേപിക്കുന്ന ആളിനോട് എനിക്ക് വലിയ കോപം തോന്നിയതിൽ അതിശയിക്കാനില്ലല്ലോ. ഞങ്ങൾ ചില കുടിയന്മാർ ആയുധങ്ങളുമായി ഒത്തുകൂടി. ഉപദേശിയെ ഉപദ്രവിക്കുകയായിരുന്നു ലക്ഷ്യം. ആശാരി ഉപദേശിക്കെതിരെ ഭീഷണികൾ ഉയർന്നുകൊണ്ടിരുന്ന ഒരു കാലഘട്ടമായിരുന്നു അത്. പലസ്ഥലങ്ങളിൽ വച്ച് അദ്ദേഹത്തിന് അടി കിട്ടിയിട്ടുണ്ട്.

എന്നാൽ അദ്ദേഹം ഭീഷണികൾ ഗൗനിച്ചെന്നു തോന്നുന്നില്ല. ആ രാത്രിയിൽ യെശയ്യാവിന്റെ പ്രവചനം രണ്ടാം അദ്ധ്യായം ആധാരമാക്കിയാണ് അദ്ദേഹം പ്രസംഗിച്ചത്. പൊന്നും വെള്ളിയും കൊണ്ടു നിർമ്മിച്ച വിഗ്രഹങ്ങളെ നമസ്ക്കരിക്കുന്ന ആചാരത്തെ പ്രവാചകൻ ശാസിച്ചിരിക്കുന്നു. മനുഷ്യർ എല്ലാവരും മരണത്തിന് അധീനരാണ്. അതുകൊണ്ട് മനുഷ്യർ എത്ര ധീരവീരന്മാർ ആയാലും അവരെ ആരാധിക്കാൻ പാടില്ല. ഇതായിരുന്നു ആശാരിയുടെ പ്രധാനസന്ദേശം.

തെറ്റായ ആരാധന മനുഷ്യരെ നരകത്തിലെത്തിക്കും എന്നു കൂടി അദ്ദേഹം മൈക്കിലൂടെ വിളിച്ചുപറഞ്ഞു. യേശുക്രിസ്തു ഹൃദയത്തിന്റെ വാതിലിൽ മുട്ടുന്നു. വാതിൽ തുറന്നു കൊടുക്കുന്നവരോടുകൂടെ യേശു അത്താഴം കഴിക്കും. ഹൃദയത്തിൽ വരുന്ന യേശു പാപങ്ങൾ കഴുകി നമ്മെ ശുദ്ധരാക്കുകയും ചെയ്യും. വേദവാക്യങ്ങൾ വിശദീകരിച്ചുകൊണ്ട് പാസ്റ്റർ ആശാരി പ്രസംഗിച്ചു. ആശ്ചര്യമെന്നു പറയട്ടെ എന്റെ കോപവും വാശിയും ഓടിമറ

ഞ്ഞു. എന്നിൽ ഹൃദയാന്തര സ്പർശിയായ ഒരു അനുതാപവും ഉണ്ടായി.

ഒടുവിൽ, യേശുവിനുവേണ്ടി ഹൃദയം തുറന്നു കൊടുക്കുവാൻ താൽപ്പര്യമുള്ളവർ കൈകൾ ഉയർത്തുവാൻ അദ്ദേഹം ആവശ്യപ്പെട്ടു. ഏതോ ഒരു ദിവ്യശക്തി എന്റെ ഉള്ളിൽ ചലിച്ചുതുടങ്ങി. പെട്ടെന്നു ഞാൻ കൈ ഉയർത്തി. ഉടനെ കുറെ വിശ്വാസികൾ എന്നെ സമീപിച്ച് എനിക്കു വേണ്ടി പ്രാർത്ഥിക്കാൻ തുടങ്ങി. ആശാരി ഉപദേശിയും എന്റെ തലയിൽ കൈവച്ച് ശക്തമായി പ്രാർത്ഥിച്ചു തുടങ്ങി. കള്ളുകുടിയും ബിഡിവലിയും ദുർമാർഗ്ഗജീവിതവും ഉപേക്ഷിക്കണമെന്ന് ആ രാത്രിയിൽ തന്നെ എന്റെ ഉള്ളിൽ ഒരു ആഗ്രഹം!! ക്രിസ്തീയ വിശ്വാസത്തോട് വലിയ ഒരടുപ്പവും തോന്നി. പിറ്റേ ദിവസം തന്നെ ഞാൻ എന്റെ  കഠാരിയും മറ്റ് മാരകായുധങ്ങളും എന്നെന്നേക്കുമായി ഉപേക്ഷിച്ചു.

അന്നൊരുദിവസം എന്റെ നാട്ടിലുള്ള ഇൻഡ്യാ പെന്തക്കോസ്തു സഭയിലെ പാസ്റ്റർ എന്നെ തിരക്കി കടയിൽ വന്നു. അദ്ദേഹത്തിന്റെ സഭയിലേക്ക് എന്നെ ക്ഷണിക്കാൻ വേണ്ടി. അവിടെ ഉപവാസ പ്രാർത്ഥന നടക്കുകയായിരുന്നു. മൂന്നു ദിവസങ്ങൾ സ്വന്തം വീട്ടിൽ പോകാതെ അവിടെ താമസിച്ച് ഞാൻ പ്രാർത്ഥനയിൽ  സംബന്ധിച്ചു. ചെറുപ്പത്തിലേ ഉള്ളിൽ കടന്നുപറ്റിയ പത്തുദുർഭൂതങ്ങൾ എന്നെ പീഡിപ്പിക്കുന്നതായി പ്രാർത്ഥന നയിച്ചിരുന്ന പാസ്റ്റർക്ക് വെളിപ്പെട്ടു. എന്നെ ഇത്രയ്ക്ക് ക്രൂരനും ദുഷ്ടനും ആക്കി മാറ്റിയത് ഈ സാത്താനികശക്തികൾ ആയിരുന്നു. അദ്ദേഹം എന്റെ തലയിൽ കൈവച്ച് ദുഷ്ടശക്തികളെ ശാസിച്ചു പുറത്താക്കി. പെട്ടെന്ന് പരിശുദ്ധാത്മാവിന്റെ ഒരു വെള്ളച്ചാട്ടം എന്റെ ഉള്ളിൽ പതിച്ചു. ഞാൻ ആത്മാവിൽ നിറഞ്ഞ് അന്യഭാഷകളിൽ സംസാരിച്ചു തുടങ്ങി. പറഞ്ഞറിയിക്കാൻ പറ്റാത്ത വിധത്തിലുള്ള ആനന്ദം ചൊരിയപ്പെട്ട നിമിഷങ്ങൾ! മദ്യമോ കഞ്ചാവോ ലൗകിക സുഖങ്ങളോ ഒരിക്കലും നൽകിയിട്ടില്ലാത്ത സന്തോഷം.

പിന്നീടുള്ള ആഴ്ചകളിൽ ആ സഭയിലെ ദൈവദാസന്മാരും വിശ്വാസികളും എനിക്കുവേണ്ടി തുടർച്ചയായി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. അവർ നല്കിയ സേവനങ്ങൾക്ക് സാമ്പത്തികമായി ആരും ഒന്നും എന്നോട് ആവശ്യപ്പെട്ടുമില്ല. ഉപവാസപ്രാർത്ഥനകൾ കഴിഞ്ഞപ്പോഴേക്കും മദ്യവും ബീഡിയും കഞ്ചാവും എന്നന്നേക്കുമായി ഉപേക്ഷിക്കുവാനുള്ള ശക്തി എനിക്കു ലഭിച്ചുകഴിഞ്ഞു.

ഞാൻ എന്റെ ബാർബർ ഷോപ്പിൽ മടങ്ങിയെത്തി. ഷോപ്പിന്റെ ഭിത്തികളിൽ സത്യൻ, നസീർ, തിക്കുറിശി, ബഹദൂർ, രാഗിണി തുടങ്ങിയ സിനിമാതാരങ്ങളുടെ കലണ്ടർ ചിത്രങ്ങൾ വെട്ടിയെടുത്ത് ഒട്ടിച്ചിരുന്നു. എന്റെ ദൈവങ്ങളുടെ ചിത്രങ്ങളും ഉണ്ടായിരുന്നു. അയ്യപ്പൻ, ശ്രീകൃഷ്ണൻ, മുരുകൻ, മഹാവിഷ്ണു, ഗീവർഗീസ് പുണ്യവാളൻ, മറിയ – ഇവരെല്ലാം ഭിത്തികളിൽ സ്ഥാനം പിടിച്ചിരുന്നു. എല്ലാം എടുത്തുമാറ്റി. എന്റെ കൊമ്പൻമീശയും നീണ്ട കൃതാവും വടിച്ചുമാറ്റി. മുസ്ലിം മന്ത്രവാദികൾ ജപിച്ചു കെട്ടിയ കറുത്തചരടും തകിടും ശരീരത്തിൽ നിന്ന് അഴിച്ചുമാറ്റി. ആഴ്ചകൾക്കുള്ളിൽ ക്രിസ്തുവിനോടു ചേരുവാനുള്ള സ്നാനവും സ്വീകരിച്ചു.

എന്റെ മനംമാറ്റവും സ്വഭാവമാറ്റവും ബന്ധുമിത്രാദികൾക്ക് ഇഷ്ടമായിരുന്നു എങ്കിലും എന്റെ മതം മാറ്റത്തെ അവർ വളരെ എതിർത്തു. ഞാൻ നാട്ടിൽ ഒരു പരിഹാസവിഷയമായി. എന്നാൽ ഞാൻ തികച്ചും സന്തോഷവാനായിരുന്നു. ഞാൻ തിരഞ്ഞെടുത്ത മാർഗ്ഗം സത്യം ആണെന്ന് ഹൃദയത്തിൽ തോന്നിയ ഉറപ്പാണ് എനിക്ക് സന്തോഷം നൽകിയത്.



നാലഞ്ചു വർഷങ്ങൾ കൂടെ ഞാൻ ബാർബർ ഷോപ്പു നടത്തി. മുടിവെട്ടാൻ വരുന്നവരോട് സുവിശേഷം പറയുമായിരുന്നു. ചിലരുടെ ബീഡികളും സിഗരറ്റുകളും വാങ്ങി മുറിച്ചൊടിച്ചുകളഞ്ഞിട്ടുണ്ട്. ഷോപ്പിൽ നിന്ന് പൈങ്കിളി വാരികകൾ എല്ലാം എടുത്തുമാറ്റി. പകരം മേശയുടെ മുകളിൽ ഒരു ബൈബിൾ വച്ചു. കൂടാതെ ധാരാളം ആത്മീയ ലഘുലേഖകൾ.  ഒരു ദിനപ്പത്രവും.

പിന്നീട് ഞാൻ പൂർണസമയം സുവിശേഷപ്രവർത്തനങ്ങൾക്കായി ഇറങ്ങി. അതോടെ ബാർബർ ഷോപ്പ് അടച്ചു. എന്റെ സുവിശേഷപ്രവർത്തനങ്ങളിലൂടെ 140 ബന്ധുക്കൾ മാനസാന്തരപ്പെട്ടിട്ടുണ്ട്. എന്റെ പിതാവ് മാനസാന്തരപ്പെടാനായി ഞാൻ പ്രാർത്ഥിച്ചുകൊണ്ടിരുന്നു. എന്നാൽ സത്യത്തിന്റെ മുമ്പിൽ വിനയപ്പെടാൻ അദ്ദേഹത്തിന് മനസ്സുവന്നില്ല.

എന്റെ പിതാവ് പില്ക്കാലത്ത് രണ്ട് സ്ത്രീകളെക്കൂടെ വിവാഹം കഴിച്ചു. അഞ്ചുവർഷം മുമ്പ് അദ്ദേഹം മരിച്ചു. എന്റെ അമ്മ ഉൾപ്പെടെ അദ്ദേഹത്തിന്റെ മൂന്നു ഭാര്യമാരും രക്ഷിക്കപ്പെട്ട് വിശ്വാസജീവിതം ആരംഭിച്ചു. അവരിൽ ഒരു ഭാര്യ പിന്മാറിയെങ്കിലും ബാക്കി രണ്ടു പേരും വിശ്വാസജീവിതം തുടരുന്നു.

അവരുടെയും എന്റെയും "അറിയായ്മയുടെ കാലങ്ങളിലെ" തെറ്റുകൾ നൂറുവട്ടം കഴുകിമായിച്ചു തന്ന ക്രിസ്തുവിന്റെ രക്തത്തെ ഞാൻ നന്ദിയോടെ ഓർക്കുന്നു. വിശുദ്ധി പാലിച്ച് ജീവിക്കുകയെന്നത് വിശ്വാസിയുടെ കടമയെങ്കിലും, അവിവേകിയായ മനുഷ്യന് വീഴ്ച പറ്റാം. അതൊക്കെ വീണ്ടും ക്ഷമിച്ചുതരുന്ന ദൈവത്തിന്റെ മഹാകാരുണ്യത്തിന് സ്തോത്രം പറയുന്നു.

ബസ്സുകളിൽ യാത്ര ചെയ്യുമ്പോൾ ഞാൻ സുവിശേഷം പറയാറുണ്ട്. അതിന്റെ പേരിൽ എനിക്ക് അടികിട്ടിയിട്ടുണ്ട്. എനിക്കെതിരെ കേസുകളും ഉണ്ടായിട്ടുണ്ട്. എന്നെ ചോദ്യം ചെയ്ത ബഹുമാന്യ പോലീസുദ്യോഗസ്ഥന്മാരോട് ഞാൻ ഇങ്ങനെ സധൈര്യം പറഞ്ഞിട്ടുണ്ട് : "ബസിൽ ഇരുന്നുകൊണ്ട് അയ്യപ്പഭക്തന്മാർ നാടുനീളെ സ്വാമിയേ ശരണം വിളിക്കുന്നു. എങ്കിൽ ഇന്ത്യൻ പൗരനെന്ന നിലയിൽ വേദവാക്യങ്ങൾ വിളിച്ചുപറയാനും യേശുക്രിസ്തു പാപികളെ രക്ഷിക്കുന്നു എന്ന് അറിയിക്കാനും എനിക്ക് അവകാശം ഉണ്ട്." രക്ഷിക്കപ്പെട്ട് സത്യവിശ്വാസികൾ ആകണമെന്നുകൂടി ഞാൻ പോലീസ് ഉദ്യോഗസ്ഥന്മാരോട് പറഞ്ഞിട്ടുണ്ട്. അവർ പരിഹസിച്ച് പൊട്ടിച്ചിരിക്കും. പിന്നെ ശാസിച്ചു പറഞ്ഞുവിടും. പോലീസ് ഉദ്യോഗസ്ഥൻമാർ എന്നെ ഉന്തുകയും തള്ളുകയും ഒക്കെ ചെയ്തിട്ടുണ്ടെങ്കിലും ആരും എന്നെ മർദ്ദിച്ചിട്ടില്ല.

ഞാൻ ഒരു ഇന്ത്യൻ പൗരനാണ്. എല്ലാ വിധത്തിലും ഒരു ഇന്ത്യാക്കാരൻ. അതിൽ ഞാൻ അഭിമാനം കൊള്ളുന്നു. ഹൈന്ദവ സംസ്ക്കാരത്തിലാണ് ഞാൻ ജനിച്ചു വളർന്നത്. ഈ സംസ്ക്കാരത്തിൽ അനുകരണീയങ്ങളായ അനേക ആദർശങ്ങൾ ഉണ്ട്. അവയെല്ലാം എനിക്ക് സ്വീകാര്യമാണ്. എന്നാൽ ബഹുദൈവാരാധന സ്വീകാര്യമല്ല. ഏക ദൈവത്തെ മാത്രം ഞാൻ ആരാധിക്കുന്നു. യേശുക്രിസ്തു എന്ന ഏക മദ്ധ്യസ്ഥനിൽ കൂടിയാണ് ഞാൻ ദൈവത്തെ സമീപിക്കുന്നത്. പ്രാർത്ഥനയിൽ കൂടി ഞാൻ ദൈവത്തെ സമീപിക്കുമ്പോൾ ഇന്ത്യയുടെ നന്മയ്ക്കുവേണ്ടിയും ഈ രാജ്യത്തിലെ ഓരോ പൗരന്റെയും ഐശ്വര്യത്തിനുവേണ്ടിയും പതിവായി പ്രാർത്ഥിക്കുന്നു. ഇന്ത്യയുടെ നന്മയ്ക്കുവേണ്ടി പ്രവർത്തിക്കുവാനും ഈ രാജ്യത്തിന്റെ നിയമങ്ങൾ അനുസരിച്ചു ജീവിക്കാനുമാണ് മാനസാന്തരപ്പെടുന്നവരെ ഞാൻ ഉപദേശിക്കാറുള്ളത്. യേശുവിൽ കൂടി ശരിയായി മാനസാന്തരമുണ്ടാകുന്ന ഒരു വ്യക്തി പിന്നീട് പോലീസിനും നിയമവകുപ്പിനും ഒരിക്കലും ഒരു തലവേദന ആവുകയില്ല. എന്നെ അടുത്തറിഞ്ഞിട്ടുള്ള പോലീസുകാർക്ക് ഈ സത്യം

അറിയാം. ഞാൻ സമൂഹത്തിന് ഒരു ഭീഷണിയല്ല എന്നവർക്ക് അറിയാം. മാത്രമല്ല, എന്നിൽകൂടി സമൂഹത്തിന് നന്മയേ ഉണ്ടാവൂ എന്നും അവർ മനസ്സിലാക്കാറുണ്ട്.

എനിക്കെതിരെ സുവിശേഷവിരോധികൾ നടത്തിയിട്ടുള്ള ക്രൂരമായ ഉപദ്രവങ്ങളെപ്പറ്റി പത്രങ്ങളും ക്രൈസ്തവവാരികകളും റിപ്പോർട്ടു ചെയ്തിട്ടുണ്ട്. എന്നെ ഉപദ്രവിച്ചവരെ ഞാൻ സ്നേഹിക്കുന്നു. അവർക്കും അവരുടെ സന്തതികൾക്കും അതുമൂലം ഒരു ദോഷവും ഭവിക്കരുതേ എന്നു പ്രാർത്ഥിക്കുന്നു.

ഒൻപതു പ്രാദേശിക സഭകൾക്ക് ആരംഭമിടുവാൻ ദൈവം എന്നെ സഹായിച്ചു. രാഷ്ട്രീയ നേതാക്കളെയും പോലീസ് ഉദ്യോഗസ്ഥന്മാരെയും കൊലപാതകികളെയും വിശ്വാസികളാക്കി തീർക്കാൻ ദൈവം ഈ എളിയവനെ ഉപയോഗിച്ചുവരുന്നു. ചില ഭിക്ഷക്കാരെയും മാനസാന്തരത്തിലേക്ക് നയിച്ചിട്ടുണ്ട്. ആരോഗ്യമുള്ള യാചകർ മാനസാന്തരത്തിനുശേഷം ഭിക്ഷാടനം ഉപേക്ഷിച്ച് എന്തെങ്കിലും തൊഴിൽ ചെയ്തു ജീവിക്കണമെന്ന് ഞാൻ ഉപദേശിക്കാറുണ്ട്. അനവധി ആർ.എസ്.എസ്. പ്രവർത്തകർ സുവിശേഷം കേട്ട് മാനസാന്തരപ്പെട്ട സംഭവങ്ങളുണ്ട്. സ്വദേശത്ത് വലിയ കൺവൻഷൻ യോഗങ്ങൾ സംഘടിപ്പിക്കുവാൻ ഏഴാം ക്ലാസുവരെ മാത്രം പഠിച്ച എന്നെ ദൈവം ശക്തനാക്കി. ഏറ്റവും കൂടുതൽ സ്ഥലങ്ങളിൽ സുവിശേഷം എത്തിക്കുന്നവരെ ആദരിച്ച കൂട്ടത്തിൽ, ഇന്ത്യാ പെന്തക്കോസ്തു ദൈവസഭയിൽ നിന്നും എനിക്ക് ട്രോഫികൾ കിട്ടിയിട്ടുണ്ട്.

ഒരിക്കൽ മാക്കുളം സ്വദേശിയായ ഒരു ആനക്കാരനോട് (പാപ്പാൻ) സുവിശേഷം പറയാൻ എനിക്കവസരം ലഭിച്ചു. മദ്യപനായിരുന്ന അയാൾ മാനസാന്തരപ്പെട്ടു. ദൈവത്തിന്റെ പരിശുദ്ധാത്മാവ് അദ്ദേഹത്തെ മെരുക്കിയെടുത്തു. ഇപ്പോൾ ആ പ്രിയ സഹോദരൻ ഇമ്മാനുവൽ പെന്തക്കോസ്തു സഭയിലെ അംഗമാണ്.

ആശാരിയുപദേശിയുടെ ജീവചരിത്രത്തിൽ എന്നെപ്പറ്റി ചുരുക്കമായി എഴുതിയിട്ടുണ്ട് – "പഴയ രാജപ്പൻ, പുതിയ രാജപ്പൻ" എന്ന അധ്യായത്തിൽ.

ഞാൻ മുമ്പ് ആരാധിച്ചിരുന്ന ദൈവങ്ങളും പ്രവാചകന്മാരും പുണ്യവാളന്മാരും പ്രായോഗിക ജീവിതത്തിൽ പല രംഗങ്ങളിലും പരാജയപ്പെട്ടവർ ആയിരുന്നു. അവരുടെ പ്രവൃത്തികളിൽ പാപം ഉണ്ടായിരുന്നു. പലരും ക്രൂരന്മാരും ചതിയന്മാരും അക്രമികളും ദുർമോഹികളും ആയിരുന്നു. അവരെ ആരാധിച്ചത് ഭോഷത്തമായെന്ന് ഇന്നെനിക്കു തോന്നുന്നു. എന്നാൽ ഇന്നു ഞാൻ ആരാധിക്കുന്ന ദൈവത്തിന്റെ ഏകപുത്രനും ഏക അവതാരവുമായ ക്രിസ്തു പാപം കൂടാതെ ജനിച്ച് പാപം കൂടാതെ ജീവിച്ചവൻ ആകുന്നു എന്ന് ബൈബിളിലെ 'പുതിയനിയമം' വായിച്ചു തുടങ്ങിയപ്പോൾ മുതൽ എനിക്കു വ്യക്തമായി. പിതാവായ ദൈവത്തെയും പുത്രനായ ക്രിസ്തുവിനെയും ആരാധിക്കുമ്പോൾ എനിക്കു സന്തോഷവും ധൈര്യവും കിട്ടുന്നു ■

*[ഏഴംകുളം സാംകുട്ടി ഇമ്മാനുവൽ ഗോസ്പൽ ടീമിന്റെ പ്രസിഡന്റായ ഇവാൻജലിസ്റ്റ് നെടിയറ എസ്. രാജപ്പനുമായി 2009 ഓഗസ്റ്റ് 7,8,12 എന്നീ ദിവസങ്ങളിൽ നടത്തിയ ടെലഫോൺ സംഭാഷണങ്ങളുടെ സംഗ്രഹം. ഇവാൻജലിസ്റ്റ് രാജപ്പനെ ഡോക്ടർ സാംകുട്ടിയ്ക്ക് പരിചയപ്പെടുത്തിയത് പാസ്റ്റർ പി. ഗോപി (പാക്കിൽ, കോട്ടയം) ആണ്.]*

# 3

# ഒരു ആസ്മാരോഗി മറ്റൊരു ആസ്മാരോഗിക്കു വേണ്ടി പ്രാർത്ഥിച്ചപ്പോൾ

**പാസ്റ്റർ കെ. ഇ. ഏബ്രഹാം**

ഒന്നാം പാശ്ചാത്യപര്യടന കാലത്ത് [1936–38] സ്വീഡനിൽവച്ച് എനിക്ക് ന്യൂമോണിയാ പിടിപെട്ടതും തുടർന്ന് ഞാൻ ആസ്മാരോഗബാധിതനായി തീർന്ന വിവരവും മുകളിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ [പാസ്റ്റർ ഏബ്രഹാമിന്റെ ആത്മകഥയുടെ 'ആസ്മാരോഗ ബാധിതൻ' എന്ന അദ്ധ്യായത്തിൽ]. തണുത്ത വായുശ്വസിക്കുക, ഉറക്കമിളയ്ക്കുക, വാഹനങ്ങളിലും മറ്റും ശരീരം നന്നായി ഇളകി യാത്ര ചെയ്യുക, കുറെ ദൂരം നടക്കുക, തുടരെ പ്രസംഗിക്കുക ആദിയായി ശരീരത്തിന് അലച്ചിൽ തട്ടുമ്പോഴൊക്കെ പനിപിടിപെട്ട് ആസ്മ (കാസം) ഉണ്ടാകുകയാണ് പതിവ്. രണ്ടും മൂന്നും ദിവസങ്ങളിലും ചിലപ്പോൾ ഒരാഴ്ചവരെയും കിടക്കുവാൻ നിവൃത്തിയില്ലാതെ, എഴുന്നേറ്റിരുന്ന് ശ്വാസം വലിച്ചുപോകത്തക്കവണ്ണം അത്രകഠോരമായി [ആസ്മ] പലപ്പോഴും ഉണ്ടായിക്കൊണ്ടിരുന്നു. "ദൈവമേ, ഇവ്വിധ ശരീര പ്രകൃതിയോടുകൂടെ യാതൊരു മനുഷ്യനെയും നിർമ്മിക്കരുതേ" എന്നു ഞാൻ പലവുരു കൂകിപ്പോകത്തക്കവണ്ണം അത്ര കഠിനമായ നിലയിൽ അതു തുടരെ എന്നെ ബാധിച്ചുകൊണ്ടിരുന്നു..... 1937 മാർച്ച് മുതൽ 1953 ഫെബ്രുവരി വരെയുള്ള 17 വർഷക്കാലം ഞാൻ പ്രസ്തുത രോഗത്താൽ കഷ്ടമനുഭവിച്ചുപോന്നു.... രോഗസൗഖ്യം രണ്ടു പ്രകാരത്തിലാണല്ലോ മനുഷ്യർ പ്രാപിക്കുന്നത്. ഒന്ന് ചികിത്സ എന്ന ഉപാധിയിലൂടെ സൗഖ്യം നേടുക. അത് ലോകത്തിൽ സർവസാധാരണയായി ദൈവം വച്ചിരിക്കുന്ന ഒരു പദ്ധതിയാണ്. ചികിത്സോപാധി കൂടാതെ ദൈവത്തിൽ നിന്നു നേരിട്ട് സൗഖ്യം പ്രാപിക്കുക എന്നതാണ് മറ്റൊരു പദ്ധതി.... അവർ തന്നെ പ്രാർത്ഥിക്കുകയോ ദൈവദാസന്മാരെക്കൊണ്ട് പ്രാർത്ഥിപ്പിക്കുകയോ ചെയ്ത് രോഗശാന്തി ലഭ്യമാകുകയാണ്.

1953 ഫെബ്രുവരി 11–നു ബുധനാഴ്ച ഞാൻ കോട്ടയം കൺവെൻഷനിലെ പ്രസംഗം കഴിഞ്ഞ് കുമ്പനാട്ട് മടങ്ങിയെത്തി. വ്യാഴാഴ്ച ഒരു കൺവെൻഷനിൽ പ്രസംഗിച്ചശേഷം രാത്രി ഒരു മണിക്ക് ഒരു കാളവണ്ടിയിൽ മഞ്ഞിന്റെ തണുപ്പും ഏറ്റ് യാത്ര ചെയ്ത് വെണ്ണിക്കുളത്ത് പ്ലാങ്കൽ ഭവനത്തിൽ വന്നു ചേർന്നു. പ്ലാങ്കൽ മത്തായിച്ചൻ എന്ന കാസരോഗിയായി കിടന്ന വല്യപ്പനുവേണ്ടി പ്രാർത്ഥിച്ചു. കർത്താവ് അദ്ദേഹത്തിന് കുറെ ആശ്വാസവും സൗഖ്യവും നൽകി. പിറ്റേ ദിവസം രാവിലെ കുമ്പനാട്ട് എത്തിയപ്പോഴേക്ക് എനിക്ക് പനി ആരംഭിച്ചു കഴിഞ്ഞിരുന്നു.... പതിവുപോലെ കാസവും ആരംഭിച്ചു. എങ്കിലും അതു വകവയ്ക്കാതെ അന്നുതന്നെ ഉച്ചതിരിഞ്ഞ് ചാത്തങ്കരി എന്ന കുട്ടനാടൻ പ്രദേശത്തെ കൺവെൻഷനായി ഞാൻ പോയി. അവിടത്തെ ജലമയമായ കാറ്റ് ഏറ്റതോടെ എനിക്കു കാസം വർദ്ധിച്ചു. അവിടെ താമസിപ്പാൻ സാധിച്ചില്ല. പാസ്റ്റർ റ്റി. എൻ. ഏബ്രഹാം സഹോദരൻ യോഗങ്ങൾ നടത്തി. ഞാൻ ശനിയാഴ്ച കുമ്പനാട്ടേക്ക് മടങ്ങിപ്പോരേണ്ടി വന്നു. ഞായറാഴ്ച (ഫെബ്രുവരി 15) കാലത്ത് വെയിലുറച്ച് വായുമണ്ഡലം ചൂടായപ്പോൾ കാസം കുറെ നീങ്ങിക്കിട്ടി. അല്പസുഖം കണ്ടതിനാൽ സഭായോഗത്തിൽ സംബന്ധിക്കാമെന്നു നിശ്ചയിച്ചു. കാലിൽ കമ്പിളി സോക്സും ശരീരത്തിൽ കമ്പിളിയുടുപ്പുമിട്ട് അതി

നുമീതെ വെള്ളവസ്ത്രവും ധരിച്ച് ഞാൻ സഭാഹാളിലേക്കു ചെന്നു.

അന്ന് അവിടെ ഒരു സഹോദരൻ എന്റെ നേരെ ഒട്ടുവളരെ അവഹേളനാപരമായ വാക്കുകൾ സംസാരിച്ച് ആക്ഷേപിച്ച കൂട്ടത്തിൽ താഴെ പറയുന്ന വാചകവും പ്രസ്താവിക്കുകയുണ്ടായി : "ഈയിടെ ഈ ആസ്മാക്കാരൻ പ്ലാങ്കലെ [മത്തായിച്ചൻ എന്ന] ആസ്മാരോഗിക്കുവേണ്ടി പ്രാർത്ഥിപ്പാൻ പോയി. സ്വന്തദീനം പ്രാർത്ഥിച്ച് സൗഖ്യമാക്കുവാൻ കഴിയാത്ത ആളാണ് മറ്റൊരാളിന്റെ ദീനത്തിനു വേണ്ടി പ്രാർത്ഥിക്കുന്നത്."

ഈ അപഹാസ്യവാക്കുകൾ അസ്ത്രം കണക്കെ എന്റെ ഹൃദയത്തിൽ തറച്ചു. എന്റെ ഹൃദയം അവിടെയിരുന്ന് നീറി. തന്റെ ദാസന്മാരെ ആദരിക്കുന്ന ദൈവം ഉയരത്തിലിരുന്ന് അതുകണ്ടു. പ്രിയ വായനക്കാരെ, ദൈവനാമ മഹത്വത്തിനായി എഴുതിക്കൊള്ളട്ടെ. അതിൽ പിന്നെ, ഇന്നേവരെ എനിക്ക് ആ രോഗം ഉണ്ടായിട്ടില്ല. കാസരോഗിയായി ഞാൻ കഴിച്ചുകൂട്ടിയ അവസാനദിവസം 1953 ഫെബ്രുവരി 15-ാം തീയതി ഞായറാഴ്ചയായ അന്നേ ദിവസമാണ്. ഇപ്പോൾ 13 വർഷത്തോളമായിരിക്കുന്നു. ആ രോഗത്തിൽ നിന്ന് വിമുക്തനായി ഓടിനടന്ന് കർത്താവിന്റെ വേല ചെയ്യുവാൻ സാധിച്ചുപോരുന്നു. ആ പ്രിയപ്പെട്ടവന്റെ അവഹേളനാ പ്രവർത്തനങ്ങളും പരിഹാസവാക്കുകളും കർത്താവ് ഇപ്രകാരം എനിക്കു നന്മയ്ക്കായി പരിണമിപ്പിച്ചിരിക്കുന്നു. അവന്റെ നാമം വാഴ്ത്തപ്പെടുമാറാകട്ടെ! ■

*[ഇൻഡ്യാ പെന്തക്കോസ്തു ദൈവസഭയുടെ സ്ഥാപകൻ പരേതനായ പാസ്റ്റർ കെ. ഇ. ഏബ്രഹാമിന്റെ ആത്മകഥയിലെ "ആസ്മാരോഗത്തിൽ നിന്ന് അത്ഭുത വിടുതൽ" എന്ന അദ്ധ്യായത്തിലെ പ്രസക്ത ഭാഗങ്ങളാണ് ഈ അനുഭവലേഖനത്തിൽ ഉദ്ധരിച്ചിരിക്കുന്നത്. ('യേശുക്രിസ്തുവിന്റെ എളിയദാസൻ' ഹെബ്രോൻ ബുക് ഡിപ്പോ, കുമ്പനാട് 1965).*

*അദ്ദേഹം 1899ൽ ജനിച്ചു. പുരാതന നസ്രാണി ക്രിസ്ത്യാനികൾ കൊടുങ്ങല്ലൂരിൽ നിന്നും കുടിയേറിപാർത്ത കുറവിലങ്ങാടു ഗ്രാമത്തിലാണ് അദ്ദേഹത്തിന്റെ പൂർവ്വികർ താമസിച്ചിരുന്നത്. അവിടെ നിന്നും ഒരു ശാഖ നൂറ്റാണ്ടുകൾക്കു മുമ്പ് ആദ്യം ചമ്പക്കുളത്തേക്കും പിന്നീട് ചെങ്ങന്നൂർ പുത്തൻ കാവിലേക്കും മാറിതാമസിച്ചു. തെക്കേപ്പറമ്പു തറവാട് എന്നറിയപ്പെടുന്ന പ്രസ്തുത ശാഖയിലെ ഒരു യാക്കോബായ കുടുംബത്തിലാണ് പാസ്റ്റർ ഏബ്രഹാം ജനിച്ചുവളർന്നത്. 1974ൽ എഴുപത്തിയഞ്ചാം വയസ്സിൽ അദ്ദേഹം നിര്യാതനായി.*

*ഏഴംകുളം സാംകുട്ടി 2009 ഓഗസ്റ്റ് 28ന് പാസ്റ്റർ കെ. ഇ. ഏബ്രഹാം കുടുംബത്തോട് ഉറ്റബന്ധം പുലർത്തിയിരുന്ന പാസ്റ്റർ രാജുപൂവ്വക്കാല (തിരുവല്ല), പാസ്റ്റർ കെ. വി. ചാക്കോ (മല്ലപ്പള്ളി) എന്നിവരുമായി ഫോൺമാർഗ്ഗം ബന്ധപ്പെട്ടു. അവർ കെ. ഇ. ഏബ്രഹാമിന്റെ സഹപ്രവർത്തകരായിരുന്ന പാസ്റ്റേഴ്സ് റ്റി.എ. ചെറിയാൻ, കെ. സി. തോമസ് (കുഴിക്കാല), കെ. എം. ജോൺ എന്നിവരുമായി സംസാരിച്ചു. മരിക്കുന്നതുവരെ കെ. ഇ. ഏബ്രഹാമിനെ ആസ്മ അലട്ടിയിരുന്നില്ല എന്ന് അവർ അറിയിച്ചു. അങ്ങനെയെങ്കിൽ, 1953ൽ രോഗശാന്തി ലഭിച്ചതു മുതൽ നീണ്ട 21 വർഷങ്ങൾ അദ്ദേഹം ആസ്മയിൽ നിന്നും വിമുക്തനായിരുന്നു. വാർദ്ധക്യകാലത്ത് അദ്ദേഹത്തിന് ഡയബിറ്റിസ് ഉണ്ടായിരുന്നു എന്നും പാസ്റ്റർ കെ. വി. ചാക്കോ മല്ലപ്പള്ളി അറിയിക്കുകയുണ്ടായി.]*

# 4 വിവാഹമോചനത്തിന്റെ വക്കിൽ

## പ്രൊഫസർ മായ ശിവകുമാർ

**എ**ന്റെ പേര് മായ. ഞാൻ കൊല്ലം എസ്.എൻ. കോളജിൽ ജന്തുശാസ്ത്ര വിഭാഗത്തിൽ അദ്ധ്യാപികയാണ്. കൊല്ലം കളക്റ്ററേറ്റിനു സമീപമുള്ള കുമാർ ഹോസ്പിറ്റൽ സ്ഥാപിച്ചതും ദീർഘകാലം അതിന്റെ മേൽനോട്ടം വഹിച്ചിരുന്നതും എന്റെ പിതാവ് പരേതനായ ഡോ. കുമാർദാസായിരുന്നു. അമ്മയുടെ പേര് ലളിത.

എന്റെ ഭർത്താവ് പി. ശിവകുമാർ ചാർട്ടേർഡ് അക്കൗണ്ടന്റ് ആണ്. ജറോം നഗറിലാണ് അദ്ദേഹത്തിന്റെ ഓഫീസ്. അദ്ദേഹത്തിന്റെ പിതാവിന്റെ പേര് പരമേശ്വരൻ പിള്ള. മാതാവ് തങ്കമ്മ. ചന്ദനപ്പള്ളിയിലാണ് ഭർത്താവ് ജനിച്ചു വളർന്നത്. 1969ൽ പത്തനംതിട്ട കാതൊലിക്കേറ്റ് കോളജിൽ നിന്ന് പ്രീഡിഗ്രി പാസ്സായ അദ്ദേഹം ബിരുദപഠനം നടത്തിയത് തിരുവനന്തപുരത്ത് മാർ ഇവാനിയോസ് കോളജിലാണ്.

എനിക്ക് ഒന്നിനും കുറവുണ്ടായിരുന്നില്ല. അച്ഛനമ്മമാരുടെ സ്നേഹം. സാമ്പത്തിക ബുദ്ധിമുട്ടില്ലാത്ത കുടുംബാന്തരീക്ഷം. നല്ല വിദ്യാഭ്യാസം. ജോലി. സമ്പൽസമൃദ്ധമായ ഈ സാഹചര്യത്തിൽ ദൈവത്തെ അന്വേഷിക്കേണ്ട ആവശ്യമൊന്നും തോന്നിയിട്ടില്ല.

1982 ൽ ആയിരുന്നു എന്റെ വിവാഹം നടന്നത്. ഭർത്താവ് എന്റെ അപ്പച്ചിയുടെ (പിതാവിന്റെ സഹോദരി) മകനാണ്. അദ്ദേഹം എന്റെ "മുറച്ചെറുക്കൻ" ആയിരുന്നു. അതുകൊണ്ട് പരിചയമില്ലാത്ത ഒരു വീട്ടിൽ വിവാഹം കഴിച്ചു പോകേണ്ടതായും വന്നില്ല. കുടുംബജീവിതം സന്തോഷമായിട്ടാണ് മുന്നോട്ടു നീങ്ങിയത്.

കൂട്ടുദ്യോഗസ്ഥരോടൊത്ത് ഭർത്താവ് അല്പം മദ്യം കഴിക്കുമായിരുന്നു. അത് ഒരു സ്റ്റാറ്റസ് സിംബൽ എന്നല്ലാതെ, ഒരു പ്രശ്നമായി ഞാൻ കരുതിയില്ല.

ഞങ്ങൾക്ക് ആദ്യം ഒരു മകൾ ജനിച്ചു. പിന്നീട് ഒരു മകനും. മകൻ ജനിച്ച കാലത്ത് ഭർത്താവിന്റെ സ്വഭാവത്തിൽ പ്രകടമായ മാറ്റങ്ങളുണ്ടായി. അദ്ദേഹം അമിതമായി മദ്യപിക്കാൻ തുടങ്ങി. ബോധംകെട്ട് വീട്ടിൽ വരാൻ തുടങ്ങി. കുടുംബകാര്യങ്ങളിലുള്ള ഉത്തരവാദിത്തം കുറഞ്ഞുവന്നു. അദ്ദേഹത്തിന് ഉറക്കവും കുറഞ്ഞുവന്നു. മാനസിക വിഭ്രാന്തിയുടെ ചില ലക്ഷണങ്ങളും. ഉറക്ക ഗുളികകൾ കഴിച്ചുതുടങ്ങി. ക്രമേണ മരുന്നുകൾക്ക് അടിമയായി. വഴിയിൽ ബോധംകെട്ടു നില്ക്കുന്ന ഭർത്താവ് വല്ലവരുടെയും സഹായത്താൽ വീട്ടിൽ എത്തുന്ന രാത്രികൾ ഞാൻ ഓർമിക്കുന്നുണ്ട്.

ഞാൻ എന്റെ വിധിയെ പഴിച്ചു. എന്തുകൊണ്ട് ദൈവം എന്നെ തീ തീറ്റിക്കുന്നു? കരച്ചിലും പരാതികളുമായി മാസങ്ങളല്ല, വർഷങ്ങൾ കഴിച്ചുകൂട്ടി. ഒടുവിൽ എന്റെ താങ്ങും തണലുമായ അച്ഛനെ സമീപിച്ചു. വിവാഹമോചനത്തെപ്പറ്റിയാണു സംസാരിച്ചത്. അദ്ദേഹം ആശ്വസിപ്പിക്കാൻ ശ്രമിച്ചു. "മോളേ, നീ അങ്ങനെയൊന്നും ചിന്തിക്കരുത്. രണ്ടു കുഞ്ഞുങ്ങളില്ലേ. ശിവകുമാറിനെ ആശ്വസിപ്പിക്കാനും ശുശ്രൂഷിക്കാനും നീ മാത്രം. ധൈര്യപ്പെട്ടിരിക്കൂ. ക്രമേണ എല്ലാം ശരിയാകും."

പക്ഷേ ഒന്നും ശരിയായില്ല. എനിക്കു പിടിച്ചു നില്ക്കാൻ പറ്റാതായി. ആയിടെ വീട്ടിൽ ഭർത്താവിന്റെ ഒരു സുഹൃത്ത് കടന്നുവന്നു. അദ്ദേഹം ഒരു മനോരോഗ വിദഗ്ദ്ധൻ ആയിരുന്നു. ഭർത്താവിനെ നിരീക്ഷിച്ച ശേഷം അദ്ദേഹം ഇങ്ങിനെയാണു പറഞ്ഞത്: "ശിവകുമാറിന് മാനസ്സികരോഗമുണ്ട്. ആദ്യം ആ രോഗത്തിനാണ് ചികിത്സിക്കേണ്ടത്." മദ്യപാനത്തിന്റെ പേരിൽ ഭർത്താവിനോട് കോപിച്ചിട്ടോ അദ്ദേഹത്തെ കുറ്റം പറഞ്ഞിട്ടോ കാര്യമില്ലെന്ന് ഞങ്ങൾക്കു ബോധ്യം വന്നു.

കോട്ടയത്തും എറണാകുളത്തുമാണ് ചികിത്സകൾ തുടങ്ങിയത്. ചികിത്സ പുരോഗമിക്കുന്തോറും രോഗം കൂടി വന്നതേയുള്ളൂ. അദ്ദേഹം ഒരു ഭ്രാന്തനെപ്പോലെ കഴിയുന്നത് എനിക്കു കാണേണ്ടിവന്നു.

ഞാൻ വിവാഹമോചനത്തെപ്പറ്റി വീണ്ടും അച്ഛനോടു സംസാരിച്ചു. അച്ഛൻ വീണ്ടും എതിരു പറഞ്ഞു. കുഞ്ഞുങ്ങളെ ഓർക്കുമ്പോൾ എന്റെ മാത്രം ആത്മഹത്യയെപ്പറ്റി ചിന്തിക്കുക പ്രയാസമായി. കുഞ്ഞുങ്ങളെ രണ്ടുപേരെയും വിഷംകൊടുത്തുകൊന്നിട്ട് ഞാനും മരിച്ചുകളയും - സഹികെട്ടപ്പോൾ പലപ്പോഴും ചിന്തിച്ചിട്ടുണ്ട്. ഇങ്ങനെ നീണ്ട പതിമൂന്നു വർഷങ്ങൾ പ്രശ്നങ്ങൾ ഏറിയും കുറഞ്ഞും തരണം ചെയ്ത് ആത്മഹത്യാ ചിന്ത ഉള്ളിലൊതുക്കി ജീവിതം തള്ളിനീക്കി.

അച്ഛന്റെ ആഗ്രഹപ്രകാരം ഞങ്ങൾ പൂജയും ഹോമങ്ങളും തുടങ്ങി. ഞാനും അച്ഛനും ഭർത്താവിന്റെ അമ്മയും കൂടി ക്ഷേത്രങ്ങൾ തോറും നേർച്ചകളും വഴിപാടുകളുമായി സഞ്ചരിച്ച മാസങ്ങൾ. പ്രശ്നപരിഹാരങ്ങൾക്കായി ഏറെ സമയവും പണവും ചെലവാക്കിയ കാലഘട്ടം. എന്നാൽ ഭർത്താവിന്റെ രോഗം കൂടിവന്നതേയുള്ളൂ.

ഒടുവിൽ ഡോക്ടർ പറഞ്ഞു. കൂടുതൽ ശക്തിയുള്ള മരുന്ന് (ലിത്തിയം) കൊടുത്തേ പറ്റൂ. ആ മരുന്ന് കൊടുത്തു കൊണ്ടിരുന്നപ്പോൾ അദ്ദേഹത്തിന്റെ ബ്ളഡ് പ്രഷർ ക്രമാതീതമായി വർദ്ധിക്കാൻ തുടങ്ങി. കരളിന്റെ പ്രവർത്തനവും തകരാറിലായി. കൂടാതെ ഡയ്ബിറ്റിസും!! പാൻക്രിയാസ്, കിഡ്നികൾ, ഹൃദയം -പ്രധാന അവയവങ്ങളുടെയെല്ലാം പ്രവർത്തനം അവതാളത്തിൽ. എന്റെ പ്രിയപ്പെട്ട ഭർത്താവ് മരണത്തിന്റെ വക്കിൽ എത്തിയ മാസങ്ങൾ.

രോഗം കടുത്തപ്പോൾ അദ്ദേഹത്തെ കങ്ങഴ ഹോസ്പിറ്റലിൽ എത്തിച്ചു. ഞാൻ മുറിയിൽ സഹായത്തിനുണ്ടായിരുന്നു. അച്ഛനെ ഫോണിൽ വിളിച്ചപ്പോൾ അദ്ദേഹം സഹായത്തിനായി വരാം എന്നു പറഞ്ഞു. "വേണ്ടാ, ഞാൻ തന്നെ ഇവിടെ താമസിച്ചു സഹായിച്ചുകൊള്ളാം" എന്നു പറഞ്ഞ് സംസാരം നിർത്താൻ തുടങ്ങിയപ്പോൾ എന്റെ അച്ഛൻ മുമ്പൊരിക്കലും പറഞ്ഞിട്ടില്ലാത്ത വാക്കുകളിലൂടെയാണ് ആശ്വസിപ്പിച്ചത്: "മോളെ, ഞാനും അമ്മയും നിന്റെ സഹോദരങ്ങളും അവന്റെ സഹോദരങ്ങളും ഇത്രത്തോളം നിന്നെ സഹായിച്ചു. ഞങ്ങളിൽ ചിലർ പ്രായമായിക്കഴിഞ്ഞു. ഞങ്ങൾ മരിച്ചു കഴിയുമ്പോൾ നീ ഒറ്റയാകും. അതുകൊണ്ട് ഇപ്പോഴേ നീ നിന്റെ വിധിയെ ധൈര്യമായി നേരിടാൻ പഠിക്കണം."

ഞാൻ ഒരിക്കൽ തനിയെ ആകും എന്ന യാഥാർത്ഥ്യബോധം ആദ്യമായി എന്നിൽ ഉദിക്കുകയായിരുന്നു. ഭൂമിപിളർന്ന് താഴേക്കുപോയാൽ മതിയെന്ന് ഞാൻ ആഗ്രഹിച്ച നിമിഷങ്ങൾ! ആശുപത്രിയുടെ വരാന്തയിൽ നിന്നുകൊണ്ട് കൈകൾ ആകാശത്തേക്ക് ഉയർത്തി. "എന്റെ ദൈവങ്ങളേ!!", ഞാൻ ഉറക്കെ വിളിച്ചു.

ഹിന്ദുമത വിശ്വാസിയായ എന്റെ മനസ്സിൽ മുപ്പത്തിമുക്കോടി ദൈവങ്ങൾ ഉണ്ടായിരുന്നു. അവരിൽ ആരെങ്കിലും സഹായത്തിന് എത്തും എന്നായിരുന്നു പ്രതീക്ഷ. അറിയാവുന്ന ചില ദൈവങ്ങളുടെ മുഖങ്ങൾ എന്റെ മനസ്സിലൂടെ കടന്നുപോകയും ചെയ്തു.



എന്നാൽ, സാധാരണക്കാരന്റെ കൂട്ടിനുവരുന്ന (സഹായത്തിനു വരുന്ന) ഒരു ദൈവത്തെപ്പറ്റി എന്റെ മതം പറയുന്നതായി എന്റെ ഓർമ്മയിൽ ഇല്ല. ഒരുപാടു തപസ്സുചെയ്തിട്ടുള്ള പരമഭക്തന്മാരുടെ മുമ്പിൽ ദൈവങ്ങൾ പ്രത്യക്ഷപ്പെട്ടതിനെപ്പറ്റി പുരാണങ്ങളിൽ ഉണ്ട്. ഞാൻ അത്ര വിശുദ്ധയൊന്നുമല്ല. തപസ്സു ചെയ്തിട്ടുമില്ല.

ഭർത്താവിന്റെ രോഗത്തിന് അല്പം ശമനം ഉണ്ടായപ്പോൾ കങ്ങഴ ഹോസ്പിറ്റലിൽ നിന്നും അദ്ദേഹത്തെ ഡിസ്ചാർജുചെയ്തു. വീട്ടിലെത്തി മൂന്നാലുദിവസങ്ങൾ കഴിഞ്ഞപ്പോൾ അദ്ദേഹം വീണ്ടും പഴയതുപോലെ രോഗിയായി. ഞാൻ അച്ഛനെ വിളിച്ചു. "എനിക്കു എന്നോടു സംസാരിക്കുന്ന, എനിക്കു കൂട്ടിനുവരുന്ന ഒരു ദൈവത്തെ വേണം. ആശ്രയിക്കാൻ പറ്റിയ ബലമുള്ള ഒരു അടിസ്ഥാനമാണ് എനിക്കുവേണ്ടത്. ആരെങ്കിലും ആശ്വാസവാക്കുകൾ പറയുന്നത് കേൾക്കണം. തനിയെ സഹിക്കാൻ വയ്യ."

പിതാവു വിചാരിച്ചു എനിക്കും മാനസിക വിഭ്രാന്തിയാണെന്ന്.

ഏതായാലും സ്വാമിമാരെ സമീപിക്കാൻ അച്ഛൻ നിർദ്ദേശിച്ചു. ആശ്രമങ്ങൾ കയറിയിറങ്ങി. സ്വാമിമാർ ആശ്വാസവാക്കുകൾ പറയുമ്പോൾ അല്പനേരത്തേക്ക് സമാധാനം കിട്ടും. പക്ഷേ, ആ സമാധാനം താല്ക്കാലികം ആയിരുന്നു. വീണ്ടും ഞാൻ നിരാശയിൽ പതിക്കും.

അന്നൊരിക്കൽ പഴയ ഒരു സഹപാഠി എന്റെ വീട്ടിൽ വന്നു. എട്ടാം ക്ലാസ്സിൽ ഞങ്ങൾ ഒന്നിച്ചു പഠിച്ചതാണ്. ഇരുപതു വർഷങ്ങൾക്കുശേഷമാണ് വീണ്ടും കാണുന്നത്. എന്റെ നിരാശയും ഭർത്താവിന്റെ രോഗവിവരവും അവൾ മനസ്സിലാക്കി. ചാലക്കുടിയിലുള്ള ഡിവൈൻ റിട്രീറ്റ് സെന്ററിൽ പോയി ധ്യാനം നടത്തിയാൽ പ്രശ്നങ്ങൾക്കു പരിഹാരമുണ്ടാകാൻ സാധ്യതയുണ്ടെന്ന് അവൾ എന്നെ പ്രോത്സാഹിപ്പിച്ചുകൊണ്ടു പറഞ്ഞു. കൂട്ടുകാരി എനിക്ക് ഒരു ബൈബിൾ വാങ്ങിതന്നിട്ടാണ് പിരിഞ്ഞത്. ബൈബിൾ കുറെ വായിച്ചെങ്കിലും എനിക്ക് ഒന്നും പിടികിട്ടിയില്ല.

ധ്യാനത്തിനു പോകാൻ എനിക്ക് താല്പര്യമുണ്ടായിരുന്നു. എന്നാൽ ഒരു പ്രശ്നം - ഒരാഴ്ച നീണ്ടുനില്ക്കുന്ന ധ്യാനമാണ്. അച്ഛനും അമ്മയും വിലക്കി. രോഗിയായ ഭർത്താവിന് കൃത്യസമയങ്ങളിൽ മരുന്നുകൊടുക്കേണ്ടത് ഞാനാണ് എന്ന് അവർ ഓർമ്മിപ്പിച്ചു.

ഏതായാലും, ആയിടെ ഭർത്താവിന് കുറെ ദിവസങ്ങളിലേക്ക് രോഗത്തിന് അല്പം ശമനം ഉണ്ടായി. അദ്ദേഹം ഇടുക്കിയിലുള്ള ഒന്നുരണ്ടു ബാങ്കുകളിലേക്കാണ് ഓഡിറ്റിനു പോയത്. രണ്ടു സ്ഥലങ്ങളിലും ഉദ്യോഗസ്ഥന്മാർ ചാലക്കുടിയിലെ ധ്യാനകേന്ദ്രത്തെപ്പറ്റിയും അവിടെ നടക്കുന്ന അത്ഭുതങ്ങളെപ്പറ്റിയും സംസാരിക്കുന്നതു കേട്ടു. അദ്ദേഹം എന്നെ ഇടുക്കിയിൽ നിന്ന് ഫോൺ വിളിച്ചു: "റെഡി ആയിക്കോ, ഞാൻ നിന്നെ ധ്യാനത്തിനു കൊണ്ടുപോകാം."

നിർഭാഗ്യമെന്നു പറയട്ടെ, ഞങ്ങളുടെ ഡോക്ടർ തടഞ്ഞു: "മായ പൊയ്ക്കൊൾക. ശിവകുമാറിനെ കൊണ്ടുപോകരുത്. അവിടുത്തെ ഹല്ലേലുയ്യാ - സ്തോത്രം വിളിയും ബഹളവും രോഗം കൂട്ടുകയേ ഉള്ളൂ."

ഏതായാലും തനിയെ പോകാൻ ഞാൻ തീരുമാനിച്ചു. ചാലക്കുടിയിലെത്തി. 1998ലായിരുന്നു അത്. അവിടെ എത്തിയപ്പോഴേ ഒരു കാര്യം മനസ്സിലായി. യേശുക്രിസ്തു ആയിരുന്നു അവിടുത്തെ പ്രധാന വിഷയം. എനിക്ക് യേശുവിനെപ്പറ്റി കാര്യമായ അറിവൊന്നും ഇല്ല. കോൺവെന്റിൽ പഠിച്ച കാലത്ത്

ചാപ്പലിൽ യേശുവിന്റെ വിഗ്രഹം കണ്ടിട്ടുണ്ട്. അതുമാത്രം.

ധ്യാനം തുടങ്ങി. കണ്ണടച്ചുപ്രാർത്ഥിക്കാൻ കൗൺസലർ പറഞ്ഞു. പെട്ടെന്ന് യേശുവിനോട് അടങ്ങാത്ത ഒരു സ്നേഹം എന്റെ ഹൃദയത്തിൽ അങ്കുരിച്ചു. യേശു രണ്ടു കൈകളും നീട്ടി എന്റെ മുമ്പിൽ നില്ക്കുന്ന ഒരു ദൃശ്യം ഞാൻ കണ്ടു – മുറിവേറ്റ കരങ്ങളോടെ. ഞാൻ ഉറക്കെ വിളിച്ചുപറഞ്ഞു: "അയ്യോ യേശുവിനെ ഞാൻ കാണുന്നു." കൗൺസലർ പ്രതികരിച്ചു: "മോളെ, പ്രാർത്ഥിച്ചുകൊൾക. നിന്റെ ഹൃദയത്തിലേക്കു വരാൻ യേശു ആഗ്രഹിക്കുന്നു. നിനക്കു സമ്മതമോ!" ഞാൻ മടിക്കാതെ യേശുവിനെ സ്വാഗതം ചെയ്തു.

പെട്ടെന്ന് യേശു എന്റെ ഒരു "കൂട്ടുകാരൻ" എന്ന രീതിയിൽ എന്നെ ആശ്വസിപ്പിക്കുന്ന അനുഭവം എന്റെ ഉള്ളിൽ ഉണ്ടായി.

പുതിയ ഒരു ധൈര്യത്തോടെ ഞാൻ തൊട്ടടുത്തുള്ള ഹാളിൽ വന്നിരുന്നു. എനിക്കു ചുറ്റുമുള്ളതെല്ലാം സ്വർഗ്ഗംപോലെ എനിക്ക് അനുഭവപ്പെട്ടു. യേശുവിനോടു ചോദിക്കുവാൻ ഒരുപാടു ചോദ്യങ്ങൾ ഉള്ളിൽ ഉയർന്നു. എവിടെ നിന്നോ ഒരു ശബ്ദം എനിക്ക് ഉത്തരം നൽകാൻ തുടങ്ങി. എനിക്ക് തികഞ്ഞ സമാധാനം നൽകിയ ഉത്തരങ്ങളായിരുന്നു അവ. ഇതൊക്കെ എന്റെ തോന്നലുകൾ ആയിരിക്കാം എന്നു വിചാരിച്ച് ഓരോ ഉത്തരവും എന്റെ ബുദ്ധികൊണ്ട് ഞാൻ വെട്ടിക്കളയാൻ തുടങ്ങി.

ധ്യാനം കഴിഞ്ഞ് വീട്ടിൽ വന്നതുമുതൽ യേശുകർത്താവ് എന്നോടൊത്തു നടക്കുന്ന ഒരു കൂട്ടുകാരനാണെന്ന് എനിക്കുതോന്നി. വിശ്വസ്തനായ സഹചാരി. യേശുവിന്റെ ശക്തി ദിനംതോറും എന്നെ നയിക്കുന്നു എന്ന ദൃഢമായ ഒരു വിശ്വാസവും എന്നിൽ ഉണ്ടായി. എന്റെ ഭാരങ്ങളെല്ലാം വഹിക്കാൻ ശക്തിയുള്ള ഏക അടിസ്ഥാനം എന്ന നിലയിൽ യേശുവിൽ ഞാൻ അഭയം തേടി. ഞാൻ സഞ്ചരിക്കുന്ന വാഹനങ്ങളിൽ പോലും യേശു നിരന്തര സഹായിയായി അടുത്തു വന്നിരിക്കുന്നതായി എനിക്ക് അനുഭവപ്പെട്ടിട്ടുണ്ട്.

അന്നൊരിക്കൽ യേശു എന്നോടു സംസാരിക്കുന്നതായി എനിക്ക് അനുഭവപ്പെട്ടു: "മോളെ നിന്റെ ഭർത്താവിന്റെ പ്രഷറും ഷുഗറും ഞാനിങ്ങെടുക്കാൻ പോകയാ." ഏതായാലും അതുപോലെ സംഭവിച്ചു. ഒരാഴ്ച കഴിഞ്ഞ് അദ്ദേഹം വൈദ്യപരിശോധനയ്ക്കു പോയതിനുശേഷം ലഭിച്ച വിവരങ്ങൾ ആശ്വാസം നൽകുന്നതായിരുന്നു. അദ്ദേഹത്തിന്റെ ശരീരത്തിന്റെ എല്ലാ അവയവങ്ങളുടെയും ഗ്രന്ഥികളുടെയും പ്രവർത്തനങ്ങൾ സാധാരണഗതിയിൽ ആയിരിക്കുന്നു എന്ന മെഡിക്കൽ റിപ്പോർട്ടാണ് ഞങ്ങളെ ആശ്വസിപ്പിച്ചത്.

അക്കാലത്ത് ഭർത്താവ് മദ്യപാനം നിറുത്തി. ഒരു ദിവസം അദ്ദേഹത്തിന് ഗുളികകൾ കൊടുക്കാൻ തുടങ്ങിയപ്പോൾ എന്റെ ഉള്ളിൽ മുഴങ്ങിയ ശബ്ദം എന്നെ വിലക്കി. ഞാൻ ദൈവത്തെ ധ്യാനിച്ചുകൊണ്ട് ഗുളികകൾ വലിച്ചെറിഞ്ഞു. പിറ്റേദിവസം മുതൽ അദ്ദേഹത്തിന്റെ അസുഖങ്ങൾ കുറഞ്ഞു തുടങ്ങുകയും ചെയ്തു.

1999ൽ ഭർത്താവ് കോട്ടയത്ത് ഒരു ധ്യാനത്തിനു പോയി. മടങ്ങിവന്നപ്പോൾ, പതിന്നാലു വർഷങ്ങൾ മുമ്പ് അദ്ദേഹത്തിനുണ്ടായിരുന്ന ആരോഗ്യം തിരിച്ചുകിട്ടി. ഞങ്ങളുടെ കുടുംബത്തിന്റെ അവസ്ഥകൾ അത്ഭുതകരമായി മാറാൻ തുടങ്ങി. ഭർത്താവിന് മാനസികവും ശാരീരികവുമായ വിടുതൽ ഉണ്ടായപ്പോൾ അന്ന് 88 വയസ്സ് പ്രായമുണ്ടായിരുന്ന എന്റെ അപ്പച്ചിയുടെ (ഭർത്താവിന്റെ മാതാവ്) ഹൃദയവും യേശുവിനോട് അടുത്തു തുടങ്ങി. ഞങ്ങളുടെ ചില ബന്ധുക്കളുടെ ഭവനങ്ങളിൽ യേശുവിനോടുള്ള പ്രാർത്ഥനമൂലം ഉണ്ടായ ഒന്നുരണ്ട് അത്ഭുതങ്ങളും അപ്പച്ചിയുടെ വിശ്വാസം വർദ്ധിപ്പിച്ചു. വീട്ടിലെ



പൂജാമുറിയിലുണ്ടായിരുന്ന വിഗ്രഹങ്ങൾ എല്ലാം അപ്പച്ചി എടുത്തുമാറ്റി.

എന്റെ പിതാവും താമസിയാതെ ഒരു ധ്യാനയോഗത്തിൽ സംബന്ധിച്ചു. യേശുവിനെ രക്ഷകനായി സ്വീകരിച്ചു.

2003ൽ എന്റെ പിതാവ് രോഗം പിടിച്ച് കിടപ്പിലായി. മാരകരോഗം ആയിരുന്നു. അച്ഛന്റെ രോഗശാന്തിയ്ക്കുവേണ്ടി ഞാൻ പ്രാർത്ഥിക്കുവാൻ തുടങ്ങി. എന്നാൽ അച്ഛൻ എന്നെ വിലക്കി: "മോളെ, അങ്ങനെ പ്രാർത്ഥിക്കരുത്. എന്റെ കടമകൾ എല്ലാം ഞാൻ നിർവഹിച്ചിരിക്കുന്നു. എനിക്ക് യേശുവിന്റെ സന്നിധിയിൽ പോയി കർത്താവിനെ കണ്ടാൽ മതി. മരണത്തിന് ഞാൻ തയ്യാറാണ്."

72–ാം വയസ്സിൽ 2003ൽ അദ്ദേഹം മരിച്ചു.

എന്റെ ഭർത്താവ് ബൈബിളിലെ 'പുതിയ നിയമം' ശ്രദ്ധയോടെ വായിക്കാൻ തുടങ്ങി. റോമർ ആറാം അദ്ധ്യായം അദ്ദേഹത്തെ വളരെ ആകർഷിച്ചു. ആ വേദഭാഗത്തിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം യേശുവിനോടു ചേരുവാൻ വിശ്വാസസ്നാനം സ്വീകരിച്ചു. സുവിശേഷകൻ തങ്കു (കോട്ടയം) ആണ് അദ്ദേഹത്തിന്റെ സ്നാനശുശ്രൂഷ നടത്തിയത്.

ഇന്ന് ഞങ്ങളുടെ മകനും മകളും രക്ഷിക്കപ്പെട്ടവരാണ്. ദൈവം ഞങ്ങളുടെ മക്കൾക്ക് ദർശനവരം നൽകിയിട്ടുണ്ട്. അവർ ദിവ്യദർശനങ്ങൾ കാണുന്നു.

എന്റെ ഭർത്താവിനെ ദൈവം ക്രിസ്തുവിന്റെ ശുശ്രൂഷയ്ക്കു വേണ്ടി ധാരാളം ഉപയോഗിക്കുന്നു. ചിൽഡ്രൻ ഓഫ് ഗോഡ് മിനിസ്ട്രി എന്ന പേരിൽ ഞങ്ങൾക്ക് ഒരു പ്രാർത്ഥനാകൂട്ടായ്മ ഉണ്ട്. മാനസിക ബന്ധനങ്ങളും ദുഃശാഠ്യങ്ങളും ഉണ്ടാക്കി അനേകം പേരെ പീഡിപ്പിക്കുന്ന സാത്താനികശക്തികളെ അദ്ദേഹം പരിശുദ്ധാത്മാവിന്റെ ശക്തിയാൽ ശാസിച്ച് ഉച്ചാടനം ചെയ്യാറുണ്ട്. അങ്ങനെ സമാധാനമില്ലാത്തവർക്ക് സമാധാനവും സംതൃപ്തിയും ലഭിക്കുന്നു. അദ്ദേഹം നയിക്കുന്ന പ്രാർത്ഥനാകൂട്ടായ്മ ദുഃഖിക്കുന്നവർക്ക് ഒരു ആശ്വാസകേന്ദ്രമാകണം എന്നു ഞങ്ങൾ ആഗ്രഹിക്കുന്നു.

എന്റെ ഭർത്താവിനെ എനിക്ക് പഴയരീതിയിൽ തന്നെ തിരികെ ലഭിച്ചിരിക്കുന്നു. പുതിയ ആത്മീയ സന്തോഷം ദൈവം എനിക്കു നൽകിയിരിക്കുന്നു. ■

*[ശിവകുമാർ ദമ്പതികളും ഏഴംകുളം സാംകുട്ടിയും തമ്മിൽ 2009 ഓഗസ്റ്റിൽ മൂന്നു പ്രാവശ്യമായി നടന്ന ടെലഫോൺ സംഭാഷണമാണ് ഈ അനുഭവസാക്ഷ്യത്തിന്റെ പൊതുഅവലംബം. Worldwide Gospel (www.worldwidegospel.org) വെബ് സൈറ്റിൽ ശേഖരിച്ചിട്ടുള്ള ശിവകുമാർ ദമ്പതികളുടെ വീഡിയോ അനുഭവസാക്ഷ്യം ആസ്പദമാക്കിയാണ് ഇതിലെ* വിശദാംശങ്ങൾ തയ്യാറാക്കിയത്. കൂടാതെ താഴെപ്പറയുന്ന സൈറ്റുകളിലും ഇവരുടെ അനുഭവസാക്ഷ്യങ്ങൾ ശേഖരിച്ചിട്ടുണ്ട് : *yourlivingmanna.com, thegmnews.com, godsownmanna.com, ourjesuslives.org, thoolikaonline.com, indiachristian.com, malayaleechristian.com, agapepartners.org, expressherald.com].*

# 5 ചൂതാട്ടം തൊഴിലാക്കിയാൽ.....?

## ഐ.ചെറിയാൻ പുളിക്കൽ

**കോ**ട്ടയം കഞ്ഞിക്കുഴിയിലുള്ള പുളിക്കൽ എന്ന പുരാതന സി.എസ്. ഐ. കുടുംബത്തിലാണ് എന്റെ ജനനം.

കുടുംബരേഖകൾ അടിസ്ഥാനമാക്കി പറഞ്ഞാൽ, ഈരാറ്റുപേട്ടയിലുള്ള ഒരു നമ്പൂതിരി തറവാട്ടിലാണ് ഞങ്ങളുടെ പൂർവ്വികർ ജനിച്ചത്. പിന്നീട് അവർ കുറവിലങ്ങാട്ടേക്ക് സ്ഥലംമാറി. അവിടെ വച്ച് ഞങ്ങളുടെ കുടുംബക്കാർ കത്തോലിക്കാ വിശ്വാസം സ്വീകരിച്ചു. 1816 മുതൽ യൂറോപ്പിൽ നിന്ന് നിരവധി മിഷനറിമാർ കേരളത്തിൽ വന്ന് വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിച്ചു തുടങ്ങി. അവരിൽ ചിലരുമായി എന്റെ പൂർവ്വികർ പരിചയത്തിലായി. പൂർവ്വികരിൽ ചില ശാഖയിലുള്ള കുടുംബങ്ങൾ മിഷനറിമാരുടെ സ്വാധീനംമൂലം കത്തോലിക്കാ സഭവിട്ട് സി.എം.എസ്. പ്രസ്ഥാനത്തിൽ ചേർന്നു (ഇപ്പോഴത്തെ സി.എസ്.ഐ).

എന്റെ പിതാവിന്റെ പേര് ജോസഫ് ഇട്ടിയവിര (1898–1951). മാതാവ് ശോശക്കുട്ടി കോട്ടയം ചക്കാലയിൽ കുടുംബാംഗമാണ്. പിതാവ് കോട്ടയം നഗരത്തിലെ സാമൂഹ്യപ്രമാണികളിൽ ഒരാളായിരുന്നു. നഗരത്തിന്റെ മർമ്മസ്ഥാനങ്ങളിൽ അദ്ദേഹത്തിന് ധാരാളം വസ്തുവകകൾ ഉണ്ടായിരുന്നു. എന്റെ അടുത്ത ബന്ധത്തിലുള്ളവർ പട്ടണത്തിലെ അനവധി ഭരണസമിതികളിൽ പ്രവർത്തിച്ചിട്ടുണ്ട്. പ്രസിദ്ധമായ ബാവൻസ് സ്റ്റുഡിയോയുടെ ഉടമകൾ എന്റെ പിതാവിന്റെ അനുജന്റെ മക്കളാണ്. മോട്ടർകാർ ഡീലർഷിപ്പ് ഉൾപ്പെടെ നിരവധി ബിസിനസുകളിൽ ഞാൻ ഇടപെട്ടിട്ടുണ്ട്.

ക്രൈസ്തവ കുടുംബത്തിൽ ജനിച്ചുവളർത്തപ്പെട്ടെങ്കിലും ക്രിസ്തീയമായ അനുഭവം എന്റെ ജീവിതത്തിൽ ഉണ്ടായിരുന്നില്ല.

യൗവനത്തിൽ ഞാൻ തിരഞ്ഞെടുത്ത പ്രധാന പ്രൊഫഷൻ ചൂതുകളി ആയിരുന്നു. വെറൈറ്റി എന്റർറ്റെയിൻമെന്റ്സ് എന്നപേരിൽ ഒരു കമ്പനി ഞാൻ സ്ഥാപിച്ചു. കരാട്ടെ, ചൂതുകളി, ഗുസ്തി, നൃത്തം, നാടകം തുടങ്ങിയ പരിപാടികൾ വൻതോതിൽ സംഘടിപ്പിക്കുകയായിരുന്നു ഈ കമ്പനിയുടെ ഉദ്ദേശ്യം. കേരള സംസ്ഥാന റെസ്ലിംഗ് അസോസിയേഷന്റെ പ്രസിഡന്റായിരുന്നു ഞാൻ. ജപ്പാനിലെ പ്രധാന കായിക വിനോദങ്ങളിലൊന്നായ ജൂഡോ കേരളത്തിൽ ആദ്യമായി കൊണ്ടുവന്നത് എന്റെ മേൽനോട്ടത്തിലായിരുന്നു. ദക്ഷിണേന്ത്യയിലെ അനേക പട്ടണങ്ങളിൽ ചൂതുകളി സംഘടിപ്പിച്ചുകൊണ്ട് ഞാൻ സഞ്ചരിച്ചിരുന്നു. ഒരു ചൂതുകളി കമ്പനിയുടെ ഉടമ ഏതെല്ലാം പാപവഴികളിലേക്ക് വഴുതിവീഴുമോ അവയിലെല്ലാം ഞാൻ നിപതിച്ചു.

സാഹചര്യം എന്നെ ഒരു വലിയ മദ്യപനാക്കി മാറ്റി. അന്നാളുകളിൽ എന്റെ ഒരു ദിവസം ആരംഭിക്കുന്നതുതന്നെ ബെഡ് കോഫിക്കു പകരം ബ്രാണ്ടിയോ വിസ്കിയോ കഴിച്ചുകൊണ്ടായിരുന്നു. മദ്യനിരോധനം കർശനമായി നടപ്പാക്കിയിരുന്ന സംസ്ഥാനത്തായാലും ശരി എന്റെ കാറിൽ എപ്പോഴും ആവശ്യത്തിനു മദ്യം സ്റ്റോക്കുണ്ടാകും.

ഈ കാലഘട്ടത്തിൽ എന്റെ ആദായം മദ്യത്തിനും ലൗകികമായ സുഖ



സൗകര്യങ്ങൾ നേടുന്നതിനുമായി ഞാൻ വിനിയോഗിച്ചുവന്നു. പക്ഷെ എന്റെ ഉള്ളിൽ യാതൊരു സമാധാനവും ഇല്ലായിരുന്നു.

ഇതിനിടെ നിരന്തരമായ മദ്യപാനം എന്റെ ആരോഗ്യത്തെ പാടെ തകർത്തു കഴിഞ്ഞിരുന്നു. ഇക്കണക്കിനു പോയാൽ എനിക്കിനി മാസങ്ങൾ മാത്രമേ ആയുസ്സുള്ളു എന്ന് ഡോക്ടർമാർ മുന്നറിയിപ്പുനൽകി. എന്റെ കരൾ ചികിൽസിച്ചു ഭേദമാക്കാനാവാത്തവിധം ദ്രവിച്ചു കഴിഞ്ഞിരുന്നു. അല്പകാലം കൂടെ ജീവിക്കണമെന്നുണ്ടെങ്കിൽ മദ്യം തൊട്ടുപോകരുതെന്നും ഡോക്ടർമാർ നിർദ്ദേശിച്ചു.

മദ്യം കഴിച്ചില്ലെങ്കിൽ പിന്നെ എന്നെ ഒന്നിനും കൊള്ളുകയില്ലായിരുന്നു. എന്റെ മനസ്സും ശരീരവും ഒരുപോലെ മദ്യത്തിന് അത്രമാത്രം അടിമപ്പെട്ടിരുന്നു. ആൽക്കഹോളിൽ നിന്നും രക്ഷനേടാൻ ഞാൻ പരമാവധി പരിശ്രമിച്ചു നോക്കി. പക്ഷെ എനിക്ക് പിടിച്ചു നിൽക്കാൻ ഒത്തില്ല. ഒടുവിൽ ഏതായാലും മരിക്കും; എന്നാൽ ഇനി ഒന്നും നോക്കാനില്ല എന്നു ചിന്തിച്ച് സോഡാ പോലും കൂട്ടാതെ മദ്യം കഴിച്ചു തുടങ്ങി. പക്ഷെ ഇതോടൊപ്പം തന്നെ എന്റെ സ്വസ്ഥത ഇല്ലായ്മ വർദ്ധിച്ചുകൊണ്ടുതന്നെയിരുന്നു. അകാരണമായ ഒരു ഭയം എന്നെ ബാധിച്ചു. അത് മറ്റുള്ളവരിൽ നിന്നും മറയ്ക്കുന്നതിനായി ഞാൻ മദ്യത്തിന്റെ അളവ് വർദ്ധിപ്പിച്ചുകൊണ്ടിരുന്നു.

എന്നാൽ ഞാൻ പിന്നീടു മനസ്സിലാക്കിയ ഒരു സത്യം പറയട്ടെ. ഞാൻ സകല മ്ളേച്ഛതയിലും മുഴുകി എന്റെ ജീവിതത്തെ പന്താടിക്കൊണ്ടിരുന്ന കാലയളവിൽ എന്റെ നാട്ടിൽ ഒരു കൂട്ടം വിശ്വാസികൾ എനിക്കുവേണ്ടി ഞാനറിയാതെ ദൈവത്തോടു മുട്ടിപ്പായി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. എന്റെ മാതാവും കണ്ണുനീരോടെ എന്നെയോർത്തു പ്രാർത്ഥിക്കുമായിരുന്നു. എന്നോട് നേരിട്ട് ക്രിസ്തുവിന്റെ സുവിശേഷം പറയാൻ എന്നെ അറിയാവുന്ന ആരും അന്ന് ധൈര്യപ്പെടുമായിരുന്നില്ല. കാരണം എന്റെ സ്വഭാവം അത്ര കഠിനമായിരുന്നു. എങ്കിലും എന്റെ മാനസാന്തരത്തിനായി അനേകർ ദൈവത്തോട് അപേക്ഷിച്ചുകൊണ്ടിരുന്നു.

ദൈവം അവരുടെ പ്രാർത്ഥനയ്ക്ക് മറുപടി നൽകുവാൻ തക്ക സന്ദർഭങ്ങൾ ഒരുക്കിയത് പെട്ടെന്നായിരുന്നു. അന്നൊരു ദിവസം ഞാൻ എന്റെ ഇളയ സഹോദരനുമൊത്ത് മദ്രാസിലേക്കു പുറപ്പെട്ടു. കാറിലായിരുന്നു യാത്ര. ഇടയ്ക്കുവെച്ച് കാർ നിയന്ത്രണം വിട്ട് ഒരു കൊക്കയിലേക്ക് മറിഞ്ഞു! ഡ്രൈവ് ചെയ്തിരുന്ന എനിക്ക് സാരമായിട്ട് ഒന്നും തന്നെ പറ്റിയില്ല. പക്ഷെ ഞാൻ വളരെയധികം സ്നേഹിച്ചിരുന്ന എന്റെ അനുജന് കാര്യമായ പരിക്കുകൾ പറ്റി. ഞാൻ നോക്കിയപ്പോൾ അവന്റെ ബോധം നഷ്ടപ്പെട്ടിരുന്നു.

സമയം അർദ്ധരാത്രി! വിജനമായ റോഡ്!! ഒരു ലോറിപോലും വരുന്നില്ല. എത്രയും വേഗം എന്റെ സഹോദരനെ ആശുപത്രിയിലെത്തിച്ചില്ലെങ്കിൽ സംഗതി അപകടമാണ്. ഞാൻ അസ്തപ്രജ്ഞനായിത്തീർന്ന ആദ്യത്തെ സംഭവം. എനിക്കറിയാവുന്ന ഗുസ്തിമുറകൾക്കോ, കരാട്ടെ പ്രയോഗത്തിനോ, ജൂഡോ അഭ്യാസങ്ങൾക്കോ എന്നെ സഹായിക്കാനാകാത്ത സന്ദർഭം. എന്റെ സ്നേഹിതന്മാരിൽ ആർക്കും തന്നെ കടന്നുവന്ന് സഹായിക്കാനാകാത്ത സമയം. ബോധമില്ലാതെ രക്തത്തിൽ കുളിച്ച് കിടക്കുന്ന സഹോദരനെ മുമ്പിൽ കിടത്തികൊണ്ട് ഞാൻ അന്ന് ആദ്യമായി ആത്മാർത്ഥതയോടെ സ്വർഗ്ഗത്തിലേക്കു നോക്കി.

അന്നു ഞാനൊരു പ്രതിജ്ഞ എടുത്തു. ഈ വലിയ പ്രതിസന്ധിയിൽ നിന്നും ദൈവം എന്നെ രക്ഷിക്കുകയാണെങ്കിൽ എന്റെ ശിഷ്ടമുള്ള ആയുസ്സ്

മുഴുവൻ ഞാൻ യേശുവിനായി ജീവിക്കും. കാരുണ്യവാനായ ദൈവം എന്റെ പ്രാർത്ഥന കേട്ടു. സകല പ്രതീക്ഷകളും അസ്തമിച്ച ആ സാഹചര്യത്തിൽ ഒരു വാഹനം കർത്താവ് എനിക്കായി അതുവഴി അയച്ചു. സഹോദരനെ ആശുപത്രിയിൽ എത്തിച്ചു. സഹോദരൻ രക്ഷപ്പെടുകയും ചെയ്തു.

ഈ സംഭവത്തോടെ എന്റെ ജീവിതത്തിന് ആകമാനം വ്യത്യാസംവന്നു. എന്റെ കഴിഞ്ഞകാല പാപജീവിതത്തോട് ഞാൻ എന്നേക്കുമായി യാത്രപറഞ്ഞു.

കോട്ടയത്ത് സ്കൂൾ അദ്ധ്യാപകനായി ജോലി ചെയ്യുന്ന അതിരുങ്കൽ ശ്രീ. എം.വി. ജോർജ്; കൂടാതെ പാതിയപ്പള്ളിൽ കുര്യൻ ഏബ്രഹാം, പി.സി. ഏബ്രഹാം എന്നിവർ അക്കാലത്ത് എനിക്ക് ആത്മീയമായി വളരെ പ്രോത്സാഹനം നൽകിയിട്ടുണ്ട്. ഇന്ത്യ ദൈവസഭയിലെ വിശ്വാസികൾ എനിക്കു വേണ്ടി നിരന്തരം ഉപവസിച്ച് പ്രാർത്ഥിച്ചുകൊണ്ടിരുന്നു. താമസിയാതെ ഞാൻ യേശുക്രിസ്തുവിനെ എന്റെ രക്ഷിതാവായി സ്വീകരിച്ചു. അതോടെ ഞാൻ ഒരു "പുതിയ മനുഷ്യൻ" ആയി തീരുകയായിരുന്നു.

ക്രിസ്തുവിന്റെ കാൽവറിയാഗം മൂലം എന്റെ പാപങ്ങൾ മോചിക്കപ്പെട്ടിരിക്കുന്നു എന്ന വിശ്വാസം എന്നിലുണ്ടായി. അതായത്, ക്രിസ്തുമൂലം ഞാൻ പാപത്തിൽ നിന്നും കുറ്റബോധത്തിൽ നിന്നും നിത്യമരണത്തിൽ നിന്നും നിത്യദണ്ഡനത്തിൽ നിന്നും രക്ഷിക്കപ്പെട്ടിരിക്കുന്നു എന്ന ഉറപ്പ് എനിക്കു ലഭിച്ചു.

ഒരിക്കൽ അതിരുങ്കൽ ജോർജ് സാർ എന്റെ വീട്ടിൽ പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ ഇപ്രകാരം എന്നോട് പ്രവചനാത്മാവിൽ സംസാരിക്കയുണ്ടായി. "ബൈബിളിലെ ഹിസ്ക്കിയാവിന് 15 വർഷം ആയുസ്സ് നീട്ടിക്കൊടുത്തതുപോലെ കരൾ രോഗിയായ നിന്റെ ആയുസ്സും ദൈവം നീട്ടിത്തന്നിരിക്കുന്നു. പണ്ട് നീ ചൂതുകളി സംഘടിപ്പിച്ച സ്ഥലങ്ങളിലെല്ലാം പോയി സുവിശേഷം പറയാനാണ് ആയുസ്സിനെ നീട്ടിത്തരുന്നത്."

രക്ഷിക്കപ്പെട്ടവർ സ്നാനപ്പെട്ട്, പരിശുദ്ധാത്മാവിന്റെ നിറവ് പ്രാപിച്ച്, അവന്റെ ഉത്തമസാക്ഷികളായി ജീവിക്കണമെന്ന സത്യം ഞാൻ ഗ്രഹിച്ചു. പ്രാർത്ഥനാകൂട്ടായ്മകളിലെ വിശ്വാസികളും മൂപ്പന്മാരും ഇടയന്മാരുമാണ് വേദപുസ്തകത്തിലൂടെ ഈവക വിഷയങ്ങൾ എനിക്കു മനസ്സിലാക്കിത്തന്നത്. അറിഞ്ഞ സത്യങ്ങൾക്കായി ഞാൻ എന്നെ പ്രതിഷ്ഠിച്ചു. ബോധ്യമായ കല്പനകൾ അനുസരിച്ചു. 1969ൽ ഞാൻ വിശ്വാസ സ്നാനം സ്വീകരിച്ചു.

എന്റെ ജീവിതത്തിൽ അന്നുവരെ ലഭിക്കാതിരുന്ന ഒരു പുതിയ സന്തോഷവും സമാധാനവും എനിക്കു കൈവന്നു. അന്നുമുതൽ, ഒരു കാലത്ത് ഞാൻ ചൂതുകളി ക്യാമ്പുകൾ സംഘടിപ്പിച്ച പട്ടണങ്ങളിലെല്ലാം കടന്നുചെന്ന് കർത്താവ് എന്റെ ജീവിതത്തിൽ വരുത്തിയ പരിവർത്തനങ്ങളെപ്പറ്റി അവസരം കിട്ടുമ്പോഴെല്ലാം സാക്ഷ്യം പറഞ്ഞുപോരുന്നു.

മദ്യപാനം കൊണ്ടുണ്ടായ കരൾ സംബന്ധമായ രോഗത്തിൽ നിന്ന് എനിക്ക് പൂർണമായ വിടുതൽ ലഭിച്ചു. കരളിന് ഗുരുതരമായ പ്രശ്നമുണ്ടെന്നു കണ്ടുപിടിച്ചത് വെല്ലൂർ മെഡിക്കൽ കോളജിലെ ഒരു ഡോക്ടറാണ്. പിന്നീട് ആ ഡോക്ടറെ കാണേണ്ടി വന്നില്ല. യാതൊരു മരുന്നുകളും കഴിക്കേണ്ടിവന്നില്ല. എന്നെ ബാധിച്ചിരുന്ന അകാരണമായ ഭയങ്ങളിൽ നിന്നും പൂർണവിടുതൽ ലഭിച്ചു. പതിമൂന്നു വർഷങ്ങളിലായി ധാരാളം യാത്രകൾ ചെയ്തുകൊണ്ടിരിക്കുന്നു. ആഴ്ചയിൽ പലവട്ടം കൺവെൻഷൻ യോഗങ്ങളിൽ എന്റെ അനുഭവസാക്ഷ്യം പ്രസ്താവിച്ചുവരുന്നു.

ഈ സാക്ഷ്യം വായിക്കുന്ന ആരെങ്കിലും മദ്യത്തിനടിമപ്പെട്ട് കഷ്ടനഷ്ടങ്ങൾ സഹിച്ച് വേദനയോടെ അന്തരാത്മാവിൽ ഞരങ്ങുന്നുണ്ടെങ്കിൽ അവ



രോട് എന്റെ അനുഭവം വച്ച് എനിക്ക് പറയാനുള്ളത് ഇതാണ്. എന്നിൽ പരിവർത്തനം വരുത്തിയ കർത്താവുതന്നെ നിങ്ങളെയും വിടുവിക്കും. ദൈവകൽപനകൾ അനുസരിച്ച് കർത്താവിനായി നിങ്ങളെത്തന്നെ പ്രതിഷ്ഠിക്കുക. ■

ലോകാവസാനം സമീപിച്ചിരിക്കുന്നു. യേശുക്രിസ്തു വീണ്ടും വരുന്ന സമയം അടുത്തിരിക്കുന്നു എന്നു ഞാൻ വിശ്വസിക്കുന്നു. ക്രിസ്തുവിനെ സ്വീകരിക്കുവാൻ വിശുദ്ധിയോടെ ഒരുങ്ങിയിരിക്കാം.

**'ബഥസ്ദ വോയ്സ്,'** 1982

*['ബഥസ്ദ വോയ്സി'നു വേണ്ടി ശ്രീ പുളിക്കൽ ചെറിയാനുമായി അഭിമുഖം നടത്തി ഈ അനുഭവസാക്ഷ്യം തയ്യാറാക്കിയത് പാസ്റ്റർ പി. ആർ. ബേബി ആണ്. ഈ സാക്ഷ്യം പ്രസിദ്ധീകരിച്ച് രണ്ടുവർഷം കഴിഞ്ഞപ്പോൾ പുളിക്കൽ ചെറിയാൻ നിര്യാതനായി.*

*ഏഴംകുളം സാംകുട്ടി 2009 ഓഗസ്റ്റ് 10ന് പുളിക്കൽ ചെറിയാന്റെ ഇളയ സഹോദരൻ ശ്രീ ബിജിലി ജോസഫുമായി ഫോൺമാർഗ്ഗം ബന്ധപ്പെട്ടു. കൂടാതെ ഓഗസ്റ്റ് 29ന് ചെറിയാന്റെ പ്രാദേശിക സഭയിലെ മുൻ ശുശ്രൂഷകനായിരുന്ന പാസ്റ്റർ ജോസ് ബേബിയുമായും ഫോൺവഴി സമ്പർക്കം പുലർത്തി.*

*ശ്രീ ബിജിലിയും പാസ്റ്റർ ജോസ് ബേബിയും നൽകിയ വിവരങ്ങൾ താഴെ ചേർക്കുന്നു : ചെറിയാന്റെ അവസാന മാസങ്ങളിൽ ശ്രീ ഹൂബ്ളി ജോസിനോടൊത്ത് ദക്ഷിണേന്ത്യയിൽ വിവിധ സ്ഥലങ്ങളിൽ ആത്മീയ ക്രൂസേഡുകൾ സംഘടിപ്പിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. 1984 ൽ തിരുവനന്തപുരത്തുവച്ച് പതിനായിരങ്ങൾ തടിച്ചുകൂടിയ ഒരു ക്രൂസേഡ് നടന്നു. അതിന്റെ പ്രധാന കോഓർഡിനേറ്റർ ചെറിയാനായിരുന്നു. അമേരിക്കൻ മിഷനറിമാരായിരുന്നു പ്രധാന പ്രസംഗകർ. ഒരു രാത്രിയോഗത്തിൽ ചെറിയാൻ അവിടെ വന്നുകൂടിയ വൻപിച്ച ജനാവലിയോട് അദ്ദേഹത്തിന്റെ അനുഭവസാക്ഷ്യം പ്രസ്താവിക്കയുണ്ടായി.*

*എന്നാൽ ക്രൂസേഡിന്റെ അവസാന ദിവസം ചെറിയാന് ഹൃദയാഘാതം ഉണ്ടായി. ആശുപത്രിയിലേക്ക് കൊണ്ടുപോകുന്ന വഴിമദ്ധ്യേ അദ്ദേഹം കൂടെ ഉണ്ടായിരുന്നവരെ ആശ്വസിപ്പിച്ചു: "വിഷമിക്കേണ്ടാ. ദൈവം എന്നെ ഏല്പിച്ച ദൗത്യങ്ങൾ പൂർണമായി നിർവഹിക്കുവാൻ എനിക്കു കഴിഞ്ഞിരിക്കുന്നു. ഹിസ്ക്കിയാവിന് 15 വർഷം നീട്ടികിട്ടി. ഞാനും 15 വർഷമായി ആത്മീയ പ്രവർത്തനം ചെയ്തുകൊണ്ടിരിക്കുന്നു. യേശുവിന്റെ സന്നിധിയിലേക്ക് ഞാൻ പോകയാണ്." മിനിട്ടുകൾക്കുള്ളിൽ അദ്ദേഹം ലോകത്തോട് വിടവാങ്ങി. മരിക്കുമ്പോൾ അദ്ദേഹത്തിന് 65 വയസ്സ് ഉണ്ടായിരുന്നു.*

*പാസ്റ്റർ ജോസ് ബേബി കൂട്ടിച്ചേർത്തു: "അവിവാഹിതനായിരുന്ന പുളിക്കൽ ചെറിയാച്ചായൻ മാനസാന്തരപ്പെട്ടതിനു ശേഷം തികച്ചും മാതൃകാപരമായ ഒരു ജീവിതമാണ് നയിച്ചത്."]*

# 6

## കത്തനാരെ തേടിയ പോലീസ് ഉദ്യോഗസ്ഥൻ

### കമാൻഡന്റ് സുഭാഷ് ജോർജ്ജ്

**എ**റണാകുളം – മൂവാറ്റുപുഴ റൂട്ടിൽ സ്ഥിതിചെയ്യുന്ന മനോഹരമായ കടമറ്റം ഗ്രാമത്തിലുള്ള ഒരു പാരമ്പര്യ യാക്കോബായ കുടുംബത്തിലാണ് ഞാൻ ജനിച്ചത്. നൂറ്റാണ്ടുകളായി ഞങ്ങളുടെ പൂർവ്വികന്മാർ കടമറ്റത്തു താമസിച്ചിരുന്നു. ഹിന്ദുക്കളും ക്രിസ്ത്യാനികളും പരസ്പരം സ്നേഹത്തിലും സഹകരണത്തിലും കഴിഞ്ഞുകൂടുന്ന ഒരു ഗ്രാമമാണ് എന്റെ ജന്മദേശം എന്ന വസ്തുതയിൽ ഞാൻ അഭിമാനം കൊള്ളുന്നു. എന്റെ ചെറുപ്പകാലത്ത് ഈ ഗ്രാമത്തിൽ മുസ്ലിംകൾ ഇല്ലായിരുന്നു എന്നു പറയാം.

ഞങ്ങളുടെ വീട്ടുപേര് – അറക്കക്കുടിയിൽ. പിതാവ് എ.വി. ജോർജ്. മാതാവ് അന്നമ്മ. അവർക്ക് അഞ്ചുമക്കൾ. സ്നേഹപൂർണമായ ഒരു അന്തരീക്ഷത്തിലാണ് മാതാപിതാക്കൾ ഞങ്ങളെ വളർത്തിക്കൊണ്ടുവന്നത്. വീട്ടിൽ മുടങ്ങാതെ കുടുംബ പ്രാർത്ഥനകൾ നടത്തുന്ന കാര്യത്തിൽ മാതാപിതാക്കൾ ശ്രദ്ധിച്ചിരുന്നു.

കടമറ്റത്തുപള്ളിയും ഞങ്ങളുടെ ഗ്രാമത്തിലെ പാതാളക്കിണറും അവിടെ നടക്കുന്ന കോഴിവെട്ടും പ്രസിദ്ധമാണല്ലോ. ഗ്രാമത്തിൽ അടുത്തടുത്ത് സ്ഥാപിച്ചിട്ടുള്ള മൂന്നു കുരിശുകളുടെ മുമ്പിൽ ചെന്നുനിന്ന് അവയെ വന്ദിക്കുന്ന കാര്യം എനിക്ക് പ്രിയമുള്ള ചടങ്ങായിരുന്നു.

പതിനേഴാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന കടമറ്റത്തു പൗലൊസ് കത്തനാരുടെ പേരിലാണ് ഈ ഗ്രാമം ഇന്നും അറിയപ്പെടുന്നത്. മാന്ത്രികൻ എന്ന നിലയിൽ ഇന്ത്യമൊത്തം അറിയപ്പെടുന്ന ഒരു കേരളീയ പുരോഹിതനാണ് അദ്ദേഹം. അദ്ദേഹത്തിന്റെ മാന്ത്രികസിദ്ധികളെപ്പറ്റി ഒരു ചലച്ചിത്രം നിർമ്മിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ അത്ഭുതപരാക്രമങ്ങൾ പ്രമേയമാക്കിയ ഒന്നു രണ്ടു നോവലുകളും ഉണ്ട്.

ഒരു ശെമ്മാച്ചനായിരുന്ന അദ്ദേഹം ഒരിക്കൽ വഴിതെറ്റി ഏറെദൂരം സഞ്ചരിച്ച് മലയന്മാരുടെ ഒരു ഗുഹയിൽ ചെന്നുപെട്ടു. അവിടെ പന്ത്രണ്ടു വർഷം കഴിയേണ്ടിവന്നു. മലയന്മാർ അദ്ദേഹത്തെ മന്ത്രവാദം, ഇന്ദ്രജാലം, മഹേന്ദ്രജാലം എന്നീ വിദ്യകൾ അഭ്യസിപ്പിച്ചു. ഒടുവിൽ അവരുടെ പിടിയിൽ നിന്നും സ്വന്തം നാട്ടിലേക്ക് രക്ഷപ്പെട്ട അദ്ദേഹം ഞങ്ങളുടെ ഗ്രാമത്തിൽ മടങ്ങിയെത്തി അത്ഭുതവിദ്യകൾ പ്രദർശിപ്പിച്ചു തുടങ്ങി. സ്വദേശത്തുള്ള പള്ളിവികാരിയുടെ മുമ്പിൽ അദ്ദേഹം ആദരണീയനായി. വികാരിയുടെ സഹായത്താൽ മേൽപട്ടക്കാരിൽ നിന്നും അദ്ദേഹത്തിന് കത്തനാർസ്ഥാനം (അച്ചൻപട്ടം) ലഭിച്ചു. ധാരാളം ശിഷ്യന്മാരെ അദ്ദേഹം മാന്ത്രികവിദ്യകൾ അഭ്യസിപ്പിച്ചു. ഇന്ദ്രജാലസംബന്ധിയായ അനവധി ഗ്രന്ഥങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ മന്ത്രവാദരീതികൾ 'കടമറ്റത്തു സമ്പ്രദായം' എന്ന പേരിലാണ് അറിയപ്പെടുന്നത്.

പുരുഷന്മാരുടെ രക്തം കുടിച്ച് ഭീതി സൃഷ്ടിച്ച ഒരു യക്ഷിസുന്ദരിയെ പൗലൊസ് കത്തനാർ മന്ത്രവേല പ്രയോഗിച്ച് പനയന്നാർ കാവിൽ ബന്ധിച്ച് മര്യാദ പഠിപ്പിച്ചു എന്നൊരു ഐതിഹ്യം ഉണ്ട്. ഒരിക്കൽ ഹൈന്ദവപ്രമാണി ആയിരുന്ന കുഞ്ചമൺ മഠത്തിലെ മൂത്തപോറ്റി കത്തനാരെ അപമാനിച്ചു.



പോറ്റിയുടെ ഭാര്യമാരിൽ മന്ത്രവിദ്യപ്രയോഗിച്ചാണ് കത്തനാർ അദ്ദേഹത്തെ ശിക്ഷിച്ചത്. പോറ്റി കത്തനാരെ അസഹ്യപ്പെടുത്താൻ തുടങ്ങിയപ്പോൾ മഠത്തിലെ അന്തർജനങ്ങൾ നഗ്നരായി പുറത്തേക്കുവന്നുതുടങ്ങി. അന്ധാളിച്ചുപോയ പോറ്റി ക്ഷമയാചിച്ചു. കത്തനാർ വീണ്ടും മന്ത്രം ചൊല്ലിയപ്പോൾ അന്തർജനങ്ങളുടെ ശരീരങ്ങളിൽ വീണ്ടും വസ്ത്രങ്ങൾ പ്രത്യക്ഷമായി. അവർ വീട്ടിനുള്ളിലേക്കു നടന്നുകയറുകയും ചെയ്തു. കൊട്ടാരത്തിൽ ശങ്കുണ്ണി രചിച്ച 'ഐതിഹ്യമാല' എന്ന ഗ്രന്ഥം ഈ കഥ രേഖപ്പെടുത്തിയിട്ടുണ്ട്.

ഒരിക്കൽ വിദേശത്തുനിന്നുവന്ന ഒരു ബാവാ അദ്ദേഹത്തിന്റെ മാന്ത്രിക വിദ്യകൾക്ക് വിലക്കു കല്പിച്ചു. അവ വേദവിരുദ്ധമാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. കത്തനാർ ബാവായുടെ നിരോധനാജ്ഞകളെ വെല്ലുവിളിച്ചു. അന്ന് ഭൂരിഭാഗം ക്രിസ്ത്യാനികളും കത്തനാരുടെ സമ്പ്രദായങ്ങളെ പിൻതാങ്ങി. പില്ക്കാലങ്ങളിലും ഒട്ടേറെ ക്രൈസ്തവവിശ്വാസികളും പുരോഹിതന്മാരും കുറെ ഹൈന്ദവരും മുസ്ലിംകളും അദ്ദേഹത്തിന്റെ മന്ത്രവിദ്യകളെ പരസ്യമായും രഹസ്യമായും പ്രോത്സാഹിപ്പിച്ചിരുന്നു. കത്തനാർസേവകൊണ്ട് പ്രശ്നങ്ങൾ "പരിഹരിച്ചുകൊടുക്കുന്ന" പുരോഹിതന്മാരും മന്ത്രവാദികളും ഇന്നും ഇന്ത്യയിലുണ്ട്.

ഞാനും ഒരു തികഞ്ഞ കത്തനാർ ഭക്തനായിരുന്നു. പൗലോസ് കത്തനാർ പാതാളത്തിലേക്കു പോയത് അദ്ദേഹത്തിന്റെ പറമ്പിലുള്ള ഒരു കിണർ വഴിയാണെന്ന് നാട്ടുകാർ വിശ്വസിക്കുന്നു. ഇതാണ് പാതാളകിണർ. തൊട്ടടുത്ത് കോഴിവെട്ടുനേർച്ച നടത്താറുണ്ട്. നാട്ടുകാർമാത്രമല്ല, കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുവരുന്ന തീർത്ഥാടകരും ഈ കിണറ്റിൽ വഴിപാടായി നാണയങ്ങൾ നിക്ഷേപിക്കാറുണ്ട്. മിക്കവരും പ്രശ്നങ്ങളുടെ പരിഹാരങ്ങൾ തേടി വരുന്നവരാണ്. കൂടുതലും ക്രിസ്ത്യാനികൾ. ഹിന്ദുക്കളും വരാറുണ്ട്. ചിലപ്പോൾ മുസ്ലിംകളും. കള്ളും ചാരായവും ഒക്കെ അവിടത്തെ നേർച്ചദ്രവ്യങ്ങളാണ്.

ഞാനും അവിടെ നാണയമെറിഞ്ഞ് തിരികത്തിച്ച് നേർച്ചകൾ അർപ്പിച്ചിട്ടുണ്ട്. വഴിപാടുചാരായവും രുചിച്ചിട്ടുണ്ട്. എന്തെങ്കിലും കാര്യങ്ങൾ സാധിച്ചുകിട്ടുന്നതിനുവേണ്ടിയുള്ള കർമ്മങ്ങളായിരുന്നു അവ. പരീക്ഷയിൽ ജയിക്കണം, കായികരംഗത്ത് വിജയം നേടണം, പോലീസ് വകുപ്പിൽ ഉയർന്ന ഉദ്യോഗം ലഭിക്കണം. ദിനപ്പത്രങ്ങളിൽ പേരും പടവും വരണം. കത്തനാരുടെ പ്രതിമയുടെ മുമ്പിൽ ആദരവോടുകൂടി നിന്നുകൊണ്ട് ഞാൻ സമർപ്പിച്ചിരുന്ന പ്രാർത്ഥനകൾ ഇവ്വിധത്തിലുള്ള കാര്യസാധ്യങ്ങൾക്കു വേണ്ടി ആയിരുന്നു.

ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളജിലാണ് ഞാൻ പ്രീഡിഗ്രിയും ബിരുദപഠനവും പൂർത്തിയാക്കിയത്. കോളജിൽ പ്രവേശിച്ച കാലം മുതൽ ദേശീയ തലത്തിൽ കായികമത്സരങ്ങളിൽ പങ്കെടുത്തിട്ടുണ്ട്.

കായികരംഗത്ത് ഇന്റർ യൂണിവേഴ്സിറ്റി ചാമ്പ്യൻ, നാഷണൽ ചാമ്പ്യൻ എന്നീ സ്ഥാനങ്ങൾ ലഭിച്ചിട്ടുണ്ട്. പലവട്ടം കായികമത്സരങ്ങളിൽ സ്വർണം നേടിയിട്ടുണ്ട്. ആദ്യമായി സ്വർണം നേടിയത് ഓൾ ഇന്ത്യാ ഇന്റർ യൂണിവേഴ്സിറ്റി മീറ്റിൽ ട്രിപ്പിൾ ജംപ് മത്സരത്തിലായിരുന്നു – 1979ൽ. ഏഷ്യാഡിൽ രണ്ടുപ്രാവശ്യം ഇന്ത്യയെ പ്രതിനിധീകരിച്ചു– ആദ്യം ന്യൂഡൽഹിയിൽ, പിന്നെ ദക്ഷിണകൊറിയയിൽ. 1981ൽ റുമേനിയയിൽ വച്ചുനടന്ന ലോകയൂണിവേഴ്സിറ്റി മീറ്റിൽ പങ്കെടുക്കുവാൻ ഞാൻ തിരഞ്ഞെടുക്കപ്പെട്ടിരുന്നു. സാഹചര്യങ്ങൾ അനുകൂലമല്ലാഞ്ഞതിനാൽ പങ്കെടുക്കുവാൻ സാധിച്ചില്ല. രണ്ടുപ്രാ

വശ്യം (1987,1988) ദേശിയ പോലീസ് കായിക മത്സരങ്ങളിൽ സ്വർണം ലഭി ച്ചിട്ടുണ്ട്.

ഔദ്യോഗിക ജീവിതം ആരംഭിച്ചത് റ്റാറ്റാ കമ്പനിയിലാണ്. പിന്നീടാണ് കേരളത്തിൽ പോലീസ് വകുപ്പിൽ ഉദ്യോഗത്തിൽ പ്രവേശിച്ചത്. ഇപ്പോൾ കേരളാ പോലീസ് വകുപ്പിൽ അസിസ്റ്റന്റ് കമാൻഡന്റാണ് (ഡിവൈ.എസ്.പി).

എനിക്ക് ദൈവവുമായി വ്യക്തിപരമായ ഒരു ബന്ധവും ഇല്ലായിരുന്നു. യേശുക്രിസ്തു എനിക്ക് ഒരു വിഷയമേ ആയിരുന്നില്ല. പള്ളിയിൽ പോക്കും ആരാധനയും വെറും ചടങ്ങുകൾ മാത്രം. സഭ നടത്തുന്ന കൂദാശകളിൽ പങ്കു കൊണ്ടാൽ മതി, സ്വർഗ്ഗരാജ്യം കിട്ടിക്കഴിഞ്ഞു എന്ന ഒരു ധാരണയായിരുന്നു. അങ്ങനെ അല്ലെന്ന സത്യം ചൂണ്ടിക്കാണിക്കാൻ ആചാര്യന്മാർ ആരെങ്കിലും ശ്രമിച്ചതായി ഓർമ്മയില്ല. എന്റെ കത്തനാർഭക്തി തെറ്റാണെന്ന് ഒരു സഭാചാര്യനും എന്നോട് ഉപദേശിച്ചിട്ടില്ല. അക്കാലത്ത് ആത്മാവിന്റെ നിത്യതയെപ്പറ്റി ഞാൻ ചിന്തിച്ചിരുന്നില്ല. അത്തരം ഒരു ചിന്തയിലേക്ക് ആരും എന്നെ നയിച്ചിട്ടുമില്ല.

കാര്യങ്ങൾ സാധിച്ചുകിട്ടാൻ ഞാൻ വേളാങ്കണ്ണിയിലും പോയി മാതാവിന്റെ പ്രതിമയെ വന്ദിച്ചിട്ടുണ്ട്. അങ്ങനെ കന്യാമറിയത്തിനും എന്റെ ഹൃദയത്തിൽ ചെറിയ ഒരു സ്ഥാനം ഉണ്ടായിരുന്നു. എന്നാൽ, ഒന്നാം സ്ഥാനം എപ്പോഴും കടമറ്റത്തു കത്തനാർക്കായിരുന്നു. അതുകഴിഞ്ഞാൽ പരുമല തിരുമേനിയ്ക്ക്. പിന്നെ ഗീവർഗീസ് പുണ്യവാളന്. എനിക്ക് ജോലികിട്ടിയശേഷം പണവും മറ്റും വർദ്ധിച്ചപ്പോൾ മധ്യസ്ഥന്മാരുടെ എണ്ണവും നേർച്ചകളും കൂടിവന്നു.

വഴിയിൽവച്ച് പാമ്പിനെ കണ്ടാൽ അത് ദൈവകോപമാണെന്ന് നാട്ടിലുള്ളവർ കരുതിയിരുന്നു. കോപം ശമിപ്പിക്കാൻ കടമറ്റത്തു കത്തനാർക്ക് നേർച്ചകൾ അർപ്പിക്കുവാൻ എന്റെ മാതാവ് ഞങ്ങളെ ഉപദേശിച്ചിരുന്നു. കത്തനാർ ഭക്തി പ്രാദേശിക ക്രിസ്ത്യാനിത്വത്തിന്റെ ഒരു പ്രധാന ഭാഗമായിട്ടാണ് ഞങ്ങൾ കരുതിയിരുന്നത്. ആ ചിന്താഗതിക്കെതിരായി നാട്ടുകാരെ ബോധവൽക്കരിക്കാൻ എന്തെങ്കിലും ശ്രമങ്ങൾ മാതൃസഭാമേലദ്ധ്യക്ഷന്മാർ നടത്തിയിട്ടുള്ളതായി എന്റെ ഓർമയിലില്ല.

കായികമത്സരങ്ങൾക്കു പോകുമ്പോൾ കത്തനാരുടെയും വേളാങ്കണ്ണി മാതാവിന്റെയും പരുമല തിരുമേനിയുടെയും ചിത്രങ്ങൾ ബാഗിൽ കരുതിയിരുന്നു. എന്നാൽ അക്കൂട്ടത്തിലും യേശുവിന്റെ ചിത്രം ഇല്ലായിരുന്നു.

യഥാർത്ഥത്തിൽ ഞാൻ ഏറ്റവും പുച്ഛിച്ചിരുന്ന ഒരു വർഗമായിരുന്നു പെന്തക്കോസ്തുകാർ. അവരുടെ പാട്ടുകളും സ്തോത്രം പറച്ചിലുകളും കവലപ്രസംഗങ്ങളും എനിക്ക് ആരോചകമായി തോന്നിയിരുന്നു. ഞങ്ങളുടെ ഗ്രാമത്തിന്റെ മറുകരയിൽ വാളകം എന്ന ഒരു ഗ്രാമം ഉണ്ട്. അവിടെ ഒന്നോ രണ്ടോ പെന്തക്കോസ്തുകാരെ ഞാൻ കണ്ടിട്ടുണ്ട് എന്ന വസ്തുത ഒഴിച്ചാൽ ഇക്കൂട്ടരുമായി എനിക്ക് സമ്പർക്കങ്ങൾ ഉണ്ടായിട്ടില്ല.

1988ലാണ് ഞാൻ വിവാഹിതനായത്. ഭാര്യ ആനി. ഇപ്പോൾ ശ്രീലങ്ക എയർലൈൻസിന്റെ അക്കൗണ്ട്സ് വകുപ്പിൽ ജോലി ചെയ്യുന്നു.

ഭാര്യ ഇരവിപേരൂർ സ്വദേശിയാണ്. തിരുവല്ല മാർതോമ്മാ കോളെജിൽ നിന്നാണ് ആനി ബി.എ. ബിരുദം എടുത്തത്. തിരുവനന്തപുരത്ത് എം.എ. ബിരുദത്തിനുവേണ്ടി പഠിച്ചുകൊണ്ടിരുന്ന കാലത്തും അതിനുമുമ്പും ആനി വേദപുസ്തകം ശ്രദ്ധിച്ചുവായിച്ചിട്ടുള്ള വിവരം എന്നോടു പറഞ്ഞിട്ടുണ്ട്. യെശയ്യാപ്രവചനം 48-ാം അദ്ധ്യായത്തിലെ ഒരു വാക്യം അന്ന് ആനിയെ വല്ലാതെ ചിന്തിപ്പിച്ചിരുന്നു. ദൈവത്തിനു കൊടുക്കേണ്ട മഹത്വം മറ്റാർക്കും കൊടുക്കരുത് എന്ന വാക്യം. കന്യാമറിയത്തിനും പുണ്യവാളന്മാർക്കും വലിയ തോതിലോ ചെറിയ തോതിലോ വണക്കം കൊടുക്കുന്ന പാരമ്പര്യ ക്രൈസ്തവ സമ്പ്രദായം തെറ്റാണെന്നുള്ള ഒരു ചിന്ത ആനിക്കുണ്ടായി. ഞങ്ങൾ വിവാഹിതരായപ്പോൾ ആനി യാക്കോബായ സഭാംഗം ആയിരുന്നു എങ്കിലും, ആ സഭയിലെ പല ആചാരാനുഷ്ഠാനങ്ങളെപ്പറ്റിയും ആനിയുടെ മനസ്സിൽ ചോദ്യങ്ങൾ ഉണ്ടായിരുന്നു.



ഞങ്ങൾ തിരുവനന്തപുരത്ത് നന്തൻകോട്ട് മ്യൂസിയം ജങ്ഷനു സമീപമുള്ള കനകനഗറിൽ താമസിക്കുന്നു. ഞങ്ങളുടെ മക്കൾ - ഫേബാ, ഹന്നാ.

വിവാഹ ജീവിതത്തിന്റെ പ്രാരംഭഘട്ടത്തിൽ പല പ്രശ്നങ്ങളിലൂടെ കടന്നുപോയി. ഭാര്യയുടെ കടുത്ത ആസ്മാരോഗം ഞങ്ങളുടെ സമാധാനം കെടുത്തി. ഞാൻ ആഗ്രഹിച്ച രീതിയിലുള്ള ഉയർന്ന പോലീസ് ഉദ്യോഗം ആദ്യം എനിക്കു ലഭിച്ചില്ല. പ്രശ്ന പരിഹാരങ്ങൾക്കായി മദ്ധ്യസ്ഥന്മാരുടെ വിഗ്രഹങ്ങൾക്കു മുമ്പിൽ മെഴുകുതിരികൾ കത്തിച്ചുകൊണ്ടിരുന്നു. എന്നാൽ, ഞങ്ങൾ അടിക്കടി നിരാശയിലേക്ക് നീങ്ങിക്കൊണ്ടിരുന്നു.

അക്കാലത്ത് എന്റെ ഭാര്യയുടെ മാതാവും മാതാവിന്റെ അനുജത്തിയും ഇരവിപേരൂരുള്ള ഒരു പെന്തക്കോസ്തു സഭയിൽ (ചർച്ച് ഓഫ് ഗോഡ്) ആകൃഷ്ടരായി. അമ്മച്ചിമാരുടെ സ്വാധീനം മൂലം പ്രാർത്ഥനയ്ക്കായി കുറെ പാസ്റ്റർമാരെ സമീപിക്കുവാൻ ഞാൻ തയ്യാറായി. ഭൗതിക അനുഗ്രഹങ്ങൾ മാത്രമായിരുന്നു എന്റെ ലക്ഷ്യം. അവിടെയുള്ള ഒരു വീട്ടിൽ വച്ച് രണ്ടുമൂന്നു പാസ്റ്റർമാർ എന്റെ തലയിൽ കൈവച്ച് എനിക്കുവേണ്ടി പ്രാർത്ഥിക്കയുണ്ടായി. ശക്തിയായി ഉള്ളിൽ തട്ടിയ പ്രാർത്ഥനയെ ജീവിതത്തിൽ ആദ്യമായി അനുഭവിച്ചറിഞ്ഞ നിമിഷങ്ങളായിരുന്നു അവ. പിന്നീട് പോട്ടയിൽ വച്ച് പങ്കെടുത്ത ഒരു ധ്യാനത്തിലും ഇതേ അനുഭവമാണുണ്ടായത്. പരിശുദ്ധാത്മാവിന്റെ അഭിഷേകം ലഭിച്ച അനുഭൂതി. പ്രത്യേകമായ ഒരു വെളിച്ചം കിട്ടിയപോലെ.

അന്നൊരു ഞായറാഴ്ച രാവിലെ പതിവുപോലെ തിരുവനന്തപുരത്തുള്ള ഒരു യാക്കോബായ പള്ളിയിൽ ഞാൻ കുർബ്ബാനയിൽ പങ്കുകൊണ്ടു. ആരാധനകഴിഞ്ഞ് ഞാൻ പള്ളി മുറ്റത്തിറങ്ങി. ആരാധനമൂലം ആത്മീയമായ ഒരു സംതൃപ്തി അവിടെനിന്നും കിട്ടുന്നില്ല എന്ന് എനിക്കുതോന്നി. അപ്പോഴാണ് തിരുവനന്തപുരത്തുള്ള ശ്രീകാര്യം ഇൻഡ്യാ പെന്തക്കോസ്തു ദൈവസഭയിലെ ഇടയനായ പാസ്റ്റർ മാത്യു ഉമ്മന്റെ കാര്യം ഓർമ്മവന്നത്. അദ്ദേഹം ഒരു ദേശിയ ബാസ്ക്കറ്റ് ബാൾ താരം ആയിരുന്നു. ഞങ്ങൾ തമ്മിൽ ആയിടെ പരിചയപ്പെട്ടിരുന്നു. പെട്ടെന്ന് ഞാൻ മോട്ടോർ ബൈക്കിൽ അദ്ദേഹത്തിന്റെ ആരാധനാലയത്തിലേക്കു തിരിച്ചു.

അവിടത്തെ ചൈതന്യമുള്ള പാട്ടുകളും പ്രാർത്ഥനകളും ആത്മാർത്ഥതയുള്ള പ്രസംഗങ്ങളും എന്റെ ഹൃദയത്തിൽ തട്ടി. വലിയ ഒരു ആത്മീയ സംതൃപ്തി എനിക്ക് അനുഭവപ്പെട്ടു. അക്കാലത്ത് തിരുവനന്തപുരം പട്ടണത്തിൽ നടന്ന അനവധി സുവിശേഷയോഗങ്ങളിൽ ഞാനും ഭാര്യയും രഹസ്യമായി പങ്കെടുത്തുകൊണ്ടിരുന്നു. ബൈബിളിലെ യഥാർത്ഥ ക്രിസ്തുവിനോട് ഞാൻ കുറേശെ അടുത്തുകൊണ്ടിരുന്നു. 'പുതിയ നിയമം' (പ്രത്യേകിച്ച് ലൂക്കോസിന്റെ സുവിശേഷം) ക്രിസ്തുവിന്റെ മഹിമയെപ്പറ്റി എനിക്ക് മനസ്സിലാക്കിതന്നുകൊണ്ടിരുന്നു. ഞാനും ഭാര്യയും ക്രിസ്തുവിനെ ഞങ്ങളുടെ രക്ഷിതാവായി സ്വീകരിച്ചു.

പ്രാർത്ഥനയും ആരാധനയും കാര്യസാധ്യത്തിനുവേണ്ടിയുള്ള ഒരു ചടങ്ങാകാൻ പാടില്ലെന്ന് ഞാൻ ഗ്രഹിച്ചു. പകരം പരിശുദ്ധാത്മാവിൽ ദൈവവു

മായി സംസാരിക്കാനും ദൈവം പറയുന്നതു ശ്രദ്ധിക്കാനുമുള്ള വഴിയായി ഞാൻ പ്രാർത്ഥനയെ കണ്ടുതുടങ്ങി. സ്വന്തം അഭീഷ്ടങ്ങളെക്കാൾ ഉപരിയായി, എന്റെ ആത്മാവിന്റെ നിത്യതയെപ്പറ്റി ജീവിതത്തിൽ ആദ്യമായി ഞാൻ കാര്യമായി ചിന്തിച്ചുതുടങ്ങി.

പാതാളത്തിലേക്ക് ഇറങ്ങിപ്പോയ കടമറ്റത്തുകത്തനാരെ ഇനി മധ്യസ്ഥനായി വേണ്ടെന്നു വച്ചു. പകരം സ്വർഗ്ഗത്തിലേക്കു കയറിപ്പോയ ഏക മധ്യസ്ഥനായ ക്രിസ്തുവിലൂടെമാത്രം പ്രാർത്ഥിച്ചാൽ മതിയെന്ന് തോന്നിത്തുടങ്ങി. അതോടെ പുണ്യവാന്മാരുടെയും പുണ്യവതികളുടെയും കന്യാമറിയത്തിന്റെയും പടങ്ങൾ വീട്ടിൽ നിന്ന് അപ്രത്യക്ഷമായി. ആരാധനയ്ക്ക് യേശുവിന്റെ ചിത്രങ്ങളും ഉപയോഗിക്കേണ്ടതില്ലെന്നു ഗ്രഹിച്ചു. മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥനകൾ ഉപേക്ഷിച്ചു. മരിച്ച വിശുദ്ധന്മാരോടു പ്രാർത്ഥിക്കുന്നതും തെറ്റാണെന്ന് ബോധ്യമായി. തിരുശേഷിപ്പുകൾ വണങ്ങുന്ന ചടങ്ങുകളും വചന വിരുദ്ധമാണെന്നു മനസ്സിലാക്കി. നേരത്തെതന്നെ എന്റെ ഭാര്യ ഇത്തരം ചടങ്ങുകൾ മിക്കവയും ഉപേക്ഷിച്ചിരുന്നു.

1994ൽ ഞാനും ഭാര്യയും വിശ്വാസസ്നാനം സ്വീകരിച്ചു. ദൈവം ഞങ്ങളെ രണ്ടുപേരെയും പരിശുദ്ധാത്മാവിൽ നിറച്ചു. ഞങ്ങൾ ശ്രീകാര്യത്തുള്ള പെന്തക്കോസ്തുസഭയിൽ തുടർച്ചയായി ആരാധനയിൽ സംബന്ധിച്ചുവരുന്ന കാലത്താണ് ഈ തരത്തിലുള്ള ആത്മീയ വളർച്ച ഞങ്ങൾക്കുണ്ടായത്. കൂടാതെ എന്റെ ഭാര്യയുടെ ആസ്മയ്ക്ക് പൂർണശമനം ലഭിച്ചു. കഴിഞ്ഞ പതിനഞ്ചു വർഷമായി ആ രോഗം ആനിയെ അലട്ടുന്നില്ല.

ആത്മീയമായ ആഴങ്ങളിലേക്ക് ഇറങ്ങുവാൻ ആദ്യമെ ധൈര്യപ്പെട്ടത് ആനിയാണ്. ആനിയുടെ പ്രാർത്ഥനയും പരിശുദ്ധാത്മനിറവിലുള്ള ജീവിതവുമാണ് എന്നെയും ഈ ചൈതന്യത്തിലേക്ക് നയിച്ചത്.

ദൈവത്തിൽ നിന്ന് അനുഗ്രഹങ്ങൾ കിട്ടിയാൽ ഇന്ന് ഞാൻ രണ്ടു കൈകളും നീട്ടി സ്വീകരിക്കും. എന്നാൽ എന്റെ ലക്ഷ്യം അതല്ല. അന്യർക്കുവേണ്ടി പ്രാർത്ഥിച്ച് അവരെക്കൂടി സമാധാനമാർഗ്ഗത്തിലേക്ക് നയിക്കണം എന്നതാണ് ഇപ്പോഴത്തെ എന്റെ ലക്ഷ്യം. പാരമ്പര്യസഭയിൽ വച്ച് നീരോട്ടമുള്ള ഒരു ഭക്തി എനിക്കില്ലായിരുന്നു. ഇന്ന് ഞാനും ഭാര്യയും കുട്ടികളും പരിശുദ്ധാത്മാവിന്റെ ജീവജലത്തിൽ നീന്തുന്ന വിശ്വാസികളാണ്.

യേശുക്രിസ്തുവിനെ സ്വന്തം രക്ഷിതാവായി സ്വീകരിച്ചതിനു ശേഷവും ഞങ്ങളുടെ ജീവിതത്തിൽ ചില്ലറ പ്രശ്നങ്ങൾ ഉണ്ടായിക്കൊണ്ടിരുന്നു. ഭാര്യയ്ക്ക് വയറ്റിൽ വേദനയും തുടർച്ചായി ഛർദ്ദിയും ഉണ്ടായിക്കൊണ്ടിരുന്ന മാസങ്ങൾ (1996) വേദനകളുടെ മറ്റൊരു ഘട്ടമായിരുന്നു. ആനി രണ്ടുമൂന്ന് ആശുപത്രികളിൽ കയറിയിറങ്ങി. ഉദരത്തിൽ സിസ്റ്റ്. സർജറി നടത്തണമെന്നായിരുന്നു ഡോക്ടറുടെ നിർദ്ദേശം.

കഷ്ടതയുള്ള ഒരു ജീവിതം വേണ്ടായേ എന്ന് ആനി ദൈവത്തോട് കരഞ്ഞു പറഞ്ഞു. പെട്ടെന്ന് പരിശുദ്ധാത്മാവിന്റെ ഒരു ശബ്ദം ആനിയുടെ ഹൃദയത്തിൽ മുഴങ്ങി: 'നിനക്കു കഷ്ടത വേണ്ടെന്ന് നീ പറയുന്നുവോ?'

'അതേ, കഷ്ടത വേണ്ടുവോളം കിട്ടി. ഇനി വേണ്ടായേ, വേണ്ടാ.'

വീണ്ടും ഹൃദയത്തിൽ ദൈവശബ്ദം: "ഞാൻ കഷ്ടത അനുവദിച്ചാൽ നീ ഏറ്റുവാങ്ങുമോ? നിന്നെ സമ്പൂർണമായി എന്റെ മുമ്പിൽ സമർപ്പിക്കുമോ? മരണത്തിനുവേണ്ടി നിന്നെ ഏല്പിച്ചു തരുമോ?"

"കർത്താവേ ക്ഷമിക്കണമേ. കഷ്ടത ഞാൻ ഏറ്റുവാങ്ങിക്കൊള്ളാമേ. എന്റെ ജീവനെ ഞാൻ നിനക്കു വേണ്ടി തരികയാണേ."



"എങ്കിൽ, നിന്റെ ജീവനെ ഞാൻ നിനക്കുതന്നെ തിരികെ തരികയാണ്."

എന്റെ ഭാര്യ ദൈവാത്മനിറവിൽ നടത്തിയ ഒരു സംവാദമായിരുന്നു ഇത്.

താമസിയാതെ വീണ്ടും വിദഗ്ദ്ധനായ ഒരു ഡോക്ടറെ കാണാൻ പോയി. പരിശോധനയ്ക്കു ശേഷം അദ്ദേഹം പറഞ്ഞു : "ആനീ, നിങ്ങളുടെ ആമാശയത്തിൽ ഇപ്പോൾ സിസ്റ്റ് ഇല്ല. സർജറിയുടെ ആവശ്യമില്ല. ഗ്യാസിന്റെ പ്രശ്നം കൊണ്ട് ഉണ്ടാകുന്ന പ്രശ്നങ്ങളാണിവ. വലിയ പ്രശ്നമായി കരുതണ്ടാ."

പിറ്റേ ദിവസം തന്നെ വേദനയും ഛർദ്ദിയും നിലച്ചു. കഴിഞ്ഞ പതിമൂന്നു വർഷങ്ങളിലായി വയറിന്റെ പ്രശ്നം ഭാര്യയെ അലട്ടിയിട്ടില്ല.

തിരമാലകളുടെ നടുവിലും ഇന്ന് ഞങ്ങളുടെ കുടുംബത്തിൽ സമാധാനമുണ്ട്. പ്രശ്നങ്ങൾ ഇനിയും ആവർത്തിക്കപ്പെട്ടാലും ഞങ്ങൾ ദൈവത്തെ ചോദ്യം ചെയ്യുകയില്ല.

മാനസാന്തരപ്പെടുന്നതിനു മുമ്പ് ഒരിക്കൽ കായിക മത്സരത്തിനുവേണ്ടി ഞാൻ ദക്ഷിണകൊറിയയിൽ പോയതോർക്കുന്നു. അവിടെ ഒരു തെരുവിൽ നിന്നുകൊണ്ട് കൊറിയക്കാരായ കുറെ പെന്തക്കോസ്തുകാർ ആത്മീയ ലഘുലേഖകൾ വിതരണം ചെയ്യുകയായിരുന്നു. ഏതാനും ലഘുലേഖകൾ എന്റെ നേരെ നീട്ടി.

പരിഹാസഭാവത്തിൽ കൈനീട്ടി അവ വാങ്ങിയശേഷം ഞാൻ എന്നോടു തന്നെ പറഞ്ഞു: "എന്തൊരു ശല്യം ദൈവമേ! കേരളത്തിൽ പെന്തക്കോസ്തുകാരുടെ ശല്യം സഹിക്കവയ്യാ. ഇപ്പോൾ കടലിനിക്കരെ കൊറിയയിലും ഇവന്മാരുടെ ശല്യം!!"

ലഘുലേഖകൾ കീറി ദൂരേയ്ക്കെറിഞ്ഞു.

പക്ഷേ, ചുരുക്കം വർഷങ്ങൾക്കുള്ളിൽ ദൈവം എന്റെ ചിന്താഗതികളിൽ പരിവർത്തനം ഉളവാക്കി.

മാനസാന്തരപ്പെട്ട കായിക താരങ്ങളുടെ ഒരു സംഘടന ഇപ്പോൾ ഇന്ത്യയിൽ ഉണ്ട്. കുറെക്കാലം മുമ്പ് ഈ സംഘടനയിലെ പ്രവർത്തകരോടൊത്ത് തെരുവിൽ നിന്നുകൊണ്ട് ആത്മീയ ലഘുലേഖകൾ സന്തോഷത്തോടെ ഞാൻ വിതരണം ചെയ്യുകയുണ്ടായി. ■

*[2009 ഓഗസ്റ്റിൽ ഏഴംകുളം സാംകുട്ടിയും സുഭാഷ് ജോർജ് – ആനി ദമ്പതികളും തമ്മിൽ നാലുപ്രാവശ്യമായി നടത്തിയ ടെലഫോൺ ഇന്റർവ്യുകളുടെ ചുരുക്കമാണ് ഈ അനുഭവസാക്ഷ്യം. കമാൻഡന്റ് സുഭാഷുമായി 'ദി മിറക്കിൾ' മാസികയുടെ പ്രതിനിധിയായ സുവിശേഷകൻ അജീഷ് ജോൺ നടത്തിയ അഭിമുഖത്തിന്റെ ഒരു ചുരുങ്ങിയ പതിപ്പ് പ്രസ്തുത മാസികയുടെ 2009 ഏപ്രിൽ 15 ലക്കത്തിൽ പ്രസിദ്ധീകരിച്ചിരുന്നു. കമാൻഡന്റ് സുഭാഷുമായി സമ്പർക്കം പുലർത്താൻ ഡോ. സാംകുട്ടിയ്ക്ക് പ്രേരണ നൽകിയത് അജീഷ് ജോണിന്റെ "കാക്കിക്കുള്ളിലെ സുവിശേഷകൻ" എന്ന ഈ അഭിമുഖമാണ്].*

# 7

## സർജറി മുറിയിൽ സ്തോത്രം മുഴക്കുന്ന ഡോക്ടർ

ഡോ. ആനി ജയ സാം, MBBS, DGO

**അ**യിരൂർ ഗ്രാമത്തിൽ ചുഴിക്കുന്നേൽ കുടുംബത്തിലാണ് ഞാൻ ജനിച്ചു വളർന്നത്. പിതാവ് സി.സി. ഫിലിപ്പ്. മാതാവ് തങ്കമ്മ. ഇന്ത്യയിലും ഇംഗ്ലണ്ടിലും ഞാൻ മെഡിക്കൽ വിദ്യാഭ്യാസവും പരിശീലനവും നേടിയിട്ടുണ്ട്.

1988ൽ ഉണ്ടായ ഒരു അനുഭവമാണ് ഇവിടെ പറയുന്നത്.

അന്ന് ഞാൻ തൃശൂർ ചൂണ്ടൽ സെന്റ് ജോസഫ് മിഷൻ ഹോസ്പിറ്റലിൽ ഗൈനക്കോളജിസ്റ്റായി ജോലിചെയ്തിരുന്നു. എല്ലാ വ്യാഴാഴ്ചകളും എന്റെ ഓപ്പറേഷൻ ദിവസങ്ങളായിരുന്നു.

ഓപ്പറേഷൻ ദിവസങ്ങളിൽ ഞാൻ പതിവിലും നേരത്തെ എഴുന്നേറ്റ് പ്രാർത്ഥനയിൽ കുറെ സമയം ചെലവിടാറുണ്ട്.

1984 മുതൽ 89 വരെയാണ് ഞാൻ തൃശൂരിൽ ജോലി ചെയ്തത്. ആ വ്യാഴാഴ്ച ഞാൻ അതിരാവിലെ എഴുന്നേറ്റ് കുറെ സമയം പാട്ടുപാടിയും ബൈബിൾ വായിച്ചും പ്രാർത്ഥിച്ചും ദൈവത്തെ ആരാധിച്ചു. മനുഷ്യബുദ്ധിക്കും കഴിവിനും പരിധിയുണ്ടെന്നും പിതാവായ ദൈവം പുത്രനായ യേശുക്രിസ്തുവിലൂടെയാണ് അത്ഭുതങ്ങൾ പ്രവർത്തിക്കുന്നതെന്നും അനുഭവങ്ങളിൽ നിന്നും ഞാൻ പഠിച്ചിട്ടുണ്ട്. അതുകൊണ്ട് എന്നെ ദൈവസന്നിധിയിൽ ഒരു പ്രാവശ്യം കൂടി സമർപ്പിച്ചു പ്രാർത്ഥിച്ചു.

അന്ന് ഒരു ഓപ്പറേഷൻ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അതുകൊണ്ട് നേരത്തെ വീട്ടിലെത്താമെന്നും എന്റെ ഒന്നര വയസ്സുള്ള മകളുമായി കുറെ സമയം ചെലവഴിക്കാമെന്നും കരുതിയാണ് രാവിലെ ഞാൻ ആശുപത്രിയിലേക്കു തിരിച്ചത്.

തിയെറ്ററിന്റെ സൈഡിലുള്ള ഡ്രസ്സിംഗ് റൂമിൽ കയറി വസ്ത്രം മാറി തിയെറ്ററിൽ ചെല്ലുമ്പോൾ രോഗിയെ ടേബിളിൽ കിടത്തിയിരുന്നു. ഞാൻ ചുറ്റും കണ്ണോടിച്ചു. എല്ലാം റെഡിയായിരിക്കുന്നു. പതിവുപോലെ കണ്ണുകളടച്ചു. രോഗിക്കായും നെഴ്സിനായും അസിസ്റ്റന്റ് ഡോക്ടർക്കായും പ്രാർത്ഥിച്ചു. യേശുക്രിസ്തു കാൽവറിയിൽ പരമയാഗമായി ഒഴുക്കിയ രക്തം മനുഷ്യന്റെ പാപരോഗാദികളിൽ നിന്ന് വിടുതൽ നൽകാൻ പര്യാപ്തമാണെന്ന് വിശ്വസിച്ചുകൊണ്ടാണ് പ്രാർത്ഥിച്ചത്.

വളരെക്കാലമായി നിലയ്ക്കാത്ത രക്തസ്രാവത്താൽ ബലഹീനയായ അമ്മിണി എന്ന സ്ത്രീയുടെ സർജറിയായിരുന്നു അന്ന്. അവരുടെ ഭർത്താവും രോഗിയായിരുന്നു. പറക്കമുറ്റാത്ത കുഞ്ഞുങ്ങൾക്ക് ഏക ആശ്രയം ആയിരുന്നു അമ്മിണി. ഒരു മേജർ ശസ്ത്രക്രിയയെ അതിജീവിക്കാനുള്ള ആരോഗ്യം അവർ നേടിയിട്ടുണ്ടെന്ന് ഫിസിഷ്യനും, അനസ്തെറ്റിസ്റ്റും സാക്ഷ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിലായിരുന്നു ഓപ്പറേഷൻ ചെയ്യാൻ തീരുമാനിച്ചത്.

അവരുടെ ഗർഭപാത്രം ഏകദേശം ഒന്നരമണിക്കൂറിനുള്ളിൽ എടുത്തുമാറ്റി. അവസാനത്തെ തയ്യലും തീർത്ത് നെറ്റിയിൽപൊടിഞ്ഞ വിയർപ്പുകണങ്ങൾ തുടച്ചുമാറ്റാതെ ഞാൻ ഡ്രസ്സിംഗ് റൂമിലേക്ക് നടന്നു. സർജിക്കൽ വസ്ത്ര



ങ്ങൾ മാറി.

രോഗികൾ ബോധം തെളിഞ്ഞ് അവരെ വാർഡിലേക്കു മാറ്റുന്നതുവരെ സർജറി തിയെറ്ററിനടുത്തുള്ള ക്യാബിനിൽ ഞാനും എന്റെ അസിസ്റ്റന്റായ ഡോ. ഇൽഡാ ഫോൺസും സംസാരിച്ചിരിക്കുക പതിവായിരുന്നു. സുന്ദരിയും സുശീലയും സമർത്ഥയുമായ ഡോ. ഇൽഡാ അവരുടെ മെഡിക്കൽ കോളജിലെ പഠനകാലത്തുണ്ടായ അനുഭവങ്ങൾ സരസമായി പറഞ്ഞുകൊണ്ടിരുന്നു. ളോഹധരിച്ച ഒരു കന്യാസ്ത്രീ ആയിരുന്നു അവർ.

വളരെനേരം കഴിഞ്ഞിട്ടും രോഗിയെ വാർഡിലേക്ക് മാറ്റാത്തതിൽ അത്ഭുതപ്പെട്ട ഞാൻ വേഗത്തിൽ ഡ്രസ്സ് മാറി തിയെറ്ററിനുള്ളിൽ കടന്നു. 40 മിനിറ്റുകൾ കഴിഞ്ഞിട്ടും തനിയെ ശ്വാസം എടുക്കാൻ കഴിയാത്ത അമ്മിണിയുടെ ഗുരുതരാവസ്ഥ അനസ്തെറ്റിസ്റ്റിന്റെ മുഖം വിളിച്ചറിയിക്കുന്നുണ്ടായിരുന്നു, രോഗിയുടെ മൂക്കിൽ ഘടിപ്പിച്ചിരുന്ന കുഴലുകളിൽ നിന്ന് ശക്തിയായി നുരയും പതയും പ്രവഹിക്കുവാൻ തുടങ്ങി. ശക്തിയായ ഹൃദയാഘാതത്തിന്റെ സിഗ്നലുകൾ ഇ.സി.ജിയിൽ തെളിയുന്നുണ്ടായിരുന്നു. അടിയന്തിരമായി ജീവൻ നിലനിർത്തുവാനുള്ള മരുന്നുകൾ ഒന്നൊന്നായി ഞങ്ങൾ കൊടുത്തു. സഹപ്രവർത്തകരായ മറ്റു ഡോക്ടർമാരെയും എന്റെ സീനിയർ ഡോക്ടറേയും വിളിപ്പിച്ചു. മിനിറ്റുകൾ മണിക്കൂറുകളായി തോന്നി. കഠിനമായ ഹൃദയാഘാതത്താൽ അമ്മിണിയുടെ വൃക്കകളും തകരാറിലായിരിക്കുന്നു.

ഓപ്പറേഷൻ ടേബിളിൽ കിടന്ന് ഈ രോഗി മരിച്ചാൽ ആശുപത്രിയുടെ സൽപേരിന് കളങ്കം വന്നേക്കാം. പ്രശ്നങ്ങളിൽ നിന്നും വിടുവിക്കുന്ന യേശുക്രിസ്തുവിനെപ്പറ്റി അനേകരോട് ഞാൻ സാക്ഷ്യം പറഞ്ഞിട്ടുണ്ട്. എന്റെ സാക്ഷ്യത്തെയും മനുഷ്യർ സംശയിച്ചേക്കാം. ഈ ചിന്തകൾ എന്നിൽ ഭയം ഉളവാക്കി. അതുമാത്രമല്ല, അമ്മിയുടെ രോഗിയായ ഭർത്താവിന്റെയും പറക്കമുറ്റാത്ത കുഞ്ഞുങ്ങളുടെയും ചിത്രങ്ങൾ എന്റെ മനസ്സിൽ ഓടിയെത്തി. ദൈവകൃപയാൽ കഴിഞ്ഞവർഷങ്ങളിൽ ചെയ്ത ധാരാളം ശസ്ത്രക്രിയകളിൽ ഒന്നുപോലും പരാജയപ്പെടുവാൻ യേശുകർത്താവ് അനുവദിച്ചിട്ടില്ലാതിരിക്കെ ഇതൊരു മുറിവായി എന്റെ ജീവിതത്തിൽ അവശേഷിക്കുവാൻ ഇടവരുത്തരുതേ എന്ന് ആത്മാർത്ഥമായി ഞാൻ പ്രാർത്ഥിക്കുവാൻ തുടങ്ങി. നിരാശയിൽ മുങ്ങിപ്പോകാതെ ദൈവകൃപയെ വാരിപ്പുണരുവാൻ ഞാൻ തീരുമാനിച്ചു. എന്റെ വിദ്യാഭ്യാസകാലത്തും തുടർന്നുള്ള ജീവിതത്തിലും, അനേക സന്ദർഭങ്ങളിൽ നിരാശയുടെ കാർമേഘങ്ങൾ ഉരുണ്ടുകൂടിയപ്പോഴെല്ലാം പ്രത്യാശയുടെ വജ്രരേഖകൾ തെളിയിച്ച് കാലുകൾക്കു സ്ഥിരത തന്ന് എന്നെ ഉറപ്പിച്ചു നിർത്തിയ ദൈവകൃപയെ ഞാൻ ഓർത്തു. കഴിഞ്ഞ കാലങ്ങളിൽ എന്നെ നടത്തിയ ദൈവിക പരിപാലനവും സ്നേഹവും ദൈവത്തിന്റെ ആത്മാവ് എന്റെ മനോമുകുരത്തിലേക്ക് കൊണ്ടുവന്നു.

രോഗിയുടെ ബന്ധുക്കളോട് അമ്മിണിയുടെ ഗുരുതരാവസ്ഥയെക്കുറിച്ച് അൽപ്പമായ സൂചന നൽകാൻ പറഞ്ഞിട്ട് വേഗത്തിൽ ക്വാർട്ടേഴ്സിലുള്ള എന്റെ അമ്മയ്ക്ക് പ്രാർത്ഥനയ്ക്കായി ഒരു കുറിപ്പ് കൊടുത്തുവിട്ടു. പ്രാർത്ഥനയുടെ ആത്മാവുള്ള എന്റെ മാതാവ് പ്രാർത്ഥനയിൽ പോരാടാൻ തുടങ്ങി. ഒപ്പം പെന്തക്കോസ്തുവിശ്വാസികളിൽ ചിലരെ ഫോണിൽ വിളിച്ച് പ്രാർത്ഥനയ്ക്കായി അപേക്ഷിച്ചു.

അമ്മിണിയുടെ ചേതനയറ്റ കരം പിടിച്ചുകൊണ്ട് ലജ്ജകൂടാതെ ഞാൻ ഉറക്കെ പ്രാർത്ഥിച്ചു. ജാതിമത ഭേദമെന്യേ ചുറ്റും നിന്ന എല്ലാവരും ആമേൻ

പറഞ്ഞു. എന്റെ ദൈവം പ്രവർത്തിച്ചു തുടങ്ങിയെന്ന വിശ്വാസത്താൽ ഞാൻ സ്തോത്രം ചെയ്യുവാൻ തുടങ്ങി. എന്റെ ഭയവും ഭീതിയും എങ്ങോ പോയി മറിഞ്ഞു.

അന്ന് ആറു മണിക്ക് – നീണ്ട എട്ടു മണിക്കൂറുകൾക്കു ശേഷം – യന്ത്രങ്ങളുടെ സഹായമില്ലാതെ അമ്മിണി ആദ്യത്തെ ശ്വാസം എടുത്തു. അധികം താമസിയാതെ അല്പം മൂത്രം പുറത്തുവന്നു. അങ്ങനെ വൃക്കകളും പ്രവർത്തന ക്ഷമമായി എന്നു മനസ്സിലായി. തിയെറ്ററിന്റെ അകത്തും പുറത്തും ദീർഘനിശ്വാസങ്ങൾ ഉയർന്നു.

ഞാൻ അംഗമായിരുന്ന സഭയിലെ വിശ്വാസികൾ സ്തോത്രവും ആമേനും പറഞ്ഞ് പ്രാർത്ഥന ഉപസംഹരിച്ചത് വൈകിട്ട് ആറു മണിക്കായിരുന്നു എന്ന് പിന്നീട് ഞാൻ അറിഞ്ഞു. യഥാർത്ഥത്തിൽ ആ സമയം തന്നെയാണ് അമ്മിണിയുടെ സ്ഥിതി പെട്ടെന്ന് മെച്ചപ്പെട്ടു തുടങ്ങിയത്. പ്രാർത്ഥന കേൾക്കുന്ന യേശു, മനുഷ്യനുവേണ്ടി മാദ്ധ്യസ്ഥ്യം ചെയ്യുന്ന യേശു ഉയരത്തിൽ ജീവിക്കുന്നുവെന്ന് എല്ലാവരും സമ്മതിച്ചു. എന്റെ സീനിയർ ഡോക്ടർ പറഞ്ഞ വാക്കുകൾ വിനയപുരസ്സരം തികഞ്ഞ കൃതജ്ഞതയോടെ ഇവിടെ കുറിക്കട്ടെ. “ഡോക്ടർ ജയ നിങ്ങളുടെ യേശുവിന് അത്ഭുതങ്ങൾ ചെയ്യാൻ കഴിയും”. ശരിയാണ്, തന്റെ കുഞ്ഞുങ്ങളുടെ യാചന മറന്നുകളയാത്തവൻ ഇന്നും ജീവിക്കുന്നു! മരണത്തെ ജയിച്ച് ഉയിർത്തെഴുന്നേറ്റ യേശുക്രിസ്തു!

തൃശൂരിലുള്ള ആശുപത്രിയിൽ ഞാൻ അഞ്ചുവർഷം ജോലി ചെയ്തു. അതിനുശേഷം തിരുവനന്തപുരം കാട്ടാക്കട പി.എൻ.എം. ഹോസ്പിറ്റലിലേക്ക് സ്ഥലം മാറി.

“പ്രാർത്ഥിക്കുന്ന ഡോക്ടർ” എന്ന് തൃശൂരിൽ വച്ച് ഇരട്ടപ്പേരായി എന്നെ പലരും വിളിച്ചിരുന്നു. തൃശൂർ ഹോസ്പിറ്റലിന്റെ ഭാരവാഹികൾ ഹൃദയസ്പർശിയായ ഒരു യാത്രയയപ്പ് എനിക്കു നൽകി.

തിരുവനന്തപുരത്തേക്ക് വിടവാങ്ങുന്നതിന് രണ്ടു ദിവസങ്ങൾ മുമ്പ് ആശുപത്രിയുടെ പടികളിൽ കരഞ്ഞുകൊണ്ട് ആരെയോ പ്രതീക്ഷിച്ചുനില്ക്കുന്ന ഒരു സ്ത്രീയെ കണ്ടു. ഞാൻ അടുത്തു ചെന്നു. നീർച്ചാലുകൾ ഒഴുകുന്ന കവിളുകൾ. വിതുമ്പുന്ന അധരങ്ങൾ. ഗദ്ഗദത്തിൽ മുങ്ങിപ്പോയ അവ്യക്തമായ വാക്കുകൾ. എന്റെ സ്ഥലംമാറ്റത്തെപ്പറ്റി എങ്ങനെയോ അവർ അറിഞ്ഞു. അന്നത്തെ കൂലിപ്പണി ഉപേക്ഷിച്ച് മൈലുകൾ താണ്ടി ഒരു പ്രാവശ്യം കൂടി എന്നെ കാണാൻ വന്ന അമ്മിണിയായിരുന്നു ആ സ്ത്രീ. അതെ, എന്റെ യേശു പുതുജീവൻ നൽകിയ അമ്മിണി.

ഔഷധങ്ങളും നല്ല ഡോക്ടർമാരും ദൈവം മനുഷ്യനു നൽകുന്ന ദാനങ്ങളാണ്. രോഗികൾക്ക് ഉചിതമായ ചികിത്സ നൽകേണ്ടത് ആവശ്യമാണെന്നും ഞാൻ കരുതുന്നു. എന്നാൽ വൈദ്യശാസ്ത്രവും ഔഷധങ്ങളും ഡോക്ടർമാരും രോഗിയെ കൈവെടിയുന്ന സന്ദർഭത്തിൽ പോലും, പ്രാർത്ഥനകേട്ട് രോഗശാന്തി നൽകുന്നവനായ ജീവിക്കുന്ന ഒരു ദൈവം ഉണ്ടെന്ന് ഞാൻ പൂർണമായി വിശ്വസിക്കുന്നു. യേശുക്രിസ്തു ഭൂമിയിൽ അവതരിച്ച് രോഗത്തിന്മേലുള്ള വിജയം പ്രഖ്യാപിച്ചു എന്ന കാര്യം നമ്മെ ഉത്തേജിപ്പിക്കട്ടെ. ■

**(ഗുഡ് ന്യൂസ് വാരിക, ഡിസംബർ 20, 1989)**

*[ഇപ്പോൾ ചങ്ങനാശേരി (ചെത്തിപ്പുഴ) സെന്റ് തോമസ് ഹോസ്പിറ്റലിലെ സീനിയർ ഗൈനക്കോളജിസ്റ്റായ ഡോ. ആനി ചെങ്ങന്നൂർ എസ്.എൻ. കോളെജിൽ കെമിസ്ട്രി വകുപ്പിൽ പ്രൊഫസറായ ഡോ. സാം കുഞ്ചാണ്ടിയുടെ*



*സഹധർമ്മിണിയാണ്. സെൻചറി ഹോസ്പിറ്റൽ (ചെങ്ങന്നൂർ), മാർതോമ്മ മിഷൻ ഹോസ്പിറ്റൽ (റാന്നി) എന്നിവിടങ്ങളിലും ജോലി ചെയ്തിട്ടുണ്ട്.*

*2009 സെപ്റ്റംബറിൽ ഏഴംകുളം സാംകുട്ടി ഡോ. ആനി ജയയുമായി ഫോൺമാർഗം ബന്ധപ്പെട്ടു. ആതുരസേവനങ്ങൾക്കിടയിൽ അനവധി അത്ഭുതങ്ങൾ പ്രാർത്ഥനയ്ക്കു മറുപടിയായി ലഭിച്ചിട്ടുള്ളതായി ഈ പ്രസൂതിവൈദ്യശാസ്ത്രജ്ഞ നന്ദിപൂർവ്വം സ്മരിക്കുകയുണ്ടായി. ഗൈനക്കോളജി – ഒബ്സ്ട്രക്റ്റിക്സ് വിഭാഗത്തിൽ ജോലി ചെയ്യുന്ന ഡോക്ടർമാരെപ്പറ്റിയുള്ള ശ്രദ്ധേയമായ ഒരു സ്ഥിതി വിവരക്കണക്കും സംഭാഷണമദ്ധ്യേ അവർ നൽകി. അഞ്ചുവർഷത്തിനിടയിൽ ശരാശരി ഒരു മാതാവിന്റെ മരണമെങ്കിലും കാണേണ്ട ദുഃസ്ഥിതി ഈ രംഗത്തു ജോലി ചെയ്യുന്നവർ അഭിമുഖീകരിച്ചേ പറ്റൂ. എന്നാൽ കഴിഞ്ഞ ഇരുപത്തഞ്ചു വർഷങ്ങൾക്കിടയിൽ ഡോ. ആനി ശുശ്രൂഷിച്ചതോ സർജറി നടത്തിയതോ ആയ ഒരു മാതാവിനുപോലും ജീവൻ നഷ്ടപ്പെട്ടിട്ടില്ല.*

*തന്റെ പരിചരണത്തിലിരിക്കുന്ന ആരെങ്കിലും മരണപ്പെട്ടാൽ ഈ ദൈവവിശ്വാസത്തിന് ഉലച്ചിൽ തട്ടുമോ എന്ന് ചോദിച്ചപ്പോൾ “ഒരിക്കലുമില്ല. എനിക്കുവേണ്ടി അത്ഭുതം പ്രവർത്തിച്ചാലും ഇല്ലെങ്കിലും ഞാൻ ദൈവത്തെ ആരാധിക്കും” എന്നാണ് ഡോക്ടർ ആനി ഉറപ്പിച്ചു പറഞ്ഞത്.]*

# 8 ഓപ്പറേഷൻ തിയെറ്ററിൽ ഒരു അത്ഭുതം

**ലില്ലി മാത്യൂ**

**തി**രുവല്ലയ്ക്കു സമീപം കവിയൂരിൽ കൊച്ചിയിൽ പണിക്കമ്മാട്ടു കുടുംബത്തിലാണ് ഞാൻ ജനിച്ചത്. എന്റെ മാതാപിതാക്കൾ ബ്രദറൺ സഭാ വിശ്വാസികളാണ്.

ഞാൻ ഇപ്പോൾ തിരുവല്ല മാർതോമ്മാ ഇംഗ്ലീഷ് മീഡിയം റസിഡൻഷ്യൽ സ്കൂളിൽ പഠിപ്പിക്കുന്നു. എന്റെ ഭർത്താവ് മാത്യു പി. തോമസ് തിരുവല്ല മാർതോമ്മാ കോളജിൽ കെമിസ്ട്രി വിഭാഗത്തിൽ പ്രൊഫസറാണ്. ഞങ്ങൾ സകുടുംബം പെന്തക്കോസ്തു വിശ്വാസികളാണ്.

1983ൽ എന്റെ ബ്രസ്റ്റിന് ഒരു വേദന തുടങ്ങി. ആദ്യം ഇത് അത്രകാര്യമായി എടുത്തില്ല. ആഴ്ചകളും മാസങ്ങളും മുമ്പോട്ടു പോയപ്പോൾ വേദന കൂടിവന്നു. ഒടുവിൽ വൈദ്യസഹായം തേടാൻ തീരുമാനിച്ചു.

ആദ്യം ഞങ്ങളുടെ കുടുംബത്തിൽപെട്ട രണ്ടു ഡോക്ടർമാർ പരിശോധിച്ചു. ബ്രസ്റ്റിൽ ഒരു പ്രത്യേക തരം മുഴ ഉണ്ടെന്നു പറഞ്ഞു. അവരുടെ നിർദേശപ്രകാരം കൂടുതൽ പരിശോധനകൾക്കായി തിരുവല്ല മെഡിക്കൽ മിഷനിൽ എത്തി.

എന്റെ ബന്ധുക്കളായ ഡോക്ടർമാരുടെ നിഗമനത്തിൽതന്നെ മെഡിക്കൽ മിഷനിലെ ഡോ. മേരി ചാക്കോയും എത്തിച്ചേർന്നു. അവർ സർജറിക്കു വേണ്ടി കേസ്പേപ്പർ ഡോ. കോര (എം.ഡി) യ്ക്ക് റഫർചെയ്തു. അദ്ദേഹത്തിന്റെ വിദഗ്ദ്ധ പരിശോധനയിലും ലമ്പ് ഉണ്ടെന്നു വ്യക്തമായി.

ഓപ്പറേഷൻ വേണമെന്ന് ഡോക്ടേഴ്സ് നിർദ്ദേശിച്ചു.

അന്നൊരു വെള്ളിയാഴ്ചയായിരുന്നു. ഓപ്പറേഷനുവേണ്ടി ഞാൻ തയ്യാറെടുത്തു. ഏഴു മണിക്ക് തിയെറ്ററിൽ കൊണ്ടുപോകുവാൻ ഡ്രസ്സുചെയ്തു.

ഞാൻ ഓപ്പറേഷനു വേണ്ടി ഹോസ്പിറ്റലിൽ അഡ്മിറ്റായ വിവരം സുവിശേഷ പ്രവർത്തകനായ കല്ലിശ്ശേരി അവറാച്ചൻ അറിഞ്ഞു. അദ്ദേഹം അന്നു രാവിലെ എന്റെ തലയിൽ കൈവച്ച് ശക്തിയായി പ്രാർത്ഥിച്ചു.

പതിനൊന്നരമണിക്ക് എന്നെ സ്ട്രെച്ചറിൽ ഓപ്പറേഷൻ തിയേറ്ററിലേക്കു കൊണ്ടുപോകുന്നതിനു മുമ്പ് സൂസമ്മ എന്ന പെന്തെക്കോസ്തുകാരിയായ നഴ്സ് റൂമിൽ വന്ന് എനിക്കുവേണ്ടി പ്രാർത്ഥിച്ചു. കണ്ണുനീരോടും പരിശുദ്ധാത്മ നിറവോടും കൂടിയായിരുന്നു പ്രാർത്ഥന. അവർ ദീർഘസമയം അന്യഭാഷകളിൽ സംസാരിച്ചു.

ഓപ്പറേഷൻ തിയെറ്ററിന് രണ്ടു മൂന്നു സെക്ഷൻ ഉണ്ട്. എന്നെ മേശമേൽ കിടത്തി. ഓപ്പറേഷൻ നടത്തേണ്ട ഭാഗത്ത് ചുവന്ന മഷികൊണ്ട് ഡോക്ടർ കോര അടയാളം ഇട്ടു; അദ്ദേഹം കേസ്ഷീറ്റിലുമതു നോട്ടുചെയ്തു.

ഓപ്പറേഷൻ തിയെറ്ററിലെ മേശമേൽ കിടക്കുമ്പോൾ എനിക്ക് വലിയ വിഷമം തോന്നി. എല്ലാവരെയും പിരിഞ്ഞ വേദന എനിക്കനുഭവപ്പെട്ടു. ഏകാന്തത എന്നെ ഭരിച്ചു. ഞാൻ കർത്താവിനോടു പ്രാർത്ഥിച്ചു.

ഓപ്പറേഷനു സമയമായി. ഡോക്ടറും നഴ്സുമാരും എത്തി. ഡോ. കോര കേസ്ഫയൽ നോക്കി. അദ്ദേഹം അടയാളപ്പെടുത്തിയിരുന്ന ശരീരഭാഗത്ത്



ഇപ്പോൾ ലമ്പ് കാണുന്നില്ല. അത്ഭുതത്തോടെ അദ്ദേഹം വീണ്ടും കേസ്പേപ്പറിലേക്കു നോക്കി. "ങ്ഹ! ഇതു ഞാൻ തന്നെ എഴുതിയ കേസ്പേപ്പറാണ്. ഇതെന്റെ കൈപ്പടയിൽ എഴുതിയ കേസാണ്." അടയാളപ്പെടുത്തിയിടത്ത് ലമ്പ് കാണാഞ്ഞിട്ട് അദ്ദേഹം ഉടനെ മറ്റൊരു ഡോക്ടറെയും വിളിച്ചു കൊണ്ടുവന്നു. ചില പ്രത്യേക ബൾബുകൾ കത്തിച്ചു. ആ പ്രകാശത്തിലും ഒന്നും കാണാൻ കഴിയാതെ അവർ അത്ഭുതപ്പെട്ടു.

"കുഞ്ഞിന് ഓപ്പറേഷൻ ഒന്നും വേണ്ട, ലമ്പ് ഒന്നും കാണുന്നില്ല. പൊയ്ക്കൊൾക" ഡോക്ടർ കോര ചിരിച്ചുകൊണ്ടു പറഞ്ഞു.

ഞാൻ അത്ഭുതങ്ങളുടെ ദൈവത്തെ സ്തുതിച്ചുകൊണ്ട് ചാടി എഴുന്നേറ്റ് ഓപ്പറേഷൻ തിയെറ്ററിനു വെളിയിൽ വന്നു. ദൈവം ഡോക്ടറുടെ കത്തി തൊടാതെ എന്റെ ലമ്പിനെ മാറ്റിയിരിക്കുന്നു. ഈ സംഭവം നടന്നത് 1984 ജൂലൈ 27നാണ്.

ഈ സംഭവം അറിഞ്ഞിട്ട് ഹോസ്പിറ്റലിലെ അഡ്മിനിസ്ട്രേറ്റർ എന്റെ ഭർത്താവിനൊടു പറഞ്ഞു: "ഇതൊരു അത്ഭുതം തന്നെയാണല്ലോ."

ഞങ്ങൾ ബിൽ അടയ്ക്കുവാൻ ചെന്നപ്പോഴേക്കും ആരോ ഞങ്ങൾക്കു വേണ്ടി ആ പണം അടച്ചിരിക്കുന്നു. ഒരു രൂപ പോലും ഞങ്ങൾക്ക് ഹോസ്പിറ്റലിൽ കൊടുക്കേണ്ടിവന്നില്ല.

ഓപ്പറേഷൻ നടത്തുവാൻ നിശ്ചയിച്ചിരുന്നതിന്റെ തലേദിവസവും അന്നും സ്കൂളിലെ അദ്ധ്യാപകർ എനിക്കുവേണ്ടി പ്രാർത്ഥിക്കുന്നുണ്ടായിരുന്നു.

ഹോസ്പിറ്റലിൽ വച്ച് എനിക്ക് ഈ അനുഭവം ഉണ്ടായതിൽ പിന്നെ നെഞ്ചിൽ വേദന അനുഭവപ്പെടുകയോ മുഴയുണ്ടാകുകയോ ചെയ്തിട്ടില്ല.

ദൈവം എനിക്ക് രോഗശാന്തി നൽകിയിട്ട് ഇപ്പോൾ നാലു വർഷങ്ങളാകുന്നു. ■

**'ഗുഡ്ന്യൂസ് വാരിക,' ജൂൺ 1988**

*[ശ്രീമതി ലില്ലി മാത്യു ശ്രീ അച്ചൻകുഞ്ഞ് ഇലന്തൂരുമായി നടത്തിയ അഭിമുഖത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ ഫീച്ചർ.*

*2009 സെപ്റ്റംബറിൽ ഏഴംകുളം സാംകുട്ടി പ്രൊഫസർ മാത്യു പി. തോമസുമായി ബന്ധപ്പെട്ടു. പ്രൊഫസർ തോമസ് പറഞ്ഞത് ഇപ്രകാരമാണ്: "എന്റെ ഭാര്യയ്ക്ക് അത്ഭുത രോഗശാന്തി ലഭിച്ചിട്ട് ഇപ്പോൾ 25 വർഷം കഴിയുന്നു. പിന്നീട് ഒരിക്കലും നെഞ്ചിൽ മുഴ ഉണ്ടായിട്ടില്ല. വേദനയും ഉണ്ടായിട്ടില്ല." ]*

# 9 കുഷ്ഠരോഗി മരണത്തെ വെല്ലുവിളിക്കുന്നു

**കെ. സി. ആത്മൻ നായർ**

**അ**നേക വർഷങ്ങളായി തൃശൂരിൽ കൊരട്ടിയിലുള്ള കുഷ്ഠരോഗാശുപത്രിയിൽ ഞാൻ താമസിക്കുന്നു. എന്റെ കർത്താവും എന്റെ ദൈവവുമായ യേശുവിന്റെ മഹിമയെപ്പറ്റി എഴുതുവാൻ ഒരു അവസരം കൂടി ലഭിച്ചതിൽ ഞാൻ സന്തോഷിക്കുന്നു.

ഒറ്റപ്പാലം പനമണ്ണയിൽ കിണറ്റിൻകര നായർ തറവാട്ടിലെ അംഗമാണ് ഞാൻ. ഭാഗവതാദിപുരാണങ്ങൾ ചെറുപ്പം മുതൽ വായിക്കുകയും എട്ടുവയസ്സുമുതൽ ഏകാദശി മുതലായ വ്രതങ്ങൾ അനുഷ്ഠിച്ചു തുടങ്ങുകയും ചെയ്തു. ഭാഗവതത്തിലെ "നരകവർണനം" മരണത്തെപ്പറ്റി വലിയ ഭയം എന്നിൽ ഉളവാക്കി. ഭയനിവാരണത്തിനുള്ള പല മാർഗ്ഗങ്ങളെപ്പറ്റി ചിന്തിച്ചു. കുറെ പ്രായമാകുമ്പോൾ സന്യാസം സ്വീകരിച്ച് സായൂജ്യം കൈവരിക്കാമെന്ന് തീരുമാനിച്ചു.

എന്റെ പതിനൊന്നാമത്തെ വയസ്സിൽ മലബാറിലെ ബാലശുശ്രൂഷാസംഘം പ്രവർത്തകനായ സുകുമാരൻ മാസ്റ്റർ എന്നോട് വ്യക്തിപരമായി ക്രിസ്തുവിനെപ്പറ്റി സംസാരിച്ചു. അതിനു മുമ്പു തന്നെ എന്റെ അമ്മ ക്രിസ്തുവാണു ലോകരക്ഷകൻ എന്നും അവനാണ് സാക്ഷാൽ ദൈവമെന്നും എന്നോടു സംസാരിച്ചിട്ടുണ്ട്. "യേശുവാണ് സത്യദൈവമെങ്കിൽ നമ്മെയെല്ലാം ക്രിസ്ത്യാനികളുടെ വീട്ടിൽ ജനിപ്പിക്കാമായിരുന്നില്ലേ?" എന്നായിരുന്നു എന്റെ എതിർവാദം.

ഞാൻ സുവിശേഷം വായിക്കുകയും പ്രസംഗങ്ങൾ കേൾക്കുകയും ചെയ്തിരുന്നു. പ്രസംഗിച്ചതുപോലെയും പഠിപ്പിച്ചതുപോലെയും ജീവിച്ച ഒരേ ഒരു അവതാരപുരുഷൻ യേശുക്രിസ്തു മാത്രമാണ് എന്ന് എന്റെ ഉള്ളിൽ തെളിഞ്ഞുവന്നു. യേശുവിന്റെ ജനനം, ജീവിതം, മരണം, പുനരുത്ഥാനം എല്ലാം പ്രത്യേക നിലയിലായിരുന്നു എന്ന ബലമായ ചിന്ത എന്നിൽ ഉണ്ടായി.

ഞാൻ കർത്താവിനോടു പ്രാർത്ഥിച്ചു. അവനെ വിശ്വസിച്ചു. എന്റെ രക്ഷിതാവായി സ്വീകരിച്ചു. ഇതായിരുന്നു എന്റെ പുനർജനനം.

എന്റെ വിശ്വാസം ദൈവവും ഞാനും അറിഞ്ഞാൽ മതിയെന്ന് അന്ന് ഞാൻ കരുതി.

പല മതങ്ങളിലും പല തരങ്ങളിലും ഉള്ള ആളുകളോടൊത്ത് താമസിക്കേണ്ട ചുറ്റുപാടുകൾ ആശുപത്രികളിൽ എനിക്കുണ്ടായി. ലോകത്തിലെ എല്ലാ തത്ത്വശാസ്ത്രങ്ങളെക്കാൾ, എല്ലാ ആശയങ്ങളെക്കാൾ ക്രിസ്തുവും ബൈബിളും തന്നെയാണ് സനാതനമെന്ന് എനിക്ക് തികച്ചും ബോധ്യമുണ്ടായി.

അക്കാലത്ത് ഞാൻ സാധുസുന്ദർസിങിന്റെ ജീവചരിത്രം വായിച്ചു. ക്രിസ്തുവിനെപ്പറ്റി ലജ്ജിക്കരുതെന്ന് അദ്ദേഹം ഉപദേശിച്ചിരുന്നു. മാത്രമല്ല, ശരിയാണെന്ന് അറിഞ്ഞിരിക്കുന്ന സത്യം മറച്ചുവച്ചാൽ ന്യായവിധി ഉണ്ടാകുമെന്നും എനിക്കു തോന്നി. ക്രിസ്തുവിനെ പരസ്യമായി സാക്ഷിക്കുവാൻ മുഴുകൽ സ്നാനം (വിശ്വാസസ്നാനം) സ്വീകരിക്കുവാൻ ഞാൻ തീരുമാനിച്ചു. പ്രതിബന്ധങ്ങളെ വകവയ്ക്കാതെ ദൈവവചനം അനുസരിക്കുവാൻ



നിശ്ചയിച്ചു. എന്റെ അമ്മയും ക്രിസ്തുവിനെ സ്വീകരിച്ചു.

ബീഡി, സിനിമ മുതലായ ദുർഭൂതങ്ങൾ ഒന്നൊന്നായി എന്നെവിട്ട് ഓടിപ്പോയി.

അപ്പോഴേക്കും എന്റെ തീരുമാനങ്ങൾക്കെതിരെ പലരും പ്രവർത്തിച്ചു. നഷ്ടവും കഷ്ടവും ഉണ്ടായി. വിശ്വാസസ്നാനത്തിനെതിരായി പാരമ്പര്യ ക്രിസ്ത്യാനികളിൽ നിന്നുണ്ടായ ഉപദ്രവമാണ് എനിക്ക് അത്ഭുതവും സങ്കടവും ഉണ്ടാക്കിയത്.

1950 ഒക്ടോബർ 22-ാം തീയതി പാസ്റ്റർ കെ. സി. ചെറിയാൻ സഹോദരനാൽ കോഴിക്കോട്ടുവച്ച് അനേക ദൈവമക്കളുടെ സാന്നിദ്ധ്യത്തിൽ ഞാൻ നിമജ്ജനസ്നാനം ഏറ്റു. അതിനു ശേഷം പല എതിർപ്പുകളും പരിഹാസങ്ങളും സഹിക്കേണ്ടി വന്നിട്ടുണ്ട്.

ഇന്നെനിക്കു മരണത്തെ ഭയമില്ല. "ഹേ! മരണമേ നിന്റെ ജയം എവിടെ" എന്ന് വിശുദ്ധ പൗലൊസിനോടു ചേർന്ന് മരണത്തെ വെല്ലുവിളിക്കാൻ എനിക്കു കഴിയുന്നു.

"മരണത്തിനോ ജീവനോ, ഇപ്പോഴുള്ളതിനോ വരുവാനുള്ളതിനോ" ക്രിസ്തുവിൽ നിന്ന് എന്നെ വേർപിരിക്കാൻ കഴിയുകയില്ല എന്ന് അപ്പൊസ്തൊലനായ പൗലൊസ് എഴുതി. ഞാനും അതുതന്നെ പറയുന്നു.

എന്റെ പരിവർത്തനത്തെ ഞാൻ മതംമാറ്റം എന്നു വിശേഷിപ്പിക്കാറില്ല. മനംമാറ്റം എന്ന പദപ്രയോഗമായിരിക്കും കൂടുതൽ ശരി. ഇത് മതംമാറ്റമല്ല; സത്യത്തെ സ്വീകരിക്കലാണ്.

ദൈവം ഭൂമിയിൽ വന്നാൽ എങ്ങനെയിരിക്കും എന്ന് ഭാവന ചെയ്തു നോക്കുക. ദൈവം എങ്ങനെയുള്ളവൻ ആകണമെന്ന് സങ്കല്പിച്ചുനോക്കുക. നിങ്ങൾ ഭാവന ചെയ്യുന്ന ഗുണങ്ങൾ എല്ലാം യേശുവിൽ ഉണ്ട്.

യേശുവിന്റെ ജനനമരണപുനരുത്ഥാനങ്ങളിൽ കാണുന്ന പ്രത്യേകതയും പൂർണതയും അവിടുന്ന് ദൈവപുത്രനാണെന്നു തെളിയിക്കുന്നു. യേശുവിന്റെ ജീവിതത്തിലെ പ്രധാന സംഭവങ്ങളെല്ലാം നൂറ്റാണ്ടുകൾക്കുമുമ്പേ പ്രവചിക്കപ്പെട്ടിരുന്നു.

നിങ്ങൾക്ക് ക്രിസ്തുവിനോട് ഒരു പ്രത്യേക സ്നേഹം തോന്നുന്നുവോ? എങ്കിൽ അത് ദൈവശബ്ദമാണ്. ക്രിസ്തുവിനെ സ്വീകരിക്കാനുള്ള ആഹ്വാനം.

എന്റെ സാക്ഷ്യം വായിക്കുന്നവർ സാക്ഷാൽ ഏകസത്യമായ ക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിച്ചുകാണണമെന്നുള്ളത് എന്റെ ആത്മാർത്ഥമായ ആഗ്രഹമാണ്. ■

**ദൈവസഭാ ദൂതൻ, 1995**

*[കൊരട്ടി കുഷ്ഠ രോഗാശുപത്രിയിൽ വച്ച് ശ്രീ ആത്മൻ നായർ 1997 ൽ പ്രത്യാശയോടെ നിര്യാതനായി എന്ന വിവരം "ദൈവസഭാ ദൂതൻ" മാസികയുടെ ചീഫ് എഡിറ്റർ പാസ്റ്റർ പി. എം. തോമസ് സമ്പാദകനെ അറിയിക്കുകയുണ്ടായി. അനാരോഗ്യവേളകളിലും അദ്ദേഹം 'ദൈവസഭാ ദൂതനു'വേണ്ടി ലേഖനങ്ങൾ എഴുതിയിരുന്നതായും പാസ്റ്റർ തോമസ് അറിയിച്ചു.]*

# 10 ഉറ്റവരുടെ അടിയേറ്റു തളർന്നപ്പോൾ

**കെ. കെ. അലവി**

**1951**ജൂലൈ 15ന് ഒരു യാഥാസ്ഥിതിക മുസ്‌ലിം കുടുംബത്തിൽ ഞാൻ ജനിച്ചു. എന്റെ ജന്മസ്ഥലം മലപ്പുറം ജില്ലയിലെ ചെറുകുന്നു ഗ്രാമം. യെമനി മുസ്‌ലിം ഗോത്രത്തിൽ ഉൾപ്പെട്ടവരാണ് എന്റെ കുടുംബക്കാർ. ഞങ്ങളുടെ പൂർവ്വികർ പതിനൊന്നാം നൂറ്റാണ്ടിൽ യെമനിൽ നിന്ന് കേരളത്തിലേക്ക് കുടിയേറിയ അറബികളാണ്.

എന്റെ മനസ്സാക്ഷിയുടെ അടിസ്ഥാനത്തിൽ ഞാൻ ക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിച്ചു. ഇക്കാരണത്താൽ സ്വന്തം സമുദായത്തിലെ അംഗങ്ങൾ എനിക്കെതിരെ ഭീഷണികൾ ഉയർത്തിക്കൊണ്ടിരുന്നു. സുരക്ഷിതത്വത്തിനു വേണ്ടി എന്റെ ഐഡന്റിറ്റി മറച്ചുവയ്ക്കേണ്ടി വന്നു. അങ്ങനെയാണ് 'ഖിസ്സിസ് കെ. ഷാലിയഖ്' എന്ന തൂലികാ നാമത്തിൽ ഞാൻ എഴുതിയ ചില കൃതികൾ പ്രസിദ്ധികരിക്കേണ്ടി വന്നത്.

ആദ്യകാലത്ത് കെ. കെ. അലവി എന്ന യഥാർത്ഥ പേരിലാണ് ഗ്രന്ഥങ്ങളും ലഘുലേഖകളും പ്രസിദ്ധീകരിച്ചു തുടങ്ങിയത്. എന്നാൽ എന്റെ കൃതികൾ വാങ്ങുകയോ വായിക്കുകയോ ചെയ്യരുതെന്ന് മുസ്‌ലിം പള്ളികളിൽ അറിയിപ്പുകൾ നടത്താറുണ്ടായിരുന്നു. പേരുമാറ്റാനുള്ള മറ്റൊരു കാരണം ഇതാണ്.

അറബികളുടെ സമ്പ്രദായമനുസരിച്ച് ഒരു പിതാവ് തന്റെ പേര് അയാളുടെ ആദ്യ പുത്രനോടു ബന്ധപ്പെടുത്തി എഴുതാറുണ്ട്. ഒരു ഉദാഹരണം സങ്കല്പിച്ചാൽ, മോട്ടിലാൽ നെഹ്റു എന്ന പേരിനു പകരം 'ജവാഹർലാൽ നെഹ്റുവിന്റെ പിതാവ്' എന്ന പേര് സ്വീകരിക്കുന്നതിനു തുല്യം. ഞാനും എന്റെ മകന്റെ പേരിനോടു ബന്ധപ്പെടുത്തി 'അബു അബ്ദുൽ മസീഹ്' (അബ്ദുൾ മസീഹിന്റെ പിതാവ്) എന്ന പേരിലും ലേഖനങ്ങളും പുസ്തകങ്ങളും ആമുഖങ്ങളും എഴുതിയിട്ടുണ്ട്.

പാർസിവംശജയായ എന്റെ ഭാര്യയുടെ പേര് യാസ്മിൻ ഷാഷാദി റൂത്ത് എന്നാണ്. ഒരു ഷെയ്ക്കിന്റെ (മൗലാന ഷെയ്ക്ക് ഭദ്രുതീൻ അസാദ്) മകളാണ് ഭാര്യ. എനിക്ക് മൂന്നു മക്കൾ.

എന്റെ പിതാവ് ഒരു മുസ്‌ലിം പുരോഹിതനായിരുന്നു. അദ്ദേഹം എന്നെയും മറ്റുപലരെയും ഖുർആൻ പഠിപ്പിച്ചിട്ടുണ്ട്. എന്റെ അഞ്ചാമത്തെ വയസ്സിൽ (1956) ഞാൻ മദ്രസയിൽ (മുസ്‌ലിം മതപാഠശാല) ചേർന്നു. അഞ്ചുവർഷം അവിടെ പഠിച്ചു. ഇസ്‌ലാമിക വിശ്വാസപ്രമാണങ്ങളെപ്പറ്റി ഒരു സാമാന്യജ്ഞാനം ലഭിക്കുവാൻ അവിടത്തെ പഠനങ്ങൾ സഹായിച്ചു. ധാരാളം ഖുർആൻ സൂക്തങ്ങൾ മനഃപാഠമാക്കുകയും ചെയ്തു. മദ്രസയിൽ പഠിക്കുന്ന വർഷങ്ങളിൽ അറബിപഠിക്കുന്നതിനുവേണ്ടി ഇഹ്‌യ ഉസുന്ന (അറവിദസ് വിദ്യാദ്യം) എന്ന സ്ഥാപനത്തിൽ തുടർച്ചയായി പൊയ്ക്കൊണ്ടിരുന്നു. വൈകിട്ട് 5 മുതൽ 8.30 വരെ ആയിരുന്നു ക്ലാസ്സുകൾ. ഇസ്‌ലാമിക മതഗ്രന്ഥങ്ങളിലെ ഉള്ളടക്കങ്ങൾ കൂടുതൽ മനസ്സിലാക്കുവാൻ അറബിഭാഷാജ്ഞാനം വളരെ സഹായകമായി.

1961ൽ കോട്ടയ്ക്കൽ പട്ടണത്തിലുള്ള ഗവണ്മെന്റു മാപ്പിള സ്ക്കൂളിൽ ഞാൻ ആറാം ക്ളാസ്സ് വിദ്യാർത്ഥിയായി ചേർന്നു. അന്നൊരു ദിവസം ഞാൻ



സ്ക്കൂളിൽ നിന്ന് വീട്ടിലേക്കു നടന്നു വരികയായിരുന്നു. അപ്പോൾ കോട്ടയ്ക്കൽ ചന്തമൈതാനത്ത് ഒരു കൂട്ടം ക്രൈസ്തവ വിശ്വാസികൾ സുവിശേഷം പ്രസംഗിക്കുന്നു. അവർ എനിക്ക് 'തമ്പിയുടെ ഹൃദയം' എന്ന ഒരു ലഘുലേഖ നൽകി. എന്റെ അയൽവാസിക്ക് 'രക്ഷാമാർഗ്ഗം' എന്ന മറ്റൊരു കൃതിയും. ക്രിസ്ത്യാനികളെ ഞങ്ങൾ നസ്റാണികൾ എന്നാണ് പരിഹസിച്ചുവിളിച്ചിരുന്നത്. നസ്റാണികളോടുള്ള വിരോധം പ്രകടിപ്പിക്കാനായി എന്റെ അയൽവാസി തനിക്കു കിട്ടിയ ലഘുലേഖ പിച്ചിച്ചീന്തി. എന്നാൽ ഞാനാകട്ടെ, ആ കൃതി ജിജ്ഞാസയോടെ വായിച്ചു തീർത്തു. നാലഞ്ചു ചിത്രങ്ങളിലൂടെയാണ് ലഘുലേഖയിലെ പ്രമേയങ്ങൾ വിശദീകരിക്കപ്പെടുന്നത്.

തമ്പി എന്ന ഒരു യുവാവാണ് ലഘുലേഖയിലെ പ്രധാന കഥാപാത്രം. തമ്പിയുടെ വലിയ ഒരു ചിത്രം പുറം കവറിൽ വരച്ചു ചേർത്തിട്ടുണ്ട്. അയാളുടെ ഹൃദയത്തിന്റെ നടുക്ക് കുന്തവും ശൂലവും കൈകളിലേന്തി അധികാരത്തോടെ നിൽക്കുന്ന സാത്താൻ. സാത്താന്റെ ചുറ്റുമായി ഹൃദയത്തിനുള്ളിൽ അനേകം ജീവികൾ. ഓരോ ജീവിയും മനുഷ്യന് ദോഷം ചെയ്യുന്ന ഓരോ സ്വഭാവങ്ങളെയാണ് പ്രതിനിധീകരിക്കുന്നത്.

ആദ്യത്തെ ജന്തു നീലച്ചിറകുകൾ വിടർത്തിയ വലിയ ഒരു മയിൽ. ഈ പക്ഷി അഹന്ത എന്ന ദുഃസ്വഭാവത്തിന്റെ പ്രതീകമാണ്. മറ്റു ജീവികളുമുണ്ട്: പുൽത്തകിടിയിൽ അനങ്ങാതെ ഒളിച്ചുകിടക്കുന്ന പാമ്പ് (ചതിവ്); കോലാട് (നിയന്ത്രണമില്ലാത്ത മോഹങ്ങൾ); പന്നി (അത്യാർത്തി); തവള (നുണ); കടുവാ (പ്രതികാരവാഞ്ഛ); ചെന്നായ് (കോപം).

ഇത്രയും ജീവികൾ സാത്താന്റെ കൽപ്പനകൾ അനുസരിച്ച് തമ്പിയുടെ ഹൃദയത്തിൽ നിരന്തരമായി അസ്വാസ്ഥ്യങ്ങൾ സൃഷ്ടിക്കുന്നു. പെട്ടെന്ന് പരിശുദ്ധാത്മാവിന്റെ പ്രതീകമായ ഒരു മാടപ്രാവ് സൗമ്യതയോടെ ഹൃദയത്തെ ലക്ഷ്യമാക്കി പറന്നടുക്കുന്നു. പ്രാവിനെ കണ്ട മാത്രയിൽ തമ്പിയെ പീഡിപ്പിക്കുന്ന ജന്തുക്കളെല്ലാം പരിഭ്രമിച്ചു നോക്കുന്നു. തമ്പിയാകട്ടെ, ഹൃദയം തുറന്ന് പ്രാവിനെ സ്വാഗതം ചെയ്യുന്നു. പ്രാവ് ഹൃദയത്തിന്റെ മുകൾത്തട്ടിൽ പ്രകാശം സ്ഫുരിക്കുന്ന ചിറകുകൾ വിരിച്ചുകൊണ്ട് സാവധാനത്തിൽ വന്നിരിക്കുന്നു. പെട്ടെന്ന് കടുംചുവപ്പുനിറമുള്ള ഒരു കുരിശ് ഹൃദയത്തിന്റെ മദ്ധ്യത്തിൽ പ്രത്യക്ഷപ്പെടുന്നു. ഒപ്പം യേശുക്രിസ്തുവും. അപ്പോഴേക്കും ജന്തുക്കളെല്ലാം ഹൃദയത്തിനു വെളിയിൽ ചാടിക്കഴിഞ്ഞു. എന്നാൽ വീണ്ടും അകത്തേക്കു പ്രവേശിക്കാൻ തക്കം നോക്കിയാണ് അവ വെളിയിൽ നിൽക്കുന്നത്.

പെട്ടെന്ന് ഹൃദയത്തിന്റെ അടിത്തട്ടിൽ താളുകൾ നിവർത്തിയ ഒരു ബൈബിൾ പ്രത്യക്ഷപ്പെടുന്നു. അതോടെ, ഹൃദയത്തിനു വെളിയിൽ ചുറ്റുവട്ടം നിന്നിരുന്ന ജന്തുക്കൾ ശരീരത്തിൽ നിന്നും പുറത്തേക്കു ചാടുന്നു– എന്നെങ്കിലും എങ്ങനെയെങ്കിലും അകത്തേക്കുകയറുവാൻ തക്കം നോക്കിക്കൊണ്ട്. എന്നാൽ ദൈവവചനം ഈ ദുഷ്ടശക്തികൾക്കെതിരെ പ്രതിരോധം സൃഷ്ടിച്ചു കഴിഞ്ഞു. യേശുക്രിസ്തുവിന്റെ സ്നേഹാർദ്രമായ മുഖം തമ്പിയുടെ ഹൃദയത്തിൽ പരിവർത്തനം വരുത്തിയിരിക്കുന്നു. അവൻ സൽസ്വഭാവിയായ ഒരു യുവാവായിതീരുന്നു. ഇതാണ് നാലഞ്ചുപടങ്ങളിലൂടെ ചിത്രീകരിക്കുന്ന കഥയുടെ ഇതിവൃത്തം.

മദ്രസയിൽ വച്ചു നടത്തിയ അഞ്ചു വർഷത്തെ മതപഠനത്തിനിടയിൽ യേശുക്രിസ്തുവിനെപ്പറ്റി (ഈസാനബി) ഞാൻ വായിച്ചിട്ടുണ്ട്. കേട്ടിട്ടുണ്ട്. ഖുർആനിലും ഹദീസുകളിലും പ്രവാചക കഥകളിലും യേശുക്രിസ്തുവിനെപ്പറ്റി പല കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. മൗലവിമാരും മറ്റ് അദ്ധ്യാപകരും യേശുക്രിസ്തു

വിനെപ്പറ്റി ഞങ്ങൾക്കു പറഞ്ഞുതന്നിരുന്നു. എന്നാൽ, ഇസ്‌ലാം മതഗ്രന്ഥങ്ങളിലെ യേശുവും തമ്പിയുടെ ഹൃദയത്തിലെ യേശുവും തമ്മിൽ വ്യത്യാസമുണ്ടെന്ന് ഞാൻ പെട്ടെന്നു മനസ്സിലാക്കി.

ലഘുലേഖയിലെ ക്രിസ്തു ദൈവപുത്രനാണ്. എന്നാൽ ഇസ്‌ലാമിലെ ക്രിസ്തു ഒരു പ്രവാചകൻ മാത്രമാണ്. ലഘുലേഖയിലെ ക്രിസ്തു തമ്പിയുടെ പാപങ്ങൾ ക്ഷമിച്ച് അവനെ ദൈവത്തിന്റെ ഇഷ്ടപുത്രനാക്കുന്നു. എന്നാൽ ഇസ്‌ലാമിലെ യേശു ക്രിസ്തുവോ? അദ്ദേഹത്തിന് പാപം ക്ഷമിച്ചുതരാൻ അധികാരമില്ല. അല്ലാഹുവിനുമാത്രമേ പാപക്ഷമ അരുളാൻ സാധിക്കൂ. ഇസ്‌ലാം മതത്തിൽ അല്ലാഹുവിനും മനുഷ്യനും ഇടയിൽ മധ്യസ്ഥന്മാർ ആരുമില്ല. അല്ലാഹുവിന് ഇഷ്ടമെങ്കിൽ ഇടയ്ക്കിടെ മനുഷ്യമധ്യസ്ഥന്മാരെ നിയോഗിക്കാം എന്നു മാത്രം. എന്നാൽ ലഘുലേഖയിലെ യേശു എക്കാലത്തും എല്ലാവരുടെയും മധ്യസ്ഥനാണ്.

എനിക്ക് അന്ന് പതിനൊന്നുവയസ്സ്. ലഘുലേഖയിൽ ചിത്രീകരിച്ചിരുന്ന അനവധി പാപങ്ങൾ എന്റെ ഹൃദയത്തിലും സ്ഥാനം പിടിച്ചുകഴിഞ്ഞു എന്ന് ആ കൃതി വായിച്ചുകഴിഞ്ഞപ്പോൾ തോന്നി. പാപഭാരം നീക്കിക്കളയണമെന്ന് ആഗ്രഹിക്കുന്നവർ യേശുവിനെ ഹൃദയം തുറന്ന് ഉള്ളിലേക്ക് സ്വാഗതം ചെയ്തുകൊണ്ട് പ്രാർത്ഥിക്കുവാനുള്ള ആഹ്വാനം ലഘുലേഖയുടെ അവസാനത്തെ പേജിൽ ഉണ്ടായിരുന്നു. പ്രസ്തുത ആഹ്വാനം സ്വീകരിക്കുവാൻ ഞാൻ തയ്യാറല്ലായിരുന്നു. എന്നാൽ ക്രിസ്തുവിനെപ്പറ്റി കൂടുതലായി അറിയാനുള്ള ജിജ്ഞാസയോടെയാണ് ലഘുലേഖ മടക്കിവച്ചത്. ലഘുലേഖയിൽ കണ്ട വിലാസത്തിൽ ക്രിസ്തുവിനെപ്പറ്റിയുള്ള പാഠങ്ങൾക്കുവേണ്ടി ഒരു കത്തെഴുതുകയും ചെയ്തു.

തപാൽ വഴിയുള്ള ആദ്യത്തെ പാഠം ദിവസങ്ങൾക്കുള്ളിൽ പോസ്റ്റോഫീസിൽ വന്നെത്തി. നിർഭാഗ്യവശാൽ പോസ്റ്റ്മാൻ അത് എന്റെ എളാപ്പയെ (കൊച്ചപ്പൻ) ആണ് ഏല്പിച്ചത്. എളാപ്പ എന്റെ പിതാവിനെയും!! വൈകിട്ട് പിതാവ് എന്നെ വീട്ടുവരാന്തയിലുള്ള ഒരു തൂണിൽ പിടിച്ചുകെട്ടി. ഞാൻ അവശനാകുന്നതുവരെ അടിച്ചു.

രാവിലെ അദ്ദേഹം സ്നേഹത്തോടെ എന്നെ ഗുണദോഷിച്ചു: "ക്രിസ്ത്യാനികളുടെ പുസ്തകങ്ങൾ വായിച്ചാൽ മതം മാറാൻ അത് പ്രേരണ നൽകും. ബന്ധുക്കളും നാട്ടുകാരും നമ്മെ പുറന്തള്ളും. ഇത്തരം പുസ്തകങ്ങൾ നമുക്ക് ഹറാം ആണ് (നിഷിദ്ധം).

ഞാൻ ക്ഷമ ചോദിച്ചു. ഇനി ഒരിക്കലും അത്തരം കൃതികൾ വരുത്തുകയോ വായിക്കയോ ഇല്ലെന്ന് ഉറപ്പു നൽകി. തപാലിൽ വന്ന പാഠങ്ങളും ലഘുലേഖയും കത്തിച്ചു നശിപ്പിച്ചു. മാത്രമല്ല, അന്നു മുതൽ എനിക്കു പരിചിതമായ ഇസ്‌ലാമിക ചടങ്ങുകൾ പണ്ടത്തെക്കാൾ കൂടുതൽ കൃത്യനിഷ്ഠയോടെ നിർവഹിക്കുവാനും തുടങ്ങി.

പിന്നീടുള്ള ദിവസങ്ങളിൽ തമ്പിയുടെ ഹൃദയത്തിലെ പാപങ്ങളും അവ മോചിച്ച് അവന്റെ ഹൃദയത്തെ ശുദ്ധീകരിച്ച യേശുക്രിസ്തുവിന്റെ കരുണയും കൂടെക്കൂടെ എന്റെ ഓർമ്മയിലേക്ക് വന്നുകൊണ്ടിരുന്നു. ആ നല്ലകൃതി കത്തിച്ചുകളഞ്ഞതിനെപ്പറ്റിയുള്ള കുറ്റബോധവും എന്നിലുണ്ടായിക്കൊണ്ടിരുന്നു. വിട്ടുമാറാത്ത ഒരു പാപബോധം എന്റെ ഉള്ളിൽ അടിഞ്ഞുകൂടിയതുപോലെ!!

പിന്നീടുള്ള ആഴ്ചകളിൽ ഖുർആനും ഹദീസുകളുടെ സംഗ്രഹങ്ങളും പ്രവാചകകഥകളും കൂടുതലായി വായിക്കുവാൻ തുടങ്ങി. മുഹമ്മദു നബിയെക്കാൾ അത്ഭുത സിദ്ധികളുള്ള ഒരു വ്യക്തിയായി ചില ഇസ്‌ലാം മതഗ്രന്ഥങ്ങൾ യേശുവിനെ അവതരിപ്പിച്ചിട്ടുണ്ട്. മുഹമ്മദിന് ഒരിക്കലും ചെയ്യാൻ കഴിഞ്ഞിട്ടില്ലാത്ത



അത്ഭുതപ്രവൃത്തികൾ യേശുക്രിസ്തുവിന് ചെയ്യാൻ കഴിഞ്ഞിട്ടുള്ളതായി ചില സൂറകളിൽ ഖുർആൻ പറയുന്നത് എന്റെ ശ്രദ്ധയിൽപെട്ടു. അന്ത്യകാലത്ത് യേശുക്രിസ്തു (ഈസാനബി) മറ്റാർക്കും ചെയ്യാൻ സാധിക്കാത്ത ശുശ്രൂഷകൾ ചെയ്യാൻ പ്രത്യക്ഷപ്പെടും എന്ന കാര്യം ഇസ്‌ലാംമത ഗ്രന്ഥങ്ങളിൽ ഉള്ളത് പണ്ഡിതർ പറയുന്നതും ഞാൻ കേട്ടിട്ടുണ്ട്. ബന്ധുമിത്രാദികളുടെ സംസാരങ്ങളിലും യേശുവിനെപ്പറ്റി ഇത്തരം പുകഴ്ത്തലുകൾ കേട്ടിട്ടുണ്ട്.

യേശുവിനെപ്പറ്റി കൂടുതൽ ചോദ്യങ്ങൾ മതപഠനവേളകളിൽ ഞാൻ ഉന്നയിച്ചുകൊണ്ടിരുന്നു. ഞങ്ങളുടെ മൗലവിയും കൂടാതെ എന്റെ പിതാവും എന്റെ ജിജ്ഞാസ മനസ്സിലാക്കി വീണ്ടും എന്നെ ശാസിക്കയുണ്ടായി.

എന്റെ ഗ്രാമത്തിന്റെ അടുത്ത പട്ടണമായ (അഞ്ചുമൈൽദൂരം) മലപ്പുറത്തും ഞാൻ പഠിച്ച സ്കൂൾ സ്ഥിതി ചെയ്യുന്ന കോട്ടയ്ക്കലും കുറെ മിഷനറിമാരും മറ്റു ക്രിസ്ത്യാനികളും ഉള്ളതായി എനിക്കറിയാമായിരുന്നു. ക്രിസ്തുവിനെപ്പറ്റി അറിയാനുള്ള താല്പര്യം എന്റെ ഉള്ളിൽ കൂടിക്കൂടി വന്നപ്പോൾ ഞാനും എന്റെ കൂട്ടുകാരൻ അബ്ദുള്ളയും കൂടി മലപ്പുറം ക്രിസ്റ്റ്യൻ മിഷൻ ആശുപത്രിയിൽ പോയി അവിടെയുണ്ടായിരുന്ന ഒരു പാശ്ചാത്യമിഷനറിയെയും മറ്റു ചില ക്രിസ്ത്യാനികളെയും കണ്ടു. മിഷനറിയും ഫാർമസിസ്റ്റ് കുഞ്ഞുകുഞ്ഞും യേശുക്രിസ്തുവിനെപ്പറ്റി പലകാര്യങ്ങൾ ഞങ്ങൾക്കു വിശദീകരിച്ചുതന്നു. കോട്ടയ്ക്കൽ വായനശാലയിലെ ഉദ്യോഗസ്ഥനായ ജോർജിനെ ഞങ്ങൾക്ക് പരിചയപ്പെടുത്തി തരികയും ചെയ്തു. അവിടെ ചെന്ന് ചുരുക്കം ചില വേദപഠനക്ലാസ്സുകളിൽ പങ്കുകൊള്ളാനും ഞങ്ങൾക്കു സാധിച്ചു. ബസ്ചാർജ്ജിനുള്ള പണം അവർ നൽകിയിട്ടുണ്ട്.

ഞങ്ങൾ ക്രിസ്ത്യാനികളുമായി ബന്ധപ്പെടുന്ന കാര്യം അബ്ദുള്ളവഴി അയൽവാസികളും വീട്ടുകാരും അറിഞ്ഞു. അന്നൊരു ദിവസം ഞാൻ സ്ക്കൂളിൽ നിന്ന് വീട്ടുപടിയ്ക്കൽ എത്തിയപ്പോൾ തന്നെ സംഗതിയുടെ ഗൗരവം മനസ്സിലായി. എന്റെ അമ്മയുടെയും ഇളയ സഹോദരിയുടെയും കണ്ണുകളിൽ നിന്ന് ഇറ്റിറ്റുവീണ ചുടുനീർ ഉടനെ സംഭവിക്കാൻ പോകുന്ന കാര്യങ്ങളുടെ മുന്നറിയിപ്പായിരുന്നു. ഞാൻ വീട്ടിനുള്ളിൽ പ്രവേശിച്ചതും പിതാവ് അലറിക്കൊണ്ട് എന്റെ മുമ്പിൽ ചാടി വീണതും ഒന്നിച്ചു സംഭവിച്ചു. എന്റെ രണ്ടു കൈകളും പിന്നിലേക്കു വച്ച് കൂട്ടിക്കെട്ടി. ഭിത്തിയോടു ചേർത്ത് എന്നെ കിടത്തി. എന്നിട്ട് ചൂരലുകൊണ്ട് അടിതുടങ്ങി. എന്റെ മുഖത്ത് അരച്ചു കലക്കിയ കാന്താരിമുളക് തളിച്ചു. മർദ്ദനമുറകൾ കണ്ടുസഹിക്കാനാവാതെ ഉമ്മ ബോധം കെട്ട് നിലത്തുവീണു.

ആ രാത്രിയിൽ ഞാൻ വേദനയോടെ ഉറങ്ങിയും ഉറങ്ങാതെയും കിടന്നു. രാവിലെ തന്നെ പിതാവ് എന്നെക്കൊണ്ട് ചില പ്രായശ്ചിത്ത ചടങ്ങുകൾ ചെയ്യിച്ചു. ആദ്യം ഇസ്‌ലാമിന്റെ വിശ്വാസപ്രമാണം (ശഹാദത്കലിമ) ഏറ്റുചൊല്ലിച്ചു. അതു കഴിഞ്ഞ് അദ്ദേഹം ക്രിസ്തുമതത്തെപ്പറ്റി പലകാര്യങ്ങൾ തരംതാഴ്ത്തി സംസാരിച്ചു. ക്രിസ്ത്യാനികൾ വേദപുസ്തകത്തിൽ മായം ചേർത്തെന്നും നസ്രാണികൾ ദുഷിച്ച ജീവിതമുള്ളവരാണെന്നും പറഞ്ഞുതന്നു. യേശുക്രിസ്തുവിനെപ്പറ്റിയുള്ള ക്രൈസ്തവ വിശ്വാസികളുടെ ധാരണകൾ വഴിതെറ്റിയ വ്യാഖ്യാനങ്ങളാണെന്നുപോലും. രാവിലെ തന്നെ എന്റെ സഹോദരന്റെ ഭാര്യ എനിക്കു വായനശാലയിൽ നിന്നും കിട്ടിയ പുസ്തകങ്ങളെല്ലാം കത്തിച്ചു കളഞ്ഞു.

പാപം, ന്യായവിധി, മരണം, നരകം എന്നീ വിഷയങ്ങൾ വീണ്ടും എന്നെ അസ്വസ്ഥനാക്കിക്കൊണ്ടിരുന്നു. ഞാൻ എന്റെ ക്രൈസ്തവ സുഹൃത്തുക്കളെ

അവസരം കിട്ടുമ്പോഴെല്ലാം രഹസ്യമായി സന്ദർശിച്ചുകൊണ്ടിരുന്നു. മിഷൻ ഹോസ്പിറ്റലിലുള്ള മിഷനറിയും മറ്റുഭാരവാഹികളും എന്റെ സംശയങ്ങൾക്ക് സ്നേഹപൂർവ്വം മറുപടിതന്നു. വായനശാലയിൽ നിന്നു സൗജന്യമായി കിട്ടിയ 'പുതിയനിയമം' (ഇഞ്ചീൽ) ഞാനൊരു പ്ളാസ്റ്റിക് ബാഗിൽ ഭദ്രമായി പൊതിഞ്ഞ് വീടിനടുത്ത് ഒരു കുറ്റിക്കാട്ടിൽ വലിയ ഒരു കല്ലിനടിയിൽ ഒളിച്ചു വച്ചു. വീട്ടുകാരെ കണ്ണുവെട്ടിച്ച് അതുവായിക്കുകയും ചെയ്തിരുന്നു.

ക്രിസ്ത്യാനികളെപ്പറ്റി പല തരത്തിലുള്ള മുൻ വിധികൾ എന്റെ ഉള്ളിൽ കുത്തിവച്ചിട്ടുണ്ടായിരുന്നു. വീട്ടുകാരിൽ നിന്നോ അയൽക്കാരിൽ നിന്നോ ക്രിസ്ത്യാനികളെപ്പറ്റി നല്ല കാര്യങ്ങളൊന്നും കേട്ടിട്ടില്ല. എന്നാൽ ക്രിസ്ത്യാനികളുമായി പരിചയപ്പെട്ടപ്പോൾ എന്റെ തെറ്റിദ്ധാരണകൾ നീങ്ങിത്തുടങ്ങി. വളരെ വിശാലമായ സ്നേഹം ഉള്ളവരാണ് യഥാർത്ഥ ക്രിസ്ത്യാനികൾ എന്ന് ഞാൻ മനസ്സിലാക്കി.

1963 ൽ (പതിമൂന്നാം വയസ്സിൽ) ഒരു ഞായറാഴ്ച ഞാൻ വീണ്ടും ക്രിസ്ത്യാനികളുടെ മതപഠനത്തിനു പോകാൻ തയ്യാറായി. അല്പം ദൂരെയുള്ള ഒരു ബസ്സ്റ്റോപ്പിൽ ചെന്നാണ് ബസ് കയറിയത്. പെട്ടെന്ന് ഞാൻ ഞെട്ടിപ്പോയി. എന്റെ ഒരു എളാപ്പ ആ ബസിലുണ്ടായിരുന്നു. അന്ന് വീട്ടിലേക്കു മടങ്ങിയത് അങ്ങേയറ്റം ഭയത്തോടുകൂടിയായിരുന്നു. പക്ഷേ പിതാവ് ഞാൻ മതപഠനത്തിനു പോയ വിവരം അറിഞ്ഞത് രണ്ടുദിവസം കഴിഞ്ഞാണ്. ബുധനാഴ്ച ഞാൻ സ്ക്കൂളിൽ നിന്നുവരുന്ന വഴി പിതാവ് എന്നെ നേരിട്ടു. അദ്ദേഹം എന്നെ കുറ്റിക്കാട്ടിലേക്ക് പിടിച്ചെറിഞ്ഞു. പിന്നെ വീട്ടിൽ കൊണ്ടു വന്ന് പൊതിരെ അടി തുടങ്ങി. തടയാൻ ശ്രമിച്ചപ്പോൾ ഉമ്മയ്ക്കും അടികിട്ടി. വീണ്ടും ഇസ്ലാംപ്രമാണം ഏറ്റു ചൊല്ലിച്ചു. മേലിൽ മതപഠനങ്ങൾക്കായി ക്രിസ്ത്യാനികളുമായി ബന്ധപ്പെടുകയില്ലെന്ന് പ്രതിജ്ഞയും ചെയ്യേണ്ടിവന്നു.

നാട്ടുകാർ എന്നെ പല പല പേരുകൾ വിളിച്ച് കളിയാക്കാൻ തുടങ്ങി – ശപിക്കപ്പെട്ടവൻ, നസ്രാണിമത്തായി എന്നൊക്കെ! അദ്ധ്യാപകർ പോലും എന്നോട് ക്രൂരമായി പെരുമാറി. ഒരു ക്രിസ്ത്യാനി അദ്ധ്യാപകനേ അവിടെ ഉണ്ടായിരുന്നുള്ളു. ഒരു ഹിന്ദുവും. മറ്റെല്ലാവരും മുസ്ലിംകൾ.

അക്കാലത്ത് എന്റെ ഏക ആശ്വാസം കുറ്റിക്കാട്ടിൽ ഒളിഞ്ഞിരുന്ന് 'പുതിയനിയമം' വായിക്കയായിരുന്നു.

ഞാൻ ഏഴാംക്ലാസ്സിൽ പഠിക്കുന്നകാലം, നാടുവിടാൻ ആഗ്രഹിച്ചുകൊണ്ട് മലപ്പുറത്തുള്ള മിഷനറിയെ സമീപിച്ചു. അദ്ദേഹം എന്നെ വിലക്കി. പ്രായപൂർത്തിയാകുന്നതുവരെ വീട്ടിൽ തന്നെ താമസിക്കാനായിരുന്നു അദ്ദേഹം ഉപദേശിച്ചത്.

പക്ഷേ നാടുവിട്ടേ രക്ഷയുള്ളു എന്ന് എനിക്കു തോന്നി. വായനശാലയിലെ എന്റെ സുഹൃത്തിനോടൊത്ത് രണ്ടു ദിവസം താമസിച്ചു. അപ്പോഴേക്കും എന്റെ ബന്ധുക്കൾ എന്നെ അന്വേഷിച്ച് ഇറങ്ങിക്കഴിഞ്ഞിരുന്നു. കുറെ മുസ്ലിംകൾ എന്നെ പിടികൂടി. അവർ എന്നെ മാപ്പളനാട് മുസ്ലിം വായനശാലയിൽ എത്തിച്ചു. അട്ടഹസിക്കാനും ക്രൂരമായി പെരുമാറാനും തുടങ്ങി. ഒടുവിൽ എന്റെ ഒരു ബന്ധു അനിഷ്ട സംഭവങ്ങൾ ഉണ്ടാകുന്നതിനു മുൻപേ എന്നെ അവിടെ നിന്നു രക്ഷിച്ചു. അദ്ദേഹം എന്നെ വീട്ടിലെത്തിച്ചപ്പോൾ അയൽവാസികൾ മിക്കവരും വീട്ടുമുറ്റത്തുണ്ടായിരുന്നു.

"ഇനിയും ഇവനെ എന്തുചെയ്യണം?" പിതാവ് ആരാഞ്ഞു. ഖുർആൻ വചനങ്ങൾ ഉദ്ധരിച്ചുകൊണ്ടാണ് പലരും എനിക്കുള്ള ശിക്ഷവിധിച്ചത്.

ആദ്യം എന്റെ ഒരു എളാപ്പ ആണ് സംസാരിച്ചത്: "ഇവനെ കഴുത്തറുത്തു കൊല്ലുകയാണു വേണ്ടത്". മറ്റൊരു എളാപ്പയും അതു തന്നെ പറഞ്ഞു. പട്ടിണി കിടത്തികൊല്ലണമെന്ന് ഒരു ബന്ധു. ഇങ്ങനെയൊക്കെ ചെയ്താൽ കുടുംബം ഒന്നടങ്കം ജയിലിൽ പോകേണ്ടി വരുമെന്ന് അയൽവാസികളിൽ ചിലർ.



ഉമ്മാ ഇടയ്ക്കു കയറി : "ആദ്യം എന്നെ കൊല്ലുക. പിന്നീടു മകനെ." ഞാൻ വാവിട്ടു കരഞ്ഞു പോയി. കൂട്ടത്തിൽ പല്ലു കടിച്ചു നിന്ന ഒരു എളാപ്പ എനിയ്ക്ക് ഒരടി തന്നു. തൊട്ടു പുറകെ പിതാവ്. ഒടുവിൽ എന്റെ രണ്ടു കൈകളും കൂട്ടിക്കെട്ടി മുറിയിലടച്ചു. എങ്കിലും ഉമ്മാ രഹസ്യമായി എനിക്കു ഭക്ഷണം നൽകിക്കൊണ്ടിരുന്നു.

അന്നൊരു ദിവസം ഒരു എളാപ്പയും ഒരു കൊല്ലനും കൂടി വീട്ടിൽ വന്നു. കലിമ ചൊല്ലി പശ്ചാത്തപിക്കണമെന്നാണ് പിതാവിന്റെ കല്പന. ഞാൻ എത്ര ശ്രമിച്ചിട്ടും ശബ്ദം പുറത്തുവരുന്നില്ല. കൊല്ലൻ എന്റെ കാലിൽ ഇരുമ്പു വളയങ്ങളിട്ടു. ചങ്ങലകൊണ്ട് എന്നെ പൂട്ടിയിട്ടു. യേശുക്രിസ്തു എന്റെ കൂടെയുണ്ടെന്ന് എനിക്കനുഭവപ്പെട്ടു. ആ വിശ്വാസമാണ് ഒരു ഭ്രാന്തനായിത്തീരാതെ എന്നെ വിടുവിച്ചത്. ആറാഴ്ചകൾ കഴിഞ്ഞപ്പോൾ എന്റെ ഒരു ബന്ധു ആരുമില്ലാത്ത സമയം നോക്കി എന്റെ വീട്ടിൽ വന്നു. ഒരു മഴുകൊണ്ട് ചങ്ങലകൾ വെട്ടിമുറിച്ച് അദ്ദേഹം എന്നെ സ്വതന്ത്രനാക്കിയപ്പോഴാണ് ആഴ്ചകൾക്കുശേഷം എന്റെ മനസ്സിൽ വെട്ടം വീണത്.

നാടുവിട്ടാലെ രക്ഷയുള്ളു എന്നെനിക്കുതോന്നി. ആരെയും അറിയിക്കാതെ അതു ചെയ്യുകയും വേണം. ഒരു ദിവസം ഉമ്മയെ അവസാനമായി ഒന്നുകൂടി നോക്കിയ ശേഷം ആരോടും പറയാതെ വീട്ടിൽ നിന്നിറങ്ങി. പത്തുമൈൽ നടന്ന് തിരൂർ റെയിൽവെ സ്റ്റേഷനിലെത്തി. തീവണ്ടി മാർഗ്ഗം കോഴിക്കോട്ടെത്തി. അവിടെ, ചെലവൂർ കവലയ്ക്കടുത്തുള്ള മാക്കൂർ ബാവുക്കയുടെ കുട്ടികളെ അറബിയും ഖുർആനും പഠിപ്പിക്കുന്ന ജോലി എനിക്കു കിട്ടി. അദ്ദേഹത്തിന്റെ ചായക്കടയിലും ചില്ലറ ജോലികൾ ഞാൻ ചെയ്തുകൊടുത്തിരുന്നു.

എന്നെ ചങ്ങലയിൽ ബന്ധിച്ച ദിവസങ്ങളിൽ മലപ്പുറത്തെ എന്റെ ക്രിസ്തീയ സുഹൃത്തുക്കൾ എനിക്കുവേണ്ടി പ്രാർത്ഥിച്ചു കൊണ്ടിരുന്നു. എന്നെ സഹായിക്കാൻ എന്തെങ്കിലും മാർഗ്ഗം ഉണ്ടോയെന്ന് അവർ അന്വേഷിച്ചുനോക്കിയതായി പിന്നീടു ഞാൻ അറിഞ്ഞു. പക്ഷേ മുസ്ലിംകൾ തിങ്ങിവസിക്കുന്ന എന്റെ ഗ്രാമത്തിൽ വന്ന് എന്നെ രക്ഷിക്കാൻ ശ്രമിച്ചാൽ അതു കൂടുതൽ അപകടം വിളിച്ചുവരുത്തുമെന്ന് അവർക്കു ഭയമുണ്ടായിരുന്നു. അത്തരം സാഹസങ്ങൾ എനിക്കും മറ്റുള്ളവർക്കും മരണത്തിനു തന്നെ കാരണമാകാമെന്നും അവർക്കുതോന്നി.

മാക്കൂർ ബാവുക്കയുടെ മക്കളെ ഞാൻ അറബിയും ഖുർആനും പഠിപ്പിക്കുന്ന കാലത്ത് തപാൽ വഴി വേദപാഠങ്ങൾ വരുത്തി വായിച്ചുകൊണ്ടിരുന്നു. അവിടെ അഞ്ചുമാസം ജോലി ചെയ്ത ശേഷം മൈസൂറിലുള്ള എന്റെ സഹോദരിയുടെ വീട്ടിലേക്കാണു പോയത്. അവിടെ ഒരു കൊല്ലം താമസിച്ചശേഷം എന്റെ സുഹൃത്തുക്കളെ കാണാൻ മലപ്പുറത്തു മടങ്ങിവന്നു. വീണ്ടും മൈസൂറിലെത്തി. അവിടെ പോസ്റ്റ് ആൻഡ് ടെലഗ്രാഫ് വകുപ്പിൽ ലൈൻമാനായി ജോലി കിട്ടി. നിർഭാഗ്യവശാൽ എനിക്ക് കടുത്ത ഇടുപ്പുവേദന തുടങ്ങി. ജോലിയിൽ തുടരാൻ സാധിച്ചില്ല. ഒരു മിഷനറിയുടെ സഹായത്താൽ ഞാൻ വെല്ലൂർ ക്രിസ്റ്റ്യൻ മെഡിക്കൽ കോളജിലെത്തി. വിജയകരമായ ഒരു ശസ്ത്രക്രിയ നടന്നു. ആരോഗ്യം തിരിച്ചുകിട്ടി.

അപ്പോഴേക്കും ദൈവവചനം കൂടുതൽ പഠിക്കാനുള്ള താല്പര്യമാണ് എന്നിലുദിച്ചത്. 1970 ജൂൺ മാസത്തിൽ നാഗർകോവിലിലുള്ള കൺകോർഡിയാ സെമി

നാരിയിൽ ചേർന്നു. അവിടെവച്ചാണ് ഇസ്ലാം -ക്രൈസ്തവ മതങ്ങളെപ്പറ്റിയുള്ള അനേക പുസ്തകങ്ങൾ വായിക്കുവാൻ അവസരം കിട്ടിയത്.

രണ്ടു മതങ്ങളെയും താരതമ്യം ചെയ്ത് ഞാൻ ചിന്തിച്ചു തുടങ്ങി. ഇസ്ലാമിക പ്രമാണങ്ങൾക്ക് ക്രൈസ്തവ വിശ്വാസ സംഹിതകളിൽ പലതും സ്വീകാര്യമാണ്. ഈ രണ്ടു മതങ്ങളിലെ വിശ്വാസപ്രമാണങ്ങൾക്കു തമ്മിൽ ധാരാളം സമാനതകളുണ്ട്.

രണ്ടുമതങ്ങളും ഏക ദൈവത്തിൽ വിശ്വസിക്കുന്നു – അല്ലാഹു, യെഹോവ. യേശുക്രിസ്തുവിനെ ക്രൂശിൽ യാഗമായി നൽകിയ യെഹോവ തന്നെയാണോ മുഹമ്മദുനബിയോട് മലക്കുകൾ വഴി സംസാരിച്ചത് എന്ന കാര്യത്തിലാണ് വിഭിന്നാഭിപ്രായമുള്ളത്. ക്രിസ്ത്യാനികളെ വേദക്കാർ (വിശുദ്ധ പുസ്തകം ലഭിച്ചവർ) എന്ന നിലയിൽ ഖുർആൻ അംഗീകരിക്കുന്നു. ക്രിസ്ത്യാനികളുടെ 'പുതിയ നിയമ'ത്തെപ്പറ്റി ഖുർആൻ ബഹുമാന പുരസ്സരം എഴുതുന്നു. യെഹൂദന്മാരുടെ 'പഴയനിയമവും' (തൗറാത്) മുഹമ്മദുനബി അംഗീകരിക്കുന്നു.

ക്രിസ്ത്യാനികളെയും ജൂതന്മാരെയും ഒരൊറ്റ കൊടിക്കീഴിലാണ് ഖുർആൻ അണിനിരത്തുന്നത് – വിശുദ്ധഗ്രന്ഥം നൽകപ്പെട്ടവർ (അഹ്ലുൽ കിത്താബ്). ഒരു വിധത്തിൽ ക്രിസ്ത്യാനികളെയും ജൂതന്മാരെയും മുസ്ലിംകളെയും ഒരൊറ്റ അപ്പന്റെ മക്കളായിട്ടാണ് ഖുർആനും ഹദീസുകളും പ്രവാചക കഥകളും കാണുന്നത്.

യേശുക്രിസ്തു അസാധാരണ ശക്തിയുള്ള വ്യക്തിയാണെന്ന് ഇസ്ലാം മതഗ്രന്ഥങ്ങൾ സമ്മതിക്കുന്നു. പുരുഷൻ തൊടാതെ കന്യകാമറിയം പരിശുദ്ധാത്മാവിൽ ഗർഭവതിയാകും എന്ന കാര്യം മലക്കുകൾ (മാലാഖമാർ) മറിയയെ അറിയിച്ച കാര്യം ഖുർആനിലുണ്ട്. യേശു മരിച്ചവരെ ഉയിർപ്പിച്ച കാര്യവും തീരാവ്യാധിക്കാരെ സൗഖ്യമാക്കിയ കാര്യവും മുസ്ലിം മതഗ്രന്ഥങ്ങളിലുണ്ട്. യേശുക്രിസ്തുവിന് ഭാവിയിൽ അസാധാരണമായ ചില ശുശ്രൂഷകൾ നിർവ്വഹിക്കാനുണ്ടെന്ന് രണ്ടുമതങ്ങളും അംഗീകരിക്കുന്നു. സാത്താനാണ് പാപപ്രവർത്തികളുടെ പിന്നിൽ എന്ന് രണ്ടുകൂട്ടരും വിശ്വസിക്കുന്നു.

യോജിപ്പുള്ള മറ്റുകാര്യങ്ങൾ : മനുഷ്യൻ പാപിയാണ്. ആദാമിന്റെ പാപം മനുഷ്യനുദോഷം വരുത്തി. എല്ലാ മനുഷ്യർക്കും സാത്താന്റെ സ്പർശം ഏറ്റിട്ടുണ്ട്; എന്നാൽ യേശുക്രിസ്തുവിന് സാത്താന്റെ സ്പർശം ഏറ്റിട്ടില്ല. ജനന സമയത്തുതന്നെ യേശുവിൽ ദൈവത്തിന്റെ ആത്മാവിന്റെ ശക്തി വ്യക്തമായി പ്രകടമായിരുന്നു. യേശു ദൈവത്തിന്റെ വചനമാണ്. യേശു സത്യവചനമാണ്. യേശു ദൈവത്തിന്റെ അഭിഷിക്തനാണ്. ന്യായവിധിയും നരകവും മനുഷ്യന്റെ മുൻപിലുണ്ട്.

ഇസ്ലാം മതവും ക്രിസ്തുമതവും തമ്മിലുള്ള കാതലായ ചില വ്യത്യാസങ്ങളും കൺകോർഡിയ സെമിനാരി ലൈബ്രറിയിൽ വച്ചു നടത്തിയ എന്റെ വായനയിൽ കൂടി എനിക്കു മനസ്സിലായി. മുഹമ്മദിന്റെ വെളിപാടുകൾ അനുസരിച്ച് യേശുവിനെ മരിക്കാൻ അല്ലാഹു അനുവദിച്ചില്ല. പകരം മറ്റൊരു മനുഷ്യനാണ് ക്രൂശിൽ മരിച്ചത്. ക്രൂശിൽ കിടന്നത് യേശുവാണെന്ന് ശിഷ്യന്മാർ തെറ്റിദ്ധരിച്ചതാണ്. ഇസ്ലാമിൽ രക്ഷയ്ക്ക് ഉറപ്പില്ല. അല്ലാഹുവിന്റെ ഇഷ്ടം ചെയ്താൽ രക്ഷപ്രാപിച്ചേക്കാം എന്ന് ഖുർആൻ പറയുന്നു – രക്ഷ ഒരു പ്രതീക്ഷമാത്രം (അഭിലാഷം). എന്നാൽ ക്രിസ്ത്യാനികൾ പിന്തുടരുന്ന 'പുതിയ നിയമ'ത്തിൽ ക്രിസ്തുവിന്റെ ബലിമരണം ഏറ്റു പറഞ്ഞ് സ്വീകരിക്കുന്ന എല്ലാവർക്കും രക്ഷ ലഭിച്ചു കഴിഞ്ഞിരിക്കുന്നു എന്നാണ് വ്യക്തമാക്കിയിരിക്കുന്നത്. അവരുടെ പേരുകൾ ജീവ പുസ്തകത്തിൽ എഴുതപ്പെട്ടിരിക്കുന്നു എന്നും പറയുന്നു. എന്നാൽ പാവന വിശ്വാസത്തെ പണയപ്പെടുത്തി പാപ ജീവിതത്തിൽ നിപതിക്കുമ്പോൾ ജീവപുസ്തകത്തിൽ നിന്ന് പേര് മായിച്ചുകളയും എന്ന് 'പുതിയനിയമം' മുന്നറിയിപ്പുതരുന്നു.



ഇസ്ലാമിലെ രക്ഷ നരകത്തിൽ നിന്നുള്ള വിടുതലാണ്. പറുദീസയിൽ ലഭിക്കുന്ന ഇന്ദ്രിയ സുഖങ്ങളെപ്പറ്റിയാണ് പ്രാചീന ഇസ്ലാമിക കൃതികൾ വിവരിക്കുന്നത്. അതിൽ നിരവധി സുന്ദരികളുമായിട്ടുള്ള ലൈംഗിക സുഖവും മറ്റ് ലൗകികസുഖങ്ങളും ഉൾപ്പെടും. എന്നാൽ ക്രിസ്ത്യാനിയുടെ സ്വർഗ്ഗത്തിൽ ലൈംഗികാസ്വാദനമില്ല. അവിടെ വിവാഹമില്ല. ഭാര്യാഭർത്തൃബന്ധമില്ല. എല്ലാവരും മാലാഖമാരെപ്പോലെ, സഹോദരീസഹോദരന്മാരെപ്പോലെ പെരുമാറും. ആത്മീയ ചിന്തകൾ മാത്രം ഉള്ളവരായിരിക്കും.

ഇസ്ലാംമതം അനുസരിച്ച് മതവിശ്വാസത്തിനുവേണ്ടി മറ്റുള്ളവരെ ഉപദ്രവിക്കുകയോ കൊല്ലുകയോ ചെയ്താൽ, കൊല്ലുന്നവർക്ക് സ്വർഗ്ഗത്തിൽ വിശിഷ്ടസ്ഥാനം ലഭിക്കുന്നു. വിശുദ്ധ യുദ്ധം ചെയ്താൽ അല്ലാഹു പാപങ്ങൾ പെട്ടെന്ന് ക്ഷമിച്ചുതരും. "മതം അല്ലാഹുവിന്റേതു മാത്രമായി തീരുന്നതുവരെ നിങ്ങൾ അവരെ കൊലചെയ്തുകൊൾക" എന്നു ഖുർആനിലുണ്ട്. സത്യനിഷേധികളുമായി നിങ്ങൾ ഏറ്റുമുട്ടിയാൽ നിങ്ങൾ അവരുടെ "പിരടികളിൽ വെട്ടുക" എന്നാണ് ഖുർആൻ നിർദ്ദേശം. വിശുദ്ധയുദ്ധം ചെയ്യുന്നവർക്ക് പറുദീസയിൽ. അല്ലാഹു എഴുപതു ഹൂറികളെ വിവാഹം ചെയ്തു കൊടുക്കും. കൂടാതെ എഴുപതു ബന്ധുജനങ്ങൾക്കുവേണ്ടി അല്ലാഹുവിന്റെ മുമ്പിൽ മാധ്യസ്ഥ്യം വഹിക്കാനും അവർക്ക് അർഹത ലഭിക്കും.

എന്നാൽ ക്രിസ്ത്യാനികളുടെ 'പുതിയനിയമ'ത്തിൽ ഒരിടത്തും വിശ്വാസത്തിന്റെ പേരിൽ യുദ്ധം ചെയ്വാൻ കൽപ്പനകളില്ല. സുവിശേഷം അറിയിക്കുക; സ്വമനസ്സാൽ ഓരോ വ്യക്തിയും ക്രിസ്തുവിന്റെ സന്ദേശം സ്വീകരിക്കട്ടെ. ബലപ്രയോഗം ഇല്ലാത്ത സുവിശേഷീകരണം.

മുഹമ്മദ് പാപിയാണെന്ന് ഖുർആനും മറ്റ് ഇസ്ലാം മതഗ്രന്ഥങ്ങളും പറയുന്നു. യേശുക്രിസ്തു പാപരഹിതനെന്ന് 'പുതിയനിയമം' ആദ്യന്തം പറയുന്നു. തന്റെ പാപങ്ങളെ വെള്ളംപോലെ കഴുകണമേ എന്ന് മുഹമ്മദുനബി പ്രാർത്ഥിച്ചിട്ടുണ്ട്. യേശു ഒരിക്കൽ പോലും പാപക്ഷമയ്ക്കുവേണ്ടി ആരോടും യാചന നടത്തിയിട്ടില്ല. യേശുവിന് ഏതെങ്കിലും വിഷയത്തിൽ തെറ്റുപറ്റിപ്പോയെന്ന് പറഞ്ഞിട്ടുമില്ല. ഉയിർത്തെഴുന്നേറ്റ യേശുക്രിസ്തു സർവ്വജ്ഞാനിയാണ്. യേശുവിന് ഒരു വിഷയത്തിലും തെറ്റുപറ്റാൻ സാദ്ധ്യമല്ല. അല്ലാഹുവിന്റെ കരുണകൂടാതെ മുഹമ്മദുനബിയ്ക്കുപോലും രക്ഷ കിട്ടുകയില്ല എന്ന് അദ്ദേഹം തന്നെ പറഞ്ഞിട്ടുണ്ട്. എന്നാൽ യേശുക്രിസ്തുവിന് രക്ഷിക്കപ്പെടേണ്ട ആവശ്യമില്ല. ഇസ്ലാമിലെ യേശു ഒരു പ്രവാചകൻ മാത്രമാണ്. 'പുതിയനിയമ'ത്തിലെ യേശു ദൈവപുത്രനാണ്.

എന്റെ പതിനൊന്നാമത്തെ വയസ്സുമുതൽ ചെറിയരീതിയിലും, പിന്നീട് ഗഹനമായും മതവിഷയങ്ങളെപ്പറ്റി വായിച്ചു. ചിന്തിച്ചു. യേശുക്രിസ്തുവാണ് ഏക രക്ഷിതാവ്, പാപമോചകൻ എന്ന് സംശയാതീതമായി എനിക്കു ബോദ്ധ്യമായി.

1970 ജൂലൈ 19 രാത്രി. എനിക്ക് 20 വയസ്സ്. ഞാൻ ദൈവസന്നിധിയിൽ മുട്ടുകുത്തി. എന്നെ പൂർണമായി യേശുവിനുവേണ്ടി സമർപ്പിച്ചു. എന്റെ പതിനൊന്നാം വയസ്സിൽ 'തമ്പിയുടെ ഹൃദയം' എന്ന ലഘുലേഖ വായിച്ച ദിവസം മുതൽ ഞാൻ അന്വേഷിച്ച യേശുക്രിസ്തു എന്റെ ഹൃദയത്തിൽ എന്റെ രക്ഷകനായി പ്രവേശിച്ച രാത്രി ആയിരുന്നു അത്.

നാലു വർഷംകൂടി വേദപഠനം തുടർന്നു. സത്യം എന്ന് എനിക്ക് ബോദ്ധ്യപ്പെട്ട വിഷയങ്ങൾ കഴിഞ്ഞ മുപ്പതു വർഷങ്ങളായി അച്ചടിച്ചുപ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നു. ലൂഥറൻ സഭയിലെ ഒരു പുരോഹിതനാണ് ഞാൻ.

എന്റെ നാട്ടിലെ സാധാരണക്കാരായ മുസ്ലിംകൾ എന്നെ സ്നേഹിക്കുന്നു. എന്നാൽ മുസ്ലിം തീവ്രവാദികൾ എന്നെ പലവിധത്തിൽ ഉപദ്രവിച്ചുകൊണ്ടിരിക്കുന്നു. 1981ൽ ഒരു വലിയ കൂട്ടം ഇസ്ലാംമതസ്ഥർ മാരകായുധങ്ങളുമായി എന്റെ വീടുവളഞ്ഞു. പോലീസ് സ്റ്റേഷൻവരെ ഓടിയാണ് ഞാൻ രക്ഷപ്പെട്ടത്. ആരോ ഒരാൾ എന്റെ വീടിന്റെ ഭിത്തി വെടിവച്ചു കേടുവരുത്തി. ഞാൻ ഒരു സഭയിൽ പ്രസംഗിച്ചു കൊണ്ടു നിന്നപ്പോൾ ഒരാൾ എന്റെ നേരെ തോക്കു ചൂണ്ടിയശേഷം ഓടി ഒളിച്ചു. എനിക്കെതിരെ പതിന്നാല് കള്ളക്കേസുകൾ കോടതിയിൽ ഉണ്ടായിരുന്നു. വഞ്ചന, കള്ളക്കടത്ത്, ബലാൽസംഗം എന്നിവയായിരുന്നു ആരോപണങ്ങൾ. ഇസ്ലാം തീവ്രവാദ സംഘടനകളിൽ നിന്ന് ഇന്നും ഭീക്ഷണിക്കത്തുകൾ ലഭിച്ചുകൊണ്ടിരിക്കുന്നു.

എന്നാൽ ദൈവം എനിക്കും എന്റെ കുടുംബാംഗങ്ങൾക്കും ധൈര്യം നൽകുന്നു. മുപ്പത്തിരണ്ടു ഭാഷകളിലേക്ക് എന്റെ കൃതികൾ വിവർത്തനം ചെയ്തിട്ടുണ്ട്. ലക്ഷക്കണക്കിന് ആളുകൾ പ്രവാചകനും രക്ഷകനും മധ്യസ്ഥനുമായ യേശുക്രിസ്തുവിനെപ്പറ്റി അറിയുവാൻ ഈ കൃതികൾ വഴിയൊരുക്കുന്നു.

ഖുർആനിലെ പാപമില്ലാത്ത യേശുവിനെയാണ് ഞാൻ അന്വേഷിച്ചത്. ഹദീസിലെ നീതിനിഷ്ഠനായ വിധികർത്താവിനെയാണ് ഞാൻ തേടിയത്. ഈ അന്വേഷണത്തിന്റെ പേരിൽ എന്റെ ബന്ധുക്കളും അയൽവാസികളും സമുദായക്കാരും നാട്ടുകാരും എന്നെ പീഡിപ്പിച്ചു. ഇന്നും ഭീഷണികൾ ഉയർന്നുകൊണ്ടിരിക്കുന്നു.

എനിക്കു വഴി തെറ്റുന്നു എന്ന് ധരിച്ചാണ് അവർ എന്നെ ഉപദ്രവിച്ചത്. ഒരു വിധത്തിൽ എന്നോടും ഇസ്ലാം മതത്തോടുമുള്ള അവരുടെ സ്നേഹം കൊണ്ടാണ് അവർ എന്നെ പീഡിപ്പിച്ചത്. എനിക്ക് ആരോടും വിരോധമില്ല. ഞാൻ എന്നെ പീഡിപ്പിച്ചവർക്കു വേണ്ടിയും പ്രാർത്ഥിക്കുന്നു. ഖുർആനും 'പുതിയനിയമ'വും ശ്രദ്ധിച്ച് പഠിച്ചിരുന്നുവെങ്കിൽ എന്റെ ബന്ധുക്കളോ ജാതിക്കാരോ എന്നെ പീഡിപ്പിക്കയില്ലായിരുന്നു. ■

**ടെലഫോൺ ഇന്റർവ്യൂ, 2009**

*[ഏഴംകുളം സാംകുട്ടിയും റവ. കെ. കെ. അലവിയും തമ്മിൽ 2009 ഓഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ നടന്ന ടെലഫോൺ സംഭാഷണങ്ങളാണ് ഈ രചനയുടെ പൊതു അവലംബം. റവ. അലവി "ഖിസ്സിസ് കെ. ഷാലിയഖ്" എന്ന തൂലികാനാമത്തിൽ പ്രസിദ്ധീകരിച്ച 'അന്വേഷണത്തിന്റെ അന്ത്യം' എന്ന കൃതി ആസ്പദമാക്കിയാണ് ഇതിലെ വിശദാംശങ്ങൾ തയ്യാറാക്കിയത്. റവ. അലവിയുടെ ടെലഫോൺ നമ്പർ 0483 – 2766274. E mail:shaliachk@yahoo.com അദ്ദേഹത്തിന്റെ കൃതികൾ ആവശ്യമുള്ളവർ ബന്ധപ്പെടേണ്ട വിലാസം : New Hope India Mission, P.O. Box 947, West Hill, Kozhikode 673 005 താഴെകാണുന്ന വിലാസത്തിലും കൃതികൾ ലഭ്യമാണ്. Ebenezer Printers, Trissur 680012. Ph : 0487 - 2361892; 2360992.]*

# 11 മൂന്നു മാസങ്ങൾ, നാലു മരണങ്ങൾ

## കരുണാകരൻ കെ. ബാബു

**കെ.** കെ. ബാബു എന്ന പേരിൽ അറിയപ്പെടുന്ന ഞാൻ കോട്ടയം ജില്ലയിൽ വൈക്കത്ത് ഒരു ഈഴവകുടുംബത്തിൽ ജനിച്ചു – 1959 മെയ് 25ന്. ഒരു ചെറുകിട വ്യാപാരി ആയിരുന്ന കഴുവിടയിൽ കരുണാകരനാണ് പിതാവ്. മാതാവ് പങ്കജാക്ഷി. ഞങ്ങൾ ആറുമക്കളായിരുന്നു. ബാല്യകാലം സന്തോഷപൂർണമായിരുന്നു. സംസ്ക്കാര സമ്പന്നമായ വൈക്കത്ത് ജനിച്ചതിൽ എനിക്ക് അഭിമാനമുണ്ട്.

കേരളത്തിലെ ഏക സൂര്യക്ഷേത്രമായ ആദിത്യപുരം ക്ഷേത്രത്തിൽ വച്ചാണ് എന്റെ "ചോറൂണു" ചടങ്ങ് നടത്തിയത്. അച്ചടക്കത്തോടും ഭക്തിയോടും കൂടിയാണ് മാതാപിതാക്കൾ എന്നെ വളർത്തിയത്. ചെറുപ്പം മുതലേ ശ്രീനാരായണഗുരുവിന്റെ ആദർശങ്ങളിൽ ആകൃഷ്ടനായതുകൊണ്ട് അദ്ദേഹത്തിന്റെ പേരിൽ സ്ഥാപിച്ചിട്ടുള്ള ധർമ്മപ്രചാരണ സംഘത്തിൽ പ്രവർത്തിച്ചുതുടങ്ങി. പതിനാറാമത്തെ വയസ്സിൽ എന്നെ ഓം ശ്രീരാമചന്ദ്രവിലാസം ഭജനസംഘത്തിന്റെ സെക്രട്ടറിയായി തിരഞ്ഞെടുത്തു. എസ്.എൻ.ഡി.പി യോഗം ശാഖയുടെ യുവജന പ്രസ്ഥാനത്തിന്റെ സെക്രട്ടറിയായി പ്രവർത്തിച്ചിട്ടുണ്ട്. എൺപത്തഞ്ചോളം ശ്രീനാരായണ ധർമ്മ സംഘം ശാഖകളുടെ മേൽനോട്ടം വഹിക്കുന്ന ഒരു പൊതു നേതൃസമിതിയിൽ കൗൺസിലറായും ഞാൻ പ്രവർത്തിച്ചിട്ടുണ്ട്. പതിനഞ്ചാം വയസ്സുമുതൽ മുപ്പത്തിനാലാം വയസ്സുവരെയുള്ള കാലഘട്ടത്തിൽ എന്റെ സമയത്തിന്റെ ഒരു നല്ല ഭാഗം ഈ പ്രസ്ഥാനത്തിനുവേണ്ടി ചെലവിട്ടു. രാഷ്ട്രീയ – സാമൂഹ്യമണ്ഡലങ്ങളിൽ പ്രസിദ്ധരായ പലരോടൊത്ത് സാമൂഹ്യ സേവനങ്ങളിൽ പങ്കുകൊള്ളുവാനും എനിക്ക് അവസരങ്ങൾ ലഭിച്ചിട്ടുണ്ട്.

ആർക്കും ഉത്തമ മാതൃകയാക്കാവുന്ന ആദർശങ്ങളുടെ ഉടമയായിരുന്നു ശ്രീ നാരായണ ഗുരു (1859 – 1928). പ്രപഞ്ചം മുഴുവൻ നിറഞ്ഞു നില്ക്കുന്ന സർവ്വശക്തനായ ദൈവത്തെ ത്യജിച്ച് മനുഷ്യ ബുദ്ധിയിൽ രൂപം കൊണ്ട കപട ദൈവങ്ങൾക്ക് മഹത്വം നൽകുന്ന ജനതയുടെ മദ്ധ്യത്തിൽ നിന്നുകൊണ്ട് അദ്ദേഹം സധൈര്യം പറഞ്ഞു : ഒരു ജാതി, ഒരു മതം, ഒരു ദൈവം. അവർണർക്കെതിരെ സവർണമേധാവിത്വം കൊടികുത്തിവാഴുന്ന കാലത്ത് ഈഴവർ ഉൾപ്പെടെയുള്ള അനേക ജാതികൾ അടിച്ചമർത്തപ്പെട്ടു. തൊട്ടുകൂടാത്തവർ, തീണ്ടിക്കൂടാത്തവർ, ദൃഷ്ടിയിൽ പെട്ടാലും ദോഷമുള്ളവർ – ഈ നിലയിൽ സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ട ഒരു വലിയ ജനസമൂഹം അന്നുണ്ടായിരുന്നു. താഴ്ന്ന ജാതിക്കാർക്ക് വിദ്യാഭ്യാസവും, സ്ത്രീകൾക്ക് മാറുമറയ്ക്കാനുള്ള അവകാശവും നിഷേധിക്കപ്പെട്ടിരുന്ന കാലം. വേദം വായിക്കുന്ന താഴ്ന്ന ജാതിക്കാരന്റെ കണ്ണ് കുത്തിപ്പൊട്ടിക്കുന്ന കാലം, വേദം കേട്ടു പോയവന്റെ കാതിൽ ഈയം ഉരുക്കിയൊഴിക്കുന്ന കാലം, വേദം ഉരുവിടുന്നവന്റെ നാക്ക് പിഴുതെടുക്കുന്ന കാലം!! അടിമത്തത്തിനെതിരെ ശ്രീനാരായണ ഗുരു ശബ്ദമുയർത്തി. അതിന്റെ പ്രതീകമാണ് അദ്ദേഹം അരുവിപ്പുറത്ത് സ്ഥാപിച്ച ശിവപ്രതിഷ്ഠ (1888).

അക്കാലത്ത് ഈഴവർ ഉൾപ്പെടെയുള്ള പിന്നോക്ക സമുദായക്കാർക്ക് ശിവൻ, വിഷ്ണു, സരസ്വതി, പാർവതി തുടങ്ങിയ സവർണ ദേവീദേവന്മാരെ ക്ഷേത്രങ്ങളിൽ പ്രവേശിച്ച് ആരാധിക്കുവാൻ അനുവാദമില്ലായിരുന്നു. ഇത്തരം വിലക്കുകളെ വെല്ലുവിളിച്ചുകൊണ്ടാണ് ശ്രീനാരായണഗുരു എന്ന ഈഴവൻ ശിവശില പ്രതിഷ്ഠിച്ചത്. ഈ സാഹസത്തെ പ്രതിഷേധിക്കുവാൻ ഓടിക്കൂടിയ ഉയർന്ന ജാതിക്കാരെ വെല്ലുവിളിച്ചുകൊണ്ട് അദ്ദേഹം പ്രതികരിച്ചു: "ഇത് നിങ്ങളുടെ ശിവൻ അല്ല; ഞങ്ങളുടെ ശിവനാണ്."

ദേവനെ പ്രതിഷ്ഠിച്ചതിനുശേഷം അദ്ദേഹം പിന്നീട് പ്രതിഷ്ഠിച്ചത് ഒരു കണ്ണാടി ആണ്. കണ്ണാടിയിൽ നോക്കുന്നവർക്കു കാണാൻ കഴിയുന്നത് മനുഷ്യനിൽ തന്നെ വസിക്കുന്ന ദൈവത്തെയാണെന്ന് അദ്ദേഹം പറഞ്ഞു. അതായത് ഗാത്രം തന്നെ ക്ഷേത്രം. എന്നാൽ, പില്ക്കാലത്ത് ശ്രീനാരായണ ഗുരുവിന്റെ അനുയായികൾ അദ്ദേഹത്തെ കണ്ണാടിക്കൂട്ടിൽ അടച്ചുകളഞ്ഞു–ക്രിസ്ത്യാനികൾ യേശുവിനെ കണ്ണാടിക്കൂടുകളിലും കുരിശടികളിലും അടച്ചിടുന്നതുപോലെ. ഹൈന്ദവരുടെ മുപ്പത്തിമുക്കോടി ദൈവങ്ങളും ക്രിസ്ത്യാനികളുടെ ആയിരമായിരം പുണ്യവാളന്മാരും പുണ്യവതികളും പോരാഞ്ഞിട്ടാണെന്നു തോന്നുന്നു ഈഴവരും ഗുരുവിനെ കണ്ണാടിക്കൂട്ടിലാക്കി വണങ്ങുന്നത്. ഗുരുവിനെ അവർ "ഗുരുദേവൻ" ആക്കി മാറ്റിയിരിക്കുന്നു. ഒരു ദൈവം കൂടി. ദേവന്മാരുടെ എണ്ണം കൂടിക്കൊണ്ടിരിക്കുന്നു.

1987 ൽ ഞാൻ വിവാഹിതനായി. രാമപുരം സ്വദേശികളായ തങ്കപ്പൻ–കൗസല്യ ദമ്പതികളുടെ മകൾ മിനി എന്ന യുവതി എന്റെ ജീവിതപങ്കാളിയായി. 1989 ൽ ഞങ്ങൾക്ക് ഒരു പെൺകുഞ്ഞു പിറന്നു–രശ്മി. 1992–ൽ കുടുംബവീടിന് സമീപത്തായി ഞങ്ങൾ ഒരു പുതിയ വീടു വച്ചു. സന്തോഷകരമായ കുടുംബാന്തരീക്ഷം. രശ്മി ജനിച്ച കാലത്ത് ഞങ്ങൾ പളനിയിലും മധുരയിലും പോയി ദർശനങ്ങൾ നടത്തി.

എനിക്ക് അന്ന് രണ്ട് ബിസിനസ്സുകൾ ഉണ്ടായിരുന്നു. വൈക്കം–എറണാകുളം റൂട്ടിൽ നാനാടം എന്ന സ്ഥലത്ത് ഒരു ഹോട്ടൽ. കൂടാതെ വൈക്കത്ത് ഒരു പലചരക്കു കട. ബിസിനസ്സും സാമൂഹ്യപ്രവർത്തനങ്ങളും കഴിഞ്ഞ് രാത്രി വളരെ വൈകിയാണ് ചിലപ്പോൾ ഞാൻ വീട്ടിൽ വന്നിരുന്നത്. ഇരുട്ടിക്കഴിഞ്ഞാൽ തനിയെ കഴിഞ്ഞുകൂടാൻ മിനിക്ക് ഭയം. അവൾക്ക് കൂട്ടിനായി എന്റെ അപ്പച്ചി (അച്ഛന്റെ സഹോദരി) മിക്ക രാത്രികളിലും വീട്ടിൽ താമസിക്കുമായിരുന്നു.

1994 ഫെബ്രുവരി 5. പതിവു പോലെ ഞാൻ രാവിലെ അഞ്ചര മണിക്ക് ഹോട്ടലിൽ എത്തി. ഒരു മണിക്കൂർ കഴിഞ്ഞപ്പോൾ വീട്ടിൽനിന്ന് ഫോൺ വിളിച്ചു പറഞ്ഞു. എന്റെ അപ്പച്ചി മരിച്ചുകിടക്കുന്നു. മിനി രാവിലെ കടുംകാപ്പിയുമായി ചെന്നപ്പോൾ അപ്പച്ചിക്ക് അനക്കമില്ല. 55 വയസ് മാത്രം പ്രായം. ഞങ്ങൾക്ക് വളരെ ദുഃഖം ഉണ്ടാക്കിയ സംഭവം. അന്ന് സായാഹ്നത്തിൽ സംസ്ക്കാരം നടത്തി. തുടർന്നുള്ള ദിവസങ്ങളിൽ മരണാനന്തര കർമ്മങ്ങളും.

ഫെബ്രുവരി 28. അപ്പച്ചിയുടെ അകാലചരമം കഴിഞ്ഞിട്ട് 24 ദിവസങ്ങൾ ആയതേയുള്ളൂ. രാവിലെ നാനാടത്തു നിന്ന് രണ്ടു പേർ വീട്ടിൽ വന്ന് എന്നെ വിളിച്ചുണർത്തി. ഹോട്ടലിൽ സഹകാര്യസ്ഥനായ എന്റെ സഹോദരൻ അനിൽകുമാറിന് പെട്ടെന്ന് എന്തോ അസുഖം വന്നെന്നും ഞാൻ അവിടെ എത്തണമെന്നും അവർ അറിയിച്ചു. അവർ വന്ന കാറിൽ തന്നെ ഞാൻ ഹോട്ടലിൽ എത്തി. മുമ്പിൽ ഒരു ജനക്കൂട്ടം. എന്റെ ശരീരം വിറയ്ക്കാൻ തുടങ്ങി. ഇരുപത്തിരണ്ട് വയസ്സു മാത്രമുള്ള എന്റെ അനുജൻ ഹോട്ടൽ മുറിയിൽ



മരിച്ചു കിടക്കുന്നു. നിലവിളിക്കാൻ വായ് തുറന്നെങ്കിലും ശക്തി ഇല്ലായിരുന്നു. ഞാൻ മരവിച്ചുവീണു. സ്നേഹിതർ അനുജന്റെ ശരീരം കോട്ടയം മെഡിക്കൽ കോളെജിൽ എത്തിച്ചു. മരണകാരണം ഹൃദയസ്തംഭനം ആയിരുന്നു എന്ന റിപ്പോർട്ടു ലഭിച്ചു. അപ്പച്ചിയുടെ അകാലമരണം ഉണ്ടാക്കിയ മുറിവ് കരിയുന്നതിനു മുമ്പേ പുതിയ ഒരു മുറിവു കൂടി.

ഞങ്ങളുടെ കുടുംബത്തിന്റെ സ്വസ്ഥത നഷ്ടപ്പെട്ടു കഴിഞ്ഞിരുന്നു. ഞാൻ ഒത്തിരി നല്ല കാര്യങ്ങൾ ചെയ്തിട്ടുണ്ട്. ധാരാളം കുടുംബകേസ്സുകൾ പറഞ്ഞുതീർത്ത് ആളുകളെ രമ്യതയിലെത്തിച്ചിട്ടുണ്ട്. പതിന്നാലു പ്രാവശ്യം ശബരിമലക്കു പോയി. മറ്റു പലരെയും കൊണ്ടുപോയിട്ടുമുണ്ട്. എല്ലാമാസവും ഒന്നാം തീയതി ദൂരയാത്ര ചെയ്ത് ഗുരുവായൂരപ്പനെ നമസ്ക്കരിച്ചിരുന്നു. വൈക്കത്തപ്പനെ തൊഴാൻ ഇടയ്ക്കിടെ പോകുമായിരുന്നു. അനേക നല്ല കാര്യങ്ങൾ ചെയ്തിട്ടുള്ള എനിക്കീ ദോഷങ്ങൾ സംഭവിക്കുന്നതെന്തുകൊണ്ട്? ഞാൻ എന്നോടു തന്നെ ചോദിച്ചുതുടങ്ങി. കൂട്ടുകാർ പലരും എന്റെ മുഖത്ത് മരണത്തെ കാണുന്നു എന്നു തോന്നുമാറ് പെരുമാറാൻ തുടങ്ങിയപ്പോൾ വേദനകൾ ഇരട്ടിച്ചു.

ഇങ്ങനെ ദുഃഖിക്കുകയും പരാതിപ്പെടുകയും ചെയ്തു കൊണ്ടിരുന്ന കാലത്ത് ഒരു ദിവസം പാലായിൽ നിന്ന് എന്റെ ഭാര്യയുടെ മാതാവും മാതാവിന്റെ ഒരു കൂട്ടുകാരിയും കൂടി എന്നെ ആശ്വസിപ്പിക്കുവാൻ വന്നു. ആ കൂട്ടുകാരി ഒരു പെന്തക്കോസ്തു വിശ്വാസി ആയിരുന്നു. എന്റെ ഭാര്യയ്ക്കു വേണ്ടി അവർ ഒരു ബൈബിളും കൊണ്ടു വന്നിരുന്നു.

മിനി ബൈബിൾ വായിച്ചു തുടങ്ങി. ഒരു ദിവസം മിനി പറഞ്ഞു: "യേശുവിനോടു പ്രാർത്ഥിക്കണം. കർത്താവു നമ്മെ രക്ഷിക്കും." പ്രതിസന്ധിയുടെ ദിവസങ്ങളായിരുന്നു. ആരോടു വേണമെങ്കിലും പ്രാർത്ഥിക്കാൻ തയ്യാറുള്ള ഒരു മാനസിക അവസ്ഥയിലായിരുന്നു ഞാൻ. "നീ പ്രാർത്ഥിച്ചോളൂ. ഞാനും പ്രാർത്ഥിക്കാം.", ഞാൻ മറുപടി കൊടുത്തു. മറ്റു ദൈവങ്ങളോടും ദേവന്മാരോടും പ്രാർത്ഥിക്കുന്ന കൂട്ടത്തിൽ യേശുവിനോടും പ്രാർത്ഥിക്കാനുള്ള അനുവാദമാണ് ഞാൻ നൽകിയത്. എന്നാൽ ഞാൻ ഒരു മുന്നറിയിപ്പു നൽകി: "മറ്റാരും അറിയരുത്. നാണക്കേടാണ്. നമ്മുടെ ആളുകൾ കളിയാക്കും–ക്രിസ്ത്യാനിയുടെ ദൈവത്തോടു പ്രാർത്ഥിച്ചാൽ."

അനുജന്റെ മരണത്തിന്റെ പിറ്റേ ദിവസം തന്നെ എന്റെ വീട്ടിൽ ബന്ധുക്കളിൽ ചിലർ വന്നുകൂടി: "നിന്റെ കുടുംബത്തിന് എന്തോ ശാപങ്ങൾ ഉണ്ട്. വേണ്ട പ്രതിവിധികൾ ചെയ്തില്ലെങ്കിൽ കുഴപ്പമാകും." അന്നു തന്നെ ഞാൻ വൈക്കത്തു പ്രസിദ്ധനായ ശ്രീധരൻ ജ്യോത്സ്യനെ ചെന്നുകണ്ടു. എന്റെ കുടുംബത്തിലുണ്ടായ രണ്ടു മരണങ്ങളുടെ കാരണങ്ങൾ അറിയുവാൻ. അദ്ദേഹം പ്രശ്നം വച്ചു നോക്കിയപ്പോൾ കാരണങ്ങൾ തെളിയുന്നില്ല. "ദൈവാധീനമില്ല. അതുകൊണ്ടാണ് തെളിഞ്ഞുവരാത്തത്." ആദ്യം ദൈവാധീനം ഉണ്ടാകാൻ ക്ഷേത്രത്തിൽ പോയി ഗണപതിഹോമം നടത്തുവാൻ നിർദ്ദേശിച്ചു.

അന്നുതന്നെ ഞാൻ വൈക്കംശ്രീകുരുപ്പ ക്ഷേത്രത്തിലെ പൂജാരിയെ ചെന്നു കണ്ടു. ഗണപതിഹോമം നടത്തുവാനുള്ള ആഗ്രഹം പ്രകടിപ്പിച്ചു. എന്നാൽ അദ്ദേഹം മറുപടി നൽകിയത് പെട്ടെന്ന് ക്ഷേത്രത്തിൽ പ്രവേശിച്ച് ഞങ്ങൾക്ക് ഒന്നും ചെയ്യുവാൻ സാധിക്കയില്ല എന്നാണ്. കാരണം, ഒരു വീട്ടിൽ മരണം നടന്നാൽ പിന്നീടുള്ള പതിനാറു ദിവസങ്ങൾ പുലദോഷമുള്ള കാലമാണ്. അത്രയും ദിവസങ്ങൾ കഴിഞ്ഞതിനു ശേഷമേ ക്ഷേത്രത്തിൽ പ്രവേശിച്ച് ആ കുടുംബത്തിനു വേണ്ടി പ്രാർത്ഥനാകർമ്മങ്ങൾ ചെയ്യാൻ കഴിയൂ. എനിക്ക് കഠിനമായ നിരാശ തോന്നി. ഏറ്റവും ദുഃഖകരമായ ഒരു വേളയിൽ

ക്ഷേത്രത്തിലെത്തി ദൈവങ്ങളെ സമീപിക്കാൻ പതിനാറു ദിവസങ്ങൾ കാത്തിരിക്കണോ? പുലദോഷനിവാരണകർമ്മങ്ങൾ ചെയ്തു തീരുന്നതുവരെ ദൈവങ്ങൾ ആശയറ്റവരെ സഹായിക്കാതെ മാറി നില്ക്കുകയോ?

പിന്നീടുള്ള പതിനാറു ദിവസങ്ങൾ പതിനാറു വർഷങ്ങൾ പോലെയാണു തോന്നിയത്.

ശാപമോക്ഷത്തിനായി നടത്താൻ പോകുന്ന ചടങ്ങുകൾക്കുവേണ്ടി ഞാൻ മാനസികമായി തയ്യാറെടുത്തു കൊണ്ടിരുന്നു. അന്നൊരു ദിവസം ഭാര്യ പറഞ്ഞു: "കഴിഞ്ഞ രാത്രിയിൽ ദൈവം എന്റെ ഹൃദയത്തിൽ സംസാരിച്ചു. ഇടപെട്ടു. അന്യദൈവങ്ങൾ ഉണ്ടാകരുത്. ഏകദൈവം മാത്രമേ നമുക്കുണ്ടാകാവൂ." മിനിയുടെ അഭിപ്രായം അത്ര കാര്യമാക്കാതെയാണ് ഞാൻ മറുപടി കൊടുത്തത്: "ഞാൻ എത്രയോ പുണ്യസ്ഥലങ്ങളിൽ പോയിട്ടുണ്ട്. എത്രയോ ദൈവങ്ങളെ വണങ്ങിയിട്ടുണ്ട്. ഇന്നു വരെ ദൈവങ്ങൾ ആരും സംസാരിച്ചതായി അറിയില്ല. നീ അബദ്ധം പറയരുത്. നമ്മുടെ വിഷമസ്ഥിതിയിൽ നിനക്ക് വല്ല തോന്നലുകൾ ഉണ്ടായതാവാം." എന്നാൽ അടുത്ത ദിവസം അവൾ വീണ്ടും പറഞ്ഞു: "ദൈവം വാസ്തവമായി എന്റെ ഹൃദയത്തോട് ഇടപെടുന്നു. യാതൊരു വിഗ്രഹത്തെയും നമസ്ക്കരിക്കരുത്." ഞാൻ മിനിയുടെ വാക്കുകളെ ഗൗനിച്ചില്ല.

അനുജന്റെ അകാലമരണത്തിനു ശേഷമുള്ള പത്തുപതിനാറു രാത്രികൾ ഉറക്കമില്ലാത്ത നീണ്ട രാത്രികൾ ആയിരുന്നു. മരണം വഹിച്ചുകൊണ്ടു വരുന്ന കാലനെയും മറ്റ് മരണദൂതന്മാരെയും ഭയന്ന് വിളക്കുകൾ പോലും അണക്കാതെ കിടന്ന രാത്രികൾ. ഇനി എന്തൊക്കെ അത്യാഹിതങ്ങളാണ് കുടുംബത്തിൽ സംഭവിക്കാൻ പോകുന്നതെന്ന ആശങ്ക. തനിയെ കിടക്കാൻ തന്നെ ഞങ്ങൾക്കെല്ലാവർക്കും ഭയം. ഞാൻ തറയിൽ പായ് വിരിച്ച് നടുക്ക്. സഹോദരന്മാർ രണ്ടു വശത്തും. കട്ടിലുകൾ ഒഴിഞ്ഞുകിടന്നിരുന്നു.

പതിനാറു ദിവസം കഴിഞ്ഞപ്പോൾ അല്പം ആശ്വാസം. പുലദോഷത്തിന്റെ കാലം കഴിഞ്ഞിരിക്കുന്നു. പതിനേഴാം ദിവസം ക്ഷേത്രത്തിൽ പോയി ഗണപതിഹോമം നടത്തി. പൂജാരിക്ക് 850 രൂപ കൊടുത്തു. പിന്നീട് രണ്ടു ജ്യോത്സ്യന്മാരെ വീട്ടിൽ വിളിച്ചു വരുത്തി. അവർ കവടി നിരത്തി പ്രശ്നം വച്ചു നോക്കി. അവർക്കും പണം കൊടുത്തു.

വീട്ടിലെ അത്യാഹിതങ്ങളുടെ കാരണങ്ങൾ അവർക്കു വെളിപ്പെട്ടു. അവ ഒരു കടലാസിൽ എഴുതി എന്നെ കാണിച്ചു. ആറുതരം ദോഷങ്ങളാണ് ഞങ്ങളെ പീഡിപ്പിക്കുന്നത്: ദൈവകോപം, സർപ്പദോഷം, പിതൃദോഷം, ആഭിചാരദോഷം, കാലദോഷം, പാപദോഷം.

പ്രതിവിധികളായി എന്തൊക്കെ ചെയ്യണമെന്നും പ്രശ്നവിധിയിൽ ഉണ്ടായിരുന്നു. പഞ്ചലോഹങ്ങൾ ബ്രാഹ്മണനു ദാനം ചെയ്യണം (സ്വർണം, വെള്ളി, രത്നം, ചെമ്പ്, ഓട്). നൂറുകുട്ടികൾക്ക് അന്നദാനം. വീട്ടിൽവച്ച് ഏഴുദിവസം ഭാഗവതപാരായണം നടത്തണം. പതിനൊന്ന് അമ്പലങ്ങളിൽ വഴിപാടുകൾ.

ഞാൻ ആദ്യം എറണാകുളത്തു പോയി പഞ്ചലോഹങ്ങൾ വാങ്ങി വൈക്കം ക്ഷേത്രത്തിലെ ബ്രാഹ്മണപൂജാരിക്ക് ദാനം ചെയ്തു. മടങ്ങിവന്ന് വീടിന്റെ മുമ്പിൽ മുന്നൂറുമടൽ ഓല കൊണ്ടു മേഞ്ഞ ഒരു ഹോമപ്പുര ഉണ്ടാക്കി. ഭാഗവതപാരായണത്തിന് ചേർത്തല നിന്നും ആളുകളെ വരുത്തി. എഴുപതുപറ പൂവ്. പാട്ടക്കണക്കിന് എണ്ണ. നിലവിളക്കുകൾ. ഹോമ വസ്തുക്കൾ, കൂടാതെ കർമ്മം ചെയ്യുമ്പോൾ പൂജാരിമാർക്ക് ധരിക്കാനുള്ള വസ്ത്രങ്ങൾ. ഓരോ പൂജാരിക്കും ഓരോ ഹോമത്തിനും ഒരു നേര്യതും ഒരു ഒറ്റമുണ്ടും വീതം.



ചില ദിവസങ്ങൾ അഞ്ചു ഹോമങ്ങൾ. ഒരു ചടങ്ങിനു ധരിക്കുന്ന വസ്ത്രം പിന്നീടൊരിക്കലും ധരിക്കില്ല-മന്ത്രംചൊല്ലി മടക്കിവയ്ക്കും. പൂജാരിമാരുടെ വസ്ത്രങ്ങൾക്കു വേണ്ടി മാത്രം ഏഴായിരം രൂപ ചെലവാക്കി.

തന്ത്രികൾ, പൂജാരിമാർ, വീട്ടുകാർ, നാട്ടുകാർ. ഞങ്ങളുടെ വീട് ഒരു ക്ഷേത്രമാണെന്ന് എനിക്കു തോന്നി. ഏഴു ദിവസങ്ങൾ ഞങ്ങളും ബന്ധുക്കളും പൂജാരിമാരും അക്ഷീണം പ്രവർത്തിച്ച് ഹോമങ്ങളും മറ്റുകർമ്മങ്ങളും യഥോചിതം നടത്തി.

ഏഴാം ദിവസം ഹോമവസ്തുക്കളുടെ അവശിഷ്ടങ്ങളും ആവാഹനം നടത്തിയ ശിലകളും എടുത്തുകൊണ്ട് ഞങ്ങൾ വർക്കലയ്ക്ക് യാത്രയായി-കുടുംബാംഗങ്ങൾ എല്ലാവരും. അവശിഷ്ടങ്ങളും ശിലകളും പാപനാശിനി കടലിൽ മന്ത്രം ചൊല്ലി ഒഴുക്കി. കടലിൽ കുളിച്ചുകയറി. ക്ഷേത്രദർശനം നടത്തി. പതിനൊന്നു സ്ഥലങ്ങളിൽ വഴിപാടുകൾ അർപ്പിച്ചു.

എല്ലാം കൂടെ ദോഷപരിഹാരങ്ങൾക്ക് 40,000 രൂപ ചെലവായി.

ദോഷങ്ങൾ മാറിക്കഴിഞ്ഞിരിക്കുന്നു എന്നു പൂജാരി അറിയിച്ചു. അടുത്ത എഴുപതുവർഷങ്ങളിലേക്ക് ആയുരാരോഗ്യസൗഭാഗ്യങ്ങൾ എന്നാണ് വെളിപ്പെട്ടത്.

ദൈവങ്ങൾ വീണ്ടും പ്രസാദിച്ചിരിക്കുന്നു. ആശ്വാസത്തോടുകൂടി ഞങ്ങൾ മുന്നോട്ടുള്ള ജീവിതത്തിനുവേണ്ടി തയ്യാറായി.

അനുജൻ മരിച്ചു കിടന്ന ഹോട്ടലിൽ കയറാൻ എനിക്കു പേടിയായിരുന്നു. കിട്ടിയ വിലക്ക് ഹോട്ടൽ വിറ്റു. പിന്നീട് പലചരക്കു കട മാത്രം നടത്തി ഞാൻ ധൈര്യപൂർവ്വം മുന്നോട്ടുനീങ്ങി.

ദോഷപരിഹാരപൂജകൾ പൂർത്തീകരിച്ചിട്ട് അഞ്ച് ആഴ്ചകൾ തികയുന്നു. ഏപ്രിൽ 24 ഞായറാഴ്ച വൈകിട്ട് അഞ്ചു മണി. അപ്പച്ചി മരിച്ചിട്ട് മൂന്നു മാസം ആയിട്ടില്ല. അനുജൻ മരിച്ചിട്ട് രണ്ടുമാസം ആകാറായി. ഗർഭവതിയായ എന്റെ ഭാര്യയ്ക്ക് ചെറിയ ഒരു അസ്വസ്ഥത. ഉടനെ വൈക്കം ഗവണ്മെന്റ് ആശുപത്രിയിൽ എത്തിച്ചു. മിനിയുടെ അടുത്ത ബന്ധു (ചിറ്റമ്മ) ആയിരുന്നു അവിടത്തെ ഹെഡ്നെഴ്സ്. വേണ്ടപ്പെട്ട ഡോക്ടർമാർ അവിടെ ഉണ്ട്. പരിചയക്കാരായ ഡോക്ടർമാരും ഉണ്ട്. ഡോ. ശാന്താജോർജ്ജും ഡോ. ശാന്തകുമാരിയും ആദ്യം മിനിയെ പരിശോധിച്ചു. ആശുപത്രിയിൽ അഡ്മിറ്റ് ചെയ്തു.

ആറുമണി കഴിഞ്ഞപ്പോൾ മിനിയുടെ അസ്വാസ്ഥ്യങ്ങൾ വർദ്ധിച്ചു. അവളെ ഓപ്പറേഷൻ തിയെറ്ററിലേക്കു മാറ്റി.

പെട്ടെന്ന് കാറ്റും മഴയും തുടങ്ങി. കറണ്ടു പോയി. ജനറേറ്ററും പ്രവർത്തനരഹിതമായി. പ്രസവാനന്തരം ചെയ്യേണ്ട കുത്തിക്കെട്ടുകൾ മെഴുകുതിരിയുടെ വെട്ടത്തിലാണ് ഡോക്ടർമാർ നിർവ്വഹിച്ചത്. ആശുപത്രിയുടെ പരിസരവും ഇരുളിൽ മൂടി.

അല്പം കഴിഞ്ഞ് മിനിയുടെ ചിറ്റമ്മ വന്നു പറഞ്ഞു:"ആൺകുട്ടിയാണ്. എന്നാൽ വേണ്ടപോലെ അനക്കവും കരച്ചിലും ഒന്നുമില്ല". കുറെ കഴിഞ്ഞ് ചിറ്റമ്മ വീണ്ടും വന്നു പറഞ്ഞു:" മിനിക്ക് രക്തസ്രാവം നിൽക്കുന്നില്ല".മറ്റു ചില ഡോക്ടർമാരും പെട്ടെന്നു വന്നു. ഉടനെ ഒരു ഓപ്പറേഷൻ മിനിക്ക് വേണമെന്നു പറഞ്ഞു. എന്നാൽ കറന്റില്ല. അടുത്തുള്ള മെഴ്സി ഹോസ്പിറ്റലിലെ ജനറേറ്റർ പ്രവർത്തിക്കുന്നുണ്ട്. പെട്ടെന്ന് അവിടെ കൊണ്ടുപോകാൻ നിർദ്ദേശിച്ചു.

ഞാൻ ടാക്സി വിളിക്കാനായി റോഡിലിറങ്ങി. പലരെ ഫോണിൽ വിളിക്കാൻ ശ്രമിച്ചു. ഫോണുകൾ പ്രവർത്തിക്കുന്നില്ല, ഇടിയും മിന്നലും മഴയും

ഇരുട്ടും വകവയ്ക്കാതെ ഞാൻ അങ്ങോട്ടുമിങ്ങോട്ടും ഓടിത്തുടങ്ങി. കാലാവസ്ഥ മോശമായതുകൊണ്ട് ടാക്സി ഡ്രൈവർമാർ സ്വന്തം വീടുകളിലേക്ക് പൊയ്ക്കഴിഞ്ഞിരുന്നു. ഞാൻ വീണ്ടും ടാക്സി അന്വേഷിച്ച് ഓടി. വൈക്കം ബേക്കറിയുടെ മുമ്പിൽ എത്തിയപ്പോൾ തലചുറ്റി വീണു. ഓടിക്കൂടിയ ആളുകൾ മുഖത്ത് തണുത്തവെള്ളം തളിച്ച് എന്റെ ബോധം തെളിച്ചെടുത്തെങ്കിലും ഞാൻ അങ്ങേയറ്റം ബലഹീനനായി കഴിഞ്ഞിരുന്നു.

അപ്പോഴേക്കും ഗവണ്മെന്റ് ഹോസ്പിറ്റൽ വഴി വന്ന ഒരു കാറിൽ മിനിയെ ആരോ മേഴ്സി ഹോസ്പിറ്റലിൽ എത്തിച്ചുകഴിഞ്ഞിരുന്നു.

ഞാൻ മറ്റൊരു കാറിൽ മേഴ്സി ഹോസ്പിറ്റലിൽ എത്തിയപ്പോൾ അവിടെ കുറെ ആളുകൾ കൂടി നില്ക്കുന്നു. ആരോ കൈപിടിച്ച് എന്നെ ഹോസ്പിറ്റൽ മുറിയുടെ സമീപത്ത് എത്തിച്ചപ്പോൾ എന്റെ അമ്മ ഓടി വന്ന് എന്നെ കെട്ടിപ്പിടിച്ച് നിലവിളിക്കാൻ തുടങ്ങി. അകത്ത് മിനിയുടെ അമ്മ നിലത്തു വീണു കിടക്കുന്നു. നേരിയ വെളിച്ചത്തിൽ നോക്കിയപ്പോൾ ഭിത്തിയോടു ചേർന്നുള്ള ഒരു കിടക്കയിൽ പുതപ്പു കൊണ്ടു മൂടിയ ഒരു ശരീരം. കാലുകൾ മാത്രം വെളിയിൽ. എനിക്കു മനസ്സിലായി എന്റെ പ്രിയപ്പെട്ടവളെ എനിക്കു നഷ്ടമായിരിക്കുന്നു എന്ന്. വിവാഹം കഴിഞ്ഞതുമുതൽ ഞാൻ വിഷമിക്കുന്ന സമയങ്ങളിലെല്ലാം സാരമില്ലെന്നു പറഞ്ഞ് എന്നെ ആശ്വസിപ്പിക്കാറുള്ള മിനി നാവനക്കാൻ കഴിയാതെ ചലനമറ്റ് കിടക്കുന്നു.

എനിക്കു പിടിച്ചു നില്ക്കാൻ കഴിഞ്ഞില്ല. തലയിൽ അഗ്നിപർവ്വതം പൊട്ടുന്നതു പോലെ തോന്നി. ഒരു നിമിഷം പോലും ഇനി ജീവിച്ചിട്ടു കാര്യമില്ലെന്നു നിശ്ചയിച്ചു. ഞാൻ ആശുപത്രിയുടെ മുകളിലേക്ക് പടികൾ ചവിട്ടി ഓടിക്കയറി–ചാടി മരിക്കണമെന്നു നിശ്ചയിച്ചുകൊണ്ട്. മരണത്തെ ഭയന്നു ജീവിച്ച ഞാൻ മരണം ആഗ്രഹിച്ച നിമിഷങ്ങൾ!! ആരൊക്കെയോ പുറകിൽ നിന്ന് പാഞ്ഞടുത്ത് എന്നെ ബലമായി പിടിച്ചമർത്തി. വണ്ടിയിൽ കയറ്റി. വീട്ടിൽ കൊണ്ടു വന്ന് എന്റെ മുറിയിലിട്ടു. കുറെപ്പേർ വിട്ടുമാറാതെ എന്റെ മുറിയുടെ ചുറ്റും ഉണ്ടായിരുന്നു. വൈകിട്ട് ആശുപത്രിയിൽ വച്ചു പിറന്നു വീണ എന്റെ ആൺകുഞ്ഞും വെളിച്ചം കാണാതെ മിനിട്ടുകൾക്കുള്ളിൽ മരിച്ചു എന്ന വിവരവും ഞാൻ അറിഞ്ഞു. ഭ്രാന്തുപിടിക്കും എന്നെനിക്കു തോന്നി.

ആ രാത്രി മുഴുവൻ ഞാൻ മുറിയിൽ കരഞ്ഞു കരഞ്ഞു കിടന്നു. പിറ്റേദിവസം ബന്ധുമിത്രാദികളെല്ലാം വീട്ടുമുറ്റത്തു വന്നുകൂടി. ഞാൻ ജനാലയിൽ കൂടി പുറത്തേക്കു നോക്കി. എന്റെ പ്രിയപ്പെട്ട മിനിയുടെ ശരീരം ഒരു വിറകുകൂനയുടെ മുകളിൽ കിടന്നു കത്തി എരിയുന്നു. മാംസം ദഹിക്കുന്ന ഗന്ധം മൂക്കിൽ തട്ടി. എന്റെ ഹൃദയം തകർന്നുകഴിഞ്ഞിരുന്നു. മരണം മാത്രം ഞാൻ ആഗ്രഹിച്ചു.

അടുത്ത ദിവസം രാത്രിയിൽ എന്റെ അമ്മാവൻ മുറിയിൽ വന്ന് നാലു വയസ്സുള്ള രശ്മിയെ എന്റെ മടിയിൽ ഇരുത്തിയിട്ടു പറഞ്ഞു: "ഈ കൊച്ചിന് അമ്മയില്ല. ഇനി അവൾക്ക് അപ്പനും കൂടെ...." പറയാൻ വന്നതു പൂർത്തീകരിക്കാതെ അദ്ദേഹം മുറിവിട്ടു.

മരിക്കാനും മരിക്കാതിരിക്കാനും വയ്യാത്ത അവസ്ഥ. എന്തിനു ജനിച്ചു പോയി എന്നു പറഞ്ഞ് എന്നെത്തന്നെ ശപിച്ചു. ദൈവം ഇല്ല. എല്ലാം മായ തന്നെ. ഞാൻ ഉറച്ചു.

രാത്രിയിൽ എന്റെ മടിയിൽ ഇരുത്തി രശ്മിയെ ഉറക്കിയിട്ട് കട്ടിലിൽ കിടത്തി. കൈകളുടെ ഞരമ്പുകൾ മുറിച്ച് ആത്മഹത്യ ചെയ്യാനായിരുന്നു പദ്ധതി. മൂർച്ചയുള്ള ഒരു ബ്ലേഡ് എടുക്കുവാൻ ഞാൻ മുറിയുടെ ഒരു കോണി



ലേക്കു നടന്നു. അപ്പോൾ മേശപ്പുറത്തിരുന്ന മിനിയുടെ ബൈബിൾ എന്റെ കണ്ണിൽ പെട്ടു. മിനി പണ്ട് രണ്ടു മൂന്നു പ്രാവശ്യം പറഞ്ഞിട്ടുള്ള വാക്കുകൾ പെട്ടെന്ന് എന്റെ ഓർമ്മയിലെത്തി: "ദൈവം എന്നോട് ഇടപെട്ടു. സംസാരിച്ചു. അന്യദൈവങ്ങളെ നമസ്കരിക്കരുത്. യേശു കർത്താവിനോടു മാത്രമേ പ്രാർത്ഥിക്കാവൂ."

ഞാൻ പൊടുന്നനെ നിലത്തുവീണ് ഏങ്ങലടിച്ചു കരഞ്ഞുതുടങ്ങി: "കർത്താവേ, മിനി പറഞ്ഞത് ശരിയാണെങ്കിൽ, യേശു ദൈവമാണെങ്കിൽ സംസാരിക്കാനും ഇടപെടാനും എന്നെ രക്ഷിക്കാനും എന്റെ കുടുംബത്തിന്റെ ശാപം മാറ്റാനും കഴിവുള്ള ദൈവമാണെങ്കിൽ, ഞാൻ എന്നെത്തന്നെ കൊല്ലുന്നതിനു മുമ്പ് എന്നോട് ഇടപെടേണമേ." ഇപ്പറഞ്ഞത് യഥാർത്ഥ പ്രാർത്ഥനയാണെന്ന് പറയാൻ പറ്റില്ല. ഒരു ആവലാതി പോലെ ഞാൻ പറയുകയായിരുന്നു. നിലവിളി തീരുന്നതിനു മുമ്പേ എന്റെ കാതിൽ യേശു കർത്താവിന്റെ ശബ്ദം മുഴങ്ങി: "മകനേ ഭയപ്പെടേണ്ടാ. ഞാൻ നിന്നോടു കൂടെയുണ്ട്. ഞാൻ നിന്നെ രക്ഷിപ്പാൻ ശക്തനായ ദൈവം തന്നെ."

ആ രാത്രിയിലെ പിന്നീടുള്ള മണിക്കൂറുകൾ കർത്താവിന്റെ തലോടൽ ഞാൻ അനുഭവിക്കുകയായിരുന്നു. എന്റെ ഭാരം കുറഞ്ഞു വരുന്നതുപോലെ തോന്നി. കുറെക്കഴിഞ്ഞ് ഞാൻ ഗാഢനിദ്രയിലേക്ക് വീഴുകയും ചെയ്തു. ദിവസങ്ങൾക്കു ശേഷമാണ് ശരിയായി ഒന്നുറങ്ങിയത്.

പിറ്റേദിവസം രാവിലെ പത്തുമണിക്കാണ് എഴുന്നേറ്റത്. ഞാൻ ഉണരുന്നതിനു മുമ്പേ പാലായിൽ നിന്ന് എന്റെ ഭാര്യയുടെ മാതാവും ഭാര്യാമാതാവിന്റെ കൂട്ടുകാരി ആ പെന്തെക്കോസ്തു സഹോദരിയും കൂടി വീട്ടിൽ വന്നെത്തിയിരുന്നു. അവർ ആദ്യം എനിക്ക് അല്പം ആഹാരം നല്കിയിട്ടു പറഞ്ഞു: "കുളിച്ചു റെഡിയാകൂ. ഞങ്ങളോടു കൂടെ ഒരിടം വരെ വരണം. പ്രശ്നങ്ങൾക്ക് വിടുതൽ ഉണ്ടാകും." ഒട്ടും മടിക്കാതെ സമ്മതം മൂളാനുള്ള മനസ്സ് എനിക്കുണ്ടായി. അവർ എന്നെ പാലായിലുള്ള ഒരു പെന്തെക്കോസ്തു പ്രാർത്ഥനാകൂട്ടത്തിലാണ് എത്തിച്ചത്. സമയം ഉച്ചകഴിഞ്ഞു. ജീവിതത്തിൽ ആദ്യമായിട്ടാണ് അത്തരം ഒരു പ്രാർത്ഥനാസ്ഥലത്ത് ഞാൻ എത്തുന്നത്.

അവിടെ നടക്കുന്നതൊന്നും എനിക്കു മനസ്സിലായില്ല. വിശ്വാസികൾ ഉച്ചത്തിൽ കൈയടിച്ചു പാടുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. ഞാൻ അവിടെ ഏറെ നേരം ഇരുന്നു. പെട്ടെന്ന് എന്റെ ചെവിയിൽ ആരോ എന്തോ പറയുന്ന ശബ്ദം. തിരിഞ്ഞുനോക്കിയപ്പോൾ ആരെയും കാണാനില്ല. വീണ്ടും കണ്ണടച്ചിരുന്നു. വീണ്ടും ആ ശബ്ദം മുഴങ്ങി. എനിക്കു മനസ്സിലായി എന്നോടു സംസാരിക്കുന്നത് യേശുവാണെന്ന്. എന്റെ കണ്ണുകൾ നിറഞ്ഞ് ഒഴുകുവാൻ തുടങ്ങി. കരച്ചിൽ ഒതുക്കുവാൻ കഴിഞ്ഞില്ല.

നല്ലവൻ, മിടുക്കൻ എന്ന് എന്നെക്കുറിച്ചു തന്നെ അന്നുവരെ ഞാൻ കരുതിയിരുന്നു. എന്നാൽ ഞാൻ ഒരു പാപിയാണെന്ന ബോധം പെട്ടെന്ന് എന്നിൽ ഉണ്ടായി. ക്ഷമ യാചിച്ചുകൊണ്ട് ഞാൻ എന്റെ വീഴ്ചകൾ യേശുവിനോട് ഏറ്റുപറഞ്ഞു. നിലത്ത് തലമുട്ടിച്ച് കുറെ നേരം കരഞ്ഞുകൊണ്ടിരുന്നു. അപ്പോൾ യേശു എന്നെ ആശ്വസിപ്പിക്കയായിരുന്നു. അന്നുതന്നെ ഞാൻ യേശുവിനെ എന്റെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ഞാൻ അന്നുവരെ ആരാധിച്ചുകൊണ്ടിരുന്ന വിഗ്രഹങ്ങളെയും ദൈവങ്ങളെയും ഉപേക്ഷിക്കുവാൻ തീരുമാനിച്ചുകൊണ്ടാണ് വീട്ടിലേക്കു മടങ്ങിയത്.

രാത്രിയിൽ സുഖമായി ഉറങ്ങി. മരണദൂതന്മാരെ പേടിച്ച് ഞാനും സഹോദരങ്ങളും കുറെക്കാലം കട്ടിലിൽ കിടക്കാതെ നിലത്ത് പായ് വിരിച്ച് കിടന്നി

രുന്നു. എന്നാൽ ഇപ്പോൾ എന്റെ ഭയം നീങ്ങിക്കഴിഞ്ഞിരിക്കുന്നു. എന്റെ കാവൽക്കാരായി സഹോദരന്മാരെ ഇടത്തും വലത്തും വേണമെന്ന് പിന്നീടൊരിക്കലും തോന്നിയിട്ടില്ല.

തുടർന്നുള്ള മാസങ്ങളിൽ പാലായിൽ പലവട്ടം പ്രാർത്ഥനായോഗങ്ങൾക്കു സംബന്ധിച്ചു. അവിടെയുള്ള വർഗീസ് സാറും കുടുംബവും എന്നെ ആത്മീമായി വളരെ പ്രോത്സാഹിപ്പിച്ചു. അവിടെ ആരും എന്നോട് സാമ്പത്തികമായി ഒന്നും ഈടാക്കിയില്ല. അവരുടെ ശുശ്രൂഷകളെല്ലാം സൗജന്യമായിരുന്നു. പുത്തൻമുണ്ടും ഒറ്റമുണ്ടും നേര്യതും ഒന്നും ആവശ്യപ്പെട്ടില്ല. ശാപഗ്രസ്തനായ എനിക്കുവേണ്ടി പ്രാർത്ഥിച്ച് വിജയം കൈവരിച്ചപ്പോൾ അവർക്കെല്ലാം സാധാരണ വസ്ത്രങ്ങൾ മാത്രമായിരുന്നു. പഴഞ്ചൻ വസ്ത്രങ്ങൾ ധരിച്ചവരും പ്രാർത്ഥനാകൂട്ടത്തിൽ ഉണ്ടായിരുന്നു. എണ്ണയും തിരിയും ഒന്നും അവിടെ ആരും ഉപയോഗിച്ചില്ല.

തുടർന്ന് പുതിയ നിയമം വായിച്ചു തുടങ്ങി. പുതിയ നിയമത്തിലെ ആദ്യത്തെ നാലു സുവിശേഷങ്ങളിൽ നിന്ന് യേശുവിന്റെ ജനനം, അത്ഭുത പ്രവൃത്തികൾ, മരണം, ഉയിർത്തെഴുന്നേല്പ് എന്നിവയെപ്പറ്റി മനസ്സിലാക്കി. അഞ്ചാമത്തെ പുസ്തകമായ അപ്പൊസ്തൊല പ്രവൃത്തികളിൽ നിന്ന് യേശു സ്ഥാപിച്ച സഭയുടെ ആദ്യകാല അനുഭവങ്ങൾ മനസ്സിലാക്കി. അപ്പൊസ്തൊല പ്രവൃത്തികൾ രണ്ടാം അദ്ധ്യായം വായിച്ചപ്പോൾ 120 പേർക്ക് പരിശുദ്ധാത്മാവ് ലഭിച്ച കാര്യവും അവർ പഠിച്ചിട്ടില്ലാത്ത ഭാഷകളിൽ അവിടെ വന്നുകൂടിയ വിദേശീയരോട് അത്ഭുതകരമായി സംസാരിച്ച് ദൈവത്തെ പുകഴ്ത്തിയ കാര്യവും എന്നെ ആകർഷിച്ചു. ആറാമത്തെ ഗ്രന്ഥമായ 'റോമർ' എന്ന ലേഖനത്തിൽ അപ്പൊസ്തൊലനായ പൗലൊസ് ഒന്നാം നൂറ്റാണ്ടിലെ റോമിലെ സഭയ്ക്ക് എഴുതി അയച്ച കത്തുകൾ വായിച്ചു മനസ്സിലാക്കി. റോമർ ആറാം അദ്ധ്യായത്തിൽ നിന്ന് യേശുവിന്റെ മരണപുനരുത്ഥാനങ്ങളോട് ഏകീഭവിക്കുവാൻ സ്നാനം എന്ന ശുശ്രൂഷ വിശ്വാസികൾ സ്വീകരിക്കണമെന്ന് വ്യക്തമായി. 1994 നവംബറിൽ ഞാൻ സ്നാനം സ്വീകരിച്ചു.

1994 ഡിസംബർ 30-ാം തീയതി ദൈവം എന്നെ പരിശുദ്ധാത്മാവിനാൽ നിറച്ചു. അന്നു മുതലാണ് ഒരു സുവിശേഷകൻ ആകണമെന്ന് ഞാൻ ആഗ്രഹിച്ചു പ്രാർത്ഥിച്ചു തുടങ്ങിയത്. എന്റെ പലചരക്കു കട വിറ്റിട്ട് പൂർണസമയവും സുവിശേഷവേലയ്ക്കു വേണ്ടി തയ്യാറാകാൻ തീരുമാനിച്ചു. 1996 മുതൽ മൂന്നു വർഷങ്ങൾ കുമ്പനാട് ഹെബ്രോൻ ബൈബിൾ കോളെജിൽ ഞാൻ ദൈവവചനം പഠിച്ചു.

ബൈബിൾ പഠനം കഴിഞ്ഞ് ഞാൻ പുനർവിവാഹം കഴിച്ചു. ഇലന്തൂർ സ്വദേശി ഗ്രേസി എന്ന സഹോദരിയെ ദൈവം ജീവിതപങ്കാളിയായി എനിക്കു നൽകി. ഗ്രേസി അന്ന് മാർതോമ്മാ സഭാവിശ്വാസിയായിരുന്നു. പിറ്റേ വർഷം ഞങ്ങൾക്ക് ഒരു പെൺകുട്ടി ജനിച്ചു-കെസിയ. ഇപ്പോൾ ഞാനും ഗ്രേസിയും കെസിയായും മൂത്തമകൾ രശ്മിയും വൈക്കത്ത് താമസിക്കുന്നു. ഹെവൻലി ഗോസ്പൽ മിനിസ്ട്രീസ് എന്ന ഒരു ആത്മീയ കൂട്ടായ്മയ്ക്ക് ഞാൻ നേതൃത്വം നൽകുന്നു. പല സ്ഥലങ്ങളിൽ സഞ്ചരിച്ച് സുവിശേഷം പ്രസംഗിക്കുകയും ദൈവം എന്നെ വിടുവിച്ച അനുഭവങ്ങൾ അന്യരോട് പറയുകയും ചെയ്യുന്നു. ഞാൻ യേശുക്രിസ്തുവിലൂടെയുള്ള സമാധാനം പ്രാപിച്ചിട്ട് ഇപ്പോൾ പതിമൂന്നു വർഷമാകുന്നു.

എന്റെ സഹോദരന്മാരായ ഷാജിയും സുനിൽകുമാറും കുടുംബസഹിതം മനുഷ്യനിർമ്മിതങ്ങളായ ദൈവങ്ങളെ വിട്ട് ലോകസ്രഷ്ടാവായ യഥാർത്ഥ



ദൈവത്തെ ആരാധിക്കുന്നു.

ക്രിസ്ത്യാനികൾ അനേകർ ക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിക്കാതെ വ്യാജ മദ്ധ്യസ്ഥരോടു പ്രാർത്ഥിച്ച് വിഗ്രഹങ്ങളെയും തിരുശേഷിപ്പുകളെയും വണങ്ങി ജീവിക്കുന്നു. എന്നാൽ ഹിന്ദുകുടുംബത്തിൽ ജനിച്ച ഞാൻ ഒരു വിഗ്രഹത്തെയും വണങ്ങുന്നില്ല. എനിക്ക് യേശു എന്ന ഒരു മധ്യസ്ഥനേ ഉള്ളൂ. യേശു എല്ലാ പ്രശ്നങ്ങൾക്കും മതിയായവൻ എന്നു ഞാൻ വിശ്വസിക്കുന്നു. മറ്റ് ഒരു മദ്ധ്യസ്ഥനെയും എനിക്കു കൂട്ടിനു വേണ്ടാ. ആരുടെയും തിരുശേഷിപ്പുകളെ ഞാൻ വണങ്ങാറില്ല. പണ്ട് വിഗ്രഹാരാധകനായിരുന്ന എന്നെ ദൈവം ക്രിസ്തുവിന്റെ രക്തം മൂലം ശുദ്ധീകരിച്ചു. എന്റെയും എന്റെ കുടുംബാംഗങ്ങളുടെയും ബലഹീനതകൾ ദൈവം ഏഴ് എഴുപതു വട്ടം ക്ഷമിച്ച് ഇന്നും ഞങ്ങളെ നിലനിർത്തിക്കൊണ്ടിരിക്കുന്നു. ഇന്ന് ഞങ്ങൾക്കാർക്കും മരണത്തെ പഴയ രീതിയിൽ ഭയമില്ല; നാളെയെപ്പറ്റി പണ്ടത്തെപ്പോലെ ചിന്താഭാരവുമില്ല. ഇന്നു മരിച്ചാൽ ഞങ്ങൾ പറുദീസയിൽ എത്തും എന്നു ഞങ്ങൾ അറിയുന്നു. നിത്യനരകത്തിൽ നിന്ന് ഞങ്ങൾ എന്നെന്നേക്കുമായി വീണ്ടെടുക്കപ്പെട്ടിരിക്കുന്നു. സ്വർഗ്ഗത്തിലെ ജീവപുസ്തകത്തിൽ ഞങ്ങളുടെ പേരുകൾ എഴുതിക്കഴിഞ്ഞിരിക്കുന്നു. വീണ്ടും പഴയ പാപജീവിതത്തിലേക്ക് മടങ്ങിപ്പോകാതിരിക്കുന്നിടത്തോളം ഞങ്ങളുടെ പേരുകൾ ജീവപുസ്തകത്തിൽ നിന്ന് ആരും മായിച്ചു കളയുകയില്ല. ജീവപുസ്തകത്തിൽ ഞങ്ങളുടെ പേര് നിലനിർത്തുവാൻ വേണ്ടി ഞങ്ങൾ വിശുദ്ധിയായി ജീവിക്കുവാൻ ആവോളം ശ്രമിക്കുന്നു.

എന്റെ കർമ്മങ്ങൾ കൊണ്ട്, പൂജകൾ കൊണ്ട്, പാപമോചനത്തിന്റെയും രക്ഷയുടെയും മുക്തിയുടെയും വിലകൊടുക്കാൻ പണ്ട് ഞാൻ വർഷങ്ങളായി ശ്രമിച്ചുകൊണ്ടിരുന്നു. എന്നാൽ, പാപിയായ മനുഷ്യന് പാപമോചനത്തിന്റെയും ശാപപരിഹാരത്തിന്റെയും വില കൊടുത്തു തീർക്കാൻ സാദ്ധ്യമല്ല. അത്ര വിലകൂടിയതാണ് ആത്മാവിന്റെ രക്ഷ. എന്നാൽ ദൈവപുത്രനായ യേശു കാൽവറിയിൽ ചൊരിഞ്ഞ പുണ്യാഹരക്തം മാനവജാതിക്കുവേണ്ടിയുള്ള രക്ഷയുടെ വിലകൊടുത്തു തീർത്തു. ആ വില കൊടുക്കാൻ ആർക്കും പറ്റാത്തതു കൊണ്ടാണ് ദൈവം ക്രിസ്തുവിലൂടെ അത് സൗജന്യമായി നൽകിയത്. പാപമോചനത്തിനും ശാപപരിഹാരത്തിനും വേണ്ടിയ "സകലവും നിവൃത്തിയായി" എന്ന് പ്രഖ്യാപിച്ചുകൊണ്ടാണ് യേശുക്രിസ്തു ക്രൂശിൽ മരിച്ചത്. ഇനി മനുഷ്യൻ കൂടുതലായിട്ടൊന്നും സാധിച്ചെടുക്കാനില്ല. ഈ പരമബലിയെ ഹൃദയത്തിൽ അംഗീകരിച്ച് സ്വീകരിക്കുന്ന ഒരു വ്യക്തിയുടെ ആത്മാവ് ആ നിമിഷം തന്നെ നിത്യനാശത്തിൽ നിന്നും സാത്താന്റെ പിടിയിൽ നിന്നും രക്ഷിക്കപ്പെട്ടിരിക്കുന്നു. വീണ്ടെടുക്കപ്പെട്ടിരിക്കുന്നു. ആ വ്യക്തി വീണ്ടെടുക്കപ്പെട്ടവരുടെ കൂട്ടത്തിൽ ആയിക്കഴിഞ്ഞിരിക്കുന്നു.

സൗജന്യമായ രക്ഷയാണിതെന്ന് ഞാൻ മുമ്പ് പറഞ്ഞല്ലോ. കഴിഞ്ഞ പതിമൂന്നു വർഷങ്ങായി നൂറു നൂറു പ്രാർത്ഥനാകൂട്ടായ്മകളിലും ആരാധനകളിലും ഞാൻ സംബന്ധിച്ചു വരുന്നു. കൂട്ടായ്മകളുടെയും ആരാധനകളുടെയും ഭാരവാഹികൾ അവർ നടത്തുന്ന ശുശ്രൂഷകൾക്കോ, സ്നാനം, തിരുവത്താഴം, ശവസംസ്കാരം തുടങ്ങിയ കൂദാശകൾക്കോ ക്ഷേത്രങ്ങളിലെപ്പോലെ പണം ഈടാക്കുന്നത് ഞാൻ കണ്ടിട്ടില്ല. രോഗശാന്തി, പ്രശ്നനിവാരണം എന്നിവയ്ക്കു വേണ്ടി പ്രാർത്ഥനയ്ക്ക് പോകുന്നവരിൽ നിന്നും ഫീസ് ഈടാക്കുന്നത് ഒരിക്കലും കണ്ടിട്ടില്ല. അവരുടെ പ്രാർത്ഥനാപരിപാടികൾക്കു വേണ്ടി എണ്ണയോ പൂവോ പഞ്ചലോഹങ്ങളോ മെഴുകുതിരിയോ പുത്തൻവസ്ത്ര

ങ്ങളോ ദേവാലയ ദർശനമോ തീർത്ഥയാത്രയോ ഒന്നും ആവശ്യപ്പെടുന്നില്ല. എന്നോടും ആരും ഇതൊന്നും ആവശ്യപ്പെട്ടിട്ടില്ല. ഞാൻ മറ്റുള്ളവരോടും ആവശ്യപ്പെടാറില്ല. കൺവൻഷനുകൾ നടത്തുമ്പോൾ വാടക, കറന്റ്, ഉച്ചഭാഷിണി, അതിഥി പ്രസംഗകർക്കു കൊടുക്കേണ്ട സംഭാവന എന്നിവയ്ക്കു വേണ്ടി അവരവരുടെ കഴിവനുസരിച്ച് സംഭാവനകൾ നൽകാമെന്നു മാത്രം. പ്രാദേശിക സഭകളുടെ നടത്തിപ്പിനു വേണ്ടി മനഃപൂർവ്വ ദാനങ്ങൾ സ്വീകരിക്കാറുണ്ട്. എന്നാൽ ദോഷനിവാരണങ്ങൾക്കായി പണം ചെലവു ചെയ്യിച്ച് കുടുംബങ്ങളെ സാമ്പത്തികമായി നശിപ്പിക്കുന്ന രീതി രക്ഷിക്കപ്പെട്ട വിശ്വാസികളുടെ ഇടയിൽ ഞാൻ കണ്ടിട്ടില്ല. ദോഷപരിഹാരക്രിയകളുടെ പേരിൽ ആരും കട ബാധ്യതകളുടെ പടുകുഴിയിൽ ചെന്നു വീഴാറില്ല. കർമ്മങ്ങൾക്കു വേണ്ടി പണം കടം വാങ്ങാൻ നാടുനീളെ നടക്കുന്നതുമില്ല.

എന്റെ കാര്യം പറഞ്ഞാൽ, മുമ്പുണ്ടായിരുന്ന എന്റെ കടബാധ്യതകൾ കൊടുത്തു തീർക്കാനുള്ള സാഹചര്യം മാനസാന്തരപ്പെട്ടതിനു ശേഷം ദൈവം ഒരുക്കിതന്നു.

'പുതിയനിയമം' വായിക്കുമ്പോൾ എന്നെ ഏറ്റവും അധികം സന്തോഷിപ്പിക്കാറുള്ള വാക്യം ഇതാണ്: "ദൈവത്തിന്റെ ഏകജാതനായ പുത്രൻ യേശുവിൽ വിശ്വസിക്കുന്ന ആരും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം തന്റെ പുത്രനെ നൽകുവാൻ തക്കവണ്ണം ലോകത്തെ അങ്ങേയറ്റം സ്നേഹിച്ചു."

ദൈവം നൽകിയ പുത്രനെ (യേശുക്രിസ്തുവിനെ) വിശ്വസിക്കുന്നവരാണ് യഥാർത്ഥവിശ്വാസികൾ. ശ്രീനാരായണഗുരു പഠിപ്പിച്ച "ഒരു ജാതി, ഒരു മതം, ഒരു ദൈവം" എന്ന ആദർശം യാഥാർത്ഥ്യമാകുന്നത് രക്ഷിക്കപ്പെട്ട വിശ്വാസികളുടെ കൂട്ടത്തിൽ മാത്രമാണ്. വിഗ്രഹങ്ങളും പ്രതിഷ്ഠകളും സ്ഥാപിച്ചതു കൊണ്ട് ആദർശങ്ങൾ യാഥാർത്ഥ്യമാകുന്നില്ല. കപട ദൈവങ്ങളെ ഉപേക്ഷിച്ച് സത്യദൈവത്തെയും ഏകമദ്ധ്യസ്ഥനായ ക്രിസ്തുവിനെയും ഹൃദയത്തിൽ പ്രതിഷ്ഠിക്കുമ്പോഴാണ് യഥാർത്ഥ സമാധാനം നമുക്കു ലഭിക്കുന്നത്. ■

*[പാസ്റ്റർ കെ. കെ. ബാബു ഏഴംകുളം സാംകുട്ടിയുടെ അഭ്യർത്ഥന അനുസരിച്ച് എഴുതി അയച്ച (2007 മാർച്ച് 20) ദീർഘമായ അനുഭവസാക്ഷ്യത്തിന്റെ ചുരുക്കമാണിത്. പാസ്റ്റർ ബാബുവിന്റെ പ്രസംഗങ്ങൾ ശബ്ദലേഖനം ചെയ്തിട്ടുള്ള സി. ഡി. കളിൽ നിന്നും വെബ്സൈറ്റുകളിൽ നിന്നും ലഭിച്ച വിവരങ്ങളും കൂട്ടിച്ചേർത്തിട്ടുണ്ട്. അദ്ദേഹത്തിന്റെ വിലാസവും ഫോൺനമ്പരും: പ്രെയർ സെന്റർ, P. O വൈക്കം 686141, കോട്ടയം. 0482-922-9099. Mob 9847717024.*

*പാസ്റ്റർ ബാബുവിന്റെയും മറ്റു ദൈവദാസന്മാരുടെയും അനുഭവസാക്ഷ്യങ്ങളും പ്രസംഗങ്ങളും താഴെക്കാണുന്ന വിലാസത്തിൽ ലഭിക്കുന്നതാണ്: Kurian Mammen, Carrollton, Texas, Phone (972) 492-4339].*

# 12 മദ്യവും കഞ്ചാവും നൽകാത്ത സന്തോഷം

## എസ്. ബാലകൃഷ്ണൻ

**കോ**ട്ടയം താലൂക്കിലുള്ള വെംബ്ളി (കനകപുരി) ഗ്രാമത്തിലെ ഒരു ദളിത് (ഹരിജൻ) കുടുംബത്തിൽ ഞാൻ ജനിച്ചു. എന്റെ പിതാവിന്റെ പേര് ശങ്കരൻ. മാതാവ് കാർത്ത്യായനി. അവർക്ക് ആറു മക്കൾ. ഞാൻ മൂത്ത പുത്രൻ. ഞങ്ങളുടെ പൂർവ്വികർ ചേലക്കൊമ്പ് ഗ്രാമത്തിൽ നിന്നാണ് വെംബ്ളിയിലേക്ക് കുടിയേറിയത്.

യേശുക്രിസ്തുവിനെ സ്വന്തരക്ഷിതാവായി സ്വീകരിച്ച് സമാധാനം പ്രാപിക്കുവാനുള്ള ഭാഗ്യം എനിക്കു ലഭിച്ചു. ക്രിസ്തീയ വിശ്വാസികളിൽ നിന്നോ മതസംഘടനകളിൽനിന്നോ സാമ്പത്തികമായി എന്തെങ്കിലും പ്രതീക്ഷിച്ചു കൊണ്ടല്ല ഞാൻ പുതിയ വിശ്വാസം തിരഞ്ഞെടുത്തത്.

എന്റെ ചെറുപ്പം മുതൽക്കേ ഞാൻ ഒരു അദ്ധ്വാനിയാണ്. നന്നായി അദ്ധ്വാനിച്ച് കുടുംബത്തെ പുലർത്തുന്നു. എന്റെ തൊഴിൽ ടാപ്പിംഗ്. ദിവസം 300 റബ്ബർമരങ്ങൾ വെട്ടി ആത്മാർത്ഥമായി പണി ചെയ്യുന്നു. ലഭിക്കുന്ന കൂലിയുടെ ഒരു ഭാഗം ആത്മീയ കാര്യങ്ങൾക്കു വേണ്ടി ചെലവിടുന്നു. സഭയിൽ ജീവകാരുണ്യപ്രവർത്തനങ്ങൾക്കുവേണ്ടി പിരിവുകൾ നടത്തുമ്പോൾ ഞാനും എന്റെ കഴിവനുസരിച്ച് സംഭാവന നൽകാറുണ്ട്. വാങ്ങാനല്ല, പിന്നെയോ കൊടുക്കാനാണ് എനിക്ക് ഇഷ്ടം. എന്റെ സ്നേഹവും സഹകരണങ്ങളും ജാതിമതഭേദമന്യെ ഞാൻ അന്യർക്കു കൊടുക്കുന്നു. ക്രിസ്തുമതത്തിൽ ചേരാനോ ആ മതത്തിൽ തുടരാനോ ആരും എന്നിൽ ഒരു പ്രലോഭനവും ചെലുത്തിയിട്ടില്ല. സ്വാർത്ഥലാഭങ്ങൾക്കു വേണ്ടിയല്ല ഞാൻ ക്രിസ്തുവിനെ സേവിക്കുന്നത്.

ഇരുപത്തിയേഴു വർഷങ്ങൾക്കു മുമ്പ് (1982ൽ) ക്രിസ്തുവിനെ സ്വീകരിച്ചതിന്റെ സാഹചര്യങ്ങൾ ഇവിടെ പറയട്ടെ.

എന്റെ ചാച്ചൻ (പിതാവ്) ഒരു കൂലിപ്പണിക്കാരനായിരുന്നു. മാതാപിതാക്കൾ പ്രധാനമായും ആരാധിച്ചിരുന്ന ദൈവങ്ങൾ പരമശിവനും വിഷ്ണുവും ആയിരുന്നു. മറ്റു ദേവന്മാരെയും അവർ വണങ്ങിയിരുന്നു. വീട്ടിൽ ചെറിയ വിഗ്രഹങ്ങളും ദൈവങ്ങളുടെ ഫ്റെയിം ചെയ്ത ചിത്രങ്ങളും ഉണ്ടായിരുന്നു. അവയിൽ പൂമാലകൾ ചാർത്തിക്കൊണ്ടാണ് ദൈവങ്ങളെ വണങ്ങിയിരുന്നത്.

ചെറുപ്പം മുതൽക്കേ യഥാർത്ഥദൈവം ആര് എന്ന് ഞാൻ തലപുകഞ്ഞ് ആലോചിച്ചിട്ടുണ്ട്. പ്രത്യേകിച്ച് പെന്തക്കോസ്തുകാർ കവലകളിൽ പ്രസംഗിക്കുമ്പോഴും മൈക്കുവച്ച് കൺവൻഷനുകളിൽ പ്രസംഗിക്കുമ്പോഴും ഞാൻ ദൈവത്തെപ്പറ്റി കൂടുതലായി ചിന്തിച്ചിരുന്നു. ഇവർ പ്രസംഗിക്കുന്നതു ശരിയോ? എന്റെ സ്വന്തമതത്തിൽ മുപ്പത്തിമുക്കോടി ദൈവങ്ങളുണ്ട്. ആൺദൈവങ്ങൾ, പെൺദൈവങ്ങൾ, നപുംസകദൈവങ്ങൾ. കൂടാതെ മൃഗങ്ങളെയും സർപ്പങ്ങളെയും ക്ഷുദ്രജീവികളെയും യക്ഷികളെയും വണങ്ങുന്നു. അനവധി അവതാരങ്ങളും. എന്നാൽ, ക്രിസ്തുമതത്തിൽ പിതാവായ ഒരു ദൈവമുണ്ട്. കൂടാതെ, ദൈവപുത്രനും ഏകഅവതാരവുമായ

യേശുക്രിസ്തുവും. പിതൃപുത്രപരിശുദ്ധാത്മാവാം ത്രിയേക ദൈവം എന്നാണ് ക്രിസ്ത്യാനികൾ വിശേഷിപ്പിക്കുന്നത്.

ഇവരിൽ ആരു പറയുന്നതാണ് ശരി? മനുഷ്യന് പ്രത്യേകം ഒരു ആത്മാവുണ്ടോ? മരണാനന്തര ജീവിതമുണ്ടോ? മോക്ഷം പ്രാപിക്കാനുള്ള യഥാർത്ഥ മാർഗ്ഗം ഏതാണ്? നരകം ഒഴിവാക്കാൻ എന്തു ചെയ്താലൊക്കും? ഞാൻ ചിന്തിച്ച വിഷയങ്ങളാണ്.

അക്കാലത്ത് ഞാൻ വിവാഹിതനായി. അന്ന് ഞാൻ മദ്യപാനം തുടങ്ങിയിരുന്നു. ബീഡിയും സിഗരറ്റും ഉപയോഗിച്ചിരുന്നു. കുടുംബജീവിതത്തിൽ സ്വസ്ഥത ഇല്ലാതെ വന്നു. എന്റെ ഭാര്യ ഒരു മാനസിക രോഗി ആയിരുന്നു. അക്കാര്യം വിവാഹം കഴിഞ്ഞതിനു ശേഷമാണ് ഞാനും എന്റെ മാതാപിതാക്കളും അറിഞ്ഞത്. ജീവിതത്തിൽ താലോലിച്ചു നടന്ന സ്വപ്നങ്ങളും പ്രതീക്ഷകളും പൊലിഞ്ഞു പോകുന്നതു പോലെ തോന്നി.

ഭാര്യയുടെ മാനസികരോഗം എന്നെ തളർത്തി. ദിവസങ്ങൾ കഴിയുന്തോറും രോഗം മൂർച്ഛിച്ചു. ഒന്നിച്ചു ജീവിക്കുവാൻ പറ്റാത്ത സ്ഥിതിയിലായി. താമസിയാതെ ഞങ്ങളുടെ വിവാഹബന്ധം പരാജയത്തിലവസാനിച്ചു. ഭാര്യ അവളുടെ വീട്ടിലേക്കു മടങ്ങി. അധികം താമസിയാതെ രോഗം വർദ്ധിച്ച് അവൾ മരണമടയുകയും ചെയ്തു.

വിവാഹജീവിതത്തിലെ പരാജയം എന്നെ അങ്ങേയറ്റം നിരാശനാക്കി. വീടിനോടും നാടിനോടും മടുപ്പു തോന്നി. ഒടുവിൽ മലബാറിലേക്ക് മാറി താമസിച്ചു. അവിടെ പകൽ മുഴുവൻ ജോലി ചെയ്യും. ജീവിത നൈരാശ്യം മറക്കാനായി രാത്രിയിൽ മദ്യസേവയും. മാസങ്ങൾക്കുള്ളിൽ വീര്യമുള്ള 'റാക്ക്' കുടിച്ചുതുടങ്ങി. പണം വച്ചുള്ള ചീട്ടുകളി സ്ഥിരം ശീലമായി. ഒടുവിൽ കഞ്ചാവു വലിയും ജീവിതത്തിന്റെ ഭാഗമായി. ഇരുപത്തിയഞ്ചാമത്തെ വയസ്സിലാണ് (1976) മലബാറിൽ എത്തിയത്.

അക്കാലത്ത് എനിക്ക് ആഹാരത്തോട് വിരക്തി തോന്നിത്തുടങ്ങി. ഭക്ഷണം കഴിച്ചാലുടൻ വയറ് കമ്പിക്കും. ക്രമേണ ശരീരം ക്ഷീണിച്ചു വന്നു. ബന്ധുക്കൾ ആരുമില്ലാതെ മലബാറിൽ താമസിക്കുന്നത് ബുദ്ധിയല്ലെന്ന് എനിക്കു തോന്നി തുടങ്ങി. അഞ്ചു വർഷത്തെ മലബാറിലെ താമസത്തിനു ശേഷം 1981 ൽ വീട്ടിൽ മടങ്ങിയെത്തി.

നാട്ടിലെത്തിയ ഞാൻ പകൽ മുഴുവൻ ജോലികളിൽ ഏർപ്പെട്ടു. വൈകിട്ട് തുടർച്ചയായി രാമായണം വായിച്ചു തുടങ്ങി. അമ്പലത്തിൽ പോയി പൂജകളിൽ പങ്കു കൊണ്ടിരുന്നു. പിറ്റേ വർഷം ശബരിമലയ്ക്കു പോകാൻ പദ്ധതിയിടുകയും ചെയ്തു.

ബൈബിൾ കൈയിലേന്തി ആരാധനയ്ക്കു പോകുന്ന കുറെ പെന്തക്കോസ്തുകാരെ എനിക്ക് അറിയാമായിരുന്നു. ഒരിക്കൽ അവരിൽ ഒരാളോട് ഒരു ബൈബിൾ ആവശ്യപ്പെട്ടു. അദ്ദേഹം ഒരു ബൈബിൾ എനിക്കു നൽകി. ഞാൻ ബൈബിൾ വായിച്ചുതുടങ്ങി. സർവ്വശക്തനായ ഏകദൈവം സകലത്തെയും സൃഷ്ടിച്ചു എന്ന് ബൈബിളിൽ എഴുതിയിരിക്കുന്നത് എന്നെ ആകർഷിച്ചു ബൈബിളിലെ പുതിയ നിയമഭാഗം വായിച്ചു തുടങ്ങിയപ്പോൾ ഒരു പ്രത്യേക ഉണർവ്വും ആകാംക്ഷയും എനിക്കുണ്ടായി. യേശുക്രിസ്തു ജനിച്ചതും മരിച്ചതും ഉയിർത്തെഴുന്നേറ്റതും വളരെ വിശദമായി നാലു സുവിശേഷങ്ങളിൽ എഴുതിയിരിക്കുന്നു. ഇവ വെറും കെട്ടുകഥകളാണെന്ന് എനിക്കു തോന്നിയില്ല.

ഞാൻ എന്നോടു തന്നെ ചോദിച്ചുകൊണ്ടിരുന്നു. ബൈബിൾ പറയുന്ന പിതാവാം ദൈവം (യഹോവ) ആണോ യഥാർത്ഥ ദൈവം? സുവിശേഷഗ്രന്ഥങ്ങളിലെ യേശുക്രിസ്തു യഥാർത്ഥ രക്ഷകനോ? ഏക അവതാരമോ? യേശുവാണോ മോക്ഷം നൽകുന്ന ദിവ്യൻ? മനുഷ്യവർഗ്ഗത്തിന്റെ മൊത്തം പാപത്തിനുവേണ്ടിയാണ് ക്രിസ്തു മരിച്ചതെന്നുള്ള 'പുതിയ നിയമ'ത്തിലെ അവകാശവാദം ശരിയാണോ? എന്റെ കഴിഞ്ഞകാലത്തെ തെറ്റുകളും വീഴ്ചകളും ക്ഷമിച്ചു തരുവാൻ ഈ യേശുവിനു കഴിയുമോ? നിരാശയിൽ പതിച്ച എന്റെ ഹൃദയത്തിനു സമാധാനം കിട്ടുമോ?



മോക്ഷത്തിനു വേണ്ടി, പാപമോചനത്തിനു വേണ്ടി, ഞാൻ ഒത്തിരി കർമ്മങ്ങളും പൂജകളും തുടർച്ചയായി നടത്തിക്കൊണ്ടിരുന്നു. എന്നാൽ, പുതിയ നിയമം പറയുന്നത് എന്റെ സ്വന്തം കർമ്മങ്ങൾ കൊണ്ടല്ല, പിന്നെയോ യേശുക്രിസ്തു ക്രൂശിൽ ചെയ്ത കർമ്മം കൊണ്ടാണ് നിമിഷത്തിനുള്ളിൽ എനിക്ക് പാപമോചനവും രക്ഷയും ലഭിക്കുന്നത് എന്നാണ്. എന്റെ ആത്മാവിന് മുക്തി ലഭിക്കാൻ മരണാനന്തരം പല പല ജന്മങ്ങളിലൂടെ കടന്നു പോകേണ്ടി വരുമെന്ന് ഹിന്ദുമതം പറയുന്നു. എന്നാൽ, യേശുക്രിസ്തു ക്രൂശിൽ അർപ്പിച്ച യാഗത്തിന്റെ അടിസ്ഥാനത്തിൽ യേശുവിനെ സ്വീകരിക്കുന്ന നിമിഷത്തിൽ തന്നെ ഞാൻ മുക്തിയ്ക്ക് യോഗ്യനായി തീർന്നിരിക്കുന്നു എന്ന് 'പുതിയനിയമം' പറയുന്നു. ഇവയിൽ ഏതാണ് ശരി? പുനർജ്ജന്മം എന്ന ഒരു അവസ്ഥയോ ഘട്ടമോ മനുഷ്യൻ തരണം ചെയ്യേണ്ടി വരുമോ? അതോ ഇതൊക്കെ വെറും ഊഹാപോഹങ്ങളാണോ? ഞാൻ ചിന്തിച്ചു കൊണ്ടിരുന്നു.

അക്കാലത്ത് ഞങ്ങളുടെ നാട്ടിൽ ഇളങ്കാട് എന്ന സ്ഥലത്ത് ഇൻഡ്യാ പെന്തക്കോസ്തു സഭയുടെ ഒരു കൂട്ടായ്മ ഉണ്ടായിരുന്നു. ആ സഭയുടെ ആരാധനയിൽ സംബന്ധിക്കുവാൻ എന്റെ ഉള്ളിൽ ആഗ്രഹം തോന്നി. ഒരു ഞായറാഴ്ച ഞാൻ അവരുടെ കൂട്ടായ്മയിൽ സംബന്ധിച്ചു. പള്ളിയിൽ ഇരുന്നപ്പോഴും എന്റെ പോക്കറ്റിൽ ബീഡിയും തീപ്പെട്ടിയും ഉണ്ടായിരുന്നു. അന്നത്തെ അവരുടെ ആരാധന പറഞ്ഞറിയിക്കാൻ പറ്റാത്ത വിധത്തിലുള്ള ഒരു ആത്മീയ ചൈതന്യം എന്റെ ഉള്ളിൽ പകർന്നു. പിന്നീടുള്ള മാസങ്ങളിൽ ഞാൻ അവിടെ ഇടയ്ക്കിടെ പൊയ്ക്കൊണ്ടിരുന്നു.

അവിടത്തെ പാസ്റ്ററുടെ പേര് സഖര്യാ എന്നായിരുന്നു. അദ്ദേഹത്തിന്റെ പ്രസംഗങ്ങളിലൂടെ പുതിയ നിയമത്തിലെ സന്ദേശങ്ങൾ ഞാൻ കൂടുതൽ മനസ്സിലാക്കി. പാപിയായ മനുഷ്യൻ എത്ര നല്ല കർമ്മങ്ങൾ ചെയ്താലും രക്ഷ (മുക്തി) കിട്ടുകയില്ല. ക്രിസ്തുവിനെ സ്വീകരിച്ചാൽ അവന് വീണ്ടും ജനനം ഉണ്ടാകും. ക്രിസ്തു അവന്റെ പാപത്തിന്റെ കടം വീട്ടുകയും ചെയ്യും. അങ്ങനെ മാനസാന്തരപ്പെടുന്ന ഒരു വ്യക്തി ഉടൻതന്നെ നിത്യജീവന് അവകാശിയാകുന്നു. ക്രിസ്തു മനുഷ്യന് രക്ഷ നൽകുന്നത് സൗജന്യമായിട്ടാണ്. അതിന് പൂമാലയും ഹോമങ്ങളും നേർച്ചകളും ഒന്നും വേണ്ടാ. രക്ഷ ഒരു ദാനമാണ്; അല്ലാതെ കർമ്മങ്ങളുടെ പ്രതിഫലം അല്ല-പാസ്റ്റർ മനസ്സിലാക്കി തന്നു.

എന്റെ പാരമ്പര്യവിശ്വാസങ്ങളുമായി തട്ടിച്ചു നോക്കിയപ്പോൾ, പാസ്റ്റർ പറഞ്ഞ ആശയങ്ങൾ എനിക്ക് ശരിയായി തോന്നി. ഞാൻ യേശുക്രിസ്തുവിന്റെ ക്രൂശിലെ യാഗത്തെ എനിക്കു വേണ്ടിയുള്ള പരിഹാരയാഗമായി സ്വീകരിച്ചു. ക്രിസ്തുവിനോടു ചേരുവാൻ സ്നാനം സ്വീകരിച്ചു-1982ൽ. ദിവ്യമായ ഒരു സമാധാനം എന്നിൽ അലയടിച്ചു തുടങ്ങി. വളരെ പണം ചെലവാക്കി നടത്തിയിട്ടുള്ള പൂജകൾക്കോ ഹോമങ്ങൾക്കോ നൽകാൻ കഴിഞ്ഞിട്ടില്ലാത്ത സമാധാനം! എന്റെ വീട്ടിൽ വച്ചും പെന്തക്കോസ്തുപള്ളിയിൽ വച്ചും നടത്തിയിട്ടുള്ള പ്രാർത്ഥനകൾക്കും ശുശ്രൂഷകൾക്കും വേണ്ടി ആരും ഒരു

പൈസയും എന്നോടു ചോദിച്ചിട്ടില്ല. ഒരു മെഴുകുതിരിപോലും അവയ്ക്കു വേണ്ടി ചെലവാക്കേണ്ടി വന്നിട്ടില്ല.

ഞാൻ സത്യം കണ്ടെത്തിയിരിക്കുന്നു എന്ന ഒരു ഉറപ്പ് എന്റെ ഹൃദയ ത്തിലുണ്ടായി. ദൈവം ക്രിസ്തുവിന്റെ ക്രൂശിലൂടെ എന്റെ പാപങ്ങളുടെ കടം ക്ഷമിച്ചുവീട്ടിയിരിക്കുന്നു എന്ന ബോധ്യമാണ് എനിക്കു സമാധാനം നൽകി ക്കൊണ്ടിരുന്നത്.

വിശ്വാസജീവിതത്തിൽ ഇങ്ങനെ പത്തുപന്ത്രണ്ടുവർഷങ്ങൾ കടന്നുപോ യി. ഇതിനിടെ എന്റെ പുനർവിവാഹം നടന്നു. ലീലാമ്മ എന്നാണ് എന്റെ ഭാര്യയുടെ പേര്. ഞങ്ങൾക്ക് ഒരു ആൺകുട്ടി ജനിച്ചു.

പെട്ടെന്ന് എനിക്ക് ഒരു അസുഖം പിടിപെട്ടു. എന്റെ തൊണ്ടയ്ക്ക് വേദ ന. ശബ്ദത്തിൽ വ്യത്യാസം. ഇടയ്ക്കിടെ ശ്വാസതടസ്സവും ഉണ്ടായിക്കൊ ണ്ടിരുന്നു. എന്റെ കഴുത്തിൽ ഒരു മുഴ. അത് വളർന്നുകൊണ്ടിരുന്നു. ഒരു കോഴിമുട്ടയുടെ വലിപ്പം. ആ മുഴയാണ് വേദനയും ശ്വാസതടസ്സവും ഉണ്ടാ ക്കിയത്.

ഓപ്പറേഷൻ വേണമെന്നായിരുന്നു ഡോക്ടർ നിർദ്ദേശിച്ചത്. അതിനുവേ ണ്ടിയുള്ള പണം സ്വരൂപിച്ചുകൊണ്ടിരുന്നു. ഓപ്പറേഷനെപ്പറ്റി ചിന്തിക്കുമ്പോ ഴെല്ലാം എന്റെ ഉള്ളിൽ ഭയത്തിന്റെ വേലിയേറ്റം.

നാട്ടുകാരിൽ ചിലർ എന്നെ പരിഹസിച്ചു പറഞ്ഞു. "നിന്റെ പുതിയ ദൈവം -യേശു-നിന്നെ സൗഖ്യമാക്കും. പ്രാർത്ഥിച്ചുനോക്ക്."

എന്റെ പഴയ ദൈവങ്ങളിലേക്ക് മടങ്ങിച്ചെല്ലാനുള്ള സന്ദേശമായിരുന്നു അവരുടെ വാക്കുകളിൽ ഒളിച്ചുവച്ചിരുന്നത്.

യേശുക്രിസ്തു പൂർണമനുഷ്യനും പൂർണദൈവവുമാണെന്ന കാര്യത്തിൽ എന്റെ ഹൃദയത്തിൽ ഉറപ്പുണ്ടായിരുന്നു. യേശുവിനെക്കാൾ മികച്ച ജീവിതം നയിച്ച ഒരാളെപ്പറ്റിയോ ഒരു ദൈവത്തെപ്പറ്റിയോ മതഗ്രന്ഥങ്ങളിൽ ഞാൻ വായിച്ചിട്ടില്ല. അതുകൊണ്ട് ഞാൻ രോഗം കൊണ്ടു മരിക്കേണ്ടിവന്നാലും, പഴയ വിഗ്രഹങ്ങളിലേക്കോ പഴയദൈവങ്ങളിലേക്കോ മടങ്ങിപ്പോകുന്ന കാര്യം ഒരിക്കൽ പോലും ചിന്തിച്ചിട്ടില്ല.

സഭയിലെ ചില വിശ്വാസികളും പാസ്റ്ററും ആഹാരം വെടിഞ്ഞ് എനിക്കു വേണ്ടി പ്രാർത്ഥിച്ചുതുടങ്ങി. തികച്ചും സൗജന്യമായിട്ടാണ് അവരുടെ സമ യവും സഹകരണവും എനിക്കു നൽകിയത്. പെന്തക്കോസ്തുകാരുടെ ശുശ്രൂ ഷകൾക്ക് തിരിയും ഭസ്മവും ചന്ദനവും വിശേഷവസ്ത്രങ്ങളും ഒന്നും വേണ്ടാ ത്തതുകൊണ്ട് യാതൊരു സാമ്പത്തികഭാരവും എന്റെ രോഗത്തിന്റെ പേരിൽ എനിക്കുണ്ടായില്ല.

ഒരുദിവസം ഗാഢനിദ്രയിൽ ഞാൻ ഒരു സ്വപ്നം കണ്ടു. ഞാൻ ഒരു ഓപ്പ റേഷൻ മുറിയിൽ കിടക്കുകയാണ്. വെള്ളവസ്ത്രങ്ങൾ ധരിച്ച രണ്ടുപേർ മുമ്പിൽ പ്രത്യക്ഷപ്പെട്ടു. ഒരാൾ എന്നോടു പറഞ്ഞു: "നിന്റെ ഈ മുഴ ഞാൻ ഓപ്പറേഷൻ ചെയ്തു മാറ്റാൻ തുടങ്ങുകയാണ്." എന്നോട് നൂറുവരെ എണ്ണാൻ പറഞ്ഞു. കുറെ എണ്ണിയപ്പോൾ നാവുകുഴഞ്ഞു. ഞാൻ പരാതിപ്പെട്ടു: "അയ്യോ, ഓപ്പറേഷനു മുമ്പ് ഒന്നു പ്രാർത്ഥിക്കാൻ പോലും പറ്റിയില്ലല്ലോ!" ഇത്രമാ ത്രമേ ആ സ്വപ്നത്തെപ്പറ്റി ഞാൻ ഓർക്കുന്നുള്ളൂ.

പിറ്റേദിവസം രാവിലെ എഴുന്നേറ്റു. കണ്ണാടിയിൽ നോക്കിയപ്പോൾ മുഴ കാണാനില്ല. പിടലി തിരിച്ചു നോക്കി. മുഴ പൂർണമായി അപ്രത്യക്ഷമായിരി ക്കുന്നു. ഉമിനീർ വിഴുങ്ങിനോക്കി. വേദനയും ഇല്ല.

ഇന്നേക്ക് പതിനഞ്ചു വർഷം മുമ്പാണ് (1994ൽ) ആ മുഴ അപ്രത്യക്ഷമാ



യത്. പിന്നീട് ഒരിക്കലും ആ മുഴ പ്രത്യക്ഷപ്പെട്ടിട്ടില്ല.

വേദപുസ്തകം പതിനഞ്ചു പ്രാവശ്യം ആദ്യന്തം വായിക്കുവാൻ എനിക്കു സാധിച്ചിട്ടുണ്ട്.

ക്രിസ്തീയ വിശ്വാസം സ്വീകരിച്ചതിനുശേഷം എനിക്ക് നാട്ടിലെ സാമൂ ഹ്യവിരുദ്ധരിൽ നിന്ന് ചില്ലറ പ്രശ്നങ്ങൾ ഉണ്ടായിട്ടുണ്ട്. ദളിത സമുദായ ക്കാരൻ എന്ന നിലയിൽ എനിക്കു കിട്ടേണ്ട അനേകം ആനുകൂല്യങ്ങൾ അവർ തടഞ്ഞുകളഞ്ഞു. ദളിതർക്ക് വീടു വയ്ക്കാൻ കിട്ടുന്ന സഹായവും അവർ മുടക്കി. എന്റെ മകൻ സതീഷിനു കിട്ടാനുള്ള സർക്കാർ ആനുകൂല്യങ്ങൾ പലതും മുടക്കിക്കളഞ്ഞു.

മാതാപിതാക്കൾ എന്റെയും ഭാര്യയുടെയും വിശ്വാസത്തെ എതിർത്തുകൊ ണ്ടിരുന്നു. സാമ്പത്തികനേട്ടങ്ങൾ അവർ ഞങ്ങളുമായി പങ്കുവയ്ക്കുകയില്ലാ യിരുന്നു. എല്ലാ കാര്യത്തിലും മറ്റു മക്കൾക്കായിരുന്നു അവർ മുൻഗണന നൽകിയത്. എനിക്ക് ഒരു ചെറിയ വീടുണ്ട്. മാതാപിതാക്കൾ ദാനമായി നൽകിയ ഒരു കട്ടിൽ വീട്ടിൽ ഉണ്ടായിരുന്നു. ആ കട്ടിലു പോലും അവർ തിരികെ എടുപ്പിച്ചു.

എന്റെ ചാച്ചൻ ഏതാനും വർഷങ്ങൾക്ക് മുമ്പ് രോഗിയായി. തൊലി പൊട്ടി രക്തം ഒലിക്കുന്ന രോഗം. കിടക്കാൻപോലും വയ്യാത്ത അവസ്ഥ. വസ്ത്രങ്ങ ളിൽ രക്തവും ചലവും ഒട്ടിപ്പിടിച്ചിരുന്നു. വേദനകൊണ്ട് ഉറക്കവും നഷ്ടമാ യിതുടങ്ങി.

അനേകം ആശുപത്രികളിൽ ചികിത്സിച്ചു. കോട്ടയം മെഡിക്കൽ കോള ജിൽ ആഴ്ചകൾ കിടന്നു. മരിക്കുന്നതുവരെ ഈ അസുഖം മാറാൻ സാധ്യ തയില്ലെന്ന് പറഞ്ഞുകൊണ്ട് അവർ ചാച്ചനെ വീട്ടിലേക്ക് തിരികെ അയച്ചു. സഭാ വിശ്വാസികൾ ചാച്ചന്റെ വീട്ടിൽ വച്ച് പ്രാർത്ഥന നടത്താൻ ആഗ്രഹി ച്ചു. ചാച്ചനും അമ്മയ്ക്കും ആദ്യം താൽപര്യം ഇല്ലായിരുന്നു. ഒടുവിൽ അവർ സമ്മതം നൽകി. ഐ.പി.സി. കൂട്ടായ്മയിലെ പാസ്റ്ററും വിശ്വാസികളും ചാച്ചന്റെ വീട്ടിൽ പ്രാർത്ഥന തുടങ്ങി. ചിലർ ആഹാരം വെടിഞ്ഞാണ് ഞങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കാൻ വന്നത്.

ദിവസങ്ങൾക്കുള്ളിൽ ചാച്ചന്റെ വ്രണങ്ങൾ പയ്യെപയ്യെ കരിഞ്ഞുതുടങ്ങി. ക്രമേണ പൂർണമായി രോഗവിമുക്തനായി. അദ്ദേഹം യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിക്കയും ചെയ്തു.

അന്നൊരിക്കൽ ചാച്ചന് ഗാഢനിദ്രയിൽ ഒരു ദർശനം ഉണ്ടായി. ചാച്ചന്റെ മുമ്പിൽ അനേകദൈവങ്ങളുടെ വിഗ്രഹങ്ങൾ നിരനിരയായി പ്രത്യക്ഷപ്പെട്ടു. അവ അനങ്ങാതെ അതതുസ്ഥാനങ്ങളിൽ ഇരിക്കുന്നു. പെട്ടെന്ന് അവയുടെ നടുവിൽ പ്രകാശം പരത്തുന്ന ഒരു രൂപം പ്രത്യക്ഷപ്പെട്ടു. ആ രൂപം ചലിക്കു കയും സംസാരിക്കുകയും ചെയ്യുന്നു. മാലാഖയുടെ മുഖം പോലെ ആ രൂപ ത്തിന്റെ മുഖം മിന്നിതിളങ്ങാൻ തുടങ്ങി. "നീ എന്നോടു കൂടെ വരിക" എന്നൊരു ശബ്ദവും കേട്ടു. ചാച്ചൻ ആ രൂപത്തെ അനുഗമിച്ചു. ആയിരമാ യിരം ഏക്കർ വിസ്തൃതിയുള്ള ഒരു ചതുപ്പുപ്രദേശത്തേക്കാണ് ചാച്ചനെ ആ രൂപം നയിച്ചത്. ചതുപ്പുനിലത്തിന്റെ മധ്യത്തിൽ വലിയ ഒരു പാറ. "ഞാൻ ഈ പാറയാകുന്നു; കുലുങ്ങാത്ത ബലമുള്ള പാറ; ഇതിന്റെ മുകളിലേക്കു കയറി നില്ക്കൂ;" ആ ദിവ്യരൂപം ആജ്ഞാപിച്ചു. ചാച്ചൻ അറച്ചുനിന്നപ്പോൾ ബലമുള്ള ഒരു കരം ചാച്ചനെ താങ്ങിക്കയറ്റി. പെട്ടെന്ന്, ആ ദിവ്യരൂപം യേശു ക്രിസ്തു ആണെന്ന് ചാച്ചനു മനസ്സിലായി. അതോടെ ഉറക്കത്തിൽ നിന്ന് ചാച്ചൻ ഞെട്ടി ഉണർന്നു.

അഞ്ചു വർഷങ്ങൾ മുമ്പ് (2004ൽ) ചാച്ചനും അമ്മയും വിശ്വാസസ്നാനം സ്വീകരിച്ച് യേശു ക്രിസ്തുവിനോട് ചേർന്നു.

വിഗ്രഹാരാധന പതിവായിരുന്ന ചാച്ചന്റെ വീട്ടിൽനിന്ന് വിഗ്രഹങ്ങളും ദൈവങ്ങളുടെ ചിത്രങ്ങളും എന്നെന്നേക്കുമായി അപ്രത്യക്ഷമായപ്പോൾ നാട്ടുകാരും ബന്ധുക്കളും പലവിധത്തിൽ പ്രതിഷേധിക്കാൻ തുടങ്ങി. എന്നാൽ ചാച്ചനും അമ്മയും അവർ കണ്ടെത്തിയ പുതിയ വിശ്വാസത്തിൽ ഇന്നും ഉറച്ചു നില്ക്കുന്നു.

എന്റെ അനുഭവസാക്ഷ്യം വായിക്കുന്നവരോട് എനിക്കു പറയാനുള്ളത് ഇതാണ്. മുക്തിക്കുവേണ്ടി വേറെ ജന്മങ്ങൾ പ്രതീക്ഷിച്ചിരിക്കരുത്. പുനർജ്ജന്മസിദ്ധാന്തം വെറും കെട്ടുകഥയാണ്. യേശുക്രിസ്തുവിന്റെ സുവിശേഷം പരിശോധിക്കുക. മുക്തിക്കുവേണ്ടി ഒരു പൈസപോലും ചെലവാക്കരുത്. നിങ്ങൾ പ്രത്യേകിച്ചൊന്നും ചെയ്യേണ്ടാ. ദൈവം ക്രൂശിൽ ചെയ്തത് നിങ്ങൾ ഏറ്റെടുത്താൽ മതി. പാപമില്ലാത്ത കുഞ്ഞാടായ യേശുക്രിസ്തുവിനു മാത്രമേ രക്ഷയ്ക്കുവേണ്ടിയുള്ള വലിയവില കൊടുക്കാൻ പറ്റൂ. അതു കൊടുത്തു കഴിഞ്ഞു. നിങ്ങൾ തുറന്ന ഹൃദയത്തോടെ ക്രിസ്തു നൽകുന്ന രക്ഷാദാനം സ്വീകരിച്ചാൽ മതി. ■

*[ശ്രീ ബാലകൃഷ്ണനും ഏഴംകുളം സാംകുട്ടിയും തമ്മിൽ 2009 ഓഗസ്റ്റ് 5,10, 30 എന്നീ ദിവസങ്ങളിൽ നടന്ന ടെലഫോൺ സംഭാഷണം സംഗ്രഹിച്ചതാണ് ഈ അനുഭവസാക്ഷ്യം. ശ്രീ ബാലകൃഷ്ണനെ ഡോ. സാംകുട്ടിയ്ക്ക് പരിചയപ്പെടുത്തിയത് പാസ്റ്റർ കെ. കെ. ദാസ്, പാസ്റ്റർ കെ. എൻ. മോഹൻ എന്നിവരാണ്.]*

# 13 പ്രാർത്ഥന വരുത്തിയ രൂപാന്തരം

**ആനന്ദ് മഹാദേവൻ**

**ഞാ**നൊരു ബ്രാഹ്മണനായി ജനിച്ചു. ഞാനേറ്റവുമധികം സ്നേഹിക്കുന്ന എന്റെ വല്യച്ഛൻ ഒരു ബ്രാഹ്മണ പുരോഹിതനായിരുന്നു.

എന്നാൽ യേശുക്രിസ്തുവിന്റെ അനുയായിയാകുക എന്ന പാത തിരഞ്ഞെടുത്തതിൽ ഇപ്പോൾ ഞാൻ സന്തോഷവാനാണ്.

ഒരു മതമെന്നതിനെക്കാളുപരി യേശുക്രിസ്തുവിലൂടെ ദൈവവുമായുള്ള വ്യക്തിപരമായ ബന്ധമായി ഞാനിതിനെ കാണുന്നു. എന്നാലും ക്രിസ്തുമതത്തിലേക്ക് മതപരിവർത്തനം ചെയ്തവനെന്ന് ലോകമെന്നെ വിളിക്കുന്നു. എനിക്കതിൽ പരാതിയില്ല. സത്യസന്ധമായി മറ്റുള്ളവരുടെ അറിവിലേക്ക് ഒരു കാര്യം ഉറപ്പിച്ചു പറയട്ടെ. ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്യാൻ വേണ്ടി സാമ്പത്തിക പ്രലോഭനമോ, ഭീഷണിയോ, വഞ്ചനയോ ഒന്നും എന്റെ കാര്യത്തിൽ ഉണ്ടായിട്ടില്ല.

ഒരു ഇന്ത്യക്കാരൻ എന്നു പറയുന്നതിൽ ഞാൻ അഭിമാനം കൊള്ളുന്നു; ഒപ്പം ഹിന്ദു എന്ന സാംസ്ക്കാരിക പൈതൃകത്തിലും ഞാൻ സംതൃപ്തനാണ്. എന്റെ വിശ്വാസം പങ്കിടുന്ന ഭാര്യയും അവളുടെ ഹൈന്ദവനാമത്തിലാണ് അറിയപ്പെടുന്നത്. എന്റെ രണ്ടു മക്കൾക്കും ഹിന്ദുനാമം തന്നെയാണുള്ളത്. ഒരു പക്ഷേ എന്റെ സഹപ്രവർത്തകരും പരിചയക്കാരും ഈ ലേഖനം വായിക്കാനിടയായാൽ അത്ഭുതപ്പെട്ടേക്കാം. കാരണം, സാധാരണ ഗതിയിൽ ഞാനെന്റെ വിശ്വാസകാര്യങ്ങൾ വെളിപ്പെടുത്താറില്ല. അതേ സമയം തന്നെ എനിക്കിപ്പോഴുള്ള സന്തോഷത്തെക്കുറിച്ചും പ്രത്യാശയെക്കുറിച്ചും ചോദിക്കുന്നവരോട് ഞാനതിയായ ആനന്ദത്തോടെ എന്റെ വിശ്വാസം പങ്കിടാറുണ്ട്.

ഞാനിപ്പോൾ ഇതെഴുതുന്നത് ഒരു കാര്യം വ്യക്തമാക്കാനാണ്. എന്റെ പരിവർത്തനം ഒരിക്കലും ഒരു മതപരിവർത്തനമായിരുന്നില്ല; മറിച്ച് ഹൃദയത്തിനുണ്ടായ മാറ്റമായിരുന്നു. ഇതു വ്യക്തമാക്കാൻ എന്റെ ബാല്യകാലം വെളിപ്പെടുത്തേണ്ടതുണ്ട്. മറ്റു പല തമിഴ്ബ്രാഹ്മണ ചെറുപ്പക്കാരുടെ ബാല്യം പോലെ തന്നെയായിരുന്നു ചെന്നൈയിലെ എന്റെ ബാല്യവും. ബ്രാഹ്മണപുരോഹിതനായിരുന്ന എന്റെ മുത്തച്ഛന് എന്റെ മേലുള്ള സ്വാധീനം വലുതായിരുന്നു.

ചെറിയ കുട്ടിയായിരിക്കെ ഞാനദ്ദേഹത്തെ വളരെയധികം സ്നേഹിക്കുകയും എപ്പോഴും അദ്ദേഹത്തോട് ചേർന്ന് നടക്കുകയും ചെയ്തു. അദ്ദേഹവും എന്നെ വളരെയധികം സ്നേഹിച്ചു. എന്റെ ആഗ്രഹങ്ങളൊന്നും അദ്ദേഹം സാധിച്ചു തരാതിരുന്നിട്ടില്ല. എങ്കിലും അദ്ദേഹം തീവ്രമായി അനുവർത്തിച്ചു വന്നിരുന്ന മതപരമായ വിശ്വാസത്തെ ഉൾക്കൊള്ളാൻ ചെറുപ്പത്തിൽ എനിക്കു കഴിഞ്ഞിരുന്നില്ല. എന്റെ സ്കൂൾ അവധിക്കാലം അദ്ദേഹത്തോടൊപ്പം തിരുച്ചിറപ്പള്ളിയിൽ ചെലവഴിച്ചത് ഇന്നും ഞാനോർക്കുന്നു.

അദ്ദേഹത്തോടൊപ്പം അതിരാവിലെ നടന്നതും, കാവേരിനദിയിൽ പൂജകൾക്കായി മുങ്ങിക്കുളിച്ചതുമൊക്കെ ഇന്നും എന്റെ ഓർമ്മകളിൽ പച്ച പിടിച്ചു

നില്ക്കുന്നു. ഞാൻ അക്കാലത്ത് അനേക ശ്ലോകങ്ങൾ ഹൃദിസ്ഥമാക്കി. അവയിൽ ചിലതൊക്കെ ഇപ്പോഴും ചൊല്ലുവാൻ സാധിക്കും. എന്നാൽ ആ ശ്ലോകങ്ങളൊന്നും എനിക്ക് ഒരിക്കലും മനസ്സിലായിരുന്നില്ല. ആ ശ്ലോകങ്ങൾക്കോ പൂജകൾക്കോ ഒന്നും ദൈവവുമായി എന്നെ ബന്ധിപ്പിക്കാൻ സാധിച്ചതുമില്ല.

എന്റെ പത്തൊമ്പതാമത്തെ വയസ്സിൽ എന്നോടൊപ്പം ക്രിക്കറ്റ് കളിക്കാറുണ്ടായിരുന്ന ഒരു ക്രിസ്റ്റ്യൻ സുഹൃത്ത് അവരുടെ വീട്ടിലെ ഒരു പ്രാർത്ഥനക്കായി എന്നെ ക്ഷണിച്ചു. അവനെന്നെ ഒരു ബാറിലേക്കോ ഒരു ഡിന്നറിനോ വിളിച്ചിരുന്നെങ്കിലും ഞാൻ പോകുമായിരുന്നു. അവന്റെ വീട്ടിൽ വച്ച് അവനും അവന്റെ സഹോദരിയും എനിക്കുവേണ്ടി പ്രാർത്ഥിച്ചു. വെറും അഞ്ചു മിനിറ്റു മാത്രം നീണ്ട ആ പ്രാർത്ഥന തികച്ചും ലളിതവും ആനന്ദകരവുമായ ഒരനുഭവമായിരുന്നു. ദൈവത്തോടുള്ള സംഭാഷണമായാണ് എനിക്കത് മനസ്സിലായത്. അന്നത്തെ പ്രാർത്ഥനയുടെ വാചകങ്ങൾ ഞാനോർക്കുന്നില്ല. എങ്കിലും എന്റെ ജീവിതം, ഭാവി, ജോലി, കുടുംബം, തുടങ്ങി എല്ലാറ്റിനെയും അനുഗ്രഹിച്ചുകൊണ്ടുള്ള പ്രാർത്ഥനയായിരുന്നു അത്. അതൊരു വളരെ ലളിതമായ കാര്യമായിരുന്നു. ഒരത്ഭുതവും അവിടെ നടന്നില്ല. ഒരു മാലാഖയും അവിടേക്കിറങ്ങി വന്നില്ല. അവരാകെപ്പാടെ ചെയ്തത് സ്രഷ്ടാവായ ദൈവത്തോടും ഏകപുത്രനായ യേശുക്രിസ്തുവിനോടും ഹൃദയപൂർവ്വം ആഴമായി നിലവിളിക്കുകയായിരുന്നു.

അവർ പ്രാർത്ഥന അവസാനിപ്പിച്ച് ആമേൻ പറഞ്ഞപ്പോൾ ഈ യേശുവിനെ അനുഗമിക്കാനുള്ള അഭിനിവേശം എന്നിൽ ഉടലെടുത്തു. ദൈവവുമായി എന്റെ വിശ്വാസപരമായ ആദ്യ കണ്ടുമുട്ടലായിരുന്നു അത്. കൂടുതലൊന്നും ആലോചിക്കാതെ ഞാൻ യേശുവിനെ എന്റെ രക്ഷിതാവായി സ്വീകരിച്ചു. ഇതാണെന്റെ വിശ്വാസം. ഇതാണ് ഞാൻ തിരഞ്ഞെടുത്തത്. അന്നു വൈകിട്ട് ഞാനെന്റെ മതത്തിൽ നിന്ന് മാറിപ്പോയില്ല. ഹിന്ദുത്വം എന്റെ മുഖമുദ്രയാണ്. അതൊരിക്കലും എന്റെ മതമായിരുന്നില്ല. ഇപ്പോഴും അതങ്ങനെ തന്നെയാണ്.

അന്നു വൈകുന്നേരം ഞാൻ സ്വീകരിച്ച ക്രിസ്തുവിശ്വാസം ഒരു മതമല്ല. മറിച്ച് ക്രിസ്തുവുമായി ആഴത്തിലുള്ളതും തീവ്രവുമായ ഒരു ബന്ധമാണ്. കഴിഞ്ഞ പതിനഞ്ചു വർഷമായി അനുദിനം ഞാൻ യേശുവിനോടു കൂടുതൽ അടുത്തു ജീവിക്കുന്നു. പരിശുദ്ധനായ ദൈവത്തിന്റെ പാപമില്ലാത്ത പുത്രനായി യേശുവിനെ ഞാൻ മനസ്സിലാക്കുന്നു.

എന്റെ ജോലി, കുടുംബം, സ്വപ്നങ്ങൾ, വിജയം, പരാജയം, സമ്പത്ത് തുടങ്ങിയ കാര്യങ്ങളെല്ലാം തുറന്നു സംസാരിക്കാൻ സാധിക്കുന്ന ഏറ്റവുമടുത്തസ്നേഹിതനായി ഞാൻ യേശുവിനെ അറിയുന്നു.

ഞാൻ ഒരു നല്ല പുസ്തകം വായിക്കുകയോ, ഒരു പുതിയ ഹോട്ടലിൽ നിന്ന് രുചികരമായ ആഹാരം കഴിക്കുകയോ ചെയ്താൽ സ്വാഭാവികമായും ഞാനതിനേക്കുറിച്ച് എന്റെ സ്നേഹിതനോടു പറയും.

അസാധാരണനായൊരു സുഹൃത്തിനെ, ഗൈഡിനെ, ലീഡറെ, രക്ഷകനെ, ദൈവത്തെ ഒക്കെയാണ് ഞാൻ യേശുക്രിസ്തുവിലൂടെ കണ്ടെത്തിയതെന്നിരിക്കെ എന്റെ സുഹൃത്തുക്കളോട് ഒളിച്ചു വെക്കാമോ? ആരെങ്കിലും എന്റെ വാക്കുകൾ ശ്രദ്ധിച്ച് യേശുവിൽ വിശ്വസിച്ചാൽ ഞാൻ സന്തോഷവാനാണ്. ലോകം ഇതിനെ മതപരിവർത്തനം എന്ന് വിളിച്ചാലും ഞാനതിനെ എനിക്കു സംഭവിച്ചതു പോലുള്ള ഹൃദയരൂപാന്തരം എന്നു വിളിക്കും.



എന്നാൽ ഞാനൊരിക്കലും ആരെയും എന്റെ വിശ്വാസം കേൾക്കുവാനോ വിശ്വസിക്കാനോ നിർബന്ധിക്കുകയോ സാമ്പത്തിക പ്രലോഭനം മുന്നോട്ടു വെയ്ക്കുകയോ ചെയ്കയില്ല. അതെന്റെ വിശ്വാസത്തിന് വിരുദ്ധമാണ്. എന്നാൽ കൈക്കൂലിയോ, നിർബന്ധമോ, വഞ്ചനയോ, പ്രലോഭനമോ കൂടാതെ എന്റെ വിശ്വാസം ആചരിക്കാനും പ്രസംഗിക്കാനും എനിക്ക് ഭരണഘടന നൽകുന്ന അവകാശമുണ്ട്. എന്നാൽ എന്റെ ഈ ഹിന്ദുരാജ്യത്ത് ഈ അടിസ്ഥാനപരമായ അവകാശത്തെ നിഷ്ഠൂരമായി നിഷേധിക്കുന്നതു കാണുമ്പോൾ വേദനയുണ്ട്. ദൈവം ഭാരതത്തെ അനുഗ്രഹിക്കട്ടെ. ■

**'ഔട്ട്‌ലുക്ക് ബിസിനസ്സ്', ഒക്ടോബർ 27, 2008**

*[ഇന്ത്യയിൽ ഏറ്റവും കൂടുതൽ പ്രചാരമുള്ള വാണിജ്യമാസികകളിൽ ഒന്നായ 'ഔട്ട്‌ലുക്ക് ബിസിനസ്സിൽ' ശ്രീ ആനന്ദ് മഹാദേവൻ ഇംഗ്ലീഷിൽ എഴുതിയ "'I, the Convert' എന്ന ലേഖനം രാജ്യാന്തര തലത്തിൽ ശ്രദ്ധയാർജിക്കയുണ്ടായി. പ്രസ്തുത ലേഖനത്തിന്റെ മലയാളം പതിപ്പ് NOAH'S ARK PUBLICATIONS (CVP TOWER, TIRUVALLA) പൂർണരൂപത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്-വിവർത്തകൻ ശ്രീ സാംകുട്ടിചാക്കോ നിലമ്പൂർ. അതിലെ പ്രസക്ത ഭാഗങ്ങളാണ് ഈ അനുഭവസാക്ഷ്യം. 'ബിസിനസ്സ് ഔട്ട്‌ലുക്കിന്റെ' ചീഫ് എഡിറ്ററാണ് ആനന്ദ് മഹാദേവൻ. വാണിജ്യ സംബന്ധിയായ വിഷയങ്ങളിൽ വിശാലമായ അറിവും ഗഹനമായ ഉൾക്കാഴ്ചയും ഉള്ള ഒരാളാണ് വിദ്യാസമ്പന്നനായ ഈ യുവാവ്. ശ്രീ മഹാദേവൻ ഇപ്പോൾ മുംബൈയിലെ ഒരു സ്വതന്ത്ര ബാപ്റ്റിസ്റ്റ് സഭയിൽ ആരാധനയിൽ സംബന്ധിച്ചുവരുന്നു എന്ന് മീഡിയാ കൺസൾട്ടന്റും മുബൈയിലെ ജി. എൽ. എസ്. പബ്ളിഷെഴ്സിന്റെ മുൻ മാനേജിംഗ് എഡിറ്ററുമായ ഡോ. ബാബു കെ. വർഗീസ് ഏഴംകുളം സാംകുട്ടിയുമായി നടത്തിയ (2009 സെപ്റ്റംബർ 13) ടെലഫോൺ സംഭാഷണത്തിൽ അറിയിക്കയുണ്ടായി]*

# 14 ആശ നശിച്ചപ്പോൾ

കെ. കെ. രഞ്ജിത്ത്

**കോ**ട്ടയത്ത് ചന്തക്കടവു ഭാഗത്തു താമസിക്കുന്ന ഒരു ദലിത് കുടുംബത്തിലാണ് ഞാൻ ജനിച്ചത്–1978ൽ. ഞങ്ങളുടെ പൂർവ്വികർ തലമുറകളായി കോട്ടയം പട്ടണത്തിലും പ്രാന്തപ്രദേശങ്ങളിലുമായി താമസിച്ചിരുന്നു.

മാതാപിതാക്കളായ കൃഷ്ണനനും ശാന്തയും സാമ്പത്തികമായി ഞെരുക്കത്തിലായിരുന്നെങ്കിലും അവർ എന്റെ വിദ്യാഭ്യാസകാര്യങ്ങളിൽ വളരെയധികം ശ്രദ്ധിച്ചിരുന്നു.

പത്താം ക്ലാസ് പാസായശേഷം ഞാൻ ബസേലിയോസ് കോളജിൽ ചേർന്നു. അക്കാലത്ത് എന്നിൽ വലിയ മാറ്റങ്ങൾ ഉണ്ടായി. സ്കൂളിൽ നിന്നും കോളജിലേക്കുള്ള മാറ്റം കൂടുതൽ സ്വാതന്ത്ര്യം പ്രദാനം ചെയ്തതാണു കാരണം. എന്റെ അച്ഛൻ കഠിനാദ്ധ്വാനം ചെയ്തുണ്ടാക്കുന്ന പണത്തിന്റെ നല്ലൊരംശം പഠനാവശ്യങ്ങൾക്കാണെന്നു പറഞ്ഞു വാങ്ങി ഞാൻ ദുർവ്യയം ചെയ്യാൻ ആരംഭിച്ചു. മദ്യപാനം തുടങ്ങി; പുകവലിയും.

അങ്ങനെ പാപജീവിതമാകുന്ന നീർക്കയത്തിലേക്ക് ഞാൻ എടുത്തു ചാടി. ലൗകികസുഖാസ്വാദനത്തിന് ഉതകുന്നതെല്ലാം പ്രവർത്തിച്ചുതുടങ്ങി. എങ്കിൽ തന്നെ, ഇടയ്ക്കിടെ തിരുനക്കരക്ഷേത്രത്തിൽ പോയി ഈശ്വരാരാധന നടത്തുകയും ചെയ്തിരുന്നു.

അങ്ങനെയിരിക്കെ എന്റെ അച്ഛൻ പെട്ടെന്ന് തളർവാതം പിടിച്ച് കിടപ്പിലായി–1993ൽ. ഞങ്ങളുടെ വീടിന്റെ മുറിയിലെ ഭിത്തികളിൽ ഞങ്ങൾ ആരാധിക്കുന്ന ദൈവങ്ങളുടെ മനോഹരമായ ചിത്രങ്ങൾ തൂക്കിയിട്ടിട്ടുണ്ടായിരുന്നു. ചിത്രങ്ങളുടെ മുമ്പിൽ തിരികൊളുത്തിയ ഒരു വിളക്കും. പിതാവിന്റെ സൗഖ്യത്തിനു വേണ്ടി ഈ ദൈവങ്ങളോടെല്ലാം പ്രാർത്ഥിച്ചു. മരുന്നും മന്ത്രവുമെല്ലാം മാറി മാറി പ്രയോഗിച്ചു. പ്രയോജനമുണ്ടായില്ല. ഞങ്ങളുടെ ആശ നിശ്ശേഷം നശിച്ചു. പരസഹായം കൂടാതെ എഴുന്നേല്ക്കാൻ കഴിയാത്ത അവസ്ഥയിൽ എന്റെ പിതാവെത്തി. അതോടെ കുടുംബത്തിന്റെ വരുമാനവും നിലച്ചു.

അച്ഛൻ കട്ടിലിൽ മാത്രം കഴിച്ചുകൂട്ടാൻ തുടങ്ങിയിട്ട് എട്ടുമാസമാകുന്നു. അന്നൊരിക്കൽ രണ്ടു സുവിശേഷപ്രവർത്തകർ ഭവനത്തിൽ വന്ന് സുവിശേഷത്തിന്റെ കേന്ദ്രവിഷയമായ ക്രിസ്തുവിനെപ്പറ്റി പറഞ്ഞു. വിശ്വാസത്തോടെ പ്രാർത്ഥിച്ചാൽ അച്ഛന്റെ രോഗം ഭേദമാകുമെന്നും അവർ അറിയിച്ചു. ജീസസ് ഫോർ ഇൻഡ്യ എന്ന കൂട്ടായ്മയിലെ പ്രവർത്തകർ ആയിരുന്നു അവർ.

ഞങ്ങളുടെ സമ്മതത്തോടുകൂടി അവർ മൂന്നുദിവസത്തെ ഉപവാസപ്രാർത്ഥന വീട്ടിൽ ക്രമീകരിച്ചു. അവസാനദിവസം പിതാവിനെ പൂർണമായി ദൈവകരങ്ങളിൽ സമർപ്പിച്ചുകൊണ്ട് ആത്മാർത്ഥമായി പ്രാർത്ഥിച്ചു. മൂന്നാം ദിവസത്തെ പ്രാർത്ഥന ഉപസംഹരിക്കുന്നതിനുമുമ്പേ എട്ടുമാസം കിടക്കയിലായിരുന്ന പിതാവ് എഴുന്നേറ്റു നടക്കാൻ തുടങ്ങി. ആഴ്ചകൾക്കുള്ളിൽ പിതാവിന് പൂർണസൗഖ്യം ലഭിച്ചു. താമസിയാതെ പിതാവും മാതാവും യേശുക്രിസ്തുവിനെ സ്വന്തരക്ഷിതാവായി സ്വീകരിച്ചു. വിശ്വാസസ്നാനവും സ്വീകരിച്ചു.

എന്നാൽ ഞാനാകട്ടെ, ജീവിതത്തിന്റെ മുന്തിരിച്ചാറ് മട്ടോളം ഊറ്റിക്കുടി



ക്കുവാൻ നിശ്ചയിച്ചുകൊണ്ട് പഴയപാപജീവിതത്തിൽ മുന്നോട്ടുനീങ്ങിക്കൊണ്ടിരുന്നു. ഒരിക്കൽ മാത്രം സിദ്ധമാകുന്ന ജീവിതം ആവോളം ആസ്വദിക്കണം എന്ന എപ്പിക്കൂറിയൻ സിദ്ധാന്തമാണ് അന്നെനിക്ക് അഭികാമ്യമായി തോന്നിയത്–തിന്നുക, കുടിക്കുക, ആനന്ദിക്കുക. ഞങ്ങളുടെ നാട്ടിലുള്ള കത്തോലിക്കാ വിശ്വാസിയായ കുഞ്ഞുമോൻ എന്ന ആളും ചില പെന്തക്കോസ്തു വിശ്വാസികളും എന്റെ പോക്ക് ശരിയല്ലെന്ന് എന്നെ ഗുണദോഷിച്ചുകൊണ്ടിരുന്നു. എന്നാൽ, ഉപദേശങ്ങളൊന്നും ഞാൻ കൂട്ടാക്കിയില്ല.

എന്റെ ജീവിതത്തിലും രൂക്ഷമായ ഒരു പ്രതിസന്ധി നേരിട്ടപ്പോഴാണ് പാപത്തിന്റെ ദോഷത്തെപ്പറ്റി ചിന്തിച്ചത്. അച്ഛനെപ്പോലെ ഞാനും ഒരു രോഗിയായി–1997ൽ. രോഗത്തിനു വ്യത്യാസമുണ്ടായിരുന്നു എന്നു മാത്രം. എന്റെ രോഗം കടുത്ത ഇസ്നോഫീലിയ ആയിരുന്നു. ശരീരം മുഴുവൻ നീരുവന്നു ചീർത്തു. മുഖം മാതളനാരങ്ങാപോലെയായി.

അങ്ങനെ രോഗിയായി കിടക്കുമ്പോഴാണ് മരണത്തെപ്പറ്റിയുള്ള ചിന്ത എന്നെ ഗ്രസിച്ചത്. എന്റെ സുഹൃത്തുക്കൾ മിക്കവരും എന്നെ കാണാൻ വന്നു. വിശേഷിച്ച് ഞാൻ സജീവമായി പ്രവർത്തിച്ചുകൊണ്ടിരുന്ന സാരഥി ക്ലബ്ബിന്റെ അംഗങ്ങൾ പതിവായി എന്റെ വീട്ടിൽ വന്നുകൊണ്ടിരുന്നു.

പക്ഷേ, അവർക്കാർക്കും എനിക്ക് ആശ്വാസം നൽകാൻ കഴിഞ്ഞില്ല. മരണം എന്നെ തുറിച്ചു നോക്കുന്നതായി എനിക്ക് അനുഭവപ്പെട്ടു.

ഭീകരമായ കൂരിരുട്ട്! രാത്രിയിലെ എന്റെ സ്വപ്നങ്ങളെല്ലാം ശവപ്പെട്ടിയെപ്പറ്റിയും ശവക്കുഴിയെപ്പറ്റിയും! മരണം മാത്രമേ എന്റെ മുമ്പിലുള്ളൂ എന്നെനിക്കു തോന്നിത്തുടങ്ങി.

അന്നുവരെ മരണാനന്തരജീവിതത്തെപ്പറ്റിയോ ആത്മാവിന്റെ നിത്യതയെപ്പറ്റിയോ ഞാൻ ചിന്തിച്ചിട്ടില്ല. എന്നാൽ രോഗം മൂർച്ഛിച്ചപ്പോൾ ഞാൻ ചിന്താമഗ്നനായി. ആത്മാവിനെപ്പറ്റി, നിത്യതയെപ്പറ്റി ചിന്തിച്ചുതുടങ്ങി.

മാതാപിതാക്കൾ കൂട്ടായ്മ നടത്തുന്ന സഭയിലെ സഹോദരന്മാരും മറ്റു ചിലരും എന്റെ വീട്ടിൽ പ്രാർത്ഥനയ്ക്കായി വന്നുകൊണ്ടിരുന്നു. അവർ പൊയ്ക്കൊണ്ടിരുന്ന സഭയിൽ അന്ന് പത്തുനൂറുപേർ ആരാധനയ്ക്ക് സംബന്ധിച്ചിരുന്നു എന്നാണ് എന്റെ ഓർമ്മ. അക്കൂട്ടത്തിൽ പാരമ്പര്യക്രൈസ്തവസഭയിൽ നിന്ന് പെന്തക്കോസ്തുവിശ്വാസം സ്വീകരിച്ചവർ ഉണ്ട്. ഈഴവസമുദായത്തിൽ നിന്നും പിന്നോക്ക സമുദായങ്ങളിൽനിന്നും മറ്റ് ഹൈന്ദവസമുദായങ്ങളിൽ നിന്നും പെന്തക്കോസ്തു വിശ്വാസം സ്വീകരിച്ചവരും ഉണ്ടായിരുന്നു. ജാതിമതവ്യത്യാസം കൂടാതെ അവരിൽ പലരും എന്റെ വീട്ടിൽ പ്രാർത്ഥനയ്ക്കായി വന്നുകൊണ്ടിരുന്നു.

ആദ്യമായി അവർ എനിക്കുവേണ്ടി പ്രാർത്ഥിച്ചപ്പോൾ തന്നെ എന്നിലുണ്ടായിരുന്ന മരണഭയം നീങ്ങിപ്പോയി. ശവപ്പെട്ടിയ്ക്കു പകരം ക്രിസ്തുവിന്റെ പ്രകാശം കാണാൻ തുടങ്ങി. ശവക്കുഴിക്കു പകരം ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ കരങ്ങളാണ് ഉള്ളിൽ തെളിഞ്ഞു വന്നത്. രോഗികളെ സൗഖ്യമാക്കുന്ന കരം. മരണത്തെ മാത്രം മുമ്പിൽ കണ്ടിരുന്ന ഞാൻ ജീവിക്കുന്ന ക്രിസ്തുവിനെയാണ് ഹൃദയത്തിൽ കണ്ടുതുടങ്ങിയത്.

പ്രാർത്ഥിക്കാൻ വന്നവർ കാൽവറിയിലെ ക്രൂശിലൂടെ ദൈവം പ്രദർശിപ്പിച്ച സ്നേഹത്തെപ്പറ്റി പറഞ്ഞു. ദൈവം എന്നെ സ്നേഹിക്കുന്നു എന്ന് അപ്പോഴാണ് ആദ്യമായി എനിക്കു ബോദ്ധ്യപ്പെട്ടത്. ഞാൻ കർത്താവായ യേശുക്രിസ്തുവിനായി എന്റെ ജീവിതം സമർപ്പിച്ചു. 1997 മാർച്ചിലായിരുന്നു എന്റെ ഈ മാനസാന്തരം. മാനസാന്തരപ്പെട്ടപ്പോൾ നിത്യതയെപ്പറ്റിയും സ്വർഗ്ഗ

ത്തെപ്പറ്റിയും എന്റെ മനസ്സിൽ വലിയ ഒരു ഉറപ്പും പ്രത്യാശയും കിട്ടി.

പിന്നീട് കർത്താവ് എന്നെ ആ രോഗത്തിൽ നിന്ന് പൂർണമായി വിടുവിച്ചു. 1997 ഡിസംബറിലാണ് എനിക്ക് പൂർണമായി രോഗശാന്തി ലഭിച്ചത്. വിശ്വാസികളുടെ പ്രാർത്ഥനയാണ് അതിന് കാരണം.

രോഗസൗഖ്യാനന്തരം സുവിശേഷവേല ചെയ്യണമെന്ന അത്യധികമായ താല്പര്യം എനിക്കുണ്ടായി. തിരുവല്ലയിലുള്ള ഇമ്മാനുവേൽ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിൽ മൂന്നുവർഷം പഠിച്ച് ജി. റ്റിഎച്ച്. ബിരുദം നേടി. പാസ്റ്റർ വി. ജി. തോമസ്കുട്ടിയാണ് പ്രസ്തുത വേദവിദ്യാലയത്തിന്റെ പ്രിൻസിപ്പൽ. കുറെനാൾ ജീസസ് ഫോർ ജെൻറൈൽസ് എന്ന പ്രസ്ഥാനത്തിൽ പ്രവർത്തിച്ചു. ഈ പ്രസ്ഥാനത്തിന്റെ സ്ഥാപകനായ പാസ്റ്റർ പി. ഗോപിയാണ് സുവിശേഷ പ്രവർത്തനങ്ങൾ നടത്താനുള്ള പ്രായോഗികപരിശീലനം എനിക്കു നൽകിയത്. അദ്ദേഹം ഞങ്ങളെപ്പോലെയുള്ളവരെ ആത്മീയമായി വളർത്തിയെടുക്കുന്നു എന്ന വിവരം ചില സുവിശേഷവിരോധികളെ ചൊടിപ്പിച്ചു.

ഒരിക്കൽ ഒരു കൂട്ടം സുവിശേഷവിരോധികൾ പാസ്റ്റർ ഗോപിയുടെ വീട് ആക്രമിച്ചു. ഓടുകൾ എറിഞ്ഞുതകർത്തു. അദ്ദേഹത്തിന്റെ വീടിനു സമീപം ഒരു കള്ളുഷാപ്പ് ഉണ്ടായിരുന്നു. ഷാപ്പിന്റെ ഉടമ ചന്ദ്രഭാനുവും മദ്യപാനത്തിനായി അവിടെ കൂടിയ ചിലരും പാസ്റ്റർ ഗോപിക്ക് അനുകൂലമായി പ്രവർത്തിച്ചു. വീടിനു കല്ലെറിയുന്നതു കണ്ട അവർ സുവിശേഷവിരോധികളെ വിരട്ടി ഓടിച്ചു.

ഇപ്പോൾ ഞാൻ ഫാദേഴ്സ് ഗോസ്പൽ ഇന്റർനാഷണൽ എന്ന കൂട്ടായ്മയിൽ ആരാധിക്കുകയും സുവിശേഷപ്രവർത്തനങ്ങളിൽ പങ്കാളിയാവുകയും ചെയ്യുന്നു.

മാനസാന്തരപ്പെട്ട ദിവസം മുതൽ എനിക്ക് ദൈവവുമായി ഹൃദ്യമായ ഒരു ബന്ധമുണ്ട്. ക്രിസ്തുവിലുള്ള സന്തോഷം ആസ്വദിക്കുവാനുള്ള വഴി മറ്റുള്ളവർക്ക് പറഞ്ഞുകൊടുക്കണം-അതാണ് എന്റെ ഇന്നത്തെ ലക്ഷ്യം. ■

**ടെലഫോൺ ഇന്റർവ്യൂ, 2009**

*[ജീസസ് ഫോർ ജെൻറൈൽസ് (JFG) സംഘടനയുടെ സ്ഥാപകൻ പാസ്റ്റർ പി. ഗോപിയാണ് ഇവാൻജലിസ്റ്റ് കെ. കെ. രഞ്ജിത്തിനെ ഏഴംകുളം സാംകുട്ടിക്ക് പരിചയപ്പെടുത്തിയത്. JFG യ്ക്കു വേണ്ടി രഞ്ജിത്തിനെപ്പറ്റി ശ്രീ ഒ. ജെ. ജോൺ തയ്യാറാക്കിയ ഒരു ബുക്ക്ലറ്റും അയച്ചുതരികയുണ്ടായി. പ്രസ്തുത ബുക്ക്ലറ്റാണ് ഈ അനുഭവസാക്ഷ്യത്തിന്റെ പ്രധാന അവലംബം. 2009 സെപ്റ്റംബർ 6 നും13 നും ഡോ. സാംകുട്ടി ബ്രദർ രഞ്ജിത്തുമായി നടത്തിയ ടെലഫോൺ സംഭാഷണങ്ങളുടെ അടിസ്ഥാനത്തിലാണ് ഇതിലെ വിശദാംശങ്ങൾ തയ്യാറാക്കിയിരിക്കുന്നത്. പിന്നോക്ക സമുദായങ്ങളിലുള്ളവരുടെ ഇടയിൽ വിപുലമായ രീതിയിൽ ശുശ്രൂഷ ചെയ്തുകൊണ്ടിരിക്കുന്ന ഒരു ദൈവദാസനാണ് പാസ്റ്റർ പി. ഗോപി. നൂറുകണക്കിന് യുവസുവിശേഷകന്മാർക്ക് അദ്ദേഹത്തിന്റെ ടീം പരിശീലനം നൽകിയിട്ടുണ്ട്. പാസ്റ്റർ പി. ഗോപിയുമായി ബന്ധപ്പെടാനുള്ള വിലാസം: Jesus For Gentiles, Post Box No.2, Pakkil P. O., Kottayam 686012. Phone numbers: 0481-236-2130. MOB: 944 716 2130. E-mail: jesusforgentile@bharatmail.com]*

# 15 ഭക്തന്റെ മകൻ പാളംതെറ്റി ഓടിയാൽ.....?

**ഐപ്പ് മത്തായി**

**ഞാ**ൻ ഇപ്പോൾ അമേരിക്കയിലെ ഹൂസ്റ്റൺ പട്ടണത്തിൽ താമസിക്കുന്നു.

പന്തളത്തിനു സമീപമുള്ള മുടിയൂർക്കോണം ഗ്രാമത്തിലാണ് ഞാൻ ജനിച്ചുവളർന്നത്. എന്റെ മാതാവിന്റെ പേര് സാറാമ്മ. പിതാവ് ളാഹയിൽ മത്തായി. രണ്ടു പേരും നിത്യതയിൽ പ്രവേശിച്ചു. പിതാവ് തോന്നല്ലൂർ അപ്പർ പ്രൈമറി സ്ക്കൂളിൽ മലയാളം, ചരിത്രം, ഭൂമിശാസ്ത്രം എന്നീ വിഷയങ്ങൾ പഠിപ്പിച്ചിരുന്നു. അദ്ദേഹം മലയാളത്തിൽ ക്രൈസ്തവ ഭക്തിഗാനങ്ങളും കവിതകളും ഗദ്യകൃതികളും എഴുതിയിട്ടുണ്ട്.

സന്മാർഗ്ഗിയും ദൈവഭക്തനുമായിരുന്ന എന്റെ പിതാവ് മാർതോമ്മാ സഭയിലെ അംഗമായിരുന്നു. പത്തൊൻപതാം വയസ്സിൽ പിതാവ് ക്രിസ്തുവിനെ സ്വന്തരക്ഷിതാവായി സ്വീകരിച്ചു.

ഞങ്ങൾ ആറുമക്കൾ. ഞാൻ രണ്ടാമൻ. എന്റെ ബാല്യകാലത്ത് പിതാവ് കുക്കുസായിപ്പിന്റെ കൈക്കീഴിൽ സ്നാനം സ്വീകരിച്ചു. അന്നുമുതൽ അദ്ദേഹം പെന്തക്കോസ്തു വിശ്വാസത്തോട് അടുത്തുകൊണ്ടിരുന്നു.

ഞങ്ങൾക്ക് വളരെയധികം കൃഷിഭൂമി ഉണ്ടായിരുന്നു. കൃഷികാര്യങ്ങളിൽ ഞാൻ പിതാവിനെ സഹായിച്ചിരുന്നു.

ആസ്മാരോഗിയായിരുന്ന എന്റെ മാതാവിനെ ഒരിക്കൽ ഞാൻ അടുക്കളപ്പണിയിൽ സഹായിച്ചുകൊണ്ടിരുന്നപ്പോൾ, ചീനച്ചട്ടിയിലെ എണ്ണയ്ക്കു തീപിടിച്ചു. എന്റെ മുഖത്തും ശരീരത്തിന്റെ വിവിധ ഭാഗങ്ങളിലും എണ്ണതെറിച്ചുവീണു. എണ്ണവീണ ഭാഗങ്ങൾ പൊള്ളിയിളകി അവിടെ പാടുകൾ ഉണ്ടായി. ഇത് എന്റെ മുഖകാന്തിയെ ബാധിച്ചു. ഇക്കാരണത്താൽ ബാല്യകാലങ്ങളിൽ കടുത്ത അപകർഷബോധത്തിന് ഞാൻ അടിമയായി.

എന്റെ ജ്യേഷ്ഠ സഹോദരൻ ജോയിച്ചായൻ പഠിക്കാൻ സമർത്ഥനായിരുന്നു. അദ്ദേഹം സ്ക്കൂളിലെ ഏറ്റവും മിടുക്കരായ വിദ്യാർത്ഥികളിൽ ഒരാളായിരുന്നു. എനിക്ക് പഠിത്തത്തിൽ അത്രത്തോളം മിടുക്കില്ല എന്നകാര്യവും എന്റെ അപകർഷബോധം വർദ്ധിപ്പിച്ചുകൊണ്ടിരുന്നു. ആത്മഹത്യ ചെയ്യണമെന്ന ചിന്തവരെ എന്റെ മനസ്സിൽ ഉണ്ടായിട്ടുണ്ട്.

ജോയിച്ചായൻ 1956 ൽ മാനസാന്തരപ്പെട്ടു. ആത്മീയമായ അന്തരീക്ഷം വീട്ടിലുണ്ടാകാൻ വേണ്ടതെല്ലാം മാതാപിതാക്കൾ ചെയ്തു. വീട്ടിൽ പാട്ടും പ്രാർത്ഥനയും പതിവായി ഉണ്ടായിരുന്നു. പക്ഷേ എനിക്കാണെങ്കിൽ ആത്മീയ കാര്യങ്ങളിൽ ഒട്ടും താല്പര്യമില്ലായിരുന്നു.

പതിനൊന്നു വയസ്സായപ്പോൾ ഞാൻ ബീഡിയും സിഗരറ്റും വലിച്ചുതുടങ്ങി. ഹൈസ്ക്കൂളിൽ പഠിച്ചകാലത്ത് ഞങ്ങളുടെ നാട്ടിൽ എട്ടര കമ്പനിയെന്ന പേരിൽ ഒരു തല്ലിപ്പൊളി സംഘം ഉണ്ടായിരുന്നു. ആദ്യം രസത്തിനുവേണ്ടി സംഘത്തിലെ ചിലരുമായി ഞാൻ ചങ്ങാത്തം കൂടി. അവർ എന്നെ കള്ളുകൂടി പഠിപ്പിച്ചു. വീട്ടിൽ നിന്നു പണം മോഷ്ടിച്ചാണ് മദ്യത്തിനും ബീഡിക്കുമുള്ള പണം കണ്ടെത്തിയിരുന്നത്. അക്കാലത്ത് (1958-59) കേരളത്തിൽ വിമോ

ചനസമരം നടന്നുകൊണ്ടിരിക്കയായിരുന്നു. സമരത്തിൽ പങ്കെടുത്തതുമൂലം ഞാൻ മൂന്നു ദിവസം ജയിലിൽ കഴിയേണ്ടി വന്നു.

തന്നിഷ്ടക്കാരനായ എന്റെ രീതികൾ മാതാപിതാക്കളുടെ സ്വസ്ഥത നശിപ്പിച്ചു. ഞാൻ വീട്ടിലുണ്ടെങ്കിലും ഇല്ലെങ്കിലും അവർക്കു തലവേദന. തല്ലിപ്പൊളിയായി നടന്ന കാലത്താണ് (1960) ഞാൻ പന്തളം എൻ. എസ്. എസ്. കോളജിൽ പ്രീയൂണിവേഴ്സിറ്റി കോഴ്സിന് ചേർന്നത്. പഠനത്തിൽ ഒട്ടും ശ്രദ്ധിച്ചില്ല. ലക്ഷ്യബോധമില്ലാത്ത ഒരു ചെറുപ്പക്കാരനായിരുന്നു ഞാൻ.

വീടിനും ബന്ധുക്കൾക്കും ഞാൻ നാണക്കേടാണെന്ന് എനിക്കു തന്നെ തോന്നിത്തുടങ്ങി. മാതാപിതാക്കളും സഹോദരീ സഹോദരങ്ങളും എന്നോടു സ്നേഹമായി പെരുമാറിയിരുന്നെങ്കിലും ബന്ധുക്കളിൽ ചിലരും അയൽവാസികളിൽ ചിലരും എന്നെ പരിഹാസദൃഷ്ടികളോടെയാണ് വീക്ഷിച്ചത്.

1961 ൽ ഒരു ദിവസം. പാഠപുസ്തകങ്ങളെല്ലാം ഞാൻ കിട്ടിയ വിലയ്ക്കു കൊടുത്തു. വീട്ടിൽ നിന്നു കുറെ പണം മോഷ്ടിച്ചു. എല്ലാംകൂടെ 22 രൂപാ. ഒരു ജോടി ഷർട്ടും മുണ്ടും ഒരു ബെഡ്ഷീറ്റും പെട്ടിയിലാക്കി. സ്ഥലം വിട്ടു. ചങ്ങനാശേരിയിൽ ചെന്ന് ബോട്ടുമാർഗ്ഗം കൊച്ചിയിലെത്തി. അവിടെ വ്യോമസേനയിലേക്ക് റിക്രൂട്ട്മെന്റ് നടന്നുകൊണ്ടിരിക്കയായിരുന്നു. ഞാൻ റിക്രൂട്ട്മെന്റ് ഓഫീസിൽ എത്തി. "വീട്ടിൽ ചെന്ന് നല്ലവണ്ണം ആഹാരം കഴിച്ച് ശരീരപുഷ്ടി നേടിയിട്ടു വരൂ" എന്നു പറഞ്ഞ് അവരെന്നെ പറഞ്ഞയച്ചു.

ഞാൻ അന്നുതന്നെ തീവണ്ടി കയറി. എങ്ങോട്ടെന്നില്ലാതെ യാത്രയായി. തീവണ്ടിയിൽ വച്ച് ആരോ എന്റെ ബെഡ്ഷീറ്റു മോഷ്ടിച്ചു. ഒരു മനുഷ്യൻ ഫാക്ടറി ജോലിയ്ക്കുള്ള ഒരു അപേക്ഷാ ഫോറം കാണിച്ച് എന്നെ വശീകരിച്ചു. ഞാൻ അയാൾക്കു കുറെ പണവും കൊടുത്തു. പിന്നെ അയാളെ ഇതുവരെ കണ്ടിട്ടില്ല. ഒടുവിൽ ഞാൻ കാസർകോട്ടെത്തി. അപ്പോഴേക്കും കൈവശമുള്ള പണമെല്ലാം തീർന്നിരുന്നു. ഒരു ഹോട്ടലിൽ പണികിട്ടി. ഭിക്ഷാടകരും നായ്ക്കളും കിടന്നുറങ്ങുന്ന തിണ്ണകളിൽ രാത്രികൾ ചെലവഴിച്ചു.

എന്റെ ദാരുണാവസ്ഥയിൽ എനിക്കല്പം നല്ല ബുദ്ധി തോന്നി – എന്തെങ്കിലും പഠിച്ചെങ്കിലേ ഭാവിയുള്ളു എന്ന്. ഞാൻ ഹോട്ടൽ ജോലിയോടൊപ്പം റ്റൈപ്പ്റ്റു പഠിക്കാൻ തുടങ്ങി.

അങ്ങനെയിരിക്കെ കർണാടക സംസ്ഥാനത്തിൽ മംഗലാപുരത്തുള്ള ഫാദർ മുള്ളേഴ്സ് ഹോസ്പിറ്റലിൽ പാരാമെഡിക്കൽ ട്രെയിനിംഗിനായി ആളിനെ എടുക്കുന്നു എന്ന വിവരമറിഞ്ഞു. ഹോട്ടൽ തൊഴിലാളികൾ പിരിച്ചെടുത്തു നൽകിയ ഒരു തുകയുമായി ഞാൻ അവിടെയെത്തി. എനിക്കു പ്രവേശനം ലഭിച്ചു. 1963 ഒക്ടോബറിലാണ് ക്ലാസ്സുകൾ ആരംഭിച്ചത്.

സ്വിസ് എമ്മവുസ് ലെപ്രസി ഓർഗനൈസേഷൻ എന്ന സംഘടനയുടെ മേൽനോട്ടത്തിൽ പ്രവർത്തിച്ചിരുന്ന സ്ക്കൂൾ ആയിരുന്നു അത്. ഒരു മാസം കഴിഞ്ഞപ്പോൾ എനിക്കു പഠിക്കുവാനുള്ള സാമ്പത്തിക സഹായവും ആ സ്ഥാപനത്തിൽ നിന്നു കിട്ടി.

മംഗലാപുരത്ത് താമസിക്കുമ്പോൾ ഒരു പ്രഭാതത്തിൽ ഞാൻ മെഡിക്കൽ ട്രെയിനിംഗ് നടക്കുന്ന ആശുപത്രിയിലേക്ക് നടക്കുകയായിരുന്നു. പിന്നിൽ നിന്ന് ആരോ എന്നെ വിളിക്കുന്ന ശബ്ദം. അഞ്ചുവയസ്സിലേറെ പ്രായമില്ലാത്ത ഒരു ആൺകുട്ടി. ആഹാരം വാങ്ങാൻ എന്തെങ്കിലും കൊടുക്കണമെന്ന അപേക്ഷയോടെ അവൻ എന്നെ നോക്കി. എന്റെ അന്നത്തെ ഭക്ഷണത്തിനുവേണ്ടി കരുതിയിരുന്ന ഒരു രൂപാ ഞാൻ ആ പയ്യനുനൽകി. പിന്നെ എനിക്കു ഭക്ഷണം കഴിക്കാൻ പണം ബാക്കിയില്ലായിരുന്നു.



ഉച്ചകഴിഞ്ഞ് പോസ്റ്റുമാൻ എന്നെ അന്വേഷിച്ചു വന്നു. ആദ്യമായിട്ടാണ് ഒരു പോസ്റ്റുമാൻ എന്നെ തിരക്കി വരുന്നത്. വീടുവിട്ടിട്ട് രണ്ടു വർഷം കഴിഞ്ഞിരിക്കുന്നു. കത്തുകളൊന്നും വീട്ടിലേക്കയച്ചിട്ടില്ല. അത്ഭുതമെന്നു പറയട്ടെ, എന്റെ പിതാവ് അയച്ച മണിയോർഡറുമായിട്ടാണ് പോസ്റ്റുമാൻ എന്റെ മുമ്പിൽ നിൽക്കുന്നത്.

വീട്ടുകാർക്ക് എന്റെ വിലാസം എങ്ങനെകിട്ടി? ആലോചിച്ചിട്ട് പിടികിട്ടിയില്ല.

ഒടുവിൽ എന്റെ ഏറ്റവും അടുത്ത ഒരു സഹപാഠി സത്യം തുറന്നു പറഞ്ഞു. ഞാനറിയാതെ അയാൾ എന്റെ വിവരങ്ങൾ വീട്ടിലറിയിച്ചുകൊണ്ട് ഒരു കത്തെഴുതിയിരുന്നു. കത്തുകിട്ടിയപ്പോൾ തന്നെ പിതാവ് അയച്ച അൻപതു രൂപയാണ് പോസ്റ്റുമാൻ എന്നെ ഏല്പിച്ചത്.

പാവപ്പെട്ട ഒരു ബാലന് എന്റെ പോക്കറ്റു കാലിയാക്കിക്കൊണ്ട് ധർമം ചെയ്ത ദിവസം തന്നെയാണ് അപ്രതീക്ഷിതമായി എനിക്ക് പിതാവിൽ നിന്നും ഞാൻ ദാനം ചെയ്ത തുകയുടെ അൻപതിരട്ടി കിട്ടിയത്! എന്റെ ജീവിതത്തിലെ ആദ്യത്തെ അത്ഭുതം.

ഒരു വർഷം കൊണ്ട് ഉയർന്ന മാർക്കിൽ ഞാൻ ട്രെയിനിംഗ് പൂർത്തീകരിച്ചു. 1965 ൽ മംഗലാപുരത്ത് ജോലി ചെയ്യാൻ ഞാൻ നിയോഗിക്കപ്പെട്ടു.

ഞാൻ വീടുവിട്ടിട്ട് ഏകദേശം മൂന്നു വർഷത്തോളം ആയിരിക്കുന്നു. കുടുംബാംഗങ്ങളെ കാണാനുള്ള ആഗ്രഹം ഉള്ളിലുണ്ടായി. പുതിയ ജോലിക്കുവേണ്ടി മംഗലാപുരത്തുള്ള സ്വിസ് എമ്മവുസ് ഹോസ്പിറ്റലിൽ പ്രവേശിക്കുന്നതിനു മുൻപ് ഞാൻ പന്തളത്തെത്തി. താന്തോന്നിയായ എന്നോട് മാതാപിതാക്കൾ കൂടുതൽ ചോദ്യങ്ങളൊന്നും ചോദിച്ചില്ല. അവർ എന്നെ സ്നേഹപൂർവ്വം സൽക്കരിച്ചു. ഏതാനും ആഴ്ചകൾ പന്തളത്തു ചെലവിട്ട ശേഷം പുതിയ ജോലിയിൽ പ്രവേശിക്കാനായി മംഗലാപുരത്തെത്തി. അവിടെ ഡോക്ടർ ഹെയിൻസ്, ഡോക്ടർ മക്കാടൻ എന്നിവരുടെ കീഴിൽ ഞാൻ കുറെ മാസങ്ങൾ ജോലി ചെയ്തു.

1968 ജൂൺ ആദ്യ ആഴ്ച നാഗർകോവിലിലുള്ള കാതറിൻ ബൂത്ത് നഴ്സിംഗ് സ്ക്കൂളിൽ ഞാൻ വിദ്യാർത്ഥിയായി പ്രവേശിച്ചു. അക്കാലത്ത് സാധാരണയായി പുരുഷന്മാർ നഴ്സിംഗ് പഠിക്കാൻ പോകാറില്ല. എന്നാൽ എനിക്ക് ഈ തൊഴിൽ വളരെ ഇഷ്ടമായിരുന്നു. വളരെ അച്ചടക്കമുള്ള ഒരു സ്ഥാപനമായിരുന്നു അത്. അവിടെ പുകവലി നിരോധിച്ചിരുന്നു. എങ്കിലും ഞാൻ മേലധികാരികളുടെ കണ്ണു വെട്ടിച്ച് സിഗററ്റും ബീഡിയും വലിച്ചിരുന്നു.

അവിടെ പഠനം തുടർന്നപ്പോൾ അച്ചടക്ക നിയമങ്ങൾക്ക് വിധേയപ്പെട്ട ഒരു ജീവിതം നയിക്കണമെന്ന് ഞാൻ തീരുമാനിച്ചു. അങ്ങനെ പെട്ടെന്ന് പുകവലി നിർത്തി. എങ്കിലും പുകയിലയോടുള്ള ആർത്തിയെ ചെറുത്തുനില്ക്കാൻ ആവശ്യമായ ഇച്ഛാശക്തി എന്നിലില്ലായിരുന്നു. പുകവലിയ്ക്കു പകരം ഞാൻ വെറ്റില മുറുക്കിത്തുടങ്ങി. ഇത്തരം ലഹരിസാധനങ്ങളോടുള്ള ആസക്തി മാറിക്കിട്ടാൻ ഞാൻ ദൈവത്തോടു പ്രാർത്ഥിച്ചു. ക്രമേണ വെറ്റില മുറുക്കുന്നതിനുള്ള ആഗ്രഹവും മാറിക്കിട്ടി.

ഫസ്റ്റ് ക്ലാസ്സിലാണ് മിക്ക പരീക്ഷകളും ഞാൻ പാസ്സായിക്കൊണ്ടിരുന്നത്.

1968 ഡിസംബറിൽ അവധികിട്ടിയപ്പോൾ ഞാൻ വീണ്ടും പന്തളത്ത് മടങ്ങിവന്നു. വളരെ വർഷങ്ങൾ മുമ്പ് സ്നാനം സ്വീകരിച്ച് പെന്തക്കോസ്തു

പ്രസ്ഥാനത്തോട് അടുത്തുകൊണ്ടിരുന്ന എന്റെ പിതാവ് നാട്ടിലുള്ള പെന്തക്കോസ്ത് സഭകളുമായി സജീവ ബന്ധം പുലർത്തിത്തുടങ്ങിയ കാലഘട്ടമായിരുന്നു അത്. എന്റെ മാതാവും സ്നാനം സ്വീകരിച്ച് പെന്തക്കോസ്ത് ആരാധനയിൽ പങ്കുകൊണ്ടിരുന്നു.

എന്റെ സഹോദരിമാർ ലീലാമ്മയും സൂസമ്മയും വലിയ ആത്മീയ ചൈതന്യമുള്ള വ്യക്തികളായി മാറിക്കഴിഞ്ഞിരുന്നു. ലീലാമ്മ പരിശുദ്ധാത്മാഭിഷേകം പ്രാപിച്ചതായി അഭിമാനപൂർവ്വം എന്നെ അറിയിച്ചു. എനിക്ക് ആദ്യം വിഷയം അത്ര പിടികിട്ടിയില്ല!! ആത്മീയം കൂടിക്കൂടി അവൾ പഠന കാര്യങ്ങളിൽ ശ്രദ്ധിക്കാതായി. പ്രാർത്ഥനയ്ക്കുവേണ്ടിയും ഉപവാസത്തിനുവേണ്ടിയും ഏറെ സമയം ചെലവിടുന്നതിലായിരുന്നു അവളുടെ താല്പര്യം.

പന്തളത്തു താമസിച്ചിരുന്ന സഖര്യായും ഭാര്യയും വളരെ ഉണർവ്വുള്ള പെന്തക്കോസ്തു വിശ്വാസികളായിരുന്നു. പ്രാന്തപ്രദേശങ്ങളിലുള്ള വിശ്വാസികളും അർപ്പണ ബുദ്ധിയോടുകൂടി പ്രാർത്ഥിക്കുന്നവരായിരുന്നു. നാടുവിട്ടുപോയ എന്നെ നാട്ടിൽ പലർക്കും പുച്ഛമായിരുന്നു. എന്നാൽ, പാളം തെറ്റി ഓടിയ എന്നോട് നാട്ടിലെ പെന്തക്കോസ്തു വിശ്വാസികൾക്ക് ദുഃഖവും സഹതാപവും ഉണ്ടായിരുന്നു എന്ന് അവരുടെ പെരുമാറ്റ രീതികളിൽ നിന്നും എനിക്കു മനസ്സിലായി. എന്റെ മാതാപിതാക്കളുടെ ദുഃഖത്തിൽ അവർ പങ്കുചേർന്നു. കരയുന്നവരോടൊത്തു കരയുകയും ദുഃഖിക്കുന്നവരുടെ കണ്ണുനീർ ഒപ്പിയെടുക്കുകയും ചെയ്യുന്ന സഹോദരീസഹോദരങ്ങളായിരുന്നു അവർ. എന്നെ അവർ സ്വന്ത സഹോദരനെപ്പോലെ സ്നേഹിക്കുന്നു എന്ന് എനിക്കനുഭവപ്പെട്ടു.

ഞാൻ മുടിയൻ പുത്രനായ വിഷയത്തിൽ സഹവിശ്വാസികളാരും എന്റെ മാതാപിതാക്കളെ കുറ്റം വിധിച്ചില്ല; പരിഹസിച്ചില്ല. പകരം അവരെ ആശ്വസിപ്പിച്ചുകൊണ്ടിരുന്നു. എന്റെ മാതാപിതാക്കളെ ആശ്വസിപ്പിക്കുന്നതിനുവേണ്ടി വീട്ടിൽ തുടരെത്തുടരെ പ്രാർത്ഥനായോഗങ്ങൾ നടത്തുവാനും വിശ്വാസികൾ സമയം കണ്ടെത്തി.

ഞാൻ വീട്ടിൽ എത്തിയ ആഴ്ചതന്നെ ഒരു കൂട്ടം വിശ്വാസികൾ ഞങ്ങളുടെ വീട്ടിൽവച്ച് പ്രാർത്ഥനായോഗം നടത്തുവാനായി വന്നു കൂടി.

എനിക്ക് ആത്മീയ വിഷയങ്ങളിൽ പരിജ്ഞാനം ഇല്ലായിരുന്നു. ഉണർവ്വു രീതിയിലുള്ള പ്രാർത്ഥനകളോട് വലിയ താല്പര്യവും ഇല്ലായിരുന്നു. ഏതായാലും പ്രാർത്ഥന നടക്കുന്ന മുറിയിൽ ഞാൻ ചെന്നിരുന്നു. പാട്ടും പ്രാർത്ഥനയും തുടങ്ങി. ഒടുവിൽ പ്രസംഗവും. ദൈവത്തിന്റെ പരിശുദ്ധാത്മാവ് എന്റെ ഹൃദയത്തെ മെഴുകുപോലെ ഉരുക്കി.

പ്രസംഗം അവസാനിച്ചപ്പോൾ പാസ്റ്റർ ആഹ്വാനം നൽകി : "ഇവിടെ ഇരിക്കുന്ന ആർക്കെങ്കിലും പാപത്തെപ്പറ്റി അനുതപിച്ച്, യേശുക്രിസ്തുവിനെ സ്വന്തരക്ഷിതാവായി സ്വീകരിക്കുവാൻ താല്പര്യമുണ്ടോ? എങ്കിൽ കൈ ഉയർത്തിയാട്ടെ."

ഞാൻ കൈ ഉയർത്തി. ഇത്രയും വർഷങ്ങൾ മാതാപിതാക്കളെ ദുഃഖിപ്പിച്ച കാര്യം ഓർത്ത് ഞാൻ പശ്ചാത്തപിച്ചു.

വിശ്വാസികൾ കൃതജ്ഞതയോടെ സ്തോത്രശബ്ദങ്ങൾ മുഴക്കി. വിങ്ങലുകൾ. നെടുവീർപ്പുകൾ. ഒരു പാപിയുടെ മാനസാന്തരം ഉണ്ടാക്കുന്ന സമ്മിശ്രവികാരങ്ങൾ. എല്ലാവരും ഏക മനസ്സോടെ എനിക്കു വേണ്ടി പ്രാർത്ഥിച്ചു. അന്ന് 1968 ഡിസംബർ 22 ആയിരുന്നു.

പിറ്റേ ആഴ്ച പ്രാദേശിക സഭയിലെ ഒരു സഹോദരൻ തിരുവല്ലയിൽ വച്ചു



നടക്കുന്ന ഒരു പ്രാർത്ഥനാകൂട്ടായ്മയിലേക്ക് എന്നെ കൂട്ടിക്കൊണ്ടുപോയി. യോഗത്തിൽ പാസ്റ്റർ എ.റ്റി. തോമസ് എന്ന ദൈവദാസൻ വിശ്വാസസ്നാനത്തെപ്പറ്റി പ്രസംഗിച്ചു.

ഉടനെ സ്നാനം സ്വീകരിക്കാൻ ഞാൻ തയ്യാറായിരുന്നു. ആരുടെയോ വീട്ടിൽനിന്ന് പെട്ടെന്ന് എനിക്ക് ഒരു ഷർട്ടും മുണ്ടും കൊണ്ടുവന്നു. ഞാൻ വസ്ത്രം മാറി. തോളറ്റം വെള്ളമുള്ള ഒരു കുളത്തിൽ പാസ്റ്റർ എ. റ്റി. തോമസ് എന്നെ സ്നാനപ്പെടുത്തി.

ജനുവരി ആദ്യ ആഴ്ച (1969) ഒരു പുതിയ വ്യക്തിയായിട്ടാണ് ഞാൻ നാഗർകോവിലിൽ തിരിച്ചെത്തിയത്. രണ്ടുവർഷം കൂടെ അവിടെ പഠിച്ച് പഠനം പൂർത്തീകരിച്ചു.

ജോലി കിട്ടിയതനുസരിച്ച് ഞാൻ കർണ്ണാടക സംസ്ഥാനത്തിലെ ധർവാർ പട്ടണത്തിലേക്ക് (1971 ജൂലൈയിൽ) യാത്രതിരിച്ചു. തിരുവനന്തപുരം – കൊട്ടാരക്കര വഴിയാണ് യാത്ര. ഇടയ്ക്ക് പന്തളത്തിറങ്ങി വീട്ടിൽ രണ്ടു ദിവസം താമസിച്ചു. അതിനുശേഷം കോഴിക്കോട്ടെത്തി. അവിടെ എന്റെ സഹോദരൻ ജോയിച്ചായനോടുകൂടി ഒരു ദിവസം താമസിച്ചു. ആ ദിവസം എന്റെ വലതു കണ്ണിന് വല്ലാത്ത ഒരു വേദന ഉണ്ടായി. കണ്ണിനുള്ളിൽ കറുത്ത പൊട്ടുകൾ മിന്നിമറയുന്നതുപോലെ തോന്നി. എങ്കിലും അസ്വസ്ഥതകൾ വകവയ്ക്കാതെ പിറ്റേദിവസം ധർവാറിലേക്കു യാത്രതിരിച്ചു. ധർവാറിലെത്തിയപ്പോഴേക്കും എന്റെ വലത്തെ കണ്ണിന്റെ കാഴ്ച മങ്ങിത്തുടങ്ങിയിരുന്നു. അതുകൊണ്ട് ജോലിയിൽ പ്രവേശിക്കാൻ സാധിച്ചില്ല.

സംഗതിയുടെ ഗൗരവം മനസ്സിലാക്കിയ ധർവാറിലെ സ്വിസ് മെഡിക്കൽ റ്റീമിന്റെ മേലധികാരിയായ ഡോക്ടർ മക്കാടൻ പെട്ടെന്ന് എന്നെ ഹൂബ്ളി മെഡിക്കൽ കോളജിലെത്തിച്ചു. അവിടത്തെ ഡോക്ടർമാർ ചികിത്സകൾ ചെയ്തു. ഒരു മാസം തല അനക്കാതെ കിടക്കയിൽ വിശ്രമിക്കാനായിരുന്നു നിർദ്ദേശം. കുറെ ദിവസങ്ങൾ മെഡിക്കൽ കോളജിൽ കിടന്നതിനുശേഷം ഞാൻ മുറിയിൽ തിരിച്ചെത്തി. രണ്ടുമൂന്നാഴ്ച കിടക്കയിൽ ചെലവിട്ടു. എന്നിട്ടും കണ്ണിന്റെ പ്രശ്നങ്ങൾക്കു ശമനം ഉണ്ടായില്ല. കുറെ ആഴ്ചകൾ കൂടി വിശ്രമിക്കുവാൻ ഡോക്ടർമാർ പറഞ്ഞു. ഇതിനിടെ എനിക്ക് കഠിനമായ പനിയും ആരംഭിച്ചു. ചിലദിവസങ്ങളിൽ ചൂട് 104 ഡിഗ്രി വരെ ഉയർന്നു. എന്നെ വീണ്ടും മെഡിക്കൽ കോളജിൽ അഡ്മിറ്റ് ചെയ്തു. പനിയുടെ കാരണം ആർക്കും പിടികിട്ടിയില്ല. താപനിലയിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകുന്നതിന്റെ കാരണവും കണ്ടുപിടിക്കാൻ സാധിച്ചില്ല.

ഡോക്ടർ മക്കാടൻ എന്റെ വീട്ടിലേക്ക് ടെലഗ്രാം സന്ദേശം നൽകി. എന്റെ പിതാവും സഹോദരൻ രാജുവും രണ്ടു ദിവസം യാത്ര ചെയ്ത് ഹൂബ്ളി മെഡിക്കൽ കോളജിലെത്തി. എന്റെ പരിചരണത്തിന്റെ ഉത്തരവാദിത്തം രാജുവിനെ ഏല്പിച്ചിട്ട് പിതാവ് മടങ്ങി. തുടർന്നുള്ള അഞ്ചാറാഴ്ചകളിൽ താപനില ഉയരുകയും താഴുകയും ചെയ്തുകൊണ്ടിരുന്നു.

വിട്ടുമാറാത്ത പനിയും വലത്തെ കണ്ണിന്റെ അസ്വസ്ഥതയും എന്റെ ശരീരത്തെ തളർത്തിക്കഴിഞ്ഞു. ഞാൻ എല്ലും തൊലിയുമായിക്കഴിഞ്ഞിരുന്നു. ഈ ദിവസങ്ങളിൽ, പന്തളത്ത് എന്റെ വീട്ടിൽ ഒരു കൂട്ടം വിശ്വാസികൾ ഒന്നിച്ചുകൂടി പ്രാർത്ഥിക്കുന്നുണ്ടായിരുന്നു. ഞാൻ മരിക്കയില്ലെന്നും ദൈവം എന്നെ സൗഖ്യമാക്കുമെന്നും നാട്ടിൽ പ്രാർത്ഥിച്ചുകൊണ്ടിരുന്ന ചിലർക്ക് വെളിപ്പെട്ടതായി വീട്ടുകാർ എനിക്കു കത്തെഴുതി. എത്രക്ഷീണിതനെങ്കിലും വീട്ടിൽ മടങ്ങിയെത്തി പ്രാർത്ഥനയിൽ സംബന്ധിക്കണമെന്ന് കത്തിൽ ആവശ്യപ്പെട്ടിരുന്നു.

രാജുവിനോടൊത്ത് ഞാൻ പന്തളത്തേക്കു പുറപ്പെട്ടു. തീവണ്ടിയിൽ ഇരിക്കാൻ പോലും എനിക്ക് ബലം ഇല്ലായിരുന്നു. സീറ്റിൽ ഷീറ്റുവിരിച്ചു കിടന്നുകൊണ്ടാണ് യാത്ര ചെയ്തത്. എന്റെ മുടി വെട്ടിയിട്ട് ആഴ്ചകളാകുന്നു. ഷേവ് ചെയ്യാനുള്ള ആരോഗ്യം പോലുമില്ല. വീട്ടിലെത്തിയപ്പോഴേക്കും ഞാൻ അവശനും വിരൂപനുമായിരുന്നു.

പിറ്റേ ദിവസം രാവിലെ വീട്ടിൽ ഉപവാസപ്രാർത്ഥന ആരംഭിച്ചു. പ്രവാചകന്മാരായ വാര്യാപുരം യോഹന്നാച്ചനും കൂടൽ കുഞ്ഞൂഞ്ഞും പ്രാർത്ഥന നയിക്കാനായി വന്നെത്തി. പാട്ടും പ്രാർത്ഥനയും തുടങ്ങി. ദൈവികമായ ഒരു വലിയ ശക്തി പ്രാർത്ഥനാമുറിയിൽ വ്യാപരിക്കുവാൻ തുടങ്ങി. ആരാധനയ്ക്കിടയിൽ ദൈവദാസന്മാരും വിശ്വാസികളും രോഗത്തിന്റെ ബന്ധനങ്ങളെ ശാസിച്ചുകൊണ്ടാണ് പ്രാർത്ഥിച്ചത്.

പെട്ടെന്ന് വാര്യാപുരം യോഹന്നാച്ചൻ ശബ്ദം ഉയർത്തി ഇങ്ങനെ ആജ്ഞാപിച്ചു: "ഡോക്ടർമാർക്ക് കണ്ടുപിടിക്കാൻ സാധിക്കാതിരുന്ന എല്ലാ രോഗങ്ങളും ശരീരത്തിൽ നിന്നു വിട്ടു പോകട്ടെ. സാത്താന്റെ ബന്ധനങ്ങൾ അഴിയട്ടെ. ഇത് ഞാൻ ഉയിർത്തെഴുന്നേറ്റ യേശുവിന്റെ നാമത്തിൽ കല്പിക്കുന്നു." മറ്റ് സഹോദരീസഹോദരങ്ങൾ അദ്ദേഹത്തിന്റെ വാക്ക് ഏറ്റുചൊല്ലി. ഏതോ ദുർശക്തികളുമായി അവർ യുദ്ധം ചെയ്യുന്ന പ്രതീതിയായിരുന്നു. കാൽവറിയിൽ ചൊരിഞ്ഞ യേശുവിന്റെ രക്തമായിരുന്നു അവരുടെ ആയുധം. വേദവാക്യങ്ങൾ അവർ ഏറ്റുചൊല്ലി. "രക്തത്താൽ ജയം, രക്തത്താൽ ജയം", "യേശുവിന്റെ നാമത്തിൽ, യേശുവിന്റെ നാമത്തിൽ" തുടങ്ങിയ പദപ്രയോഗങ്ങൾ ആവർത്തിച്ചു കൊണ്ടിരുന്നു.

മിനിട്ടുകൾക്കുള്ളിൽ എന്റെ അവസ്ഥയ്ക്ക് മാറ്റം വന്നു തുടങ്ങി. ഉച്ചകഴിഞ്ഞപ്പോഴേക്കും ഞാൻ വീടിനുള്ളിലും മുറ്റത്തുമായി നടക്കാൻ തുടങ്ങി.

ഏറെ ചികിൽസകൾ നടത്തിയിട്ടും എന്റെ മുറിയിൽ അഞ്ചാറാഴ്ചകൾ വിശ്രമിച്ചിട്ടും മാറാതിരുന്ന ചൂടും പനിയും തളർച്ചയും എന്നെ വിട്ടുമാറിയിരിക്കുന്നു. എന്നാൽ വലത്തെ കണ്ണിന്റെ മങ്ങലും അസ്വസ്ഥതയും മാറിക്കിട്ടിയില്ല. എങ്കിൽത്തന്നെ ഞാൻ ദൈവത്തെ ചോദ്യം ചെയ്യാതെ, പെട്ടെന്നു കൈവന്ന ആരോഗ്യത്തിനുവേണ്ടി ദൈവത്തെ സ്തുതിച്ചുകൊണ്ടിരുന്നു.

അന്നു രാത്രിയിലും വീട്ടിൽ കൂട്ടായ്മയോഗം ഉണ്ടായിരുന്നു. പ്രാർത്ഥനയ്ക്കിടയിൽ വാര്യാപുരം യോഹന്നാച്ചൻ എന്നെ നോക്കിപ്പറഞ്ഞു. "നിന്റെ രോഗങ്ങൾ സൗഖ്യമായിരിക്കുന്നു. അതുകൊണ്ടുമാത്രം തൃപ്തിപ്പെടരുത്. നീ ഇപ്പോൾ പരിശുദ്ധാത്മാവു പ്രാപിക്കേണ്ടിയിരിക്കുന്നു". അദ്ദേഹത്തിന്റെ വാക്കുകൾ ഞാൻ സർവ്വാത്മനാ അംഗീകരിച്ചു. വന്നുകൂടിയ വിശ്വാസികളോടൊത്ത് ഞാൻ ദൈവത്തെ ഹൃദയംതുറന്ന് ആരാധിച്ചു തുടങ്ങി.

പൊടുന്നനെ, എന്റെ ശരീരം നിയന്ത്രണാതീതമായി. കാലും കയ്യും ചലിക്കുവാൻ തുടങ്ങി. ഒരു പുതിയ ചൈതന്യം എന്റെ ഉള്ളിൽ പ്രവർത്തിക്കുന്നതായി എനിക്കനുഭവപ്പെട്ടു. കുറെ നാളത്തേക്ക് തലയും കഴുത്തും അനക്കാൻ പാടില്ല എന്നായിരുന്നു ഹൂബ്ളിയിലെ ഡോക്ടർമാർ നിർദ്ദേശിച്ചിരുന്നത്. ഇപ്പോഴിതാ തലയനക്കാനുള്ള ഭയം എന്നിൽ ഇല്ലാതായിരിക്കുന്നു. ഞാൻ മുറിയുടെ ഒരു വശത്തുനിന്നും മറ്റൊരു വശത്തേക്ക് ഇരുന്ന ഇരുപ്പിൽ പന്തുപോലെ ചലിച്ചുകൊണ്ടിരുന്നു.

മിനിറ്റുകൾക്കുള്ളിൽ ഞാൻ എഴുന്നേറ്റ് ആത്മാവിൽ നൃത്തം ചെയ്യുവാൻ തുടങ്ങി. "കർത്താവേ, ഇതാ ഞാൻ സമർപ്പിക്കുന്നു സമർപ്പിക്കുന്നു" എന്ന് ഇടതടവില്ലാതെ നിലവിളിച്ചു പറഞ്ഞുകൊണ്ടിരുന്നു. അവ്യക്തമായ എന്തോ



ഉച്ചാരണങ്ങൾ എന്റെ വായിൽ നിന്ന് പുറത്തുവന്നു. നാവിന് തീപിടിക്കുന്നതുപോലെ തോന്നി. ഉറക്കെ സംസാരിക്കുവാൻ ബലമില്ലാതിരുന്ന ഞാൻ ഉച്ചത്തിൽ ദൈവത്തെ സ്തുതിക്കുവാൻ തുടങ്ങി. ദൈവദാസന്മാരും സഭാവിശ്വാസികളും ചുറ്റും കൂടിനിന്ന് എനിക്കുറപ്പു നല്കി; "സഹോദരാ, നീ പരിശുദ്ധാത്മാവിനാൽ നിറയപ്പെടുകയാണ്. നിന്റെ ശരീരവും നാവും പരിശുദ്ധാത്മാവിനായി വിട്ടുകൊടുക്കുക".

ആ രാത്രിയിൽ എന്നെ ചലിപ്പിച്ച പരിശുദ്ധാത്മാവ് ഇന്നും എന്നെ ആത്മീയമായി ഉത്തേജിപ്പിച്ചുകൊണ്ടിരിക്കുന്നു.

പിന്നീടുള്ള ദിവസങ്ങളിൽ എന്റെ ഉന്മേഷം വർദ്ധിച്ചുകൊണ്ടിരുന്നു. ഒരാഴ്ച കഴിഞ്ഞപ്പോൾ ഞാൻ വീണ്ടും ധർവാറിലേക്ക് യാത്ര തിരിച്ചു.

എന്റെ കണ്ണിന്റെ അസ്വസ്ഥതകളും മങ്ങലും എന്തുകൊണ്ട് മാറിക്കിട്ടിയില്ല എന്ന ചിന്ത യാത്രക്കിടയിൽ എന്റെ മനസ്സിലേക്ക് വീണ്ടും ഓടി എത്തി. എങ്കിൽ തന്നെ, ഞാൻ ദൈവത്തെ ചോദ്യം ചെയ്തില്ല. എനിക്കു പരാതി ഇല്ലായിരുന്നു. ദൈവഹിതത്തിന് എന്നെ പൂർണമായി സമർപ്പിച്ചുകൊണ്ട് ഞാൻ യാത്ര തുടർന്നു.

ഇത്ര പെട്ടെന്ന് ആരോഗ്യവാനായി ധർവാറിൽ മടങ്ങിയെത്തിയതു കണ്ട് അവിടത്തെ ഡോക്ടർമാരും പരിചയക്കാരും അത്ഭുതപ്പെട്ടു.

എന്റെ വലതു കണ്ണിന്റെ കാഴ്ച ക്രമേണ കൂടുതൽ മങ്ങിമങ്ങിവന്നു. രോഗകാരണമെന്തെന്ന് ഡോക്ടർമാർക്ക് കണ്ടുപിടിക്കാൻ സാധിച്ചില്ല. എങ്കിലും കുറെ മരുന്നുകൾ അവർ എനിക്കു നൽകി. കണ്ണിൽ ഇടയ്ക്കിടെ ഇൻജക്ഷൻ നൽകി. കണ്ണിൽ പുരട്ടാനും ഒഴിക്കാനുമുള്ള മരുന്നുകളും നൽകിക്കൊണ്ടിരുന്നു. അസ്വസ്ഥതകൾ വകവയ്ക്കാതെ ഞാൻ ജോലിയിൽ പ്രവേശിച്ചു. ചില ദിവസങ്ങളിൽ പന്ത്രണ്ടു മണിക്കൂർവരെ ജോലി ചെയ്യേണ്ടി വന്നു.

അന്നൊരിക്കൽ ഞാൻ ഡോക്ടർ മക്കാടന്റെ വീട്ടിൽ ഭക്ഷണം കഴിച്ചുകൊണ്ടിരിക്കയായിരുന്നു. പെട്ടെന്ന് എന്റെ കണ്ണിനുള്ളിലേക്ക് എന്തോ ഇരച്ചു കയറുന്നതുപോലെ എനിക്കു തോന്നി. ഡോക്ടർ മക്കാടൻ എന്നെ പെട്ടെന്ന് ബാംഗ്ളൂർ മെഡിക്കൽ കോളജിൽ എത്തിച്ചു. കണ്ണിനുള്ളിൽ രക്തസ്രാവം! കാരണം വ്യക്തമായി അവർക്കു പിടി കിട്ടിയില്ല. അവർ എന്നെ വെല്ലൂർ മെഡിക്കൽ കോളജിലെ നേത്രരോഗ വിദഗ്ദ്ധന്മാരുടെ അരികിലേക്ക് പറഞ്ഞയച്ചു. അപ്പോഴേക്കും എന്റെ വലതുകണ്ണിന് പൂർണമായും അന്ധത ബാധിച്ചിരുന്നു. വെല്ലൂരിലെ ഒഫ്താൽമോളജിസ്റ്റ് എന്നോടു പറഞ്ഞു: "ഭാഗ്യം തന്നെ, നിന്റെ ഒരു കണ്ണെങ്കിലും നല്ലതാണല്ലോ." കുറെ മരുന്നുകൾ അദ്ദേഹം എനിക്കു നൽകി. കണ്ണിനകത്ത് കോർണിയൽ ഇൻജക്ഷനും നൽകി. ഒന്നുരണ്ടാഴ്ച അവിടെ താമസിച്ചു. കണ്ണിലൊഴിക്കാൻ കുറെ മരുന്നുകളുമായി ഞാൻ ധർവാറിലുള്ള ജോലി സ്ഥലത്തേക്കു മടങ്ങി.

അന്നൊരു ദിവസം അതിരാവിലെ ഞാൻ ഒരു സ്വപ്നം കണ്ടു. യേശു എന്റെ മുറിയിൽ പ്രത്യക്ഷപ്പെടുന്നു. യേശുതമ്പുരാൻ കല്ലുകൾ കൊണ്ട് ഒരു കെട്ടിടം പണിതുയർത്തുകയാണ്. യേശു എന്നെ തൊട്ടപ്പോൾ ഞാൻ ഒരു വലിയ കല്ലായി രൂപഭേദപ്പെടുന്നു. ആ വലിയ കല്ലിനെ ഒരു അടിസ്ഥാനശിലയായി അംഗീകരിച്ച് യേശു എടുത്തുമാറ്റുന്നു. ഒടുവിൽ ആ കല്ലിനെ കെട്ടിടത്തിന്റെ അടിത്തറയിൽ കൊണ്ടുവയ്ക്കുന്നു. രാവിലെ എഴുന്നേറ്റപ്പോൾ ഞാൻ സ്വപ്നത്തെപ്പറ്റി ചിന്തിച്ചുകൊണ്ടിരുന്നു. അത് നിഗൂഢമായ അർത്ഥതലങ്ങളുള്ള ഒരു 'ദർശന'മായിരുന്നു എന്നെനിക്കു തോന്നി. പക്ഷേ, എനിക്ക് ഒന്നും പിടി കിട്ടിയില്ല.

എന്റെ വലത്തെ കണ്ണിന്റെ കാഴ്ച പൂർണമായി നഷ്ടപ്പെട്ടെങ്കിലും ഞാൻ നിരാശനായില്ല. പന്തളത്തുവച്ച് പരിശുദ്ധാത്മാവിന്റെ ശക്തി ലഭിച്ചതു മുതൽ ഏതു പ്രശ്നങ്ങളെയും സഹനതയോടെ നേരിടാനുള്ള കൃപ എന്നിൽ വ്യാപരിച്ചിരുന്നു. ഒറ്റക്കണ്ണനായ എന്നെ ഒരു പെൺകുട്ടി വിവാഹം കഴിക്കുമോ എന്ന ആശങ്ക എന്റെ ഉള്ളിൽ ഉണ്ടായിട്ടുണ്ട്. എങ്കിൽ തന്നെ സമാധാന ചിത്തനായി ജീവിതം തുടരാനുള്ള ശക്തി ദൈവം നൽകിക്കൊണ്ടിരുന്നു. ഏതായാലും മാനസാന്തരപ്പെടുന്നതിനു മുമ്പ് എന്നിലുണ്ടായിട്ടുള്ള ആത്മഹത്യയെപ്പറ്റിയുള്ള ചിന്ത പിന്നീടൊരിക്കലും എന്നെ അലട്ടിയിട്ടില്ല.

അന്നൊരു ഞായറാഴ്ച ആയിരുന്നു. വൈകിട്ട് പതിവുപോലെ ഞാൻ ഒരു പ്രാർത്ഥനായോഗത്തിൽ സംബന്ധിച്ചു. യോഗത്തിൽ സംബന്ധിച്ച ഒരു മാതാവ് ഉച്ചത്തിൽ പ്രാർത്ഥിക്കാൻ തുടങ്ങി : "ദൈവമേ ഈ ദേശത്ത് ജോലിക്കുവേണ്ടി വന്ന ദിവസം മുതൽ ഐപ്പിന്റെ കണ്ണിന് രോഗം ബാധിച്ചിരിക്കുന്നു. അവനെ സൗഖ്യമാക്കണമേ." ആത്മാർത്ഥത തുളുമ്പുന്ന ആ പ്രാർത്ഥന കേട്ടപ്പോൾ എന്റെ ഹൃദയത്തിനു ചൂടുപിടിച്ചു. ഞാനും മനസ്സിൽ ഇങ്ങനെ പ്രാർത്ഥിച്ചു : "ദൈവമേ എന്റെ കണ്ണിന് ഇപ്പോൾ തന്നെ സൗഖ്യം തരേണമേ. എന്നാൽ, അങ്ങയുടെ പൂർണ്ണഹിതത്തിന് ഞാൻ കീഴ്പ്പെട്ടു തരുന്നു. എന്റെ കണ്ണിന്റെ രോഗം ഒരിക്കലും മാറ്റാതിരിക്കയാണ് അങ്ങയുടെ ഹിതമെങ്കിൽ അങ്ങയുടെ ഇഷ്ടംപോലെ തന്നെയാകട്ടെ."

പ്രാർത്ഥനായോഗം തീർന്നശേഷം ഞാൻ എന്റെ മുറിയിലേക്കു നടക്കവെ, ഒരു ലോറി എതിർദിശയിൽ നിന്നു വരുന്നു. ലോറിയുടെ ഹെഡ്ലൈറ്റിന്റെ പ്രകാശം ഞാൻ രണ്ടു കണ്ണുകൾ കൊണ്ടും കണ്ടു. അഞ്ചാറുമാസങ്ങൾക്കുശേഷം വലത്തെ കണ്ണിന്റെ കാഴ്ച ഏറെക്കുറെ തിരികെ കിട്ടിയിരിക്കുന്നു. രണ്ടാഴ്ചയ്ക്കുള്ളിൽ എന്റെ കണ്ണിന് പൂർണ്ണമായ കാഴ്ചകിട്ടി. 1971 ലാണ് ഈ അത്ഭുതം സംഭവിച്ചത് – ഇപ്പോൾ 38 വർഷങ്ങളാകുന്നു. ഇന്നും എന്റെ രണ്ടു കണ്ണുകൾക്കും പൂർണ്ണമായ കാഴ്ച ശക്തിയുണ്ട്.

എനിക്ക് രോഗശാന്തി നൽകിയ യേശുവിനെപ്പറ്റി ഞാൻ സാക്ഷ്യം പ്രസ്താവിച്ചു തുടങ്ങി. ഞാൻ ജോലി ചെയ്യുന്ന എമ്മവുസ് മെഡിക്കൽ ഓർഗനൈസേഷനിലെ ഭാരവാഹികളിൽ ചിലർക്ക് ഞാൻ സുവിശേഷവേലയിൽ ഏർപ്പെടുന്ന കാര്യത്തിൽ താല്പര്യമില്ലായിരുന്നു. കാരണം, ആ സ്ഥാപനം ഒരു സെക്കുലർ സ്ഥാപനമാണ്. സ്വിറ്റ്സർലഡിലെ ഒരു മെഡിക്കൽ സംഘടനയുടെ ഉപശാഖയായ ഈ സ്ഥാപനം ഒരു മതേതര സംഘടനയായി നിലനിർത്താനായിരുന്നു അവർക്കു താല്പര്യം. കൂടാതെ ധർവാർ നിവാസികൾ ഹിന്ദുക്കളായിരുന്നു. അവരിൽ ചിലർ സുവിശേഷ പ്രവർത്തനങ്ങളെ അങ്ങേയറ്റം എതിർത്തിരുന്നു. അതുകൊണ്ട് നഴ്സിംഗ് ജോലിയോടൊത്തുള്ള എന്റെ ഉപദേശിവേല നിർത്തിവയ്ക്കണമെന്ന് മേലുദ്യോഗസ്ഥർ ആവശ്യപ്പെട്ടു.

ഔദ്യോഗിക കല്പനയുടെ ഗൗരവം മനസ്സിലാക്കാതെ, 1971 ക്രിസ്മസ് അവധിക്കാലത്ത് ഒരു കൂട്ടം സുവിശേഷ പ്രവർത്തകരുമായി സഹകരിച്ച് ഞാൻ അനേക ഗ്രാമങ്ങളിൽ സഞ്ചരിച്ചു. ലഘുലേഖകളും 'പുതിയനിയമ'വും (സുവിശേഷങ്ങൾ) വിതരണം ചെയ്തു.

ഞാൻ പ്രാന്തപ്രദേശങ്ങളിൽ ഉപദേശിവേല ചെയ്ത വിവരം ആരോ പറഞ്ഞ് എന്റെ മേലധികാരികൾ അറിഞ്ഞു. ക്രിസ്ത്യാനിയായ സൂപ്പർവൈസർ എന്നെ വിളിച്ചു ശാസിച്ചു: "ഒന്നുകിൽ നീ സുവിശേഷ വേല നിർത്തി വയ്ക്കണം. അല്ലെങ്കിൽ ജോലി രാജിവച്ച് പുറത്തു പോകണം."

ദൈവത്തെ സേവിക്കുവാൻ സ്വാതന്ത്ര്യമില്ലാത്ത ഒരു ജോലി ഞാൻ വേണ്ടെന്നു വച്ചു. മറ്റൊരു ജോലി അന്വേഷിച്ചു തുടങ്ങി.



താമസിയാതെ എനിക്ക് തമിഴ്നാട്ടിലെ കുംഭകോണത്തുള്ള ഒരു ആശുപത്രിയിൽ ജോലി നൽകാമെന്ന് മേലധികാരികൾ അറിയിച്ചു. പക്ഷേ ധർവാറിൽ കിട്ടിയതിന്റെ നേർ പകുതിശമ്പളം മാത്രമെ വാഗ്ദാനം ചെയ്തുള്ളു. എങ്കിലും ആ ജോലി സ്വീകരിച്ചുകൊണ്ട് ഞാൻ കത്തെഴുതി.

പുതിയ ജോലിയിൽ പ്രവേശിക്കുന്നതിനുമുൻപ് ഞാൻ പന്തളത്തെത്തി. അന്നെനിക്ക് ഇരുപത്തെട്ടുവയസ്സ്. പെട്ടെന്ന് എനിക്കൊരു വിവാഹാലോചന വന്നു. പെൺകുട്ടിയുടെ പേര് സൂസി (കുഞ്ഞൂഞ്ഞമ്മ). 1972 ഏപ്രിൽ 17ന് ഞങ്ങൾ വിവാഹിതരായി.

ഏപ്രിൽ അവസാനം ഞാനും ഭാര്യയും തമിഴ്നാട്ടിൽ ജോലി സ്ഥലത്തെത്തി – കുംഭകോണത്തുള്ള സേക്രഡ് ഹാർട്ട് ഹോസ്പിറ്റലിൽ. ഞങ്ങൾ ഒരു മുറിമാത്രമുള്ള ഒരു വീട് വാടകയ്ക്കെടുത്തു. വർഷങ്ങൾ താന്തോന്നിയായി ജീവിച്ച ഞാൻ രക്ഷിക്കപ്പെട്ട സൽസ്വഭാവിയായ ഒരു പെൺകുട്ടിയോടൊത്ത് കുടുംബജീവിതം ആരംഭിച്ചു. ഞങ്ങളുടെ കുടുംബജീവിതം സന്തോഷപ്രദമായിരുന്നു.

ഒരു ദിവസം സൂസി ഒരു വലിയ താറാവിനെ കറിവച്ചു. ഞങ്ങൾ ഭക്ഷിക്കാൻ തുടങ്ങിയപ്പോൾ വാതിലിൽ ആരോമുട്ടുന്നതുകേട്ടു – ഒരു ഭിക്ഷക്കാരൻ. "അണ്ണാ എനിക്കു വിശക്കുന്നു. വല്ലതും ഭക്ഷിക്കാൻ തരണേ," അയാൾ എന്നെ നോക്കിപ്പറഞ്ഞു. ഞാൻ ഇരുപത്തഞ്ചു പൈസാ കൊടുത്ത് അയാളെ പറഞ്ഞു വിട്ടു. അക്കാലത്ത് അഞ്ചോ പത്തോ പൈസയിലധികം ആരും ഭിക്ഷ കൊടുക്കാറില്ല. അയാൾ നടന്നകന്നപ്പോൾ എന്റെ മഹാമനസ്ക്കതയിൽ എനിക്ക് അഭിമാനം തോന്നി. കുറെക്കഴിഞ്ഞപ്പോൾ എന്റെ ഹൃദയത്തിൽ ഒരു മുഴക്കം: "അയാൾ നിന്നോടു ഭക്ഷണമാണു ചോദിച്ചത്. നീ പണം കൊടുത്ത് അയാളെ ഒഴിവാക്കി. നീ ചെയ്തത് തെറ്റാണ്".

ഞാൻ ഭിക്ഷക്കാരനെ തേടിയിറങ്ങി. അയാളെ ഒരു കടത്തിണ്ണയിൽ കണ്ടെത്തി. വീട്ടിൽ കൊണ്ടുവന്നു. ചോറും താറാവുകറിയും ഇഷ്ടം പോലെ കൊടുത്തു.

കുംഭകോണത്ത് താമസിച്ചകാലത്ത് (1973) എന്റെ മെഡിക്കൽ സേവന കാലത്ത് ഒരിക്കലും കണ്ടിട്ടില്ലാത്ത രീതിയിലുള്ള ഒരു അത്ഭുതത്തിന് ഞാൻ ദൃക്സാക്ഷിയായി. അതേപ്പറ്റി പറയാം.

പോണ്ടിച്ചേരി സ്വദേശി അറുമുഖം എന്നു പേരുള്ള ഒരാൾ ഞങ്ങളുടെ ഹോസ്പിറ്റലിൽ അത്യാസന്ന നിലയിൽ വന്നെത്തി. ഒരു പ്രസിദ്ധ കമ്പനിയിലെ അക്കൗണ്ടന്റായ ചെറുപ്പക്കാരൻ. ഭാര്യയും രണ്ടുകുട്ടികളും. അയാളുടെ ദേഹം മുഴുവൻ പഴുത്തുവീർത്ത പരുക്കൾ. ലെപ്രൊമാറ്റസ് ലെപ്രസി എന്ന രോഗമാണ്. നാലുമാസമായി അയാളെ ചികിൽസിക്കുകയാണ്. ഒടുവിൽ ഒരു പ്രതീക്ഷയ്ക്കും വകയില്ലാത്ത അവസ്ഥയിലെത്തിയിരിക്കുന്നു. ഒരാഴ്ചയിലധികം അയാൾ ജീവിക്കില്ലെന്ന് ഡോക്ടർമാർ വിധിപറഞ്ഞു. മരണാനന്തര കർമ്മങ്ങൾക്കു വേണ്ടി വീട്ടുകാർ തയ്യാറായിത്തുടങ്ങി.

ഞാൻ അയാളുടെ കിടക്കയുടെ സമീപം ചെന്നിരുന്നു. ഇങ്ങനെ പറഞ്ഞു: "സ്നേഹിതാ, ഞാനും ഒരു മാറാരോഗിയായിരുന്നു. ശരീരത്തിന്റെ താപനില ഏറിയും കുറഞ്ഞും മാറി മറിഞ്ഞുകൊണ്ടിരിക്കുന്ന അവസ്ഥയിൽ രണ്ടു മൂന്നു മാസങ്ങൾ കഷ്ടപ്പെട്ടു. എന്നാൽ വിദഗ്ദ്ധനായ ഒരു ഡോക്ടർ മിനിറ്റുകൾക്കുള്ളിൽ എനിക്കു സൗഖ്യം നൽകി. എന്റെ വലത്തെ കണ്ണിന് കാഴ്ച നഷ്ടപ്പെട്ടു. ആറേഴു മാസങ്ങൾ നേത്രരോഗിയായി ഞാൻ കഴിഞ്ഞു കൂടി. ശരീര

ത്തിലെ താപനില സമനിലയിലാക്കിത്തന്ന അതേ ഡോക്ടർ തന്നെ എന്റെ കണ്ണിനെയും പൂർണ്ണമായി സൗഖ്യമാക്കി. അദ്ദേഹത്തെപ്പോലെ വിദഗ്ധനായ വേറെ ഒരു ഡോക്ടർ ലോകത്തിൽ ഇല്ല".

"ആ മഹാ വൈദ്യന്റെ പേരെന്താണ്? എനിക്കും അദ്ദേഹത്തിന്റെ ചികിത്സ വേണം." അറുമുഖത്തിന്റെ കണ്ണുകളിൽ പ്രതീക്ഷയുടെ തിളക്കമുണ്ടായിരുന്നു.

"പേരു പറയാം. നല്ല വൈദ്യനായ യേശുക്രിസ്തു."

അറുമുഖത്തിന് ഒരു 'പുതിയനിയമം' കൊടുത്തുകൊണ്ടു പറഞ്ഞു: "ഞാൻ പറഞ്ഞ മഹാവൈദ്യനെക്കുറിച്ചുള്ള വിവരങ്ങൾ ഈ പുസ്തകത്തിലുണ്ട്." പിറ്റേന്ന് വീണ്ടും അയാളെ സന്ദർശിച്ചു. അയാൾ ഉന്മേഷത്തോടെ എന്നെ നോക്കി: "ഇന്നലെ രാത്രി ഞാൻ ഉറങ്ങിയില്ല. 'പുതിയനിയമം' ഒത്തിരി അധ്യായങ്ങൾ വായിച്ചു. ഈ പുസ്തകത്തിൽ പറയുന്ന യേശുദേവൻ നൽകുന്ന രോഗസൗഖ്യം എനിക്ക് എങ്ങനെ പ്രാപിക്കാൻ കഴിയും?"

"പാപങ്ങൾ ഏറ്റുപറഞ്ഞ് മാനസാന്തരപ്പെടണം. ക്രിസ്തു കാൽവറിയിൽ മനുഷ്യർക്കുവേണ്ടി നേടിയെടുത്ത പാപമോചനവും രോഗശാന്തിയും വ്യക്തിപരമായി ഹൃദയം തുറന്ന് സ്വീകരിക്കണം."

അയാൾ ഞാൻ പറഞ്ഞുകൊടുത്ത ലളിതമായ പ്രാർത്ഥന ഏറ്റുചൊല്ലി. രണ്ടുമൂന്നു ദിവസം കഴിഞ്ഞ് ഞാൻ വീണ്ടും അയാളെ സന്ദർശിച്ചു. അദ്ദേഹം എന്നോടു പറഞ്ഞു: "ഒരു വലിയ വ്യത്യാസം എന്നിൽ ഉണ്ടായിരിക്കുന്നു. എന്റെ രോഗം പ്രതീക്ഷിക്കാത്ത വിധത്തിൽ അതിവേഗം സുഖമായിക്കൊണ്ടിരിക്കുന്നു. ഞാൻ നാലുമാസങ്ങളായി മരണത്തെ കാത്തുകഴിയുകയായിരുന്നു. എന്നാൽ ഇപ്പോൾ എനിക്കു സുഖം ഉള്ളതിനാൽ വീട്ടിലേക്ക് എന്നെ എത്രയും വേഗം മടക്കി അയയ്ക്കണമെന്ന് ഡോക്ടർമാരോട് അപേക്ഷിച്ചുകൊണ്ടിരിക്കയാണ്. നാല് ദിവസങ്ങൾക്കകം എനിക്ക് പൂർണമായി രോഗശമനം ഉണ്ടായിരിക്കുന്നു."

അഞ്ചാം ദിവസം അയാളെ ഡിസ്ചാർജ് ചെയ്തു. അന്ന് അറുമുഖം എന്നെ കാണാൻ എന്റെ താമസസ്ഥലത്തു വന്നതിനു ശേഷമാണ് പോണ്ടിച്ചേരിയിലേക്കു മടങ്ങിയത്.

അയാൾക്ക് രോഗശമനം ഉണ്ടായ ആഴ്ചയിൽ തന്നെ അമേരിക്കയിലേക്കുള്ള വിസാ എനിക്കു ലഭിച്ചു. 1973 ഏപ്രിൽ നാലിന് ഞാൻ അമേരിക്കയിലെ ന്യൂയോർക്ക് നഗരത്തിൽ എത്തി. 1978 ൽ ഹ്യൂസ്റ്റനിലേക്ക് സ്ഥലം മാറി. നഴ്സിംഗ് ജോലിയോടൊത്ത് യൂണിവേഴ്സിറ്റി ഓഫ് ഹ്യൂസ്റ്റനിൽ ഞാൻ വിദ്യാഭ്യാസം പുനരാരംഭിച്ചു. 1987ൽ ഹെൽത് കെയർ അഡ്മിനിസ്ട്രേഷനിൽ എനിക്ക് ബാച്ച്ലേഴ്സ് ബിരുദം ലഭിച്ചു. അതിനുശേഷം ഞാൻ ഒരു ആതുരസേവന കമ്പനി ആരംഭിച്ചു. 1993ൽ EJS Medicals എന്ന പേരിൽ പ്രസ്തുത സ്ഥാപനം റജിസ്റ്റർ ചെയ്തു. ഒന്നുരണ്ടു വർഷങ്ങൾക്കുള്ളിൽ മൂന്നു ദശലക്ഷം ഡോളർ വാർഷിക ആദായമുള്ള ഒരുസ്ഥാപനമായി അത് വളർന്നു. എന്റെ കീഴിൽ 75 ജോലിക്കാർ അന്നു പ്രവർത്തിച്ചിരുന്നു. പതിനാറു വർഷങ്ങളായി എന്റെ കമ്പനി അഭിവൃദ്ധിയിലാണ്.

ദൈവം എനിക്കു നൽകിയ സാമ്പത്തികമായ ഉയർച്ച ഇൻഡ്യയിലും മറ്റു ചില രാജ്യങ്ങളിലും സാധുകൾക്കു പ്രയോജനം വരുന്നരീതിയിൽ ഞാൻ ഉപയോഗിച്ചുകൊണ്ടിരിക്കുന്നു. സാധുക്കൾ താമസിക്കുന്ന ചില കോളനികളിൽ ഞാൻ സഹായങ്ങൾ എത്തിക്കുന്നു. യേശുക്രിസ്തു സൗജന്യമായി നൽകുന്ന രക്ഷയെപ്പറ്റിയും രോഗശാന്തിയെപ്പറ്റിയും ജനങ്ങളെ അറിയിക്കുകയാണ് ലക്ഷ്യം. നിരാശയിലിരിക്കുന്നവർക്ക് പ്രത്യാശയും പ്രതീക്ഷയും നൽകുക എന്നതും എന്റെ ശുശ്രൂഷയുടെ ലക്ഷ്യങ്ങളിൽ ഒന്നാണ്. ഭാര്യയും, മൂന്നുമക്കളും (എലിസബെത്ത്, ജേക്കബ്, സാറാ) സുവിശേഷ – ജീവകാരുണ്യ പ്രവർത്തനങ്ങളിൽ സഹകരിക്കുന്നു.



ഞാൻ കൂടെക്കൂടെ ഇന്ത്യ സന്ദർശിക്കാറുണ്ട്. 1997 ഡിസംബറിൽ സുവിശേഷപ്രവർത്തനങ്ങൾക്കുവേണ്ടി ഞാൻ ഇന്ത്യയിൽ കുറെ ആഴ്ചകൾ താമസിച്ചു. ഇരുപത്തഞ്ചു വർഷങ്ങൾ മുമ്പ് രോഗസൗഖ്യം ലഭിച്ച പോണ്ടിച്ചേരി സ്വദേശി അറുമുഖത്തിന്റെ മകനെ ആ യാത്രയിൽ കാണാനുള്ള അവസരം ലഭിച്ചു. അറുമുഖം 1997 ഫെബ്രുവരിയിൽ മരണപ്പെട്ടതായി മകൻ പറഞ്ഞു. മക്കളെയും കൊച്ചുമക്കളെയും കണ്ട് സന്തോഷിക്കാനുള്ള ആയുസ്സ് അദ്ദേഹത്തിനു ലഭിച്ചു. തലേവർഷം അയാളെ കിഡ്നിരോഗം ബാധിച്ചു. എങ്കിലും, പണ്ട് ദൈവം സൗഖ്യമാക്കിയ ലെപ്രൊമാറ്റസ് ലെപ്രസി എന്ന അസുഖം പിന്നീടൊരിക്കലും അയാളെ അലട്ടിയിട്ടില്ല എന്നും മകൻ അറിയിച്ചു. പണ്ട് ആശുപത്രിമുറിയിൽ വച്ച് ഞാൻ അയാൾക്കുവേണ്ടി പ്രാർത്ഥിച്ചതിനുശേഷം ഇരുപത്തിനാലു വർഷം കൂടി അയാൾ ജീവിച്ചു. ഒരാഴ്ചയ്ക്കുള്ളിൽ മരിക്കും എന്നായിരുന്നല്ലോ ഡോക്ടർമാരുടെ വിധി. മരിക്കുന്നതുവരെ അറുമുഖം ഹിന്ദുമതം പിന്തുടർന്നു. എങ്കിലും അദ്ദേഹത്തിന്റെ ഹൃദയത്തിൽ സൗഖ്യദായകനായ യേശുക്രിസ്തുവിന് ഒരു പ്രത്യേക സ്ഥാനമുണ്ടായിരുന്നു എന്നാണ് മകൻ അറിയിച്ചത്.

1971ൽ ഞാൻ കണ്ട സ്വപ്നം (ദർശനം) ഇന്ന് സാക്ഷാത്ക്കരിക്കപ്പെട്ടിരിക്കുന്നു. Mathai Outreach എന്ന സുവിശേഷ സംഘടനയുടെ പ്രസിഡന്റായ എന്നെ ദൈവം ഒരു അടിസ്ഥാനശിലയായി ഉപയോഗിച്ചുകൊണ്ടിരിക്കുന്നു. പല സ്ഥലങ്ങളിലും ആത്മീയ കൂട്ടായ്മകൾക്ക് അടിസ്ഥാനമിടുവാൻ ദൈവം എനിക്കു ശക്തി നൽകിക്കൊണ്ടിരിക്കുന്നു. ■

*[ഇവാൻജലിസ്റ്റ് ഐപ് മത്തായിയും ഏഴംകുളം സാംകുട്ടിയും സ്നേഹിതരാണ്. അവർ അന്യോന്യം കാണാറുള്ള സന്ദർഭങ്ങളിലും ടെലഫോൺ സംഭാഷണവേളകളിലും പങ്കിട്ട വിവരങ്ങളാണ് ഈ അനുഭവസാക്ഷ്യത്തിന്റെ പൊതു അവലംബം. ഐപ് മത്തായി രചിച്ച A Handful of Clay എന്ന കൃതിയാണ് ഈ സാക്ഷ്യത്തിന്റെ പ്രധാന അവലംബം. ഈ കൃതി 'കുശവന്റെ കൈയിൽ ഒരു പിടിമണ്ണ്' എന്ന ടൈറ്റിലിൽ മലയാളത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഐപ് മത്തായിയുമായി ബന്ധപ്പെടാനുള്ള വിലാസം : Mathai Outreach Ministries, P.O. Box 96495, Houston, Texas, 77213-6495, USA]*

# അനുബന്ധം

**“ദൈ**വത്തിന് പക്ഷപാതമില്ലെന്ന് ഞാൻ സത്യമായി മനസ്സിലാക്കുന്നു. ഏതു ജാതിയിൽ പെട്ടവനായാലും, ദൈവത്തെ ഭയപ്പെടുകയും നീതി പ്രവർത്തിക്കുകയും ചെയ്യുന്ന ഏതൊരുവനും ദൈവത്തിനു സ്വീകാര്യനാണ്.” (‘പുതിയ നിയമം’: അപ്പൊസ്തൊല പ്രവൃത്തികൾ 10:34).

“ഭയപ്പെടേണ്ടാ, ഇതാ സകല ജനത്തിനും വേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു. ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ഒരു രക്ഷകൻ, കർത്താവായ ക്രിസ്തു ഇന്നു ജനിച്ചിരിക്കുന്നു.” (‘പുതിയ നിയമം’: ലൂക്കോസ് 2:10–11).

യേശുക്രിസ്തുവിലൂടെ ലഭിക്കുന്ന രക്ഷയ്ക്ക് തങ്ങൾ കൂടുതൽ അർഹരാണെന്ന് പാരമ്പര്യാടിസ്ഥാനത്തിലോ വേദപുസ്തകാടിസ്ഥാനത്തിലോ ഒരു ജനതയും അവകാശപ്പെട്ടുകൂടാ. ക്രിസ്തുവിന്റെ ജനനം മാലാഖമാർ വിളബരം ചെയ്തപ്പോൾ, ആ സംഭവം “സർവ്വജനത്തിനും” ബാധകമായ ഒരു മഹാസന്തോഷ വാർത്തയെന്നാണ് എടുത്തു പറഞ്ഞത്. അല്ലാതെ, യേശു ജറുശലേമിൽ അവതരിച്ചതുകൊണ്ട് ദൈവം നൽകുന്ന അനുഗ്രഹങ്ങൾ ജൂതന്മാരുടെ കുത്തകയാണെന്ന് ആരും കരുതിയില്ല.

ഈ കൃതിയിലെ അനുഭവസാക്ഷ്യങ്ങളുടെ കർത്താക്കൾ സാമുദായിക വീക്ഷണത്തിൽ ഓരോരുത്തരുടെയും ജാതി, മതം, സഭ, തൊഴിൽ എന്നിവയുടെ ലേബലുകളിൽ അവരെ പരിചയപ്പെടുത്തിയിട്ടുണ്ട്. ഏതേതു വിശ്വാസാചാരപശ്ചാത്തലങ്ങളിൽ നിന്നും സത്യം അവരെ സ്വതന്ത്രരാക്കി എന്നു ഗ്രഹിക്കുമ്പോൾ ദൈവകൃപയുടെ ആഴവും പരപ്പും കൂടുതൽ ആസ്വദിക്കുവാൻ വായനക്കാരനു കഴിയുന്നു.

യേശുക്രിസ്തു ജാതിമതഭാഷദേശലിംഗ ഭേദമന്യേ എല്ലാവരെയും അനുഗ്രഹിക്കുന്നു എന്ന യാഥാർത്ഥ്യത്തിന് അടിവരയിടുക എന്നതാണ് ഈ കൃതിയുടെ ഉദ്ദേശ്യങ്ങളിലൊന്ന്. ഇക്കാര്യം മനസ്സിൽ വച്ചുകൊണ്ടാണ് വിവിധജാതിമതസഭകളിൽ ജനിച്ചുവളർന്നവരിൽ നിന്നും പലവിധതൊഴിലുകൾ ചെയ്യുന്നവരിൽ നിന്നും അനുഭവസാക്ഷ്യങ്ങൾ തിരഞ്ഞെടുത്തത്. സാക്ഷ്യകർത്താക്കൾ ഓരോരുത്തരും വളർന്നു വന്ന പശ്ചാത്തലം കൂടി കണക്കിലെടുക്കുമ്പോൾ, അവരുടെ ജീവിതത്തിലുണ്ടായ പരിവർത്തനങ്ങൾ കൂടുതൽ അത്ഭുതകരമാകുന്നു.

ഇന്ത്യയിൽ ഭാഷാവിവേചനം ഇല്ലെങ്കിലും ഇന്ത്യാക്കാരെ പരിചയപ്പെടുത്തുമ്പോൾ മലയാളികൾ, തമിഴർ, ഹിന്ദിക്കാർ എന്നൊക്കെ ലേബലുകൾ ഉപയോഗിക്കുന്നു. ഐക്യരാഷ്ട്രസംഘടനയിൽ ജന്മദേശ വിവേചനം ഇല്ലല്ലോ. എങ്കിൽതന്നെ, സംഘടനയുടെ യോഗങ്ങളിൽ സംബന്ധിക്കുന്നവരെ ഇന്ത്യാക്കാരെന്നും ചൈനാക്കാരെന്നും ഫ്രഞ്ചുകാരെന്നും അറബ് സഖ്യത്തിന്റെ അംഗങ്ങളെന്നും മറ്റും പരിചയപ്പെടുത്താറുണ്ട്. വർഗദേശാദികൾ ചിലപ്പോൾ ഒരു വ്യക്തിയുടെ ഐഡന്റിറ്റിയുടെ ഭാഗമാകാം.

നൂറ്റാണ്ടുകളിലെ അറബിമുസ്ലിം പാരമ്പര്യമുള്ള കെ. കെ. അലവി യേശുക്രിസ്തുവിലൂടെയുള്ള സമാധാനം സ്വായത്തമാക്കി എന്ന് പറയുമ്പോൾ അതിൽ തന്നെ ഒരു അത്ഭുതം ഉണ്ട്. നീണ്ട തമിഴ് ബ്രാഹ്മണ പാരമ്പര്യ



മുള്ള ആനന്ദ് മഹാദേവന്റെ ജീവിതത്തെ ഒരൊറ്റ പ്രാർത്ഥന മാറ്റിമറിച്ചു എന്നറിയുമ്പോൾ പ്രസ്തുത അനുഭവത്തിന്റെ പ്രാധാന്യം ഇരട്ടിക്കുന്നു. തലമുറകളായി ബഹുദൈവാരാധന പിൻതുടർന്നുവന്ന ഒരു ബാർബർ കുടുംബത്തിൽ ജനിച്ചുവളർന്ന നെടിയറ രാജപ്പൻ ഒരൊറ്റ രാത്രി കൊണ്ട് ഏകദൈവവിശ്വാസത്തിൽ എത്തിച്ചേർന്നു എന്ന് സാക്ഷ്യപ്പെടുത്തുമ്പോൾ ആ സംഭവത്തിലും വിസ്മയം ഇല്ലേ! നമ്പൂതിരി പാരമ്പര്യമുള്ള ക്രൈസ്തവ കുടുംബത്തിൽ ജനിച്ച പുളിക്കൽ ചെറിയാൻ “ക്രിസ്തീയമായ ഒരു അനുഭവം എനിക്കുണ്ടായിരുന്നില്ല” എന്ന് സവിനയം പറയുമ്പോൾ അദ്ദേഹത്തിന്റെ ജീവിതത്തിൽ ദൈവം വരുത്തിയ പരിവർത്തനത്തെ ആദരപൂർവ്വം വീക്ഷിക്കുവാൻ നാം നിർബന്ധിതരാകുന്നു.

കുടുംബത്തെ പോറ്റാനായി മുന്നൂറു റബ്ബർ മരങ്ങൾ ടാപ്പുചെയ്യാൻ നട്ടെല്ലും വാരിയെല്ലുകളും ഒരുപോലെ അനക്കിയും ഇളക്കിയും നുറുക്കിയും അദ്ധ്വാനിക്കുന്ന എസ്. ബാലകൃഷ്ണനുമായി ടെലഫോണിൽ ചെലവിട്ട രണ്ടുമൂന്നു മണിക്കൂറുകൾ ഞാൻ ഒരിക്കലും മറക്കില്ല. പണത്തിന്റെയും ലൗകിക പ്രതാപങ്ങളുടെയും ഏച്ചുകെട്ടുകളില്ലാത്ത ഒരു സാധാരണ ദലിത് കുടുംബത്തിൽ ജനിച്ചു വളർന്ന ആളാണ് അദ്ദേഹം. എന്നാൽ, സഭയിൽ ഓരോരൊ പ്രോജക്ടുകൾക്കായി പണപ്പിരിവു നടത്തുമ്പോൾ കൈതുറന്നു സഹായിക്കുന്നവരുടെ മുൻപന്തിയിൽ ബാലകൃഷ്ണൻ എപ്പോഴും ഉണ്ടായിരിക്കും എന്നാണ് അദ്ദേഹത്തിന്റെ മുൻപാസ്റ്റർ. കെ. എൻ. മോഹൻ എന്നോടു പറഞ്ഞത്. ഫോൺ താഴെ വച്ച ശേഷം ഞാൻ ഏറെ നേരം കരയുകയുണ്ടായി – ദൈവത്തോടുള്ള ശ്രീ. ബാലകൃഷ്ണന്റെ സ്നേഹത്തെപ്പറ്റി ഓർത്തുകൊണ്ട് !

ക്രിസ്തുവിനെ സ്വീകരിച്ചതുമൂലം മനുഷ്യരെ കൂടുതൽ സ്നേഹിക്കുവാനും ആദരിക്കുവാനും സാധിച്ചിരിക്കുന്നു എന്നാണ് സാക്ഷ്യകർത്താക്കളുടെ മാനസാന്തരത്തിനു ശേഷമുള്ള പ്രവർത്തനശൈലികളും സമീപനങ്ങളും വെളിപ്പെടുത്തുന്നത്. വിവിധ സാമുദായിക ലേബലുകളിൽ ഉള്ളവർ ഏകമനസ്സോടെ “സത്യത്തിലും ആത്മാവിലും” ദൈവത്തെ ആരാധിക്കുന്നു എന്നത് ഒരു വലിയ കാര്യമാണ്. ഈ സാഹോദര്യമനോഭാവം ഇന്ത്യയുടെ ഐക്യത്തിന് ഒരു മുതൽക്കൂട്ടാണ്.

എന്റെ ഹൃദയത്തെ സ്പർശിച്ച അനുഭവസാക്ഷ്യങ്ങൾ പണ്ടു മുതൽക്കെ ശേഖരിച്ച് ഒരു ഫയലിൽ സൂക്ഷിച്ചിരുന്നു. അവയിൽ നിന്ന് കുറെ സാക്ഷ്യങ്ങൾ തിരഞ്ഞെടുത്ത് പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കണം എന്ന ചിന്ത ഏറെ വർഷങ്ങളായി മനസ്സിലുണ്ടായിരുന്നു. എന്നാൽ അതിനുവേണ്ടി പരിശ്രമിച്ചുതുടങ്ങാൻ സമയം കിട്ടിയത് ഏതാനും ആഴ്ചകൾക്കു മുമ്പു മാത്രമാണ്.

സാധാരണക്കാരനു മനസ്സിലാകുന്ന ഭാഷയിൽ ഏറ്റവും ലളിതമായി ഈ കൃതി തയ്യാറാക്കുവാൻ ഞാൻ മനഃപൂർവ്വം ശ്രമിച്ചിട്ടുണ്ട്. ഓരോ സാക്ഷ്യകർത്താവിന്റെയും സംസാരശൈലിയിൽ തന്നെയാണ് സംക്ഷിപ്തങ്ങൾ എഴുതിയത്. അത്യാവശ്യസന്ദർഭങ്ങളിൽ മാത്രമെ മിനുക്കു പണികൾ ചെയ്തിട്ടുള്ളൂ.

ഏതാനും സാക്ഷ്യങ്ങൾ പത്രമാസികകളിൽ മുമ്പ് അച്ചടിച്ചിട്ടുണ്ട്. നിരവധി രചനകൾ ടെലഫോൺ സംഭാഷണങ്ങളുടെ ചുരുക്കങ്ങളാണ്. ലഘുലേഖകളും സിഡികളും അവലംബമാക്കി തയ്യാറാക്കിയ സാക്ഷ്യങ്ങളുമുണ്ട്. പുനഃപ്രസിദ്ധീകരണത്തിന് ബന്ധപ്പെട്ടവരിൽനിന്ന് അനുവാദം ലഭിച്ചിട്ടുണ്ട് എന്ന വിവരം നന്ദിപൂർവ്വം സ്മരിക്കുന്നു.

വായനക്കാരുടെയോ പരിചയക്കാരുടെയോ പ്രചോദനകരമായ അനുഭവങ്ങൾ എഴുതി എന്റെ പേരിൽ അയച്ചുതന്നാൽ അവ ഭാവിയിൽ തയ്യാറാക്കുന്ന അനുഭവസാക്ഷ്യ കൃതികളിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കാം. അനുഭവങ്ങൾ സത്യസന്ധമായി പകർത്തണം എന്നു മാത്രം. അതിശയോക്തികളും അസത്യങ്ങളും കൂട്ടിച്ചേർത്ത് ദൈവത്തിന് "ഉപകാരം" ചെയ്യാൻ ആരും ബദ്ധപ്പെടേണ്ടതില്ലല്ലോ!

ഈ കൃതിയിലെ അനുഭവസാക്ഷ്യങ്ങൾ പങ്കിട്ടവരിൽ ചിലർ മരണപ്പെട്ടു കഴിഞ്ഞു. മിക്കവരും ജീവിച്ചിരിക്കുന്നു. അവർ കുരിശിന്റെ പാതയിൽ മുന്നോട്ടു നീങ്ങുന്ന സീയോൻ സഞ്ചാരികളാണ്. അവരുടെ ജീവിതയാത്ര പട്ടുമെത്തയിലൂടെയല്ല. കാരണമെന്തെന്നാൽ, അദൃശ്യലോകത്തിലെ "ദുഷ്ടാത്മസേന" അവരെ ഉന്നം വച്ചിട്ടുണ്ട്. വിശ്വാസികളെ പാപത്തിൽ കുടുക്കിയും തുടരെ തുടരെ പ്രശ്നങ്ങളിൽ ചാടിച്ചും നിരുൽസാഹപ്പെടുത്തിയും പരാജയപ്പെടുത്തുവാൻ സാത്താനിക ശക്തികൾ പുതിയപുതിയ തന്ത്രങ്ങൾ സദാ മെനഞ്ഞുകൊണ്ടിരിക്കും. തോണി തകർക്കുകയാണ് ലക്ഷ്യം. മനുഷ്യനെ ദൈവത്തിൽ നിന്നും അകറ്റി നിർത്തുവാൻ നിരന്തരം അദ്ധ്വാനിക്കുന്ന ഈ ദുഷ്ടശക്തികളെപ്പറ്റി പത്രോസ് അപ്പൊസ്തൊലൻ ഇങ്ങനെ മുന്നറിയിപ്പ് നല്കുന്നു: "ശാന്തചിത്തരായിരിക്ക. ജാഗ്രത പാലിക്കുക. നിങ്ങളുടെ ശത്രുവായ പിശാച് അലറുന്ന സിംഹത്തെപ്പോലെ ആരെ വിഴുങ്ങേണ്ടൂ എന്ന് അന്വേഷിച്ചുകൊണ്ട് ചുറ്റി നടക്കുകയാണ്. വിശ്വാസത്തിൽ ഉറച്ചുനിന്നുകൊണ്ട് അവനെ എതിർക്കുവിൻ" (1 പത്രോസ് 5:8-9). സാക്ഷ്യങ്ങൾ പങ്കിട്ടവർക്കുവേണ്ടി വായനക്കാർ പ്രാർത്ഥിക്കണമേ. "ഓട്ടം തികയ്ക്കുവാൻ" ദൈവം അവരെ തുണയ്ക്കട്ടെ. അന്യരുടെ നല്ല അനുഭവങ്ങൾ നമുക്ക് പ്രചോദനം നല്കുന്നു. എന്നാൽ, നമ്മുടെ ആശ്രയം വ്യക്തികളിലോ വികാരാനുഭൂതികളിലോ ആകരുത്. ഇന്നു കണ്ട് നാളെ മറയുന്ന മനുഷ്യരിൽ അല്ല, പിന്നെയോ അനശ്വരനായ ദൈവത്തിലായിരിക്കട്ടെ നമ്മുടെ ആശ്രയം.

ഈ കൃതി അലമാരയിൽ പൂഴ്ത്തിവച്ച് ചിതലു പിടിപ്പിക്കാതെ അന്യർക്ക് പങ്കിടണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു. "സർവ്വ ലോകത്തെക്കാൾ വിലയുള്ള" ഒരു കാര്യമായിട്ടാണ് 'പുതിയ നിയമം' മനുഷ്യന്റെ ആത്മാവിനെ വിശേഷിപ്പിക്കുന്നത്. മനുഷ്യരെ ആത്മാർത്ഥമായി സ്നേഹിക്കുന്നവർ അവർക്കു പ്രയോജനമുള്ളതൊന്നും മറച്ചുവയ്ക്കുകയില്ല. ഒരു വ്യക്തി മാനസാന്തരപ്പെടുമ്പോൾ അയാൾ താമസിക്കുന്ന രാജ്യത്തിന് ഒരു നല്ലപൗരനെ ക്കൂടി ലഭിക്കുകയാണ്.

ഈ കൃതി അന്യർക്കു കൊടുക്കുമ്പോൾ 'പുതിയ നിയമ'ത്തിന്റെ ഒരു കോപ്പി കൂടി നൽകുന്നത് നന്നായിരിക്കും. പ്രശ്ന പരിഹാരകനായ യേശുക്രിസ്തുവിനെപ്പറ്റി വിശദമായി മനസ്സിലാക്കുവാൻ 'പുതിയ നിയമം' വായിക്കാതെ സാധ്യമല്ല.

'പുതിയ നിയമം' ആദ്യന്തം ഒരു പ്രാവശ്യം വായിക്കുവാൻ ഞാൻ വായനക്കാരെ ആഹ്വാനം ചെയ്യുന്നു. യേശുക്രിസ്തു പറഞ്ഞതും പഠിപ്പിച്ചതും പ്രവർത്തിച്ചതുമായ കാര്യങ്ങൾ 'പുതിയനിയമ'ത്തിലെ ആദ്യത്തെ നാലു പുസ്തകങ്ങളിൽ (സുവിശേഷങ്ങൾ) ഉണ്ട്. അഞ്ചാമത്തെ പുസ്തകം അപ്പൊസ്തൊല പ്രവൃത്തികൾ. യേശുക്രിസ്തുവിനെ നേരിൽ കണ്ട അപ്പൊസ്തൊലന്മാരിൽ ചിലർ ക്രിസ്തുവിനെ എങ്ങനെ അനുകരിച്ചു എന്ന് ഈ പുസ്തകത്തിൽ വിവരിക്കുന്നു. തൊട്ടുപിന്നിൽ അപ്പൊസ്തൊലന്മാർ എഴുതിയ ഇരുപത്തൊന്നു കത്തുകൾ (ലേഖനങ്ങൾ). ഒടുവിലത്തെ കൃതി വെളിപാട്-അ



പ്പൊസ്തൊലനായ യോഹന്നാന്റെ ദർശനങ്ങളാണ്. യേശുക്രിസ്തു ഈ ഭൂമിയിൽ ശുശ്രൂഷിച്ച നൂറ്റാണ്ടിൽ തന്നെ എഴുതിത്തീർത്തവയാണ് 'പുതിയനിയമ'ത്തിലെ പുസ്തകങ്ങൾ എല്ലാം. ഗ്രന്ഥകർത്താക്കളിൽ പലരും യേശുക്രിസ്തുവിനോടൊത്തു താമസിച്ചു പ്രവർത്തിച്ചവർ. മറ്റുഗ്രന്ഥകർത്താക്കൾ ക്രിസ്തുവിനോടൊത്തു പ്രവർത്തിച്ച ശിഷ്യന്മാരുടെ പാദപീഠത്തിലിരുന്ന് പഠിച്ചും അവരുമായി ദീർഘസംഭാഷണങ്ങളിൽ ഏർപ്പെട്ടും സത്യസുവിശേഷം ഗ്രഹിച്ചവർ. സത്യവും അസത്യവും വ്യവച്ഛേദിച്ചറിയാൻ ആവശ്യമായ എല്ലാ വിവരങ്ങളും 'പുതിയ നിയമ'ത്തിലൂടെ ഇവർ നൽകുന്നുണ്ട്.

'പുതിയനിയമ'ത്തിലെ സുവിശേഷ ഗ്രന്ഥങ്ങൾ യേശുക്രിസ്തു പ്രവർത്തിച്ച അത്ഭുതങ്ങളുടെ ദൃക്സാക്ഷി വിവരണങ്ങളാണല്ലോ. അവയ്ക്കു തുല്യമായ സംഭവങ്ങൾ ലോകചരിത്രത്തിൽ ഉണ്ടായിട്ടില്ല. നാലുസുവിശേഷങ്ങൾക്ക് മൊത്തം എൺപത്തൊൻപതു ചെറിയ അധ്യായങ്ങൾ. സാധാരണപതിപ്പുകളിൽ അവയ്ക്ക് 100 പേജുകൾ മാത്രം. ഈ അധ്യായങ്ങൾ ധ്യാനപൂർവ്വം വായിച്ചുകൊണ്ടിരിക്കുമ്പോൾതന്നെ ആയിരങ്ങൾക്ക് രോഗശാന്തിയും പ്രശ്നങ്ങളിൽ നിന്ന് വിടുതലും ലഭിച്ചിട്ടുണ്ട്. പ്രശ്നപരിഹാരങ്ങൾക്കുവേണ്ടി വഴിപാടുകളുമായി കരയും കടലും താണ്ടുന്നവർ സ്വന്തം വീടുകളിൽ അടങ്ങിയിരുന്ന് തിരുവചനം വായിച്ചിരുന്നെങ്കിൽ!!

കേരളാ ബൈബിൾ സൊസൈറ്റി വിതരണം ചെയ്തുകൊണ്ടിരിക്കുന്ന 'പുതിയ നിയമം' ഏറെക്കാലമായി മലയാളികൾ ഉപയോഗിച്ചു വരുന്ന ഒരു വിവർത്തനമാണ് (ബൈബിൾ സൊസൈറ്റി ജങ്ഷൻ, പി. ഒ. ബോക്സ് 114, കോട്ടയം 686001, Rs. 25). ആധുനിക മലയാളത്തിൽ തയ്യാറാക്കിയ 'ഓശാന പുതിയ നിയമം' വളരെ മിതമായ വിലയ്ക്ക് വിതരണം ചെയ്തുകൊണ്ടിരിക്കുന്നു. (ഓശാന മൗണ്ട്, ഇടമറ്റം 686588, Rs 15) കൂടാതെ, കാത്തലിക് ബൈബിൾ സൊസൈറ്റി പ്രസിദ്ധീകരിച്ച 'പുതിയ നിയമം' തികച്ചും ആധുനികമായ ഒരു വിവർത്തനമാണ് (പാസ്റ്ററൽ ഓറിയന്റേഷൻ സെന്റർ, പാലാരിവട്ടം, കൊച്ചി 682025, Rs 25).

ആത്മീയ പ്രസിദ്ധീകരണമേഖലയിൽ എനിക്കു കടപ്പാടുള്ള അനേകരുണ്ട്. എന്റെ ആദ്യത്തെ മലയാളം പുസ്തകം പ്രസിദ്ധീകരിച്ചത് എന്റെ മാതൃസഭയായ ഇന്ത്യാ പൂർണസുവിശേഷ ദൈവസഭയുടെ ലിറ്ററേച്ചർ സൊസൈറ്റി ആണ്-1973ൽ. പാസ്റ്റർ എം. വി ജോൺ അതിരുങ്കൽ ആയിരുന്നു സൊസൈറ്റിയുടെ അന്നത്തെ ഡയറക്ടർ. ദൈവസഭയുടെ അദ്ധ്യക്ഷന്മാരായ അനവധി വ്യക്തികളുടെ പ്രാർത്ഥനയും സഹകരണവും എനിക്കു ലഭിച്ചിട്ടുണ്ട്: പാസ്റ്റേഴ്സ് പി. എ. വി. സാം, എം. കുഞ്ഞപ്പി, പി. ജി. മാത്യൂസ്, പി. ജെ. ജയിംസ്, പി. സി. ചെറിയാൻ, കെ. ജെ. മാത്യു, റ്റി. തോമസ്, ബേബി ഡാനിയെൽ, മോനി മാത്യു, ബാബു എം. ജോൺ.

മാധ്യമരംഗത്ത് സേവനമനുഷ്ഠിക്കുന്ന അനവധി ആളുകൾ എനിക്കു പ്രോത്സാഹനം നൽകിയിട്ടുണ്ട് എന്ന കാര്യം സന്തോഷപൂർവ്വം സ്മരിക്കുന്നു: ഡോ. തോമസ് ഇടിക്കുള, സി. വി. മാത്യു, റ്റി. എം. മാത്യു, അച്ചൻകുഞ്ഞ് ഇലന്തൂർ, റ്റി. യോഹന്നാൻ, തമ്പി മാത്യു, സാംകുട്ടി ചാക്കോ നിലമ്പൂർ, കെ. എൻ. റസ്സൽ, പി. പി. കുര്യൻ, പി. കെ. ചാക്കോ, തമ്പി തോമസ്, കെ. എ. ഉമ്മൻ, ജോയ് തുമ്പമൺ, ഉമ്മൻ എബനേസർ, എസ്. പി. ജയിംസ്, മാത്യു ചെമ്പുകണ്ടത്തിൽ, ബോബി അമ്പനാട്ട്, സജി തട്ടയിൽ, തോമസ് മുല്ലയ്ക്കൽ, ജോർജ്ജ് മത്തായി (സി. പി. എ.), കുര്യൻ മാമ്മൻ, തോമസ് കുര്യൻ, വി. പി. ഫിലിപ്പ്, ഫിന്നി പി. മാത്യു, കെ. എം. ഈപ്പൻ, രാജൻ

ആര്യപ്പള്ളിൽ, സാബു സാമുവൽ, റ്റോംസ് ഏബ്രഹാം, എൽ. സാം, വിജോയ് സ്കറിയ പെരുമ്പെട്ടി, ജയിംസ് റ്റി. സാമുവൽ, പ്രൊഫസർ മാത്യൂസ് പ്ളാമ്മൂട്ടിൽ, സജി ഫിലിപ്പ് തിരുവഞ്ചൂർ, ബാബു കെ. ഐപ്പ്, റോയ് മേപ്രാൽ, റെജി ഫിലിപ്പ്, റവ. ജോർജ് മാത്യു പുതുപ്പള്ളി, റവ. ഡോ. വൽസൻ ഏബ്രഹാം, ഡോ. കുഞ്ഞപ്പൻ വർഗീസ്, പാസ്റ്റേഴ്സ് കെ. സി. ജോൺ നെടുമ്പ്രം, റ്റി. ജി. കോശി, പി. എസ്. ഫിലിപ്പ്, സി. വി. ആൻഡ്രൂസ്, പി. സി. ജോൺ, ജെ. ജോസഫ്, ഇവാൻജലിസ്റ്റ് പി. ജി. വർഗീസ്, ജെയ്ൻ കെ. മാത്യു.

സാക്ഷ്യകർത്താക്കളുടെ ടെലഫോൺ സംഭാഷണങ്ങൾ എന്നോടൊപ്പം ശ്രദ്ധിച്ച് വളരെ കൃത്യമായി നോട്ടുകൾ തയ്യാറാക്കുന്നതിന് എന്റെ സഹധർമ്മിണി പുഷ്പ നൽകിയ സഹകരണത്തിന് നന്ദിപറഞ്ഞ് ബുദ്ധിമുട്ടിക്കുന്നില്ല.

ദൈവോന്മുഖമായി വളരാൻ ഈ കൃതി വായനക്കാരന് സഹായകമാകുമെങ്കിൽ ഞാൻ കൃതാർത്ഥനായി.

ഈ കൃതി അനുവാചകന് എങ്ങനെ, എത്രമാത്രം പ്രയോജനപ്പെട്ടു എന്നറിയുവാൻ എനിക്ക് വളരെ താല്പര്യമുണ്ട്. ഇതിന്റെ പിന്നിൽ വളരെ പ്രാർത്ഥനയും അദ്ധ്വാനവും പണച്ചെലവും ഉണ്ട്. താങ്കളെ ഈ കൃതി സ്വാധീനിക്കുന്നു എങ്കിൽ, ഏതെങ്കിലും രീതിയിൽ ഇതിലെ ആശയങ്ങൾ താങ്കൾക്ക് പ്രയോജനം ചെയ്യുന്നു എങ്കിൽ, അക്കാര്യം തുറന്നെഴുതി എന്റെയോ പ്രസാധകരുടെയോ വിലാസത്തിൽ അയച്ചുതരണമെന്ന് അഭ്യർത്ഥിക്കുന്നു. താങ്കൾക്ക് ഈ പുസ്തകം പ്രയോജനം ചെയ്ത വിവരം അറിഞ്ഞ് സന്തോഷിക്കുവാൻ എനിക്കും ഒരവസരം നൽകുക. കത്തിലെ വിവരങ്ങൾ ഞാൻ മാത്രമേ വായിക്കാവൂ എന്ന് നിർബ്ബന്ധമുണ്ടെങ്കിൽ, കത്തിന്റെ പുറത്തും ഓപ്പണിംഗ് ഫ്ളാപ്പിലും 'personal' എന്നെഴുതിയാൽ മതി. കത്തു തുറക്കാതെ, സ്വകാര്യമായി എന്റെ പേരിൽ അയച്ചുതരാൻ പ്രസാധകരോട് അഭ്യർത്ഥിച്ചിട്ടുണ്ട്. പുസ്തകത്തിന്റെ പ്രാരംഭത്തിൽ കൊടുത്തിരിക്കുന്ന എന്റെ അമേരിക്കയിലെ വിലാസത്തിൽ നേരിട്ട് അയയ്ക്കുന്നതായിരിക്കും ഉത്തമം. ■

**സെപ്റ്റംബർ 20, 2010** **ഏഴംകുളം സാംകുട്ടി**

NB: ഗ്രന്ഥകാരന്റെ പ്രത്യേക നിർദ്ദേശാനുസരണം ഈ കൃതി യുവജന സംഘടനകൾ വഴിയും പ്രാദേശിക സഭകൾ വഴിയും ചില സന്ദർഭങ്ങളിൽ സൗജന്യമായി വിതരണം ചെയ്യാറുണ്ട്. എന്നാൽ ബുക്ക് ഷോപ്പുകളിലും കൺവെൻഷൻ സ്റ്റാളുകളിലും ഈ ഗ്രന്ഥം സൗജന്യമായി ലഭിക്കുന്നതല്ല.